തൃക്കൊടിത്താനം ഗ്രാമ പഞ്ചായത്ത്




ജനകീയാസൂത്രണ
സമഗ്ര വികസന രേഖ

തുക്കോടിത്താനം ഗ്രാമപഞ്ചായത്ത്

U5-5

ഒമ്പതാം പദ്ധതി ജനകീയ പദ്ധതി



സമഗ്ര വികസന രേഖ


തൃക്കൊടിത്താനം ഗ്രാമപഞ്ചായത്ത്


വികസന സെമിനാർ



സ്വതന്ത്ര രാജ്യത്തിന്റെ
നിർമ്മിതിയിലിരിക്കുന്ന നിങ്ങൾക്കും
ഫലപ്രദമായൊരു പങ്കുണ്ടെന്ന്
പരമദരിദ്രനുപോലും
അനുഭവപ്പെടുന്നൊരു ഭാരതം
ഉയർന്ന വർഗ്ഗക്കാരോ താഴ്ന്ന
വർഗ്ഗക്കാരോ ഇല്ലാത്തൊരു ഭാരതം
എല്ലാ സമുദായങ്ങളും
പരിപൂർണ്ണ രഞ്ജിപ്പിലീ
കഴിയുന്നൊരു ഭാരതം
കെട്ടിപ്പടുക്കുന്നതിനുവേണ്ടി
ഞാൻ പ്രവർത്തിക്കും.

മഹാത്മാഗാന്ധി






രമേശ് ചെന്നിത്തല M.P.



സി. എഫ്. തോമസ് M. L.



വി. ഡി. സെബാസ്റ്റ്യൻ
പ്രസിഡൻറ്




കാതറൈൻ ആൻറണി
വൈസ് പ്രസിഡൻറ്



റ്റി. വി. ലാൽകുമാർ
സ്റ്റാൻറിംഗ് കമ്മറ്റി ചെയർമാൻ


പഞ്ചായത്ത് അംഗങ്ങൾ




വി. കെ. സുനിൽകുമാർ




റെജിനാമ്മതോമസ്



ജയിംസ് ജോസഫ്



ടെയൻ കൊടപ്പന




ബോബി അലക്സാണ്ടർ




റോസമ്മ ജോർജ്



ക്ലാരമ്മതോമസ്



കെ.രാഘവൻ



കെ. ശിവാനന്ദൻ

എഡിറ്റോറിയൽ ബോർഡ്

കെ.ജി.സോമൻ

എ.കെ.വിശ്വംഭരൻ

വി.ഡി.സെബാസ്റ്റ്യൻ

ടി.വി.ലാൽകുമാർ

ജെയിംസ് പതാരംചിറ

ബോബി അകുല്സാണ്ടർ

എം.ആർ. കൊച്ച് (R.P)

കെ. രാഘവൻ

മുഖം : പി. കെ. ഗോപിനാഥൻ
ജയിംസ് എടത്വ

കവർ ഡിസൈൻ : ജോജോ തോമസ്
ബേസിക് ക്രിയേറ്റീവ് യൂണിറ്റ്, തൃക്കൊടിത്താനം.

ഉള്ളടക്കം

1	ആമുഖം
2	പഞ്ചായത്ത് - പൊതുവിവരണം
3	തൃക്കൊടിത്താനം പുരാതന ചരിത്രം
4.	പഞ്ചായത്ത്-ചരിത്രം
5.	ഭൂപ്രകൃതിയും വിഭവങ്ങളും
6.	കൃഷിയും ജലസേചനവും
7	മൃഗസംരക്ഷണവും മത്സ്യബന്ധനവും
8	വ്യവസായം
9	വിദ്യാഭ്യാസം
10	കുടിവെള്ളവും പൊതുജനാരോഗ്യവും
11	ഗതാഗതം,ഊർജ്ജം
12	പാർപ്പിടവും,സാമൂഹ്യക്ഷേമവും
13	സംസ്ക്കാരം
14	വനിത
15	സഹകരണം
16.	പട്ടികജാതി - പട്ടികവർഗ്ഗക്ഷേമം
17.	വിഭവസമാഹരണം
18.	ഉപസംഹാരം.

ആമുഖം

ഒമ്പതാം പഞ്ചവത്സര പദ്ധതിയെ ജനകീയ ആസൂത്രണപരിപാടിയായി നമ്മുടെ സംസ്ഥാന ഗവൺമെൻറ് പ്രഖ്യാപിച്ചിരിക്കുകയാണ്. വമ്പിച്ച ജനപങ്കാളിത്തത്തോടെ നടന്നുവരുന്ന ഈ പരിപാടിയെ സാമൂഹികശാസ്ത്ര - സാമ്പത്തിക വിദഗ്ധന്മാർ ശ്രദ്ധാപൂർവ്വം വീക്ഷിച്ചുവരികയാണ്. ചരിത്രപ്രധാനമാവുന്ന ഈ കർമ്മപദ്ധതിയിൽ ഭാഗഭാക്കാകുവാൻ സാധിച്ചുവെന്നത് കേരള ജനതയ്ക്ക് എക്കാലവും അഭിമാനകരമാണ്.

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ ജനപങ്കാളിത്തത്തോടെ തങ്ങളുടെ വികസന പദ്ധതികളുടെ രൂപരേഖ തയ്യാറാക്കുന്നതിൽ ആവശേപൂർവ്വം പരിശ്രമിക്കുന്ന ഈ വേളയിൽ, ജനകീയാസൂത്രണ പ്രവർത്തനങ്ങളുടെ രൂപരേഖ വിജയകരമായി പൂർത്തീകരിക്കുന്നതിൽ നമ്മൾ പൂർണ്ണമായി വിജയിച്ചിട്ടുണ്ട്.

സമ്പൂർണ്ണ ഗ്രാമസ്വരാജ് മഹാത്മജിയുടെ സ്വപ്നമായിരുന്നു. ജവഹർലാൽ നെഹ്റുവിൻെറ നേതൃത്വത്തിൽ ആരംഭിച്ച പഞ്ചവത്സര പദ്ധതിൾക്ക് ഗ്രാമങ്ങളുടെ സമഗ്രപുരോഗതി എന്ന ലക്ഷ്യം പൂർണ്ണമാക്കുവാൻ കഴിഞ്ഞില്ല. രാജീവ് ഗാന്ധി പ്രധാനമന്ത്രിയായശേഷം ത്രിതല പഞ്ചായത്ത് രാജ് സംവിധാനത്തിന് രൂപം നല്കുകയും ശ്രീ നരസിംഹറാവുവിൻെറ ഗവ: പാർലമെൻറിൽ ബിൽ അവതരിപ്പിച്ച് ഭരണ ഘടനാനുസൃതമാക്കുകയും ചെയ്തു.

നമ്മുടെ ഭരണഘടന പഞ്ചവത്സരപദ്ധതികളുടെ ആസൂത്രണത്തിൽ പഞ്ചായത്തീരാജ് സംവിധാനങ്ങൾക്ക് പങ്കാളിത്തം ഉറപ്പുനൽകുന്നു. കേരള നിയമസഭ പാസാക്കിയ പഞ്ചായത്ത് മുനിസിപ്പൽ നിയമങ്ങൾ ഈ ചുമതലകളെ കൂടുതൽ വ്യക്തമായി നിർവചിക്കുന്നു. 9-ാം പഞ്ചവത്സര പദ്ധതിയുടെ രൂപീകരണത്തിൽ ഈ ചുമതലകൾ നിർവഹിക്കുന്നതിന് ഒട്ടേറെ പ്രായോഗിക തടസ്സങ്ങളുണ്ട്. താഴെ തട്ടിൽ നിന്നുള്ള ആസൂത്രണത്തിൽ മുൻ അനുഭവങ്ങളുടെ അഭാവം, വികസനത്തെക്കുറിച്ചുള്ള വികലമായ അവബോധം എന്നിവയെല്ലാം ഗൗരവമായ പ്രശ്നങ്ങളാണ്. ഈ പ്രതിസന്ധികളെ മറികടന്ന് സമയബന്ധിതമായി ആസൂത്രണചുമതല നിർവഹിക്കുന്നതിന് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളെ പ്രാപ്തരാക്കുന്നതിനുവേണ്ടിയാണ് ജനകീയ ആസൂത്രണ പ്രസ്ഥാനം രൂപം നൽകിയിട്ടുള്ളത്.

ജനകീയ ആസൂത്രണ പരിപാടിയുടെ ആദ്യ ഘട്ടപ്രവർത്തനം ഈ പഞ്ചായത്തിലെ പന്ത്രണ്ടു വാർഡുകളിലും കൂടിയ വിശേഷാൽ ഗ്രാമ സഭകളായിരുന്നു. ഓരോ വാർഡിലെയും ഗ്രാമസഭകളിൽ വിദ്യാഭ്യാസം, സംസ്ക്കാരം, പൊതുജനാരോഗ്യം, കുടിവെള്ളം, കൃഷി, ജലസേചനം, വനിതാക്ഷേമം, ഭവന നിർമ്മാണം, വ്യവസായം, പട്ടികജാതി - പട്ടിക വർഗ്ഗക്ഷേമം തുടങ്ങി വിവിധ വിഷയങ്ങളിൽ ഗ്രൂപ്പു ചർച്ചകൾ നടത്തി വിഭിന്നങ്ങളായ ആശയങ്ങൾ ഉൾക്കൊണ്ട് പൊതുവായ ആവശ്യങ്ങളുടെ റിപ്പോർട്ടുകൾ തയ്യാറാക്കപ്പെട്ടു. രണ്ടാം ഘട്ടമായി വിവിധ സ്ഥാപനങ്ങളിൽ നിന്നും സമാഹരിച്ചെടുത്ത സ്ഥിതി വിവരക്കണക്കുകളുടെയും , റിപ്പോർട്ടുകളുടെയും അടിസ്ഥാനത്തിൽ പഞ്ചായത്തിൻെറ ആകമാനമുള്ള സ്ഥിതി വിവരരേഖയ്ക്ക് രൂപം കൊടുത്തു. വിദഗ്ധ സമിതികളുടെ മേൽനോട്ടത്തിൽ, സ്ഥിതി വിവരക്കണക്കുകളും, ക്രോഡീകരിച്ച വികസന പദ്ധതിയും സമന്വയിപ്പിച്ച് ആവശ്യമായ പദ്ധതികൾക്ക് ഊന്നൽ കൊടുത്തുകൊണ്ട് ഈ സമഗ്രവികസന രൂപരേഖ തയ്യാറാക്കി മൂന്നാം ഘട്ടവും പൂർത്തീകരിച്ചു.

ഏറെ പഴമയും, ഏറെ തനിമയും, അതിലേറെ ചരിത്ര പ്രാധാന്യവുമുള്ള തൃക്കൊടിത്താനം ഗ്രാമത്തിൻെറ വികസനത്തിന് യോജിച്ച വിധം ഈ രേഖ തയ്യാറാക്കി സമർപ്പിക്കുവാൻ സാധിച്ചതിൽ നമുക്ക് അഭിമാനിക്കാം.

പഞ്ചായത്ത്:
പൊതുവിവരണം

പഞ്ചായത്തിന്റെ പേര്	തൃക്കൊടിത്താനം ഗ്രാമ പഞ്ചായത്ത്
ഉൾപ്പെടുന്ന വില്ലേജുകൾ	തൃക്കൊടിത്താനം, പായിപ്പാട്
ബ്ലോക്ക് പഞ്ചായത്ത്	മാടപ്പള്ളി
താലൂക്ക്	ചങ്ങനാശ്ശേരി
അസംബ്ലി മണ്ഡലം	ചങ്ങനാശ്ശേരി
നിയമസഭാംഗം	സി. എഫ്. തോമസ്
പാർലമെൻറ് മണ്ഡലം	കോട്ടയം
പാർലമെൻറ് അംഗം	രമേശ് ചെന്നിത്തല
വിസ്തീർണ്ണം	1330.89 Hts (6.5 KM)
അതിരുകൾ	വടക്ക്:- വാഴപ്പള്ളി പഞ്ചായത്ത്
	കിഴക്ക്:- മാടപ്പള്ളി പഞ്ചായത്ത്
	പത്തനംതിട്ട ജില്ലയിലെ കുന്നന്താനം പഞ്ചായത്ത്
	തെക്ക്:- പായിപ്പാട് പഞ്ചായത്ത്
	പടിഞ്ഞാറ്:- ചങ്ങനാശ്ശേരി (മുൻസിപ്പാലിറ്റി)
ജനസംഖ്യ	31,224
പുരുഷന്മാർ	15,608
സ്ത്രീകൾ	15,616
ജനസാന്ദ്രത	4804
അക്ഷരാഭ്യാസമുള്ളർ	30,792
വാർഡുകൾ	12
പ്രസിഡൻറിന്റെ പേര്	വി.ഡി. സെബാസ്റ്റ്യൻ
വൈസ് പ്രസിഡൻറിന്റെ പേര്	ശ്രീമതി കാതറൈൻ ആൻറണി
സ്റ്റാൻഡിങ്ങ് കമ്മറ്റി ചെയർമാന്റെ പേര്	റ്റി.വി. ലാൽകുമാർ



തൃക്കൊടിത്താനം പുരാതന ചരിത്രം

പുരാതന തമിഴകത്തിന്റെ ഗണനീയമായ ഒരു ഘടകമായിരുന്നു 'മലൈമണ്ഡലം' - അഥവാ ഇന്നത്തെ കേരളം . മലൈ മണ്ഡലത്തിലെ പതിമൂന്നു ദിവ്യ ദേശങ്ങളിൽ ഒരു പ്രധാനമായ ഘടകമായിരുന്നു 'തിരു ക്കടിത്താനം' എന്ന ഇന്നത്തെ തൃക്കൊടിത്താനം.

നമ്മാൾവാർ, കുലശേഖര ആഴ്വാർ എന്നീ വൈഷ്ണവ സിദ്ധന്മാരുടെ പാദധൂളികളാൽ പരിപാവനവും ദക്ഷിണദേശങ്ങളിൽ വിശ്രുതവുമായി പരിലസിച്ച പുണ്യദേശം. ക്രിസ്താബ്ദം എട്ടാം നൂറ്റാണ്ടിന്റെ ഒടുവിലും ഒമ്പതാം നൂറ്റാണ്ടിന്റെ ആരംഭത്തിലുമായി ജീവിച്ചിരുന്ന നമ്മൾവാർ രചിച്ച ദ്രവിഡവേദമെന്നു കീർത്തിക്കപ്പെടുന്ന തിരുവായ്മൊഴിയിൽ ഈ ദേശത്തിന്റെ മഹിമയെ 'നർവുൾ വേതിയർ നാന്മറൈ നിൻറതിർ - കർപകന്മേലൈ തിരുക്കടിത്താനമേ...'' എന്നു വാഴ്ത്തിയിട്ടുണ്ട്. ബഹുമാനിക്കപ്പെടുന്ന രാജധാനി എന്നും''തിരു രക്ഷാ സ്ഥാനം'' എന്നും തിരു നന്തവന സ്ഥാനം '' എന്നും ആദരണീയമായ ഘടിക സ്ഥാനം (Centre of Education) എന്നും അർത്ഥമാക്കുന്ന തിരുകടിത്താനം എന്ന പേരാണ് പ്രാചീനകാലത്ത് ഈ നാടിനുണ്ടായിരുന്നത്. തിരുകടിത്താനമാണത്രേ പിന്നീട് തൃക്കൊടിത്താനമായി മാറിയത്. കടുത്തുരുത്തി, കൂട്ടനാട്, കടക്കര, കടക്കായ്, എന്നൊക്കെയുള്ളതുപോലെ കടസ്ഥാനമാണ് എന്നും വ്യാഖ്യാനമുണ്ട്. കട+ സ്ഥാനം = അന്ത്യസ്ഥലം എന്ന അർത്ഥത്തിലാണെന്നും ചിലർ വ്യാഖ്യാനിക്കുന്നുണ്ട്. ഇവിടം സകല വിധ മേന്മകളോടും കൂടിയ രാജധാനിയായിരുന്നു എന്ന് ഇതിന് ആഭ്യന്തരമായ തെളിവുകൾ മഹാക്ഷേത്രത്തിലെ ശിലാശാസനങ്ങളിൽ നിന്നു ലഭിക്കുന്നു. ബാഹ്യമായ തെളിവുകൾ നാടിന്റെ പ്രത്യേകതകളിലേയ്ക്ക് ദ്രുത നോട്ടം നടത്തുന്നവർക്കുതന്നെ കാണാം. ക്ഷേത്രത്തിനു കിഴക്കുനിന്നു നേരെ കിഴക്കോട്ട് ഒന്നര മൈൽ നീളത്തോളം നെടുകെ പണ്ടത്തെ കോട്ടയുടെ അവശിഷ്ടങ്ങൾ അടുത്തകാലം വരെ ഉണ്ടായിരുന്നു. മാത്രമല്ല ആ പ്രദേശത്തിന് ''കോട്ട (ഇന്നു പോട്ടയായി) എന്നാണ് പറഞ്ഞുപോന്നിരുന്നത്. ''കോട്ടമുറി എന്ന പേര് ഇന്നുമുണ്ട്. ക്ഷേത്രത്തിന് തെക്കുവശത്ത് ''പടനിലം'' ഇന്നുമുണ്ട്. അനേകം യുദ്ധങ്ങൾക്ക് കുരുക്ഷേത്രമായിരുന്ന ''നാലുകോടി'' എന്ന സ്ഥലം ക്ഷേത്രത്തിനു തെക്ക് തൃക്കൊടിത്താനത്തിന്റെ അതിർത്തിയിലാണ്.

കൊല്ലവർഷം 537-ാ മാണ്ടിടയ്ക്കു വിരചിതമായ ''ഉണ്ണിനീലി സന്ദേശം'' എന്ന വിശിഷ്ടമായ സന്ദേശകാവ്യത്തിൽ തൃക്കൊടിത്താനം ദേശവും ക്ഷേത്രവും വർണ്ണിക്കപ്പെട്ടിരിക്കുന്നു.

''മുക്കാലം ചെൻറിമയവർതൊഴും-
തൃക്കൊടിത്താനമൻപി-
ൻറക്കാർ വർണ്ണൻ ചരണയുഗളം കൂപ്പി-
നേരേ നടന്നാൽ
തെക്കംകൂറങ്ങതു കഴിവോളം കാ-
ടിടത്തും വലത്തും
മിക്കേടം പുനരവിടമോഞാ-
നുണർത്തേണ്ടതില്ല.

അന്ന് തിരുവനന്തപുരത്തുനിന്നും വടക്കോട്ടുള്ളത് മെയിൻ സെൻറർ റോഡ് (എം. സി. റോഡ്) തൃക്കൊടിത്താനം ക്ഷേത്രത്തിൻറെ സമീപത്തുകൂടി വടക്കോട്ടുള്ള വഴിയായിരുന്നുവെന്ന് ഉണ്ണി നീലി സന്ദേശം പ്രഖ്യാപിക്കുന്നു.

ക്രിസ്താബ്ദം ഏഴും, എട്ടും, ശതാബ്ദങ്ങളുടെ മദ്ധ്യകാലത്തു ജീവിച്ചിരുന്ന ''ആൾവാർമാർ'' എന്ന പേരിനാൽ അറിയപ്പെടുന്ന ഭക്തജനങ്ങൾ കേരളത്തിലെ പതിമൂന്നു ക്ഷേത്രങ്ങളിൽ ആരാധന നടത്തിയ കഥകളും അവരുടേതെന്നു സങ്കല്പിക്കപ്പെട്ടിരിക്കുന്ന ഗാനങ്ങളുമടങ്ങിയ ''നാലായിരം ദിവ്യപ്രബന്ധം'' എന്ന തമിഴ് ഗ്രന്ഥത്തിൽ ദിക്കിൻറെ അന്നത്തെ ഐശ്വര്യ സമൃദ്ധമായ അവസ്ഥയും ക്ഷേത്രത്തിൻറെ മാഹാത്മ്യവും സവിസ്തരം പ്രതിപാദിച്ചിട്ടുണ്ട്. കേരളത്തിൽ പെരുമാക്കന്മാർക്കുശേഷം ഭരിച്ച അനേകം രാജാക്കന്മാരേപ്പറ്റി അറിയാൻ സഹായകമായ നിരവധി ശാസനങ്ങൾ ഈ ക്ഷേത്രത്തിൽ നിന്നുമാണ് ലഭിച്ചിട്ടുള്ളത്. ഭക്തന്മാരുടേയും ഗവേഷകന്മാരുടേയും തീർത്ഥാടന ക്ഷേത്രമായിരുന്നു തൃക്കൊടിത്താനം വൈഷ്ണവ മഹാക്ഷേത്രം.

പ്രസിദ്ധമായ പതിമൂന്നു ദിവ്യക്ഷേത്രങ്ങളിൽ മുഖ്യസ്ഥാനമുള്ള തൃക്കൊടിത്താനം അത്ഭുത നാരായണക്ഷേത്രത്തെപ്പറ്റി നമ്മാൾവാർതന്നെ വിരചിച്ചതെന്നു കരുതേണ്ട ''മാരണാലങ്കാര'ത്തിലും, പിള്ളൈ പെരുമാൾ അയ്യങ്കാർ എന്ന വിശ്രുത സിദ്ധൻറെ നൂറ്റെട്ടു തിരുപ്പടി അന്താദിയിലും വാഴ്ത്തിപ്പാടിയിരിക്കുന്ന കീർത്തനങ്ങൾ ശ്രദ്ധേയമായ ചരിത്ര രേഖകളാണ്.

ചേര ചക്രവർത്തിയായിരുന്ന ഭാസ്ക്കര രവിവർമ്മൻറെ ഭരണാരംഭം മുതൽ 12-ാം നൂറ്റാണ്ടുവരെയുള്ള കാലഘട്ടത്തിലെ ഏതാനും ശിലാലിഖിതങ്ങൾ ഈ ക്ഷേത്രത്തിലെ ശ്രീകോവിലിനു ചുറ്റും മുദ്രണം ചെയ്തിട്ടുണ്ട്. ഒരു ഗതകാല സംസ്ക്കാരത്തിൻറെ വിശദാംശങ്ങളിലേയ്ക്ക് വെളിച്ചം വീഴിക്കുവാൻ പര്യാപ്തമാണ് തിരുക്കൊടിത്താനം ക്ഷേത്രത്തിലെ ശിലാലിഖിതങ്ങൾ. തമിഴിൽ ലിപിവട്ടെഴുത്തിൽ - ഭരണ സംഭാഷണ ഭാഷ-തമിഴ്, ക്ഷേത്രം സ്ഥിതിചെയ്യുന്ന രാജ്യത്തിൻറെ പേര് - നൻറുഴൈ നാട്, നൻറുഴൈ നാടിൻറെ തലസ്ഥാനം - തിരുക്കൊടിത്താനം, നൻറുഴൈനാടിൻറെ ഭാഗമായ വേണാടിൻറെ യുവരാജാവ് - ഗോവർദ്ധൻ മാർത്തണ്ഡൻ എന്നും തുടങ്ങി പല ചരിത്ര സത്യങ്ങളും ഈ ശിലാസനത്തിൽ നിന്നും വ്യക്തമാകുന്നു.

എട്ടാം നൂറ്റാണ്ടിൻറെ അവസാനഘട്ടത്തിൽ തുടങ്ങുന്ന നമ്മാൾവാരുടെ ജീവിതകാലം അദ്ദേഹത്തിൻറെ പ്രസിദ്ധമായ തിരുവായ്മൊഴിയിലെ എട്ടാം പദത്തിലെ ആറാം തിരുവായ്മൊഴി ഈ നാടിൻറെയും, ക്ഷേത്രത്തിൻറെയും അന്നത്തെ പ്രശസ്തിയെ സമർത്ഥിക്കുന്നതാണ്. രണ്ടാം ചേരവംശത്തിലെ കുലശേഖര ആൾവാരുടെ ''മുകുന്ദമാലയി'ലും തൃക്കൊടിത്താനത്തെ പുകഴ്ത്തി പരാമർശിക്കുന്നു. പന്ത്രണ്ടാം നൂറ്റാണ്ടിനുശേഷം ആരാധനാ കേന്ദ്രത്തോടൊപ്പം സംസ്ക്കാര കേന്ദ്രവും, വിദ്യാഭ്യാസ കേന്ദ്രവും ആയിത്തീർന്നിരുന്നു - തൃക്കൊടിത്താനം. സംസ്കൃത സാഹിത്യത്തിനും വേദ പഠനത്തിനും ദക്ഷിണ ദേശങ്ങളിൽ പ്രചാരം സിദ്ധിച്ച കാലം മുതൽ തന്നെ ദക്ഷിണേന്ത്യയിലെ കാഞ്ചീപുരം പോലെയുള്ള പ്രാചീന ക്ഷേത്രങ്ങളിലെ വേദശാസ്ത്രപഠന കേന്ദ്രങ്ങൾ കടിക അഥവാ ഘടിക സമാനങ്ങൾ എന്നു വിശ്രുതങ്ങളായിരുന്നു. ഇന്നത്തെ സർവ്വകലാശാലകളുടെ മഹനീയ പദവിയുള്ള അംഗീകൃത മഹൽ സ്ഥാപനങ്ങളായിരുന്നു ഈ ഘടികസ്ഥാനങ്ങൾ. ഇത്തരത്തിലൊരു ഘടിക സ്ഥാനം തൃക്കൊടിത്താനത്തുണ്ടായിരുന്നതായി നമ്മൾവാരുടെ കൃതിയിൽ പരാമർശിക്കുന്നു.

നൻറുഴൈനാട് അനന്തര കാലത്ത് ഓടനാട്ടിലും പിന്നീട് അതിൻറെ ഭാഗങ്ങൾ തെക്കൻ കൂറിലും ലയിച്ചു. ഉണ്ണുനീലി സന്ദേശ കാലം ആകുമ്പോഴേയ്ക്കും തിരുക്കടിത്താനം തൃക്കൊടിത്താനമായി മാറിക്കഴിഞ്ഞിരുന്നു. പതിനൊന്നാം നൂറ്റാണ്ടിൻറെ ആദ്യദശകങ്ങൾ വരെ തിരുവനന്തപുരം മുതൽ കൊല്ലം വഴി വടക്കോ

ട്ടുണ്ടായിരുന്ന നാരായപ്പെരുവഴി അഥവാ മെയിൻറോഡ്, തൃക്കൊടിത്താനം ക്ഷേത്രത്തിൻെറ മുൻവശത്തെത്തി, അവിടുന്ന് തൃക്കൊടിത്താനം ദേശത്തിൻെറ മദ്ധ്യത്തിൽക്കൂടി ആയിരുന്നു. വാസ്തു ശില്പ കലയിൽ എക്കാലത്തേയും അത്ഭുതമായി പരിലസിക്കുന്ന തൃക്കൊടിത്താനം മഹാക്ഷേത്രത്തിൻെറ ചുറ്റുമതിൽ ഐതിഹ്യങ്ങളുടെ ഭണ്ഡാരമാണ്. ചരിത്ര പണ്ഡിതന്മാരെയും, വാസ്തുശില്പ വിദഗ്ധരെയും വിസ്മയം കൊള്ളിക്കുന്ന ഈ ചരിത്ര സ്മാരകം തൃക്കൊടിത്താനത്തിൻെറ പാരമ്പര്യത്തെ വിളിച്ചോതുന്നതാണ്.


പന്ത്രണ്ടാം നൂറ്റാണ്ടോടെയുള്ള നൻറുഴൈനാടു ഭരിച്ചിരുന്ന ചേര ചക്രവർത്തിമാരുടെ പ്രതാപകാലവും കഴിഞ്ഞ് മൂന്നു ശതകങ്ങൾ കഴിഞ്ഞുള്ള ഉണ്ണുനീലി സന്ദേശഘട്ടത്തിലെ പ്രശസ്തകാലവും പിന്നിട്ട ശേഷം ഓടനാട്, തെക്കുംകൂർ നാടുവാഴികളെയും അതിജീവിച്ച സുസംഘടിതമായി വേണാട്ടു രാജ്യത്തിലെ തിരുവിതാംകൂറായി വൈപുല്യം പ്രാപിച്ചു.

കുലശേഖര ചക്രവർത്തിമാരുടെ ഭരണകാലത്ത് ചങ്ങനാശേരി നൻറുഴൈനാടിൻെറ ഭാഗമായിരുന്നു. നൻറുഴൈനാടിൻെറ തലസ്ഥാനം തൃക്കൊടിത്താനവുമായിരുന്നുവെന്ന് ഭാസ്ക്കരരവിവർമ്മൻെറ തൃക്കൊടിത്താനം ശാസനത്തിൽ നിന്നും തെളിയുന്നു.

തൃക്കൊടിത്താനത്തിൻെറ കിഴക്കേ അതിരായ ചാഞ്ഞോടി മുതൽ കോട്ടമുറി, കുന്നുംപുറം, ക്ഷേത്രത്തിനു വടക്കുള്ള നടയിൽക്കൂടി തൃക്കൊടിത്താനത്തിൻെറ പടിഞ്ഞാറേ അതിരായ ഇരൂപ്പായി, ചങ്ങനാശേരി താലൂക്കു കച്ചേരി തുടങ്ങിയ ഭാഗങ്ങളിൽകൂടി തെക്കൻ കൂർ രാജാവിൻെറ വാസഗേഹമായിരുന്ന പുഴവാതിലെ നീരാഴികൊട്ടാരത്തിൻെറ പ്രാന്തവും കടന്ന് കിടങ്ങേറവരെ നെടുനീളത്തിൽ ഭീമാകാരമായ ഒരു മൺകോട്ടയും, അതിനോടുചേർന്ന് വടക്കുഭാഗത്ത് അഗാധമായ ഒരു കിടങ്ങും ഏതാണ്ട് എഴുപത്തഞ്ചുവർഷം മുമ്പുവരെയും ചരിത്രസ്മാരകങ്ങളായി നിലകൊണ്ടിരുന്നു.

പന്ത്രണ്ടാം നൂറ്റാണ്ടിലെ തെക്കുംകൂർ രാജാക്കന്മാരുടെ ഭരണകാലത്ത് രാജ്യത്തിൻെറ അതിർത്തിയായി ഇവിടെ കൂറ്റൻ മൺകോട്ടകൾ പണിതീർത്തിരുന്നു. കോട്ടപ്പറമ്പു (ചങ്ങനാശേരി ടി. ബി.) മുതൽ മാടപ്പള്ളിയ്ക്കടുത്തുള്ള വെങ്കോട്ടവരെ നീണ്ടു കിടക്കുന്ന ഈ കോട്ടയുടെ അവശിഷ്ടങ്ങൾ സമീപകാലത്തുവരെയും ഉണ്ടായിരുന്നു. കോട്ട മുറിഞ്ഞ ഭാഗമാണ് കോട്ടമുറി ആയി തീർന്നത്. വെൺകോട്ട, കോട്ടമുറി എന്നീ സ്ഥലനാമങ്ങൾ മാത്രം ഇപ്പോൾ അവശേഷിച്ചിരിക്കുന്നു. ■

അവലംബം : പ്രൊഫ. തൃക്കൊടിത്താനം ഗോപിനാഥൻ നായരുടേയും
ചരിത്ര പണ്ഡിതനായിരുന്ന എം. ഗോപാലൻ നായരുടെയും ലേഖനങ്ങൾ



തൃക്കൊടിത്താനം ഗ്രാമ പഞ്ചായത്തിന്റെ ചരിത്രം

1953 ആഗസ്റ്റ് 15 -ന് പായിപ്പാടു പഞ്ചായത്തു നിലവിൽ വരുന്നതിനു മുൻപ്മുതലേ, തൃക്കൊടിത്താനം നിവാസികളുടെ ചിരകാലാഭിലാഷമായിരുന്നു സ്വതന്ത്രമായ തൃക്കൊടിത്താനം പഞ്ചായത്ത്. 1968 ആഗസ്റ്റ് 22 -ാം തീയതി ഈ ആഗ്രഹം സാക്ഷാത്കരിയ്ക്കപ്പെട്ടു. അതുവരെ പായിപ്പാട് പഞ്ചായത്തിന്റെ ഭാഗമായിരുന്ന തൃക്കൊടിത്താനം പുനർവിഭജനം നടത്തി, തൃക്കൊടിത്താനത്ത് ഒരു പഞ്ചായത്തു കമ്മറ്റി നിലവിൽ വന്നു.

മാടപ്പള്ളി ബി.ഡി. ഓയുടെ 16-8-68 -ലെ നോട്ടീസനുസരിച്ച്, പായിപ്പാട് പഞ്ചായത്താഫീസിൽ വച്ച് തൃക്കൊടിത്താനം പഞ്ചായത്ത് അഡ്മിനിസ്ട്രേറ്റീവ് കമ്മറ്റി അംഗങ്ങളുടെ സത്യപ്രതിജ്ഞാകർമ്മം 1968 ആഗസ്റ്റ് 22 -ാം തീയതി നാലുമണിയ്ക്കു നടന്നു. ആദ്യ പ്രസിഡൻറ് പരേതനായ ചങ്ങംകേരിൽ സി.ജെ. സക്കറിയായും അംഗങ്ങൾ ശ്രീമാന്മാർ കെ.ജെ. ദേവസ്യ, എം.എൻ. ശങ്കരനാരയണമേനോൻ, പി.ജെ. മുരളീധരൻ നായർ, പി.കെ. രാഘവൻ, പി.ജി. കൃഷ്ണപിള്ള എന്നിവരുമായിരുന്നു.

തൃക്കൊടിത്താനം പഞ്ചായത്ത് അഡ്മിനിസ്ട്രേറ്റീവ് കമ്മറ്റിയിലേയ്ക്ക് 26-6-72 -ൽ കെ.ജെ. ജെയിംസ്, പി.കെ. ജനാർദ്ദനൻ എന്നീ രണ്ട് അംഗങ്ങളെക്കൂടി നോമിനേറ്റ് ചെയ്യപ്പെട്ടു.

1976 സെപ്റ്റംബർ മൂന്നാം തീയതി സർക്കാർ ഉത്തരവുപ്രകാരം പുതിയ ഒൻപതംഗ നോമിനേറ്റഡ് സമിതി തൃക്കൊടിത്താനം പഞ്ചായത്തിന്റെ ചുമതലയേറ്റു. പി.കെ. ദിവാകരനായിരുന്നു ആ സമിതിയുടെ പ്രസിഡൻറ്. അംഗങ്ങൾ:- പി.കെ. ജനാർദ്ദനൻ, കെ.ജെ. ജെയിംസ്, എം.കെ. തങ്കപ്പൻ, കെ.എ.തോമസ്, എം.എം. വർഗ്ഗീസ്, വർഗ്ഗീസ് ജോസഫ്, പി.കെ. സെയ്തുമുഹമ്മദ്, ശ്രീമതി പൊന്നമ്മ കെ. പണിക്കർ എന്നിവരായിരുന്നു.

ഒരു തെരഞ്ഞെടുപ്പിലൂടെ തൃക്കൊടിത്താനം പഞ്ചായത്തിൽ ഭരണസമിതി ചുമതലയേല്ക്കുന്നത് 1979 സെപ്റ്റംബർ 29 -ാം തീയതിയാണ്. കെ.ജെ. ജെയിംസ് പ്രസിഡൻറായും ശ്രീമതി കെ. പങ്കജാക്ഷിയമ്മ വൈസ് പ്രസിഡൻറായും പ്രവർത്തനമാരംഭിച്ച പത്തംഗസമിതി ഒരു വർഷം കഴിഞ്ഞ് പ്രസിഡൻറും, വൈസ് പ്രസിഡൻറും രാജിവച്ചതിനെ തുടർന്ന് 23-10-80-ൽ അഡ്വ. റ്റി.സി. ജോസഫ് പ്രസിഡൻറായും വർക്കി വർഗ്ഗീസ് വൈസ് പ്രസിഡൻറായും പുനഃസംഘടിപ്പിച്ചു. വീണ്ടും 20-8-81 -ൽ കെ.ജെ. ജെയിംസ് പ്രസിഡൻറായി തീർന്നു. ഈ കമ്മറ്റിയിൽ അംഗങ്ങളായിരുന്നവർ:- ശ്രീമതി. കെ. പങ്കജാക്ഷിയമ്മ, റ്റി.സി. ജോസഫ്, ബോബി അലക്സാണ്ടർ, കെ.ജെ. ജെയിംസ്,

ജോസഫ് തോമസ്, വർക്കി വർഗ്ഗീസ്, പി.കെ. ജനാർദ്ദനൻ, കെ. രാജഗോപാലപിള്ള, വിജയൻ ഇ.റ്റി, ജയിംസ്. വി. മാത്തൂർ . എന്നിവരായിരുന്നു.

1988 ഫെബ്രുവരി 8 -ാം തീയതി പുതുതായി തെരഞ്ഞെടുക്കപ്പെട്ട പതിനൊന്നംഗ പഞ്ചായത്തു കമ്മറ്റി കെ.ജെ. ജെയിംസ് പ്രസിഡൻറായും കെ.ജി. തങ്കപ്പൻ വൈസ് പ്രസിഡൻറായും ചുമതലയേറ്റു. മറ്റംഗങ്ങളായിരുന്നവർ:- വി.ഡി. സെബാസ്റ്റ്യൻ, ജോസുകുട്ടി സ്കറിയ, എം. രാജശേഖരൻ നായർ, ജോസ് സഖറിയ, കെ. രാജഗോപാലപിള്ള, ബാബു രാജേന്ദ്രൻ ആൻറണി ദേവസ്യ, ശ്രീമതിമാർ മേരിക്കുട്ടി ചാക്കോ, രമാദേവി മുരളീധരൻ എന്നിവരായിരുന്നു. 20-10-89 -ൽ വൈസ് പ്രസിഡൻറ് രാജിവച്ചതുമൂലം തൽസ്ഥാനത്തേയ്ക്ക് വി.ഡി. സെബാസ്റ്റ്യനെ തെരഞ്ഞെടുത്തു. തുടർന്നു പ്രസിഡൻറ് രാജിവയ്ക്കുകയും പ്രൊഫ: കെ. രാജഗോപാലപിള്ള പ്രസിഡൻറാവുകയും ചെയ്തു. രണ്ടുവർഷങ്ങൾക്കുശേഷം വീണ്ടും കെ.ജെ. ജയിംസ് പ്രസിഡൻറായി തീർന്നു.

1995 സെപ്റ്റംബർ 30 -ാം തീയതി പുതിയ പഞ്ചായത്തു രാജ് നിയമപ്രകാരമുള്ള ഇപ്പോഴത്തെ പഞ്ചായത്തു കമ്മറ്റി അധികാരമേറ്റെടുത്ത് നിലവിൽ വന്നു. വി.ഡി സെബാസ്റ്റ്യൻ പ്രസിഡൻറായും ശ്രീമതി കാതറൈൻ ആൻറണി വൈസ് പ്രസിഡൻറായും റ്റി.വി. ലാൽകുമാർ സ്റ്റാൻഡിങ്ങ് കമ്മറ്റി ചെയർമാനുമായുള്ള പന്ത്രണ്ടംഗ പഞ്ചായത്തു കമ്മറ്റിയിൽ ജെയിംസ് ജോസഫ്, ബോബി അലക്സാണ്ടർ, ജയൻ കൊടപ്പന, കെ. രാഘവൻകുട്ടി, കെ. ശിവാനന്ദൻ, ശ്രീമതിമാർ രജനമ്മ തോമസ്, റോസമ്മ ജോർജ്, ക്ലാരമ്മ തോമസ്സ് എന്നിവർ അംഗങ്ങളാണ്. 4-ാം വാർഡിൽ സ്ഥാനാർത്ഥിയുടെ മരണം മൂലം മാറ്റിവച്ച തെരഞ്ഞെടുപ്പ് പിന്നീടു നടന്നപ്പോൾ വി. കെ. സുനിൽകുമാർ തെരഞ്ഞെടുക്കപ്പെട്ടു.

ഈ ഗ്രാമ പഞ്ചായത്തിൻെറ പരിധിയിൽ വരുന്ന ബ്ലോക്ക് പഞ്ചായത്ത് അംഗങ്ങൾ: ശ്രീമതി ഏലിയാമ്മ ഫിലിപ്പ് (ബ്ലോക്ക് പ്രസിഡൻറ്) ബാബുരാജേന്ദ്രൻ (ബ്ലോക്ക് വൈസ് പ്രസിഡൻറ്) എന്നിവരും - ജില്ലാ പഞ്ചായത്ത് അംഗം : ശ്രീമതി ലീലാമ്മ വർഗ്ഗീസുമാണ്.

ചരിത്രം.....വ്യക്തികളിലൂടെ.....

ഇൻഡ്യൻ സ്വാതന്ത്ര്യസമര കാലഘട്ടത്തിൽ ദേശീയ പ്രക്ഷോഭണരംഗത്തു തൃക്കൊടിത്താനം നിവാസികൾക്കും സജീവ പങ്കുണ്ടായിരുന്നു.

സ്വാതന്ത്ര്യസമരത്തിൽ പങ്കെടുത്ത് ജയിൽവാസമനുഭവിയ്ക്കുകയും വൈക്കം സത്യാഗ്രഹത്തിൽ പങ്കെടുക്കുകയും ചെയ്ത പരേതനായ ദേവസ്യ കണിയാംപറമ്പിൽ- സ്വാതന്ത്ര്യസമരത്തിൽ പങ്കെടുത്ത് ജയിൽവാസമനുഭവിയ്ക്കുകയും ഗവൺമെൻറിനെതിരെ നിവർത്തന പ്രസ്ഥാനത്തിൽ സജീവ പങ്കാളിയാവുകയും ചെയ്ത പരേതനായ കുറ്റിയ്ക്കാട്ടു ദേവസ്യ തുടങ്ങിയവ സ്മരണീയരാണ്.

പരേതരായ കൊണ്ടൂർ കൃഷ്ണപിള്ളയും, പള്ളിപ്പുറം നാരായണപിള്ളയും സാമൂഹിക-സാമൂദായിക പരിഷ്കർത്താക്കളും പൊതുകാര്യ പ്രസക്തരുമായിരുന്നു. പരേതനായ ആരമല പി. കുട്ടി പട്ടികജാതി വിഭാഗങ്ങളുടെ വിമോചകനും ഉദ്ധാരകനുമായിരുന്നു. മഹാത്മജിയുടെ ആഹ്വാനപ്രകാരം തൊഴിലധിഷ്ഠിത വിദ്യാഭ്യാസം എന്ന ലക്ഷ്യം മുൻനിർത്തി 1937 -ൽ പ്രവർത്തനമാരംഭിച്ച വൊക്കേഷണൽ ബയാസ് അപ്പർ പ്രൈമറി (വി.ബി.യു.പി) സ്കൂൾ ആരംഭിച്ചത് എഴുമാന്തയ്ക്കൽ കൃഷ്ണപിള്ളയായിരുന്നു. നെയ്ത്ത്, കൃഷി തുടങ്ങിയ വിഷയങ്ങളിലായിരുന്നു വിദ്യാഭ്യാസത്തോടൊപ്പം ആദ്യകാലത്ത് പരിശീലനം കൊടുത്തിരുന്നുത്.

വിദ്യാഭ്യാസമേഖലയിൽ ദീർഘകാലംപ്രവർത്തിച്ച് ഏറെ അനുഭവസമ്പത്തും ശിക്ഷ്യ സമ്പത്തുമുള്ള പരേതനായ പ്രൊഫ. എം. ഗോപാലൻനായർ (റിട്ട. പ്രിൻസിപ്പാൾ) ഒരു ചരിത്ര പണ്ഡിതനായിരുന്നു.

പഴയ വില്ലേജ് പ്രസിഡൻറ്മാരായി സേവനം അനുഷ്ഠിച്ചവരാണ് പരേതരായ പറമ്പത്ത് ഉലഹന്നാൻ ജോണും പാട്ടത്തിൽ അയ്യപ്പൻ കുട്ടിയും.

പ്രത്യക്ഷ രക്ഷാ ദൈവസഭ (പി ആർ ഡി എസ്) സ്ഥാപകൻ പൊയ്കയിൽ ശ്രീ കുമാര ഗുരുദേവൻെറ കർമ്മമേഖലയാൽ അനുഗ്രഹീതമാണ് തൃക്കൊടിത്താനത്തിൻെറ കിഴക്കുഭാഗത്തുള്ള അമര പ്രദേശം. തൃക്കൊടിത്താനം ഉൾപ്പെട്ടിരുന്ന പായിപ്പാട് പഞ്ചായത്തിൻെറ ആദ്യ പ്രസിഡൻറായ പ്രൊഫ. തൃക്കൊടിത്താനം ഗോപിനാഥൻ നായർ, കവിയും, സാമൂഹിക പരിഷ്കർത്താവും, വാഗ്മിയുമാണ്. ഗുരുവായൂർ സത്യാഗ്രഹത്തിൽ പങ്കെടുത്തതിന് താമ്രപത്രം നല്കി ആദരിയ്ക്കപ്പെട്ടയാളാണ് ശ്രീ. വാസുദേവ മേനോൻ, മുളന്താനം.



ഭൂപ്രകൃതിയും, വിഭവങ്ങളും

തൃക്കൊടിത്താനം ഗ്രാമപഞ്ചായത്ത് കോട്ടയം ജില്ലയിൽ ചങ്ങനാശേരി പട്ടണത്തിന് കിഴക്കുഭാഗത്ത് സ്ഥിതി ചെയ്യുന്ന പ്രദേശമാണ്. സമീപ പ്രദേശങ്ങളിലെ പരിസ്ഥിതിയും ജനസാന്ദ്രതയും ഈ പ്രദേത്തിന്റെ ഭൂപ്രകൃതിയെ സാരമായി ബാധിച്ചിട്ടുണ്ട്. കേരളത്തിന്റെ നെല്ലറയായ കുട്ടനാട് ഈ പഞ്ചായത്തിന്റെ തെക്ക് പടിഞ്ഞാറ് ഭാഗത്തുനിന്നും ആരംഭിക്കുന്നു. വേമ്പനാട്ടുകായലുമായി ജലഗതാഗത സമ്പർക്കം ഇവിടെനിന്നും ആരംഭിച്ചിരുന്നതായി രേഖകൾ ഉണ്ട്. വേലുത്തമ്പിദളവ സ്ഥാപിച്ച ചന്തകളിൽ പ്രധാനപ്പെട്ടതാണ് ചങ്ങനാശേരി ചന്ത. സമീപ പട്ടണങ്ങളായ കോട്ടയം, തിരുവല്ല, ആലപ്പുഴ തുടങ്ങിയ സ്ഥലങ്ങളിലേയ്ക്ക് അവശ്യ സാധനങ്ങൾ ഇവിടെ നിന്നും കയറ്റിയയ്ക്കുന്നു. പഞ്ചായത്തിന്റെ ജനസാന്ദ്രത അനുദിനം വർദ്ധിച്ചു കൊണ്ടിരിക്കുന്നു. പഞ്ചായത്തിന്റെ വിസ്തൃതിയും അതിരുകളും ഇതോടനുബന്ധമായി ചേർക്കുന്നു.

പടിഞ്ഞാറ് ചങ്ങനാശേരി പട്ടണം , വടക്കു പടിഞ്ഞാറ് വാഴപ്പള്ളിപഞ്ചായത്ത്, വടക്ക് മാടപ്പള്ളി പഞ്ചായത്ത്, കിഴക്ക് മല്ലപ്പള്ളി താലൂക്കിൽപ്പെട്ടകുന്നന്താനം പഞ്ചായത്ത് . തെക്കുഭാഗത്തായി പായിപ്പാട് പഞ്ചായത്ത്. തൃക്കൊടിത്താനം പഞ്ചായത്തിന്റെ ആകെ വിസ്തീർണ്ണം റിസർവ്വേ പ്രകാരം 1330. 89 ഹെക്ടർ ആണ്. ഈ പഞ്ചായത്തിന്റെ ഉപരിതല സ്ഥിതിഗതി നിമ്നോന്നതമാണ്. ഉയർന്ന പ്രദേശങ്ങളായിട്ടുള്ളത് കൊടിനാട്ടുംകുന്ന്, ആരമല, ചക്രായത്തിൽ കുന്ന്, കുന്നുംപുറം, ചെമ്പൂം പുറം തുടങ്ങിയ സ്ഥലങ്ങളാണ്. ഈ പ്രദേശങ്ങൾ 150 മുതൽ 300 അടിവരെ ഉയരത്തിൽ സ്ഥിതിചെയ്യുന്നു.ചെറിയ ചരിവുപ്രദേശങ്ങൾ ഒഴിച്ച് താഴ്ന്ന പ്രദേശങ്ങൾ എല്ലാം നെൽകൃഷികൾക്കായി ഉപയോഗിച്ചിരുന്നു.

ഓരോ പ്രദേശത്തെയും നിലങ്ങൾക്ക് 10 ഹെക്ടർ മുതൽ 30 ഹെക്ടർ വരെ വിസ്തീർണ്ണം ഉണ്ടായിരുന്നു.

ആദ്യകാലങ്ങളിൽ ഈ പ്രദേശങ്ങൾ എല്ലാംതന്നെ വൻകാടുകളായിരുന്നു. അക്കാലത്ത് ഇവിടെ വന്യമൃഗങ്ങൾ ധാരാളം ഉണ്ടായിരുന്നു. കാടുകളിൽ ഔഷധ വീര്യമുള്ള ചെടികളും വൃക്ഷങ്ങളും ഉണ്ടായിരുന്നു. എന്നാൽ അവയെല്ലാം മിക്കവാറും നാമാവശേഷമാകുകയും തൽസ്ഥാനങ്ങളിൽ ജനവാസവും മറ്റ് വൃക്ഷങ്ങളും സ്ഥാനം പിടിക്കുകയും ചെയ്തു. ഭൂപ്രകൃതിയു

നെല്ല് കൃഷി ചെയ്തിരുന്ന നിലങ്ങളും അവയുടെ വിസ്തീർണ്ണവും .


ക്രമ നമ്പർ	നിലങ്ങളുടെ പേര്	വിസ്തീർണ്ണം ഹെക്ടർ
1	കൊക്കോട്ടുചിറ	06.1105
2	മണിമുറി	09.4510
3.	മണികണ്ഠവയൽ	09.8320
4.	പാലമൂട്	05.1495
5.	മാങ്കാല	07.0586
6.	പഴയചിറ	03.4830
7.	ചിറക്കുഴി	01.5070
8.	ചേരിക്കൽ	04.2045
ആകെ		51.6115

ടെ അടിസ്ഥാനത്തിൽ മണ്ണിന്റെ ഘടന പരിശോധിക്കുമ്പോൾ ചെറിയ ചരൽ നിറഞ്ഞ ഫലഭൂയിഷ്ഠമായ മണ്ണാണ് ഇവിടെ കാണുന്നത്.

ഈ പഞ്ചായത്തിൽ 31224 ആളുകൾ 7221 ഭവനങ്ങളിലായി അധിവസിക്കുന്നു. പട്ടണവുമായുള്ള സാമീപ്യം മൂലം ധാരാളം ജനങ്ങൾ ഇവിടെ പുതിയതാമസക്കാരായി എത്തിക്കൊണ്ടിരിക്കുന്നു.

തൃക്കൊടിത്താനം പുരാതന ചരിത്രരേഖകളിൽ വളരെയധികം സ്ഥാനം പിടിച്ചിട്ടുണ്ട്. പഞ്ചായത്തിന്റെ മദ്ധ്യഭാഗത്തുകൂടി ബൈപാസ്സായി നിർദ്ദേശിക്കപ്പെട്ടിട്ടുള്ള തെങ്ങണാ പെരുംതുരുത്തി റോഡും ചരിത്രരേഖയിലുള്ള നാലുകോടി മടുക്കമൂട് റോഡും സമാന്തരമായി സ്ഥിതിചെയ്യുന്നു. ആലപ്പുഴ മല്ലപ്പള്ളിറോഡ് വിപരീത ദിശയിലും നിലവിലുണ്ട്. ഇവിടത്തെ ഭൂപകൃതി കൃഷികൾക്കും താമസ സൗകര്യങ്ങൾക്കും വളരെ അനുയോജ്യമാണ്. ജലസ്രോതസ്സുകളായി ധാരാളം കുളങ്ങളും തോടുകവും ഉണ്ടായിരുന്നത് ഇപ്പോൾ നാമമാത്രമായി അവശേഷിക്കുന്നു. ഇവയ്ക്കെല്ലാം ഇപ്പോഴും വികസന സൗകര്യങ്ങൾ നിലവിലുണ്ട്. കൃഷികൾക്ക് ഇടവപ്പാതിയും തുലാവർഷവും., ലഭിക്കുന്നു. വിള സമൃദ്ധമായ ദീർഘകാല വിളകകളിലേക്കും റബർ കൃഷിയിലേക്കും ജനങ്ങൾ കൂടുതൽ ശ്രദ്ധ തിരിച്ചിട്ടുണ്ട്. കുന്നിൻ പ്രദേശങ്ങളിൽ ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിൽ കുടിവെള്ളക്ഷാമം രൂക്ഷമാണ്. കുന്നിൻ പ്രദേശങ്ങളുടെ വിവരം ചുവടെചേർക്കുന്നു.

നമ്പർ	കുന്നിൻപ്രദേശം	വിസ്തീർണ്ണം ഹെ.	ശതമാനം
1	കുന്നും പുറം	24.1550	0.1812%
2	അമര	24.7345	0.18%
3	ചെമ്പും പുറം	22.4360	0.169%
4	കൊടിനാട്ടുംകുന്ന്	22.5605	0.0169%
5	ആരമല	6.5485	0.049%
6	ചക്രായത്തിൽകുന്ന്	12.1570	0.0928%
7	കടമാൻ ചിറ	13.1570	0.098%
ആകെ		136.8715	10.29%



കൃഷിയും ജലസേചനവും

തൃക്കൊടിത്താനം ഗ്രാമപഞ്ചായത്ത് ഒരു കർഷക ഗ്രാമമാണ്. കുന്നിൻ പ്രദേശങ്ങളും താഴ്വരകൾ പാടങ്ങളായി രൂപപ്പെട്ടിട്ടുള്ളതുമായ പ്രദേശമാണ്ഇത്. 25 വർഷങ്ങൾക്കുമുമ്പ് ഈ പ്രദേശത്തെ മുഖ്യകൃഷി നെല്ലായിരുന്നു. തെങ്ങ് കുരുമുളക്, തുടങ്ങിയ നാണ്യ വിളകളും ധാരാളമായി കൃഷി ചെയ്തിരുന്നു. ഇടവിളകളായി വാഴയും, കിഴങ്ങുവർഗ്ഗങ്ങളും കൃഷി ചെയ്തിരുന്നു. റബ്ബർ കൃഷി വ്യാപകമായി തുടങ്ങിയിട്ട് 15 വർഷങ്ങളായി. തൃക്കൊടിത്താനത്തിന്റെ പടിഞ്ഞാറുഭാഗം ചങ്ങനാശേരി മുനിസിപ്പാലിറ്റിയും തെക്കുഭാഗം തിരുവല്ല മുനിസിപ്പാലിറ്റിയോടു വലിയ അകലത്തിലുമല്ലാത്ത പ്രദേശമായതിനാലും താമസ സൗകര്യത്തിനായി ആളുകൾ ധാരാളമായി ഈ പ്രദേശത്തേക്കു കുടിയേറിക്കൊണ്ടിരിക്കുന്നതിനാൽ ഭൂമി തുണ്ടുതുണ്ടുകളാക്കപ്പെടുകയും കൃഷി ഭൂമിയുടെ വിസ്തൃതി കുറഞ്ഞുവരുകയും, ഭൂമിയുടെ വില ഉയരുകയുമാണ്. പാവപ്പെട്ടവരും മറ്റ് ദുർബല വിഭാഗത്തിൽപ്പെട്ട ആളുകളും താമസ സൗകര്യത്തിനായി വില കുറഞ്ഞ പാടങ്ങൾവാങ്ങി നികത്തി വീടുവയ്ക്കുന്നത് ഇപ്പോഴത്തെ ഒരു പ്രവണതയാണ്. 25 വർഷം മുമ്പ് ഭൂ ഉടമസ്ഥരിൽ ഭൂരിഭാഗവും 1ഹെക്ടർ വരെ ഭൂമിയുള്ളവരായിരുന്നു. എന്നാൽ ഇപ്പോൾ ഭൂരിഭാഗവും 0.200 ഹെക്ടർ മാത്രം സ്ഥലമുള്ളവരാണ്.

പട്ടിക 25 വർഷം മുമ്പ്

നമ്പർ	ഭൂപരിധി	കുടുംബങ്ങളുടെ എണ്ണം
1	ഒരു ഹെക്ടറിൽ താഴെ	3697
2	ഒരു ഹെക്ടറിനുമുകളിൽ (രണ്ടു ഹെക്ടർ വരെ)	814
3	2 ഹെക്ടറിന് മുകളിൽ	234

1996 ആയപ്പോഴേയ്ക്കും കൈവശ ഭൂമിയുടെ അളവ് താഴെപ്പറയുന്ന പട്ടിക പ്രകാരം

1.	0.200 ഹെക്ടറിനു താഴെ	4010
2.	0.600 ഹെക്ടറിനു താഴെ	2659
3.	1 ഹെക്ടറിനും രണ്ടു ഹെക്ടറിനുമിടയിൽ	518
4.	രണ്ടു ഹെക്ടറിനു മുകളിൽ	34
	ആകെ കുടുംബങ്ങൾ	7221

ആളോഹരി കൃഷി ഭൂമി സംസ്ഥാനത്തിന്റെ അടിസ്ഥാനത്തിൽ 0.07 ഹെക്ടർ ആണെങ്കിൽ പഞ്ചായത്തടിസ്ഥാനത്തിൽ 0.028 ഹെക്ടർ ആണ്

ഇവിടുത്തെ കൃഷികൾ മഴയെ ആശ്രയിച്ചും ജല സ്രോതസ്സുകൾ ഉപയോഗിച്ചും നടത്തിയിരുന്നു.

1960 കളിൽ നെൽകൃഷി ചെയ്തിരുന്ന പാടശേഖരങ്ങൾ

നമ്പർ	കൃഷിഭൂമിയുടെ പേര്	വിസ്തീർണ്ണം (ഏക്കറിൽ)
1	ഇരുപ്പാ	25
2	ഇരുപ്പാ പുഞ്ചപ്പാടം	25
3	കടമാൻചിറ, കുന്നക്കാട്. ചേരിക്കൽ ഭാഗം	25
4	വളയം കുഴി ഭാഗം	20
5	മണികണ്ഠവയൽ	15
6	പാടത്തും കുഴി	25
7	പഴയചിറ	40
8	കുരിയാനിപ്പാടം	40
9	ചാഞ്ഞോടി - കുരിയാനി തോടിൻവശം	15
10	മണിമുറി പാടം	40
11	കൊക്കോട്ടു ചിറ അയത്തിമുണ്ടകം കിഴക്ക്	25
12	കൊക്കോട്ടു ചിറ അയത്തിമുണ്ടകം	50
13	കിടാക്ക	10
14	താവളത്തിപ്പടി, മുളയടി, മോഴേരി കൊച്ചുപെരുതോട് ഇരുവശവും	20
	ആകെ	375

ഈ പാടശേഖരങ്ങളിൽ അതിക്കിര, മുന്നായൻ, തവളക്കണ്ണൻ എന്നീ വിത്തുകൾ കൃഷി ചെയ്തിരുന്നു 1965 കാലഘട്ടംമുതൽ ജ്യോതി, അശ്വതി, തുടങ്ങിയ അത്യുല്പാദന ശേഷിയുള്ള സങ്കര ഇനം നെൽവിത്തുകൾ കൃഷി ചെയ്യുവാൻ തുടങ്ങി. നെൽ കൃഷിക്കുശേഷം പുഞ്ചപ്പാടം ഒഴികെയുള്ള പാടങ്ങളിൽ പച്ചക്കറി കൃഷി ധാരാളമായി ചെയ്തിരുന്നു. അടുത്ത രണ്ടു പട്ടണ പ്രദേശത്തുനിന്നും കുടിയേറ്റം ധാരാളമായിരുന്നതിനാൽ നെൽപ്പാടങ്ങൾപോലും ഇപ്പോൾ താമസത്തിന് ഉപയോഗിക്കുന്നു. 1960 ന് മുമ്പ് 375 ഏക്കർ സ്ഥലം നെൽക്കൃഷി ചെയ്തിരുന്നത് 1996 ആയപ്പോഴേയ്ക്കും 50 ഏക്കറായി കുറഞ്ഞു.

പച്ചക്കറി ഉത്പാദനം നെൽക്കൃഷിയെ അപേക്ഷിച്ച് ലാഭകരവും, സമീപ പ്രദേശങ്ങളായ ചങ്ങനാശേരി, തിരുവല്ല എന്നിവിടങ്ങളിൽ വിപണന കേന്ദ്രങ്ങളിൽ ഉല്പന്നങ്ങൾ എളുപ്പം വിറ്റഴിക്കുവാൻ സാധിക്കുന്നതുകൊണ്ടും കർഷകർ നെൽക്കൃഷിയെ ഉപേക്ഷിക്കുവാൻ കാരണമായി. കൊക്കോട്ടു ചിറ പോലെ പ്രകൃതിയുടെ അനുഗ്രഹമായി ലഭിച്ചിട്ടുള്ള ജലസ്രോതസ്സുപോലും കാലാകാലങ്ങളിൽ വൃത്തിയാക്കുവാനോ ബണ്ടുകെട്ടി ജല നിരപ്പുയർത്തി കൃഷിക്ക് ഉപയുക്തമാക്കുവാനോ സാധിക്കാത്തതുകൊണ്ട് ജലസേചന സൗകര്യം കുറവായതിനാൽനെൽക്കൃഷി ചെയ്യുവാൻ ആളുകൾ വിമുഖത കാട്ടുന്നു.

നാണ്യവിളയായ റബ്ബർ കൃഷിയുടെ വരവോടുകൂടി കപ്പ, ചേന, ചേമ്പ് തുടങ്ങിയ കിഴങ്ങുവർഗ്ഗങ്ങൾ കൃഷി ചെയ്യുവാൻ സാധിക്കാതെ ഇവയുടെ ഉത്പാദനം ഗണ്യമായി കുറഞ്ഞു.

ജലസേചനത്തിനുവേണ്ടി കൃഷിക്കാർ കുളം കുത്തി തേകി നനച്ച് കൃഷി ചെയ്തിരുന്നു. തേകി നനയ്ക്കൽ ചിലവേറിയതായിരുന്നു എങ്കിൽപോലും ഉപജീവനത്തെക്കരുതി കൃഷിക്കാർ പരമ്പരാഗത രീതികൾ അവലംബിച്ചുപോന്നു. അടുത്ത കാലത്തായി കോക്കോട്ടു ചിറകുളത്തിൽ നിന്നും ഡീസൽ എൻജിൻ ഉപയോഗിച്ച് പമ്പ് ചെയ്ത് ചാലുകൾ കീറി വെള്ളം കയറ്റുകയും ചെയ്തുവരുന്നു.

ശുദ്ധ ജല വിതരണത്തിനുവേണ്ടി ഈ കുളക്കരയിൽ സ്ഥാപിച്ചിരിക്കുന്ന പമ്പ് ഹൗസിൽ നിന്നും നാല്, അഞ്ച്, ആറ്, വാർഡിലേക്കുള്ള ജലവിതരണം ഭാഗികമായി നടത്തുവാൻ സാധിക്കുന്നു. കുടിവെള്ള ക്ഷാമം രൂക്ഷമാകുമ്പോൾ മാത്രം കുളത്തിന്റെ അവസ്ഥയെക്കുറിച്ചു ചിന്തിക്കുന്ന രീതികൊണ്ടാണ് വറ്റാത്തജലസ്രോതസ്സ് സംരക്ഷിക്കുവാൻ കഴിയാതെ പോകുന്നത്. ഇ. ഇ. സി. തുടങ്ങിയ പല ഏജൻസികളും ബൃഹത്തായ പദ്ധതികൾ നടത്തുവാൻ കഴിയുന്ന കുളമാണ് കൊക്കോട്ടുചിറ എന്ന് വിധിയെഴുതുകയല്ലാതെ കാലാകാലങ്ങളിലെ പരീക്ഷണ നിരീക്ഷണം കൊണ്ട് യാതൊരു പ്രയോജനവും നാട്ടുകാർക്ക് കിട്ടുന്നില്ല എന്ന പരാതി ഇപ്പോഴുമുണ്ട്. പദ്ധതികൾക്കുള്ള സാമ്പത്തിക സഹായം നൽകിയാൽ അത് പൊതുജനങ്ങളുടെയും കാലാകാലങ്ങളിൽ കൃഷി ചെയ്ത് പാരമ്പര്യമുള്ള ആളുകളുടെ അഭിപ്രായത്തെ മുൻ നിർത്തി വേണം എന്ന അഭിപ്രായം അയത്തി മുണ്ടകം കർഷകസമിതി അഭിപ്രായപ്പെട്ടിട്ടുണ്ട്. കുളത്തിന്റെ വികസനത്തെ സംബന്ധിച്ച് സ്വകാര്യ ഏജൻസികൾ തയ്യാറാക്കിയ കരട് പ്ലാൻ അയത്തി മുണ്ടകം കർഷകസമതി അംഗീകരിച്ച് ഇതോടൊപ്പം സമർപ്പിക്കുന്നു. കൊക്കോട്ടുചിറ കുളത്തിന്റെ ശോച്യാവസ്ഥ കണ്ട് പൂർവ്വകാല സ്മരണകൾ അയവിറക്കുന്ന കർഷകർ ധാരാളമാണ്.

ജലസേചന സൗകര്യത്തിന്റെ അപര്യാപ്തത പരമ്പരാഗത കൃഷിക്കാരെ മറ്റു മേഖലയിലേയ്ക്കു തിരിയുന്നതിന് പ്രേരിപ്പിക്കുന്ന ഘടകമാണ്.മുന്തിയ ഇനം കീടനാശിനികൾ എല്ലാ പാടത്തും ഇപയോഗിക്കുന്നതായി കാണാം. കീടനാശിനികളെക്കുറിച്ചുള്ള ബോധവൽക്കരണ ക്യാമ്പുകൾ ഗ്രാമപ്രദേശങ്ങളിൽ കമ്പനിക്കാർ നടത്തുന്നതുകൊണ്ട് കൃഷിക്കാർ കീടനാശിനികളുടെ ഉപയോഗത്തെക്കുറിച്ച് ബോധവാന്മാരാണ് .

പുഞ്ചപാടങ്ങളായ ഇരുപ്പാകൊച്ചുപെരുംതോട് മുളയടി, മേഴേരി താവളം ഭാഗം വേഷ്ണാൽ ഭാഗം ചങ്ങനാശേരി പെരുന്നകിഴക്ക് ഭാഗം ഉൾപ്പെടെ 45 ഏക്കർ പാടശേഖരം ആഞ്ഞിലിവേലിക്കുളവും. അതിനോട് അനുബന്ധിച്ചുള്ള തോടുകളം മണ്ണ് വന്നു നികന്നതുകൊണ്ടു അധികം ജലം ഇറക്കിവിടുവാൻ സാധിക്കാതെയും വരൾച്ച കാലത്ത് ജലസേചന സൗകര്യം ഇല്ലാതെയും വരുന്നതുകൊണ്ടും പാടം തരിശിടുവാൻ കർഷകർ നിർബന്ധിതരായിത്തീരുന്നു.

ആഞ്ഞിലി വേലിക്കുളം കടവ് 1960 കളിൽ കിഴക്കൻ പ്രദേശങ്ങളായ കുന്നുംപുറം മാന്താനം കുന്നന്താനം മല്ലപ്പള്ളി തുടങ്ങിയ പ്രദേശങ്ങളിൽ ഉത്പാദിപ്പിച്ചിരുന്ന മരച്ചീനി, കിഴങ്ങുവർഗ്ഗങ്ങൾ എന്നിവ ആലപ്പുഴ മാർക്കറ്റിൽ എത്തിച്ചിരുന്നതു കുളക്കടവിൽ

എത്തുന്ന കെട്ടുവള്ളങ്ങളിൽ ആയിരുന്നു. കൂടാതെ തൊണ്ടുകൾ കയറ്റി കയർ മേഖലയിൽ എത്തിച്ചിരുന്നതും ഈ കടവിൽ എത്തിയിരുന്ന കെട്ടുവള്ളങ്ങളിൽ ആയിരുന്നു. പടിഞ്ഞാറൻ പ്രദേശമായ കുട്ടനാട്ടിൽ നിന്നും നെല്ല്, വൈക്കോൽ കൃഷിക്കാവശ്യമായ ചാണകം, ചാണകപ്പൊടി തുടങ്ങിയ ജൈവവളങ്ങളും യഥേഷ്ടം കിഴക്കൻ മേഖലകളിൽ എത്തിച്ചിരുന്നത് ആഞ്ഞിലിവേലി തോടിന്റെയും കുളത്തിന്റെയും പ്രധാന്യത്തെയാണ് സൂചിപ്പിക്കുന്നത്. ഏറ്റവും ചിലവു കുറഞ്ഞ കടത്തു മാർഗ്ഗമായ ആഞ്ഞിലിവേലിത്തോടും, കുളവും മണ്ണുകയറിയതുകൊണ്ടും തോടിന്റെ സൈഡ് കെട്ടാത്തതുകൊണ്ടും നാമാവശേഷമായി മാറിയിരിക്കുകയാണ്.

ഭൂവിനിയോഗം (കൃഷി ഭവൻ രേഖ)

തൃക്കൊടിത്താനം പഞ്ചായത്തിന്റെ ആകെ കൃഷിഭൂമിയുടെ വിസ്തീർണ്ണം 1239 ഹെക്ടർ ആണ്. പഞ്ചായത്ത് പ്രദേശം ചെറുകുന്നുകളും താഴ്വരകൾ പാടമായി രൂപപ്പെട്ടിട്ടുള്ള പ്രദേശമാണ്. കുന്നിൻ പ്രദേശങ്ങളിൽ ചരൽ കലർന്ന മണ്ണാണ്. (വെട്ടുകല്ലു മണ്ണ്)കുന്നിൻ പ്രദേശം ആകെയുള്ള കൃഷി ഭൂമിയുടെ 88 ശതമാന ആണ്. താഴ്വര പ്രദേശം ആകെയുള്ള കൃഷി ഭൂമിയുടെ 12 ശതമാനവും.

മണ്ണിന്റെ ഗുണനിലവാരത്തെ സംബന്ധിച്ച് പ്രത്യേകതകൾ ഒന്നുംതന്നെയില്ല. എല്ലാ പ്രദേശത്തും അനുയോജ്യമായ കൃഷികൾ ചെയ്തുവരുന്നു. ലാറ്ററേറ്റഡ് മണ്ണുള്ള പ്രദേശത്ത് തെങ്ങ്, റബ്ബർ, ഇടവിളകൾ എന്നിവ കൃഷി ചെയ്യുന്നു. താഴ്വര പ്രദേശമായ പാടങ്ങളിൽ നെല്ല്, പച്ചക്കറികൾ, എന്നിവയും ധാരാളം കൃഷി ചെയ്തുവരുന്നു. ഭക്ഷ്യോൽപ്പാദന രംഗത്ത് പിന്നോക്കാവസഥ മനസ്സിലാക്കി ആഞ്ഞിലിവേലിതോടും കുളവും വൃത്തിയാക്കി തരിശുഭൂമികൾ കൃഷിയ്ക്ക് ഉപയുക്തമാക്കണം എന്ന പഞ്ചായത്തു നിവാസികളുടെ നിരന്തരമായ ആവശ്യം എങ്ങും എത്താതെ നിലകൊള്ളുന്നു.

ആകെയുള്ള കൃഷി ഭൂമിയുടെ കര പ്രദേശത്തിന്റെ ഭൂരിഭാഗവും തെങ്ങും ഇടവിളകളും, കിഴങ്ങുവർഗ്ഗങ്ങളും പരമ്പരാഗതമായി കൃഷി ചെയ്തിരുന്നു. 1996 ആയപ്പോഴേയ്ക്കും റബർ കൃഷിയുടെ ആഗമനം കിഴങ്ങുവർഗ്ഗങ്ങളുടെ ഉത്പാദനത്തെ ഗണ്യമായി ബാധിച്ചു. നെൽകൃഷിയെ പുറന്തള്ളിക്കൊണ്ടു പച്ചക്കറി വ്യാപകമായിത്തീർന്നു. വിദേശ രാജ്യങ്ങളിലേക്കു പോലും 1980 കളിൽ ഗുണമേന്മയുള്ള പച്ചക്കറികൾ കൊക്കോട്ടു ചിറ പാടത്തുനിന്നും കയറ്റി അയച്ചിരുന്നു. ഏറ്റവും നല്ല പച്ചക്കറികൾ ഉത്പാദിപ്പിച്ച് കാർഷിക പ്രദർശന മേളയിൽ എത്തിക്കുന്നതിനുള്ള ആത്മധൈര്യം കൃഷിക്കാർക്ക് ഉണ്ടായി. നല്ലയിനം പച്ചക്കറി വിത്തുകൾ കൊണ്ടു പോകുന്നതിനുവേണ്ടി ദൂരെ സ്ഥലങ്ങളിൽ നിന്നുപോലും ആളുകൾ എത്തിയിരുന്നു. ഏറ്റവും നല്ല കർഷകതൊഴിലാളിക്കുള്ള 1995 ലെ സംസ്ഥാന ശ്രമശക്തി അവാർഡ് കൊക്കാടുചിറ പാടത്തിലെ കർഷകത്തൊഴിലാളിയായ റ്റി. കെ. കുഞ്ഞു

1996 - ൽ

നമ്പർ	വിനിയോഗം	വിസ്ത്രൃതി ഹെക്ടർ
1	നെല്ല്	20
2	തെങ്ങ്	360
3	റബ്ബർ	460
4	പച്ചക്കറികൾ	145
5	തരിശു നിലങ്ങൾ	30
6	വാഴ	75
7	ഇടകൃഷികൾ, (കുരുമുളക്)	149
	ആകെ	1239

ഞ്ഞ് അടവിച്ചിറയ്ക്കാണ് ലഭിച്ചത്. എന്തുകൊണ്ടും കൊക്കാട്ടുചിറ കുളത്തിന്റെ പ്രാധാന്യം വളരെ വലുതാണ്.

നെൽക്കൃഷി(കൃഷി ഭവൻ രേഖ)

നമ്പർ	വിള	വിസ്തീർണ്ണം ഹെക്ടർ
1	നെല്ല് (ഒന്നാം വിള)	20
2	നെല്ല് (രണ്ടാം വിള)	20
3	നെല്ല് (മൂന്നാം വിള)	10

25 വർഷങ്ങൾക്കുമുമ്പുവരെ അതിക്കര മൂന്നായം തവളക്കണ്ണൻ എന്നീ വിത്തുകൾ കൃഷി ചെയ്തിരുന്നു. എന്നാൽ 1960-65 ആയപ്പോഴേയ്ക്കും അത്യുല്പാദനശേഷിയുള്ള സങ്കര ഇനമായ ജ്യോതി, അശ്വതി, തുടങ്ങിയ വിത്തുകൾ കൃഷി ചെയ്യുവാൻ തുടങ്ങി. നെൽ ഉത്പാദനം വർദ്ധിക്കുകയുമാണുണ്ടായത്. നെൽക്കൃഷിക്കുശേഷം വയലുകൾ തരിശിടുന്ന പതിവ് വളരെ കുറവാണ്. നെൽക്കൃഷിക്കുശേഷം പുഞ്ചപാടം ഒഴിച്ചുള്ള പാടശേഖരങ്ങളിൽ എല്ലാംതന്നെ വേനൽക്കാല കൃഷിയായ പച്ചക്കറി കൃഷി നടന്നു വരുന്നു.

ഇടവിള

നമ്പർ	വിള	വിസ്തീർണ്ണം
1	പച്ചക്കറി	145
2	വാഴ	75
3	മരച്ചീനി	60

തെങ്ങ്

തെങ്ങുകൃഷി കുന്നിൻ പ്രദേശവും, താഴ്വരകളും എന്ന വ്യത്യാസം ഇല്ലാതെ എല്ലായിടത്തും കൃഷി ചെയ്യുന്നു. പാടങ്ങളുടെ ചിറകളിൽ നല്ലരീതിയിൽ തെങ്ങുകൾ കൃഷി ചെയ്യുന്നു. നെൽക്കൃഷി ലാഭകരമല്ലാതെ വന്ന അവസരങ്ങളിൽ പാടങ്ങളിൽ ചിറകുത്തി തെങ്ങിൻ തൈകൾ വച്ചു പിടിപ്പിക്കുന്നതും നെൽ പാടങ്ങളുടെ വിസ്തൃതി കുറയുവാൻ ഇടയായി. പഞ്ചായത്തിൽ ആകെയുള്ള തേങ്ങയുടെ ഉത്പാദനം ആഭ്യന്തര ഉപയോഗത്തിന് പോലും തികയുന്നില്ല. നെൽകൃഷിക്ക് ഉണ്ടാകുന്ന കാറ്റുവീഴ്ച, മഞ്ഞളിപ്പ്, കൂമ്പുചീയൽ, തുടങ്ങിയ രോഗങ്ങൾ വളരെശക്തമാണ്. വർഷങ്ങളോളം പണിയെടുത്ത് വളർത്തുന്ന തെങ്ങിൻ തൈകൾ പെട്ടെന്നു നശിക്കുന്നത് കൃഷിക്കാരിൽ ആശങ്ക ഉളവാക്കുന്ന ഒന്നാണ്. ഈ വക രോഗങ്ങൾക്കുള്ള പ്രതിവിധികൾ കൃഷിഭവനിൽ നിന്നു ലഭ്യമല്ല. ബോർഡോ മിശ്രിതവും, ബോർഡോ കുഴമ്പും കാലാകാലങ്ങളിൽ തെങ്ങിൽ പ്രയോഗിക്കുക പതിവാണ്. കേടുവന്ന തെങ്ങുകൾ വെട്ടിമാറ്റി പകരം തൈകളും നഷ്ടപരിഹാരവും നൽകുന്ന പദ്ധതി തൃക്കൊടിത്താനം പഞ്ചായത്തിൽ പൂർണ്ണമായി നടപ്പാക്കിയിട്ടില്ല. കേടുവന്ന മുഴുവൻ തെങ്ങുകളും വെട്ടിമാറ്റാൻ നടപടി ഉണ്ടാകണം. തേങ്ങയുടെ വാർഷിക ഉത്പാദനം 26 എണ്ണം എന്നത് സംസ്ഥാന ശരാശരിയുമായി തട്ടിച്ചുനോക്കുമ്പോൾ വളരെകുറവാണ്

വളം

സ്വകാര്യ മേഖലയിൽ 3 ഉം പൊതുമേഖലയിൽ 1 ഉം ഉൾപ്പെടെ 4 വളംഡിപ്പോകൾ പഞ്ചായത്തിന്റെ അതിർത്തിയിൽ പ്രവർത്തിക്കുന്നു. കാലാകാലങ്ങളിൽ പുതിയ പുതിയ കമ്പനികളുടെ വളത്തേക്കുറിച്ചുള്ള പ്രദർശനം ഉണ്ടാകാറുണ്ട്. കൃഷിഭവൻ ഉദ്യോഗസ്ഥർ കാലാകാലങ്ങളിൽ വള പ്രയോഗത്തെ സംബന്ധിച്ചുള്ള നിർദ്ദേശങ്ങൾ നൽകാറുണ്ട്. എല്ലാവർഷവും ഡിപ്പോകൾ വഴി തെങ്ങ് കൃഷിക്കാവശ്യമായ വളങ്ങൾ അപേക്ഷകരുടെ എണ്ണത്തെ ആധാരമാക്കി സബ്സിഡി നിരക്കിൽ നൽകിവരുന്നു. എന്നാൽ വളം സാധാരണയായി വളം ചേർക്കേണ്ട സമയങ്ങളിൽ അല്ല കിട്ടുന്നതെന്ന് കർഷകർ പരാതിപ്പെടാറുണ്ട്.

കീടനാശിനികൾ

വ്യാവസായിക അടിസ്ഥാനത്തിൽ പച്ചക്കറി കൃഷി നടത്തുന്ന സ്ഥലങ്ങളിൽ കീടനാശിനികളുടെ ഉപയോഗം വളരെ കൂടുതലാണ്. ഉപയോഗം സംസ്ഥാന ശരാശരി ഉപയോഗത്തെക്കാൾ വളരെ കൂടുതലാണ്. വളം കീടനാശിനികൾ, കാർഷികോൽപ്പന്നങ്ങൾ ഇവയെ സംബന്ധിച്ച് കൃഷി ഭവൻ രേഖ ചുവടെ ചേർക്കുന്നു.

കാർഷികോപകരണങ്ങൾ

തൃക്കൊടിത്താനം പഞ്ചായത്തിൽ 4 കലപ്പയും അനുബന്ധ പോത്തുകളും മത്രമേ ഉള്ളൂ. ടാക്ടർ തുടങ്ങിയ ഉപകരണങ്ങൾ പഞ്ചായത്ത് അതിർത്തിയിൽ ലഭ്യമല്ല. പൂർണ്ണമായും മനുഷ്യ പ്രയത്നത്തെആശ്രയിച്ചാണ് കൃഷി ചെയ്തു പോരുന്നത്. പരമ്പരാഗത

കൃഷിരീതിയിൽ അവലംബിക്കുമ്പോൾ കൂലി ചിലവ് അധികമാണ്. പഞ്ചായത്തിൽ റോക്കർ സ്പ്രയർ 80 നാപ്സ്റ്റാക്ക് സ്പ്രേയർ 60, പോർട്ടബിൾ പമ്പുസെറ്റുകൾ 5 തെങ്ങുകയറ്റ യന്ത്രം 10, എന്നിവ കൃഷി ഭവൻ രേഖപ്രകാരമാണ്.

പാടശേഖര സമിതികൾ

കോട്ടയം ജില്ലയിൽ നെല്ല് ഉല്പാദന രംഗത്ത് കൊക്കോട്ടുചിറ പാടശേഖരവും കൊക്കോട്ടു ചിറ കുളവും പ്രസിദ്ധമായിരുന്നു. 1960 കാലഘട്ടത്തിൽ നെൽ ഉൽപാദനരംഗത്ത് രണ്ട് കർഷക സമിതികൾ കൊക്കോട്ടു ചിറയും പരിസര പ്രദേശവും കേന്ദ്രമാക്കി പ്രവർത്തിച്ചിരുന്നു. എന്നാൽ നെൽകൃഷി ഗണ്യമായി കുറഞ്ഞതോടുകൂടി അവയുടെ പ്രവർത്തനവും ഇല്ലാതായി. എന്നാൽ 1990 ആയപ്പോഴേയ്ക്കും പച്ചക്കറി കൃഷിക്കാരെയും നെൽ ഉൽപാദകരേയും ഉൾപ്പെടുത്തി കൊക്കോട്ടുചിറ അയത്തിമുണ്ടകം കർഷകസമിതി എന്ന പേരിൽ ഒരു കർഷകസമിതി പ്രവർത്തനം ആരംഭിക്കുകയും ചെയ്തു. കൊക്കോട്ടു ചിറ കുളത്തിന്റെ വികസനം ആവശ്യപ്പെട്ടുകൊണ്ട് കർഷകസമിതി അരംഭിച്ചിട്ടുള്ള പ്രക്ഷോഭണവും സമരപരിപാടികളും അധികാര കേന്ദ്രങ്ങൾ ശ്രദ്ധിക്കാതിരുന്നതിന്റെ പരിണത ഫലമാണ് നെൽക്കൃഷിയിലെ വ്യതിയാനം. ഇപ്പോൾ നെൽകൃഷി ചെയ്യുന്നത് പഴയ ചിറ, കുരിയാനി പ്പാടം കുന്നക്കാട് അയത്തിമുണ്ടകം ഭാഗികം എന്നിവടങ്ങളിൽ 20 ഏക്കർ വരുന്ന പാടശേഖരങ്ങളിൽ മാത്രമാണെന്ന് കർഷക സമതികളുടെ രേഖകളിൽ നിന്നു മനസ്സിലാക്കുവാൻ സാധിക്കുന്നു.

കൂലി നിരക്ക്

മറ്റു പ്രദേശങ്ങളെ അപേക്ഷിച്ച് ഇവിടെ കൂലി നിരക്ക് വളരെ കൂടുതലാണ്. ആകെ 7221 കുടംബങ്ങൾ ഉള്ളതിൽ പഞ്ചായത്തിലെ 1134 കുടുംബങ്ങൾ മാത്രമേ കൃഷി ഉപജീവനമാർഗ്ഗമാക്കിയിട്ടുള്ളൂ. 1756 പേർ ആണ് കർഷക തൊഴിലാളികളായിട്ടുള്ളത്. ഇവരുടെ ശരാശരി കൂലി നിരക്ക് പുരുഷന്മാർ 100 രൂപയും സ്ത്രീകൾക്ക് 75 രൂപയുമാണ്. കെട്ടിട നിർമ്മാണ മേഖലയിലേയ്ക്കുള്ള കർഷകതൊഴിലാളികളുടെ മാറ്റം കൂലി നിരക്ക് വർദ്ധിക്കുന്നതിന് കാരണമായി. ചങ്ങനാശേരി തിരുവല്ല തുടങ്ങിയ മുനിസിപ്പാലിറ്റികളുടെ സാമീപ്യവും കൂലി വർദ്ധനവിന് കാരണമായി,

രാസവളം - കീടനാശിനികൾ വിതരണം (കൃഷിവേൻ രേഖ)

നമ്പർ	സ്ഥാപനത്തിന്റെ പേർ	1995-96		
		രാസവളം	കീടനാശിനികൾ	
സഹകരണം			ദ്രവം	ഖരം
1.	എസ്. സി. ബി. നമ്പർ 178 തൃക്കൊടിത്താനം	112700 കിലോ	-	-
സ്വകാര്യം				
1	ഉഷ എസ്. നായർ	58400 - കിലോ	280 ലി.	193 കിലോ
2	സെബാസ്റ്റ്യൻ ചെറിയാൻ റവ. ഒ. ഔസേഫ് തിനപ്പറമ്പിൽ			

കാർഷികോപകരണങ്ങൾ (കൃഷി ഭവൻ രേഖ)

നമ്പർ	ഉഴവുപകരണങ്ങൾ	മരുന്നുതളി ഉപകരണം	തെങ്ങുകയറ്റ യന്ത്രം	പോർട്ടബിൾ പമ്പുസെറ്റ്	
1	നാൻ കലപ്പ	റോക്കർ സ്പ്രയർ	നാപ്പസ്റ്റാക്ക് സ്റ്റ്രുവാർഡ് സ്പ്രേയർ		
1	4	80	60	5	12

കാർഷിക വായ്പ

എസ്. സി. ബി. നമ്പർ 178 ഉൾപ്പെടെ 8 ബാങ്കുകളുടെ സേവനം കാർഷിക മേഖലയിലും മറ്റു മേഖലകളിലുമായി തൃക്കൊടിത്താനം പഞ്ചായത്തിന് ലഭ്യമാണ്. കാർഷിക വികസന ബാങ്ക് എന്ന നിലയിൽ എസ്. ബി. ഐ. കാർഷിക വികസന ശാഖ തൃക്കൊടിത്താനം പഞ്ചായത്തിൽ പ്രവർത്തിക്കുന്നു. വർദ്ധിച്ചു വരുന്ന കൂലിനിരക്കുകളും, രാസവള കീടനാശിനി കളുടെ വിലയും ഉത്പാദനക്ഷമതയുടെ കുറവും പരിഗണിച്ച് കർഷകന് പലിശ വിമുക്ത വായ്പകൾ അനുവദിക്കണമെന്നുള്ള മുറവിളി കർഷക സമിതിയിൽ നിന്നും നിരന്തരം ഉണ്ടാകാറുണ്ട്.

ജലസേചനം

മഴയെ മാത്രം ആശ്രയിച്ചുള്ള കൃഷിയാണ് പല പ്രദേശത്തും നടക്കുന്നത്. ജലസേചന സൗകര്യം ലഭിച്ചാൽ കൃഷി വിപുലപ്പെടുത്തുവാൻ സാഹചര്യം ഉണ്ടെങ്കിൽപോലും പരമ്പരാഗത ജലസ്രോതസ്സുകൾ സംരക്ഷിക്കപ്പെടുന്നില്ല. ജൂൺ മുതൽ ആഗസ്റ്റുവരെ കാലവർഷവും സെപ്റ്റംബർ മുതൽ നവംബർ വരെ തുലാവർഷവും ലഭിക്കുന്നു. തുലാവർഷങ്ങളിലും കാലവർഷങ്ങളിലും ലഭിക്കുന്ന അധിക ജലം സംഭരിയ്ക്കുവാൻ കഴിയാത്തത് ജലസേചനത്തെ സംബന്ധിച്ചിടത്തോളം ഏറ്റവും വലിയ ന്യൂനതയാണ്. ഇങ്ങനെ ജല സംഭരണം നടത്തുന്ന സാഹചര്യം നിലനിന്നാൽ മണ്ണിലെ ഈർപ്പം നിലനില്ക്കുകയും വരൾച്ച ബാധിക്കാനിടവരാതെയുമിരിക്കും. പരിസരപ്രദേശത്തെ ആഴമേറിയ കിണറുകളിൽ പോലും കുടിവെള്ളം ധാരാളമായി ഉണ്ടാകും എന്ന് കഴിഞ്ഞകാല കണ്ക്കുകൾ സൂചിപ്പിക്കുന്നു.

തോടുകൾ

1. ഇരുപ്പാതോട് 2. മാളിയേക്കൽ തോട് 3. കുന്നുകാട്ട് ചാൽ 4.പൊട്ടശ്ശേരി, 5 പഴയചിറ തോട് , ചാഞ്ഞോടി കുരിയാനിപ്പാടം തോട്, 6. മൂണ്ടുപാലം തോട് 7. പാടത്തുംകുഴി തോട് 8. മണിമുറിതോട് 9. കൊക്കോട്ടുചിറ തോട് 10. കിടാക്കതോട് 11. ആഞ്ഞിലി വേലിക്കുളം തോട് ഈതോടുകൾക്ക് ആകെ 15 കിലോ മീറ്റർ ദൂരം വരും. വർഷകാലങ്ങളിൽ മാത്രമേ മുഖ്യമായും തോടുകളിൽ വെള്ളം ലഭിക്കുകയുള്ളൂ. കൊക്കോട്ടുചിറ മണിമുറി തോടുകളിൽ വേനൽക്കാലനീരൊഴുക്കുണ്ട്. 15 കിലോമീറ്റർ തോടിന്റെ ഇരുകരകളും കൃഷിയ്ക്ക് ഉപയുക്തമക്കുവാൻ തോടിന്റെ ഇരുകരകളും ബണ്ടുകെട്ടി ബലപ്പെടുത്തേണ്ടതാണ്.

കുളങ്ങൾ

3 കുളങ്ങൾ മാത്രമേ ജലസേചനത്തിന് ഉപയുക്തമായി കൃഷിഭവൻ രേഖകളിൽ കാണുന്നുള്ളൂ. എന്നാൽ ചെറുതും വലുതുമായ 19 കുളങ്ങൾ പഞ്ചായത്തിന്റെ പരിധിയിൽ ഉണ്ട്. പൊതുകുളം മൂന്നും കൊക്കോട്ടുചിറ കുളവും ആഞ്ഞിലിവേലിക്കുളവും ഉറവക്കുളവും വേനൽക്കാത്ത് വറ്റാത്ത കുളങ്ങൾ ആയിരുന്നു. കൊക്കാട്ടുചിറ കുളം ഉപയോഗിച്ച് തൃക്കൊടിത്താനം പായിപ്പാട്, പഞ്ചായത്ത് പ്രദേശത്തെ 500 ഏക്കർ സ്ഥലം കൃഷിക്ക് ഉപയുക്തമാക്കുവാൻ സാധിക്കും. കോട്ടയം ജില്ലയിലെ ഏറ്റവും വലിയ കുളവും കേരള സംസ്ഥാനത്തെ എണ്ണപ്പെട്ട കുളവുമാണ് കൊക്കോട്ടുചിറക്കുളം. കുളത്തിന്റെ ആകെ വിസ്തീർണ്ണം 8.64 ഏക്കർ ആയിരുന്നു. എന്നാൽ വെള്ളം കെട്ടി നില്ക്കുന്നഭാഗം മാത്രം 4 ഏക്കർ വരും. കുളത്തെ സംബന്ധിച്ചുള്ള വിരങ്ങൾ , വിസ്തീർണ്ണം ചൂഷണ സാദ്ധ്യതകൾ അടങ്കൽ തുക എന്നിവയെ സംബന്ധിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു. (കരട് പ്ലാൻ) ആഞ്ഞിലിവേലി കുളത്തിലേയ്ക്കുള്ള തോടിന്റെ ബണ്ടു കരിങ്കൽ ഭിത്തി കെട്ടി ബലപ്പെടുത്തിയിരിക്കുന്നു.

മണ്ണു സംരക്ഷണം

മുൻ കാലങ്ങളിൽ മണ്ണു സംരക്ഷണത്തിനായി പറമ്പുകളുടെ അതിർത്തികളിൽ മരങ്ങൾ വച്ചുപിടിപ്പിക്കുക പതിവായിരുന്നു. ഭൂമികൾ തുണ്ടുകൾ ആക്കപ്പെടുന്നതുകൊണ്ടും നിർമ്മാണ പ്രവർത്തനങ്ങൾക്ക് മരം മുറിക്കൽ കൂടുതൽ ആയതുകൊണ്ടും മണ്ണു സംരക്ഷണം നല്ലരീയിതിൽ നടക്കുന്നില്ല, നമ്മുടെ പഞ്ചായത്തിൽ മണ്ണു സംരക്ഷണത്തിനായി കയ്യാലകൾ വയ്ക്കുന്നതിനും മറ്റും കൃഷി ഭവൻ മുഖാന്തരം ആനുകൂല്യങ്ങൾ നൽകിയിരുന്നു. നമ്മുടെ പഞ്ചായത്തിൽ പൊതുസ്ഥാപനങ്ങളായ ജി. എച്ച്. എസ്. തൃക്കൊടിത്താനം കടമാഞ്ചിറ എൽ. പി. എസ്, വില്ലേജ് ആഫീസ്, വെറ്റിനറി ആശുപത്രി, പ്രൈമറി ഹെൽത്ത്സെൻറർ എന്നിവയുടെ ചുറ്റുമതിലുകൾ കെട്ടി മണ്ണ് സംരക്ഷിക്കേണ്ടിയിരിക്കുന്നു.

നേഴ്സറി

ഗുണമേന്മയുള്ളതും അത്യുല്പാദനശേഷിയുള്ളതുമായ വിത്തുകളും തൈകളും വിതരണം ചെയ്യുക എന്ന ഉദ്ദേശത്തോടുകൂടി പഞ്ചായത്തിന്റെ പരിധിക്കുള്ളിൽ കൊച്ചാലും മൂട്ടിൽ നേഴ്സറി എന്ന പേരിൽ

സ്വകാര്യ നേഴ്സറി നല്ലരീതിയിൽ പ്രവർത്തിക്കുന്നു നേഴ്സറിക്കുവേണ്ട ജലസേചന സൗകര്യങ്ങൾ കൊക്കാട്ടു ചിറക്കുളവുമായി ബന്ധിപ്പിച്ചു നടത്തുന്നു.

നീർമറി വികസനം

വാഴപ്പള്ളി പഞ്ചായത്തിന്റെയും, തൃക്കൊടിത്താനം പഞ്ചായത്തിന്റെയും അതിർത്തിയായ കടമാൻ ചിറയിൽ നിന്നും ആരംഭിച്ച കുന്നക്കാടു ചാൽവഴി പൊട്ടാശ്ശേരി ഇരുപ്പാ തോട്ടിൽക്കൂടി പായിപ്പാടു പഞ്ചായത്തിന്റെയും തൃക്കൊടിത്താനം പഞ്ചായത്തിന്റെയും ചങ്ങനാശേരി മുനിസിപ്പാലിറ്റിയുടെയും സംഗമസ്ഥാനമായ പെരും തോട്ടിൽ അവസാനിക്കുന്ന തോടിനോടനുബന്ധിച്ച് ഒരു നീർമറി വികസന പദ്ധതി നടപ്പിലാക്കിയാൽ, തൃക്കൊടിത്താനം പഞ്ചായത്തിന്റെ 7 വാർഡുകൾക്കും (1,2,3,4,5,11,12) ചങ്ങനാശേരി മുനിസിപ്പൽ പ്രദേശത്തിന്റെ കിഴക്കൻ പ്രദേശങ്ങൾക്കുമുഴുവനും വാഴപ്പള്ളി പഞ്ചായത്തിന്റെ 2 വാർഡുകൾക്കും പ്രയോജനകരവും സമഗ്രവികസനത്തിന് ഉതകുന്നതുമായിരിക്കും.

അടുക്കള കൃഷിത്തോട്ടം

നമ്മുടെ സംസ്ഥാനം തമിഴ്നാട്, കർണാടക പോലുള്ള സംസ്ഥാനത്തുനിന്നും പച്ചക്കറികൊണ്ടു വരുന്നു എന്നാൽ എല്ലാ വീടുകളിലും അടുക്കള കൃഷിത്തോട്ടത്തിന് വേണ്ട പ്രോത്സാഹനം നൽകിയാൽ ഒരു പരിധിവരെ പച്ചക്കറിയുടെ ഇറക്കുമതി കുറക്കുവാൻ സാധിക്കും. പ്രോത്സാഹനം എന്ന നിലയിൽ പഞ്ചായത്തു തല അടുക്കള കൃഷിത്തോട്ടത്തിന് പ്രദർശനങ്ങൾ സംഘടിപ്പിക്കേണ്ടിയിരിക്കുന്നു. കേരളാ ഹോൾട്ടികൾച്ചർ ഡിപ്പാർട്ടുമെൻറുമായി ബന്ധപ്പെട്ട് ധനസഹായങ്ങൾ കിട്ടുവാൻ വേണ്ട നടപടികളും സ്വീകരിക്കേണ്ടിയിരിക്കുന്നു.

കൊക്കോട്ടുചിറകുളവും - വികസന സാധ്യതകളും

8.64 ഏക്കർ സ്ഥലത്ത് പരന്നുകിടക്കുന്ന കുളവും പരിസരവും വളരെയേറെ ചൂഷണ സാധ്യതകൾ നിലനില്ക്കുന്ന കുളമാണ്. കുളത്തെ സംബന്ധിച്ചുള്ള കരട് വികസന റിപ്പോർട്ടുകൾ ആധാരമാക്കി ടൂറിസം ഡെവലപ്മെൻറ് കോർപ്പറേഷനുമായി ബന്ധപ്പെട്ട് സാധ്യതകൾ വിനിയോഗിക്കേണ്ടതാണ്. നമ്മുടെ നാട്ടിലെ ഗ്രാമീണ ജനങ്ങൾക്ക് തങ്ങളുടെ ജീവിത മുട്ടുകൾക്ക് ഒരു അത്താണി എന്ന നിലയിൽ ഉല്ലാസത്തിനോ വിനോദത്തിനോ പൊതുവായ ഒരു സ്ഥലവും ഇല്ലാത്ത സാഹചര്യമാണ് ഇന്ന് ഉള്ളത്. കുളത്തിന്റെയും പരിസരത്തിന്റെയും അനന്ത സാധ്യതകൾ പരിഗണിച്ച് ജലസേചനത്തിനും കുടിവെള്ളത്തിന്റെ ഉപയോഗത്തിനും പുറമേയുള്ള വികസന സാധ്യതകൾ ചുവടെ ചേർക്കുന്നു.

1. കുളത്തിനോടു ചേർന്നുള്ള പരിസര പ്രദേശങ്ങൾ ജലധാരയോടുകൂടിയ ഒരു പാർക്കായി രൂപപ്പെടുത്താവുന്നതാണ്. ഗ്രാമീണ ജനങ്ങൾ, സമീപ പ്രദേശങ്ങളിലെ സ്കൂൾ കുട്ടികൾ, നഴ്സറി കുട്ടികൾ, എന്നിവർക്ക് പാർക്കിൽ പാസുവച്ച് പ്രവേശനം അനുവദിക്കാവുന്നതാണ്.
2. കുളം ഒരു ശുദ്ധജല മത്സ്യക്കൃഷിക്ക് ഉപയോഗിക്കാവുന്നതാണ്.
3. നാലേക്കർ വിസ്തൃതമായ കുളത്തിൽ ജല വിനോദ യാത്രയ്ക്കുവേണ്ട സംവിധാനങ്ങൾ പാസു മൂലം നടത്താവുന്നതാണ്.

3 ഇവ പഞ്ചായത്തിന്റെ വരുമാന മാർഗ്ഗങ്ങളിൽ പെടുത്താവുന്നതാണ്.

ടി കാര്യങ്ങളിലേയ്ക്കായി കുറഞ്ഞത് രണ്ടു മൂന്നു പേർക്കെങ്കിലും ജോലി സാദ്ധ്യതയുള്ള മേഖലകൂടിയാണ് ഇത്. ഈ വക കാര്യങ്ങളെക്കുറിച്ച് വിശദമായ ഉപദേശങ്ങൾ അടിസ്ഥാനമാക്കി നടപടികൾ സ്വീകരിക്കാവുന്നതാണ്.

ആഞ്ഞിലിവേലി കുളവും - തരിശു ഭൂമികളും

തൃക്കൊടിത്താനം പഞ്ചായത്ത് ഒന്ന്, പതിനൊന്ന്, പന്ത്രണ്ട്, വാർഡുകളും ചങ്ങനാശേരി മുനിസിപ്പാലിറ്റി പായിപ്പാട് പഞ്ചായത്ത് തുടങ്ങിയ പ്രദേശങ്ങളുമായി ബന്ധപ്പെട്ടു ആഞ്ഞിലിവേലി തോടും കുളവും സ്ഥിതി ചെയ്യുന്നു. കുളവും അനുബന്ധ തോടുകളും മണ്ണുവന്ന് ഉപയോഗശൂന്യമായി കിടക്കുന്നു. കുളത്തിനോടും തോടിനോടും അനുബന്ധിച്ച് റെയിൽ വേ 25, പെരുന്ന കിഴക്ക് 10, താവളം വേഷ്ണാൽ ഭാഗം 20 ഉൾപ്പെടെ 45 ഏക്കർ നിലം 10 വർഷമായി തരിശു പാടമായി നിലകൊള്ളുന്നു.

കാരണം

1. ജലസേചന സൗകര്യം വേണ്ടരീതിയിൽ കിട്ടുന്നില്ല വേലിയേറ്റവും വേലിയിറക്കവും പുഞ്ചപാടവും ആഞ്ഞിലിവേലി തോടുമായി ബന്ധപ്പെട്ടിരിക്കുന്നു.

പുഞ്ചകൃഷിയുടെ 1-ാം വിളയും ഡിസംബർ, മാർച്ച് ആണ്. ആ സമയങ്ങളിൽ തോടുകളിലെ വെള്ളത്തിന്റെ ലെവൽ പൊങ്ങി നില്ക്കുന്നതിനാൽ വെള്ളം പമ്പുചെയ്തു കളയുന്നതിന് സാധിക്കാതെ നിലം തരിശിടുവാൻ കർഷകർ നിർബന്ധിതരായിത്തീരുന്നു. പുഞ്ചകൃഷി (മുണ്ടകൻ 2-ാം വിള ഏപ്രിൽ, ജൂലായ് സമയങ്ങളിൽ വെള്ളം ഇല്ലാതെ വളർച്ച) ബാധിക്കുന്നതിനാൽ നിലം തരിശിടേണ്ടിവരുന്നു.

2. വരൾച്ച സമയങ്ങളിൽ പാടം വിണ്ടുകീറുകയും ആദ്യ മഴയോടുകൂടി പാടങ്ങളിലെ പുളി ഇറങ്ങുകയും ചെയ്യുന്നു. അതുകൊണ്ട് കൃഷി നശിക്കുന്നു.
3. തൊഴിലാളികൾ മറ്റു മേഖലയിലേയ്ക്കും തിരിയുന്നതുകൊണ്ട് പുഞ്ച പാടത്തു നിലനില്ക്കുന്ന പുരുഷൻ 80 , സ്ത്രീ 45 എന്നീ നിരക്കിൽ തൊഴിലാളികളെ കിട്ടുന്നില്ല.
4. അശാസ്ത്രീയ പടിഞ്ഞാറൻ മേഖലയിലെ റോഡു നിർമ്മാണവും അപ്പർ കുട്ടനാട്ടു പ്രദേശങ്ങളെ പൊതുവെ ബാധിക്കുന്നു.
5. തണ്ണീർ മുക്കം ബണ്ടു നിർമ്മാണം വേലിയേറ്റത്തിന്റെയും, വേലിയിറക്കത്തിന്റെയും ഇവയുടെ സന്തുലിതാവസ്ഥയ്ക്ക് തടസ്സമായി.

നെൽകൃഷി അസാധ്യമായിട്ടിരിക്കുന്ന സ്ഥിതിയിൽ കേരളാ ഹോർട്ടികൾച്ചർ വിഭാഗവുമായി ബന്ധപ്പെട്ടു മരച്ചീനി പച്ചക്കറി തുടങ്ങിയ കൃഷികൾക്ക് തരിശുഭൂമികൾ ഉപയുക്തമാക്കുവൻ സാധിക്കും. കുളം കുഴിയ്ക്കുന്നത് അശാസ്ത്രീയമായതിനാൽ കുളത്തിലെ ചെളിയും പോളയും പായലും മാറ്റുന്നതിന് മുൻകൈ എടുക്കേണ്ടിയിരിക്കുന്നു. വശങ്ങൾ കരിങ്കല്ലുകൾ കെട്ടി ബലപ്പെടുത്തേണ്ടിയിരിക്കുന്നു.

സാദ്ധ്യത : മീൻ വളർത്തൽ കൃഷിക്ക് , ബണ്ടു നിർമ്മിച്ചും, വെള്ളം പമ്പുചെയ്തും, ഉപയുക്തമാക്കുവാൻ സാധിക്കും.

കൊക്കോട്ടു ചിറ കുളം പുനരുദ്ധാരണം

ഒരു ജനകീയ ആവശ്യം

കരട് രൂപരേഖ

സംസ്ഥാനത്തെ ചെറുകിട ജല സേചന സംഭരണികളിൽ മുഖ്യമായ കുളങ്ങളിൽ ഏറ്റവും പ്രാധാന്യം അർഹിക്കുന്ന ഒന്നാണ് കൊക്കോട്ടു ചിറ കുളം. തെക്കൻകൂർ രാജ്യത്തോളം തന്നെ പഴക്കമുള്ളതായി കരുതുന്ന കൊക്കോട്ടുചിറ കുളം പഴയ റവന്യൂ റിക്കാർഡുകളിൽ സ്ഥാനം പിടിച്ചിട്ടുണ്ട്. 1912 - ലെ ' 'ദി ഗ്രേറ്റ് ട്രിഗ് ജോമെട്രിക്കൽ സർവ്വേ ഓഫ് ഇൻഡ്യ'' ഭൂപടത്തിലും കൊക്കോട്ടു ചിറ കുളം രേഖപ്പെടുത്തിയിട്ടുണ്ട്. പഴയ തിരുവിതാംകൂറിലെ രാജാക്കന്മാരുടെ കാലത്തും കാർഷിക ആവശ്യത്തിനുള്ള സ്രോതസ്സ് എന്ന നിലയിൽത്തന്നെ കുളം സംരക്ഷിച്ചു പോന്നു. ബണ്ടു കെട്ടി സംരക്ഷിച്ച കുളത്തിന്റെ തെക്കേ ബണ്ടു കാലക്രമത്തിൽ ചങ്ങനാശേരി - മല്ലപ്പള്ളി റോഡായി മാറുകയാണുണ്ടായത്.

കോട്ടയം ജില്ലയിലെ തൃക്കൊടിത്താനം പഞ്ചായത്തിൽ 6-ാം വാർഡിലാണ് കുളം സ്ഥിതി ചെയ്യുന്നത്. 8.64 ഏക്കർ വിസ്തീർണ്ണമുള്ളതാണ് കുളം. പതിച്ചുകൊടുത്തതും, അന്യർ കൈവശപ്പെടുത്തിയതും , ബണ്ടും ചിറയും കഴിച്ചാൽ, കേവലം 4 ഏക്കർ സംഥലത്തുമാത്രമാണ് ഇപ്പോൾ ജലസംഭരണ ശേഷിയുള്ളത്. തൃക്കൊടിത്താനം പാടിപ്പാടു പഞ്ചായത്തുകളിലെ അയത്തിമുണ്ടകം പാടശേഖരത്തിലെ 500 ഏക്കറോളം വരുന്ന പാടശേഖരത്തിലെ ജലസേചനം എക്കാലത്തും നടത്തിയിരുന്നത് കൊക്കോട്ടുചിറ കുളത്തിലെ വെള്ളം ഉപയോഗിച്ചാണ്. ബണ്ടിടിഞ്ഞും , മണ്ണിടിഞ്ഞും ഉപയോഗശൂന്യമായ കുളത്തിൽ മൈനർ ഇറിഗേഷൻ വകുപ്പ് കഴിഞ്ഞ രണ്ട് ദശകത്തിനുള്ളിൽ രണ്ടു തവണ പുനരുദ്ധാരണ പ്രവൃത്തികൾ ചെയ്തിട്ടുണ്ട്. എന്നാൽ എന്തുദ്ദേശത്തോടുകൂടിയാണോ പുനരുദ്ധാരണ പ്രവർത്തികൾ ചെയ്തത് ആ ഉദ്ദേശം പരാജയപ്പെട്ട അവസ്ഥയിലാണ് കുളം ഇന്ന് നിലനില്ക്കുന്നത്. ബണ്ടിടിഞ്ഞും മണ്ണൊലിച്ചിറങ്ങിയും കുളത്തിന്റെ ഗണ്യമായ ഭാഗവും മൂടിക്കഴിഞ്ഞു. ആഫ്രിക്കൻ പായലും , നീർപോളയും വെളിംചേമ്പും പടർന്നു കുളം നിറഞ്ഞിരിക്കുന്നു. പാടത്തുംകുഴി ഭാഗത്തുനിന്നുമുള്ള വെള്ളപ്പാച്ചിൽ കുളത്തിൽ ഇറങ്ങാതിരിക്കുന്നതിനു തടയുന്നതിന് വിഭാവന ചെയ്തു നിർമ്മിച്ച വടക്കുകിഴക്കു ഭാഗത്തുള്ള കനാലുകൾ ഇന്ന് ഉപയോഗ ശൂന്യമായിരിക്കുന്നു. മാത്രമല്ല വടക്കുവശത്തുള്ള ബണ്ടു പൊട്ടിപ്പോയതിനാൽ പാടത്തും കുഴി ഭാഗത്തുനിന്നുള്ള വെള്ളവും കനാലിൽ കടക്കാതെ നേരെ കുളത്തിൽ വീഴുന്നതും കുളം നികക്കുന്നതിന് ആക്കം കൂട്ടി. തെക്കുഭാ

ഗത്തുള്ള റോഡിനുകുറുകെയുള്ള കുളത്തിന്റെ പ്രധാന ജല നിർഗ്ഗമന മാർഗ്ഗം പൊളിഞ്ഞു കിടക്കുന്നതിനാൽ വെള്ളം കുളത്തിൽ തങ്ങാതെ പൂർണ്ണമായും വെളിയിലേയ്ക്ക് ഒഴുകുന്നു. അതു കൊണ്ട് വെള്ളം കെട്ടി സൂക്ഷിക്കാതെ പാഴായി പോകുന്നു. സമീപ പ്രദേശങ്ങളിലെ മലിന വസ്തുക്കൾ നിക്ഷേപിക്കുന്നതിനുള്ള സ്ഥലവും കുളം തന്നെയായി മാറി. കുളത്തിൽ വെള്ളം കെട്ടി സൂക്ഷിക്കുന്നതിനുള്ള സംവിധാനം ഇല്ലാത്ത അവസ്ഥയും, വാട്ടർ അതോറിറ്റിയുടെ കിണറു കുഴിച്ചുള്ള പമ്പിംഗും കാരണം സമീപപ്രദേശങ്ങളിലെ പാടങ്ങളിൽ വർൾച്ച ഉണ്ടാകുകയും സമീപ പ്രദേശത്തെ വീടുകളിലെ കിണറുകൾ വറ്റി വരളുകയും ചെയ്യുന്നു. കുളത്തിന്റെ ഈ അവസ്ഥയിൽ മരിക്കുന്നകൊക്കോട്ടു ചിറ കുളത്തെ സംരക്ഷിക്കേണ്ടത് ഒരു ജനകീയ ആവശ്യമായി തീർന്നിരിക്കുന്നു.

ഈ ദുഃസ്ഥിതിയിൽ നിന്നും ശോച്യാവസ്ഥയിൽ നിന്നും കുളത്തെ രക്ഷിക്കുവാൻ താഴെ വിവരിക്കുന്ന നിർദ്ദേശങ്ങളും നടപടികളും ഞങ്ങൾ മുമ്പോട്ടുവയ്ക്കുന്നു.


1. കുളത്തിന്റെ അതിർത്തികൾ അളന്നു തിരിച്ച് കല്ലിട്ട് സംരക്ഷിക്കേണ്ടതാണ്. അതിർത്തികളിൽ 1 മീറ്റർ പൊക്കത്തിൽ മതിൽ കെട്ടുകയും മുകൾ ഭാഗം കോൺക്രീറ്റ് തൂണുകളിൽ മുള്ളുവേലിയിട്ട് അനധികൃത കൈയേറ്റങ്ങൾ തടയേണ്ടതുമാണ്.
2. പാടത്തും കുഴി ഭാഗത്തുനിന്നും ഒഴുകി എത്തുന്ന വെള്ളവും മണ്ണും കുളത്തിൽ കടക്കാതെ കുളത്തിന്റെ കിഴക്കു ഭാഗത്തു സ്ഥിതിചെയ്യുന്ന കനാൽ വൃത്തിയാക്കി തിരിച്ചു വിടേണ്ടതാണ്.
3. കുളത്തിൽ അടിഞ്ഞുകൂടി ക്കിടക്കുന്ന ഉദ്ദേശം 1 മീറ്ററോളം വരുന്നചെളിയും മണ്ണും, അടിയന്തിരമായി നീക്കം ചെയ്യേണ്ടതാണ്.
4. കുളത്തിന്റെ സംരക്ഷണ ഭിത്തി ഒരു മീറ്ററോളം ഉയർത്തിജല സംഭരണശേഷിവർദ്ധിപ്പിക്കേണ്ടതാണ്.
5. കുളത്തിൽ 1.500 മീറ്റർ വെള്ളം സ്ഥിരമായി നിലനിർത്തുന്നതിന് ആവശ്യമായ സ്ലൂയിസ് ഷട്ടറുകൾ സ്ഥാപിക്കേണ്ടതാണ്.
6. കുളം ഒരു ശുദ്ധജല തടാകമായിക്കൂടി സംരക്ഷിക്കണം. കുടിവെള്ളക്ഷാമം രൂക്ഷമായ പഞ്ചായത്ത് പ്രദേശത്ത് കുളത്തിലെ വെള്ളം കാർഷിക ആവശ്യത്തിനും കുടി വെള്ളത്തിനും എന്ന് പുനർനാമകരണം ചെയ്യേണ്ടതാണ്.
7. കുളത്തിന്റെ ചിറകൾ യാതൊരു കാരണവശാലും വ്യക്തികൾക്കോ സ്ഥാപനങ്ങൾക്കോ പതിച്ചു നൽകാൻ പാടില്ലാത്ത താകുന്നു.

മേൽ വിവരിച്ച നിർദ്ദേശങ്ങൾ കളം സംരക്ഷിക്കേണ്ടതിലേയ്ക്കുള്ളതിനാൽ പഞ്ചായത്തു തലത്തിൽ നേരിട്ടു പരിഗണിക്കേണ്ടതാണ്. മേൽ വിവരിച്ച നിർദ്ദേശങ്ങൾ നടപ്പിലാക്കേണ്ടതിലേയ്ക്കുള്ള ചിലവു സംബന്ധിച്ച് ഒരു കരട് എസ്റ്റിമേറ്റ് ഇപ്ര കാരമാണ്.

		ലക്ഷം
1.	അതിർത്തി ഭിത്തികളും മുള്ളുവേലികളും (1 മീറ്റർ)	7.50
2.	പാർശ്വതോടിന്റെ സംരക്ഷണം (കനാൽ)	0.50
3.	കുളം ഒരു മീറ്റർ താഴ്ത്തി മണ്ണു നീക്കം ചെയ്യുന്നതിന് (1 മീറ്റർ)	15.00
4.	അകവശം ഭിത്തി ഒരു മീറ്റർ ഉയർത്തിക്കെട്ടുന്നതിന് (സംരക്ഷണ ഭിത്തി)	4
5.	സ്ലൂയിസ് ഷട്ടറുകൾ പണിയുന്നതിന്	3
		30.00
		ആകെ 30 ലക്ഷം

നേരത്തെ സൂചിപ്പിച്ചതുപോലെ കാർഷിക ആവശ്യത്തിനുള്ള ജലം ഇപ്പോൾ മുഖ്യമായും പായിപ്പാട് തൃക്കൊടിത്താനം പഞ്ചായത്തുകളിൽപെട്ട അയത്തിമുണ്ടകം പാടശേഖരത്തിനാണ് പ്രയോജനം ചെയ്യുക. എന്നാൽ ഈ പാടശേഖരത്തിലൂടെ കടന്നുപോകുന്ന 150 കിലോമീറ്റർ തോടിന്റെ അറ്റകുറപണികൾചെയ്യുന്നതിനും വശങ്ങൾ കരിങ്കല്ല് കെട്ടി ബലപ്പെടുത്തുന്നതിനും, തടയണകൾ കെട്ടിയും, ജലസേചനസൗകര്യം വർദ്ധിപ്പിക്കേണ്ടതാണ്. ഈ ജോലിയിൽ സംസ്ഥാന മൈനർ ഇറിഗേഷൻ വകുപ്പിന്റെ അടിയന്തിര ശ്രദ്ധയിൽ പെടുത്തി പണി ചെയ്യിക്കേണ്ടിയിരിക്കുന്നു. ആയതിലേയ്ക്ക് തെക്കൻ കനാലുകളുടെ സംരക്ഷണത്തിൽ 45 ലക്ഷം രൂപ കണക്കാക്കപ്പെട്ടിരിക്കുന്നു.

ഈ പദ്ധതികൾക്ക് മുന്തിയ പരിഗണന നൽകി ജനകീയ ആസൂത്രണ പ്രക്രിയയുടെ ഭാഗമായി തീർക്കേണ്ടത് ആവശ്യമാണ്. ■



മൃഗസംരക്ഷണവും മത്സ്യബന്ധനവും

മൃഗ പരിപാലനംതൃക്കൊടിത്താനം പഞ്ചായത്തിലെ ജനങ്ങൾക്ക് ഒരു ഉപതൊഴിലാണ്. ശരാശരി മൂന്നു വീടുകൾക്ക് ഒരു പശു എന്ന നിരക്കിൽ മൃഗസമ്പത്ത് ഈ പഞ്ചായത്തിലുണ്ട്. പശു, ആട്, എന്നിവയാണ് പഞ്ചായത്തിലെ പ്രധാന വളർത്തുമൃഗങ്ങൾ. വളർത്തുപക്ഷികളിൽ പ്രധാനം കോഴിയാണ്, ചെറിയ തോതിൽ താറാവുകളെയും, ഗിനികോഴികളെയും ഇവിടെ വളർത്തിവരുന്നുണ്ട്. വാണിജ്യാടിസ്ഥാനത്തിൽ പട്ടിവളർത്തലും ഇവിടെ നടത്തുന്നുണ്ട്.

സങ്കരവർഗ്ഗം പശുക്കളുടെ പ്രചാരവും തീറ്റച്ചെലവിന്റെ വർദ്ധനവും പശുക്കളുടെ എണ്ണത്തിൽ കുറവു വരുത്തിയിട്ടുണ്ട്. കൃഷിഭൂമിയുടെ വിസ്തീർണ്ണം കുറഞ്ഞു വരുന്നതിനാൽ പഞ്ചായത്തിന്റെ പല ഭാഗങ്ങളിലും പശു വളർത്തൽ മന്ദീഭവിച്ചിട്ടുണ്ട്. കോഴികൾക്ക് അടിക്കടി ഉണ്ടായിക്കൊണ്ടിരിക്കുന്ന രോഗങ്ങൾ കോഴിവളർത്തലിനും മാന്ദ്യം സംഭവിക്കാൻ കാരണമായിട്ടുണ്ട്. ഏകദേശം 4000 ലിറ്റർ പാൽ ദിനം പ്രതി ഈ പഞ്ചായത്തിൽ ഉല്പാദിപ്പിക്കപ്പെടുന്നുണ്ട്.

ക്ഷീര കർഷകർ മാർക്കറ്റിൽ എത്തിക്കുന്ന പാലിന് ന്യായമായ വില ലഭിക്കാത്തത് ഗുരുതരമായ പ്രശ്നമാണ്. ഒരു ലിറ്റർ പാൽ ഉല്പാദിപ്പിക്കുമ്പോൾ ഉണ്ടാകുന്ന ചെലവ്, കാലിത്തീറ്റയുടെ വില വർദ്ധനവു മൂലം സഹകരണ സംഘങ്ങൾ വഴി അവർക്ക് കിട്ടുന്ന വിലയോളം വരുന്നുവെന്നത് കർഷകനെ അലട്ടുന്നുണ്ട്. പാൽ വിപണനത്തിന്റെ ഈ പ്രശ്നം അടിയന്തിരമായി പരിഹരിക്കേണ്ടതാണ്.

വൈക്കോലിന്റെറയും, പുല്ലിന്റെറയും ക്ഷാമം, ഈ പഞ്ചായത്തിൽ തീറ്റപ്പുൽകൃഷിയുടെ ആവശ്യകതയിലേക്ക് നമ്മുടെ ശ്രദ്ധയെ ക്ഷണിക്കുന്നു.

തൃക്കൊടിത്താനം പഞ്ചായത്തിൽ മൂന്ന് പാൽ സൊസൈറ്റികൾ പ്രവർത്തിക്കുന്നു. പ്രതിദിനം ഉദ്ദേശം 800 ലിറ്റർ പാൽ ഈ മൂന്നു സംഘങ്ങൾ വഴി വിപണനം ചെയ്യുന്നു. കൊടിനാട്ടുംകുന്ന് കേന്ദ്രമാക്കി ഒരു പാൽ സൊസൈറ്റികൂടി ആരംഭിച്ചാൽ ക്ഷീരകർഷകർക്ക് കൂടുതൽ പ്രയോജനകരമായിരിക്കും. നിലവിലുള്ള ക്ഷീരസംഘങ്ങൾ താരതമ്യേന നല്ല നിലയിൽ പ്രവർത്തിച്ചുവരുന്നുണ്ട്.

ഈ പഞ്ചായത്തിൽ ഒരു മൃഗാശുപത്രിയും ഒരു കൃത്രിമ ബീജ സങ്കലന കേന്ദ്രവും പ്രവർത്തിക്കുന്നു. അടിസ്ഥാന സൗകര്യങ്ങളുടെ ദൗർലഭ്യം ഈ രണ്ടു

സ്ഥാപനങ്ങളെയും അലട്ടുന്നുണ്ട്. അവശ്യമരുന്നു കളുടെ ദൗർലഭ്യം,കൃത്രിമ ബീജസങ്കലന സൗകര്യം എന്നിവ ആശുപത്രിയിൽ ഇല്ലാത്ത അവസ്ഥ കർഷകർക്ക് ക്ലേശമുണ്ടാക്കുന്നു. കഴിഞ്ഞ വർഷം ഏകദേശം 1000 പശുക്കളെ കൃത്രിമ ബീജസങ്കലനത്തിന് വിധേയമാക്കിയിട്ടുണ്ട്. മൃഗാശുപത്രിയിൽ ഫ്രിഡ്ജ്, സൂക്ഷ്മദർശിനി, ലാബ് സൗകര്യങ്ങൾ,ടെലഫോൺ എന്നിവ ലഭ്യമാക്കണം.

അകിടുവീക്കം , കുളമ്പുരോഗം, ദഹനക്കുറവ്, വയറ്റിളക്കം, എന്നിവയാണ് കാലികൾക്കുണ്ടാകുന്ന പ്രധാന രോഗങ്ങൾ. പിണ്ണാക്ക്, കാലിത്തീറ്റ എന്നിവയിൽ ഉണ്ടാകുന്ന പൂപ്പൽ വിഷം ബാധിച്ച് കാലികൾക്ക് ദഹനേന്ദ്രിയരോഗങ്ങൾ ഉണ്ടാകുന്നുണ്ട്. ഈ രോഗങ്ങൾ തടയാൻ കർഷകർക്കുവേണ്ടി ബോധവൽക്കരണ ക്ലാസ്സുകൾ നടത്തണം. കന്നുകാലികളെ ശാസ്ത്രീയമായി പരിപാലിക്കുന്നതിലൂടെ മിക്കരോഗങ്ങളും തടയാൻ സാധിക്കുമെന്നതിനാൽ ക്ഷീര സംഘങ്ങൾ വഴിയും ബോധവൽക്കര പ്രവർത്തനങ്ങൾ അത്യന്താപേക്ഷിതമാണ്. പ്രതിരോധ കുത്തിവെയ്പ് ക്യാമ്പുകൾ പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ നടത്തേണ്ടതും അത്യാവശ്യമാണ്.

ഗോബർ ഗ്യാസ് പ്ലാന്റുകൾ തുടങ്ങാനുള്ള പ്രോത്സാഹനം അനർട്ട് (Anert) മൃഗസംരക്ഷണ/ഡയറിവകുപ്പ്, മറ്റ് ഏജൻസികൾ, പഞ്ചായത്ത്, എന്നീ സ്ഥാപനങ്ങൾ സഹകരിച്ച് നടപ്പാക്കിയാൽ നല്ല വികസന സാദ്ധ്യതയുണ്ട്. കന്നുകാലികൾക്ക് ഇൻഷ്വറൻസ് പദ്ധതി പ്രോത്സാഹിപ്പിക്കുന്നത് കർഷകർക്ക് അനുഗ്രഹമായിരിക്കും.

ക്ഷീരകർഷകൻ നേരിടുന്ന മുഖ്യപ്രശ്നം ഉല്പാദനച്ചെലവിന്റെ വർദ്ധനവാണ്. ഗവ. സബ്സിഡികൾ പുന: ക്രമീകരിച്ച് യഥാർത്ഥ ഗുണഭോക്താക്കൾക്ക് എത്തിക്കാൻ ആവശ്യമായതു ചെയ്യണം. ക്ഷീര സംഘങ്ങൾ വഴി കർഷകർക്ക് കാലിത്തീറ്റ സബ്സിഡി നിരക്കിൽ ലഭ്യമാക്കണം.

ആട്ടിറച്ചിയുടെ വില വർദ്ധന ആടുവളർത്തലിന്റെ വളർച്ചാ നിരക്കിനെ കാര്യമായി സ്വാധീനിച്ചിട്ടില്ല. ഇറച്ചിക്കും പാലിനും സങ്കര വർഗ്ഗം ആടുകളെ വിതരണം ചെയ്യുന്ന പദ്ധതിക്ക് പഞ്ചായത്ത് രൂപം കൊടുത്താൽ ഗുണഭോക്താക്കൾക്ക് സഹായകമാകും. സാങ്കേതികമായ ഉപദേശം ബന്ധപ്പെട്ട വെറ്ററിനറി സർജന്റെ പക്കൽ നിന്നും നേടാവുന്നതുമാണ്.

സമഗ്രമായി നടപ്പാക്കാൻ കഴിയുന്ന മറ്റൊരു പദ്ധതിയാണ് കോഴിവളർത്തൽ, ഇറച്ചിയും, മുട്ടയും ഇവിടെ മതിയായ തോതിൽ ലഭ്യമല്ല. 5 മുട്ടക്കോഴികളെ ഒരു വീട്ടിൽ കൊടുക്കാൻ കഴിയുന്ന പദ്ധതിയും, ഇറച്ചിക്കോഴികളുടെ ശാസ്ത്രീയ പരിപാലനവും ഇവിടെ നടപ്പാക്കാൻ യോഗ്യമാണ്. ബന്ധപ്പെട്ട വെറ്ററിനറി സർജന്റെ മേൽനോട്ടത്തിൽ പദ്ധതികൾ നടപ്പാക്കാനുള്ള സംവിധാനം വേണം. കോഴിക്കുഞ്ഞുങ്ങളുടെ ലഭ്യതയെക്കുറിച്ചുള്ള വിവരങ്ങൾ കർഷകർക്ക് മൃഗാശുപത്രി വഴി നല്കാവുന്നതാണ്. കോഴികൾക്ക് യഥാസമയങ്ങളിലെ കുത്തിവെയ്പുകൾ ചെയ്താൽ അവയുടെ മരണനിരക്ക് കുറച്ച് കോഴിവളർത്തൽ ലാഭകരമാക്കാം. ബ്രോയിലർ കോഴികളെ വളർത്തുന്നവരുടെ എണ്ണം ഇവിടെ കഴിഞ്ഞ 5 വർഷമായി കൂടിയിട്ടുണ്ട്. പൗൾട്രി ക്ലബ്ബുകളുടെ രൂപീകരണം ഈ മേഖലയെ ശക്തിപ്പെടുത്താൻ ഉപകരിക്കും.

ശുദ്ധമായ ഇറച്ചി ജനങ്ങൾക്ക് ലഭിക്കാനുള്ള സംവിധാനം ഇവിടെ അത്യാവശ്യമാണ്. നല്ല ഇറച്ചി ലഭിക്കണമെങ്കിൽ നല്ല രീതിയിലുള്ള മാംസ സംസ്ക്കരണം വേണം. ഇറച്ചി വെട്ടിന് ലൈസൻസ് ഏർപ്പെടുത്തുന്നത് ഇതിന് സഹായിക്കും. വൃത്തിഹീനമായ സ്ഥലങ്ങളിലുള്ള ഇറച്ചി വെട്ട് നിരോധിക്കണം. അറവുമാടുകളെ പരിശോധനയ്ക്ക് വിധേയമാക്കണം. അസുഖം ബാധിച്ച മൃഗങ്ങളുടെ ഇറച്ചി ആരോഗ്യത്തിനു ഹാനികരമാണ്. പഞ്ചായത്തിന്റെ മേൽ നോട്ടത്തിൽ മീറ്റ് സ്റ്റാൾ തുറന്നാൽ ഗുണമേന്മയുള്ള ഇറച്ചി അവിടെ വിപണനം ചെയ്യാം.

പന്നി വളർത്തൽ ഈ പഞ്ചായത്തിൽ വളർന്നു വരുന്ന ഒരു വ്യവസായമാണ്. ഹോട്ടൽ വേസ്റ്റ്കൊണ്ട് പന്നിവളർത്തൽ ലാഭകരമാക്കാം. പന്നി വളർത്തൽ യൂണിറ്റുകൾ ജനവാസം കുറഞ്ഞ സ്ഥലങ്ങളിൽ മാത്രമേ തുടങ്ങാൻ അനുവദിക്കാവൂ. വാണിജ്യാടിസ്ഥാനത്തിലുള്ള മുയൽ വളർത്തലും ഇവിടെ വർദ്ധിച്ചുവരുന്നുണ്ട്. നല്ലയിനം മുയൽ കുഞ്ഞുങ്ങളുടെ ലഭ്യതയും, മുയലിറച്ചിയുടെ വിപണന സൗകര്യവും കൂട്ടിയാൽ ഈ വ്യവസായം അഭിവൃദ്ധിപ്രാപിക്കും.

പേപ്പട്ടി ശല്യം ഈ പഞ്ചായത്തിൽ ഒരു പ്രധാന പ്രശ്നമാണ്. അലഞ്ഞുതിരിഞ്ഞു നടക്കുന്ന നായ്ക്കളെ പിടിച്ചു നശിപ്പിക്കാൻ പഞ്ചായത്തിന്റെ മേൽ നോട്ടത്തിൽ നടപടി എടുക്കണം. പട്ടികൾക്ക് ലൈസൻസ് നിർബന്ധമാക്കണം. നിർബന്ധിതവാക്സിനേഷൻ

എന്ന നിയമം നടപ്പിലാക്കി ഈ പഞ്ചായത്ത് പേപ്പട്ടി വിഷ ബാധയിൽ നിന്നും വിമുക്തമാക്കണം.


മത്സ്യകൃഷിക്ക് ഈ പഞ്ചായത്തിൽ വേണ്ടത്ര സാധ്യത ഇല്ലായെങ്കിലും ആഞ്ഞിലിവേലിക്കുളം,കൊക്കോട്ടു ചിറക്കുളം, ചക്രായത്തിൽ കുളം എന്നിവ മീൻ വളർത്തലിന് ഉയോഗിക്കാവുന്നതാണ്.

പ്രധാന പ്രശ്നങ്ങൾ

- കാലിത്തീറ്റ വിലവർദ്ധന
- വൈക്കോലിന്റെറയും,തീറ്റപ്പുല്ലിന്റെറയും ദൗർലഭ്യം
- കർഷകന് പാലിന് ലഭിക്കുന്ന കുറഞ്ഞ വില
- കോഴികൾക്കുണ്ടാകുന്ന പകർച്ച വ്യാധികൾ
- ആശുപത്രി സൗകര്യങ്ങളുടെ അര്യാപ്തത
- മാംസം സംസ്ക്കരണത്തിലുള്ള ശുചിത്വമില്ലായ്മ
- നല്ലയിനം കോഴിക്കുഞ്ഞുങ്ങളുടെ ദൗർലഭ്യം
- പേപ്പട്ടി മൂലമുണ്ടാകുന്ന വിപത്ത്
- ശാസ്ത്രീയമായ മൃഗപരിപാലനത്തിന്റെ അഭാവം.

തൃക്കൊടിത്താനം പഞ്ചായത്തിലെ മൃഗസമ്പത്ത്

ഇനം	മൃഗങ്ങൾ	പക്ഷികൾ
കന്നുകാലി	പശു 2012 മൂരി 195 ഉല്പാദനത്തിലുള്ള പശു 1213	കോഴി നാടൻ - 19029 മുന്തിയഇനം - 2528
നാടൻ	പശു 483 മൂരി 36 ഉല്പാദനത്തിലുള്ള പശു334	താറാവ് 172
എരുമ	മൊത്തം 36 ഉല്പാദനത്തിലുള്ളവ 23	
പോത്ത് ആട്	24 മുട്ടനാട് 265 പെണ്ണാട് 125 ഉല്പാദനത്തിലുള്ളത് 75	
പന്നി	22 എണ്ണം	
പട്ടി	806 എണ്ണം	



വ്യവസായം

തൃക്കൊടിത്താനത്തെ വ്യവസായ തൊഴിലാളികളുടെ പ്രധാന പ്രവർത്തനകേന്ദ്രമായിരുന്ന റൂബി റബ്ബർ ഫാക്ടറിയിൽ ഈ പഞ്ചായത്തിലേതുൾപ്പെടെ ചങ്ങനാശേരിയിലെ വിവിധ ഭാഗങ്ങളിൽ നിന്നായി നൂറുകണക്കിനാളുകൾ തൊഴിലെടുത്തിരുന്നു പ്രസ്തുത ഫാക്ടറി പ്രവർത്തനം നിലച്ചിട്ട് 15 വർഷത്തിലേറെയായി

പരമ്പരാഗത വ്യവസായങ്ങളൊന്നും പ്രത്യേകമായി അവകാശപ്പെടാനില്ലാത്ത തൃക്കൊടിത്താനത്തെ ആദ്യത്തെ വ്യവസായ സംരംഭം എന്ന നിലയിൽ 1-ാം വാർഡിലെ നാല്ക്കവലയിൽ പ്രവർത്തിക്കുന്ന തീപ്പെട്ടി കമ്പനിയെ വിശേഷിപ്പിക്കാം. വലിയ വേതനംലഭിക്കുന്നില്ലെങ്കിലും ഇരുപതോളം ആളുകൾ ഈ കമ്പനിയിൽ ജോലി ചെയ്യുന്നു. പാഴ്തടി ഉപയോഗിച്ച് പ്രവർത്തിക്കുന്ന പ്രസ്തുത സ്ഥാപനത്തിന് അസംസ്കൃതവസ്തുക്കളുടെ ലഭ്യതയ്ക്ക് ഇതുവരെ ബുദ്ധിമുട്ടുണ്ടായിട്ടില്ല എന്നത് ഈ സ്ഥാപനത്തിന്റെ മുന്നോട്ടുള്ള പ്രയാണത്തിന് സഹായകരമായ കാര്യമാണ്. ഇതേരീതിയിൽ 2,3 വാർഡുകളിലും തീപ്പെട്ടികമ്പനികൾപ്രവർത്തിക്കുന്നു. ഈ മൂന്നു തീപ്പെട്ടി കമ്പനികളിലുംകൂടി സ്ത്രീകളുൾപ്പെടെ അമ്പതോളം ആളുകൾ ജോലിചെയ്യുന്നു.

കേരളത്തിന്റെ വ്യവസായ കുത്തക, ഇവിടുത്തെ അസംസ്കൃത വിഭവത്തിന്റെ അടിസ്ഥാനത്തിൽ റബർ അധിഷ്ഠിത വ്യവസായത്തിന്റേതാവണം. എന്നാൽ ഈ രംഗത്ത് 3, 5 എന്നീ വാർഡുകളിലായി പ്രവർത്തിക്കുന്ന ആറ് ചെറുകിട യൂണിററുകൾ മാത്രമാണുള്ളത്. ഇതിലെല്ലാം കൂടി 25 പുരുഷതൊഴിലാളികൾ ജോലി ചെയ്യുന്നു. 3-ാം വാർഡിൽ ഈ ഫാക്ടറികൾ കേന്ദ്രീകരിച്ചതിന്റെ പ്രധാന കാരണം തൊട്ടടുത്ത വെരൂരിലെ ഇൻഡസ്ട്രിയൽ എസ്റ്റേറ്റിന്റെ സാന്നിദ്ധ്യമാണ്. റബർ ഫാക്ടറികൾക്കാവശ്യമായ എല്ലാ ഘടകങ്ങളും 3-ാം വാർഡിൽ നിന്നും ഒരു കിലോമീറ്റർ മാത്രം ദൂരമുള്ള വെരൂർ നിന്നും ലഭിക്കുന്നതിന് സാധിക്കും. റബർ ഫാക്ടറികളിൽ നിന്നും ലഭിക്കുന്ന ചെരുപ്പ് വള്ളികൾ സോൾ എന്നിവ മുറിച്ച് തയ്യാറാക്കി കൊടുക്കുന്ന ജോലികൾ ഇതിനു സമീപവാസികളായ സ്ത്രീകളുടെ ഇടവേളകളിലെ വരുമാനമാർഗ്ഗമാണ്.

ധാരാളം വനിതകൾക്ക് തൊഴിൽ നല്കുന്ന മറ്റൊരു വ്യവസായ മേഖലയാണ് റെഡിമെയ്ഡ് വസ്ത്രനിർമ്മാണ മേഖല. ഈ രംഗത്ത് അഞ്ചു സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു. ഇവയിലെല്ലാംകൂടി 100 ഓളം സ്ത്രീകൾ ജോലിചെയ്യുന്നു. ചെയ്യുന്നു ജോലി

യുടെ അടിസ്ഥാനത്തിലാണെങ്കിലും തീപ്പെട്ടി കമ്പനിയിലെ ജോലിയെ താരതമ്യപ്പെടുത്തിയാൽ മെച്ചപ്പെട്ട കൂലിയാണ് (ശരാശരി 40രൂപ) ഇവർക്ക് ലഭിക്കുന്നത്. വനിതകളുടെ തയ്യൽ തൊഴിൽ കാര്യം പരാമർശിക്കുമ്പോൾ ഈ ഗ്രാമപഞ്ചായത്ത് സമിതി കഴിഞ്ഞവർഷം സൗജന്യനിരക്കിൽ (1100 രൂപയ്ക്ക് 176 ഉം 100 രൂപയ്ക്ക് 12-പട്ടികജാതിക്കാർക്കും) തയ്യൽ മെഷീൻ നല്കാൻ സാധിച്ചത് പ്രത്യേകം പ്രസ്താവ്യമാണ്. ഈ സൗകര്യം ലഭിച്ച ഭൂരിപക്ഷം ആളുകളും അവരവരുടെ കുടുംബങ്ങളിൽ തയ്യൽ ജോലി ചെയ്തുവരുന്നു.

കുട്ട, വട്ടി, മുറം, പായ്, എന്നീ പരമ്പരാഗത തൊഴിൽ ചെയ്തു ജീവിച്ചിരുന്ന പട്ടികജാതി കുടുംബങ്ങൾ കടമാഞ്ചിറ, ചേരിക്കൽ, അമര എന്നീ ഭാഗങ്ങളിലുണ്ടായിരുന്നെങ്കിലും കടമാഞ്ചിറ, ചേരിക്കൽ, എന്നീ ഭാഗങ്ങളിൽ പുതിയ തലമുറ വരുമാനം കുറവുള്ള ഈ തൊഴിൽ ഏറെക്കുറെ ഉപേക്ഷിച്ചിരിക്കുന്നു,

കിളിമല, ആരമല കേന്ദ്രീകരിച്ച് പതിനഞ്ചോളം കുടുംബങ്ങൾ സ്വന്തമായി ഫർണിച്ചറുണ്ടാക്കി വില്പന നടത്തി ജീവിക്കുന്നകാര്യം ശ്രദ്ധേയമാണ്.

ഈ പഞ്ചായത്തിലെ ഏറ്റം പ്രധാന ന്യൂനത ഇവിടെ ഒരു മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് ഇല്ല എന്നുള്ളതാണ്. വൈദ്യുതിയുടെ ലഭ്യതക്കുറവ് ഈ സംസ്ഥാനത്തിന്റെ മൊത്തം വ്യവസായ മുന്നേറ്റത്തിന് വിലങ്ങുതടിയായതിനാൽ ഇവിടെ പ്രത്യേകം പരാമർശിക്കുന്നില്ല.

വീടുകളുടെ എണ്ണം വർദ്ധിച്ചതിനാൽ പരിസര വാസികളുടേ എതിർപ്പ് പുതിയ വ്യവസായങ്ങൾ ആരംഭിക്കുവാൻ തടസ്സമാകുന്നുണ്ട്. വ്യവസായികൾ നേരിടുന്ന മറ്റൊരു പ്രശ്നം തൊഴിലാളികളുടെ ദൗർലഭ്യമാണ്. ധാരാളം തൊഴിലാളികളുള്ള നാടാണെങ്കിലും വ്യവസായത്തിൽ കൂലി മറ്റുള്ളവയെ അപേക്ഷിച്ച് കുറവായതിനാലും - കെട്ടിടനിർമ്മാണ രംഗം, കയറ്റിറക്ക് മേഖല എന്നിവയിൽ മെച്ചപ്പെട്ട കൂലി ലഭ്യതയ്ക്ക് അവസരമുള്ളതിനാലും ഫാക്ടറി പണിയോട് വിമുഖത കാട്ടുന്നു.

ഭൂമി വാങ്ങി വ്യവസായം തുടങ്ങുക എന്നത് പുതിയ വ്യവസായ സംരംഭകരെ പിന്തിരിപ്പിക്കുന്ന മറ്റൊരു ഘടകമാണ്. സെൻറിന് പതിനായിരം മുതൽ മുപ്പതിനായിരം വരെ വില കൊടുത്ത് ഇടത്തരക്കാരന് വസ്തുവാങ്ങി വ്യവസായം നടത്താൻ സധിക്കില്ല.

വ്യവസായ വളർച്ചയ്ക്ക് അടിയന്തിരമായി ചെയ്യേണ്ട കാര്യങ്ങൾ

1. മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് സ്ഥാപിക്കുക.
2. റെഡിമെയിഡ് വസ്ത്രനിർമ്മാണം, ഫർണിച്ചർ നിർമ്മാണം, ഓട്ടു പാത്ര നിർമ്മാണം, എന്നീ തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവരുടെ പുരോഗതിയെ ലക്ഷ്യമാക്കി സഹകരണ സംഘങ്ങൾ രൂപീകരിക്കുക.
3. വസ്തുലഭിക്കാൻ തുക മുടക്കുന്നതൊഴിവാക്കാൻ ഭൂമി അക്വയർ ചെയ്ത് ലീസിനു നൽകിയാൽ പഞ്ചായത്തിനു വരുമാനവും പുതിയ സംരംഭകർക്ക് ആശ്വാസവുമായിരിക്കും.
4. എല്ലാവർഷവും പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ വ്യവസായ വകുപ്പിനേയും ബാങ്കുകളേയും പങ്കെടുപ്പിച്ച്വ്യവസായ സംരംഭകരുടെയോഗംനടത്തുകയും തുടർ നടപടികൾക്ക് സഹായിക്കാൻ സന്നദ്ധ സമിതിയെ ചുമതലപ്പെടുത്തുകയും ചെയ്യുക.
5. ഇടത്തരം വ്യവസായ സംരംഭകരെ നിരുത്സാഹപ്പെടുത്തുന്ന അനാവശ്യതൊഴിൽ സമരങ്ങൾ ഒഴിവാക്കാൻ വിവിധ രാഷ്ട്രീയ പ്രസ്ഥാനങ്ങളുടെ സംയുക്ത സമിതികൾ രൂപീകരിക്കുകയും നിശ്ചിത കാലയളവിനുള്ളിൽ സമ്മേളിച്ച് വ്യവസായങ്ങളുടെ നിലനില്പിനാവശ്യമായ നിർദ്ദേശങ്ങൾ നല്കുകയും ചെയ്യുക.
6. ഈറ്റ ഉപയോഗിച്ച് പരമ്പരാഗത തൊഴിലായ കുട്ട, മുറം, പനമ്പ് മുതലായവ ഉണ്ടാക്കി നിത്യവും കഴിയുന്ന അമര ഭാഗത്ത് ഇതിനായി സൊസൈറ്റി രൂപീകരിക്കുകയും ബാംബൂ കോർപ്പറേഷനിൽ നിന്നും ഈറ്റയും മറ്റും ഇറക്കുമതിചെയ്യുകയും ഉൽപ്പന്നങ്ങൾ ബാംബുകോർപ്പറേഷൻ വാങ്ങുകയും ചെയ്താൽ ഈ ഭാഗത്തെ 140 ഓളം കുടുംബങ്ങൾക്ക് വരുമാനവർദ്ധന ഉണ്ടാകും.

ഗ്രാമീണ വ്യവസായത്തിലെ മറ്റൊരു ശ്രദ്ധേയമായ സംരംഭം

ചങ്ങനാശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ സെൻറ് സേവ്യേഴ്സ് പള്ളിക്കു സമീപമുള്ള സാൻജോസ് എന്ന സ്ഥാപനം 20 പെൺകുട്ടികൾക്ക് ഖാദി നെയ്ത്തിന് പരിശീലനം നൽകുന്നു.

വിവിധസ്ഥാപനങ്ങളിലെ കൂലി നിരക്കുകൾ

	സ്ത്രീ	പുരുഷൻ
തീപ്പെട്ടികമ്പനി	35	60
റബർ	-	70
റെഡിമെയ്ഡ്	40	100

വ്യവസായ സ്ഥാപനങ്ങൾ

വാർഡ്	തീപെട്ടി കമ്പനി	റെഡി മെയ്ഡ്	ചെരുപ്പ് നിർമ്മാണം	പൊടി, അര മില്ലുകൾ	തടി മില്ല്	റബർ കമ്പനി	കോഴി-മൃഗ പക്ഷി വില്പന	ഫർണി ച്ചർ	മറ്റുള്ളവ
I	1	1	1	-	1	Nil	Nil	1	വെൽഡിംഗ്, ലെയ്ത്ത് - 2
II	1	1	3	2	1	Nil	Nil	Nil	പ്ലാസ്റ്റിക് ആഭരണങ്ങൾ ഇലക്ട്രിക്ക് വയറിംഗ് സാധനങ്ങൾ
III	1	1	1	1	Nil	5	"	1	ഇക്ട്രിക്ക് ഉപകരണങ്ങൾ
IV	-	1	1	2	"	"	"	Nil	ഇല്ല
V	1	2	-	-	-	1	1	1	നെയ്ത്ത് ശാല
VI	-	1	1	2	2	Nil	1	8	ഓട്ടുപാത്ര നിർമ്മാണം - 2 ചിപ്സ്, നിർമ്മാണം
VII	-	-	-	1	Nil	Nil	2	Nil	നെയ്ത്തുശാല - 1 ചിപ്സ് ഹൽവ, അച്ചാർ - 2
VIII	-	-	-	-	"	"	1	-	
IX	-	-	-	1	"	"	1	Nil	ചിപ്സ്
X	Nil	-	-	1 ചക്ക്	Nil	Nil	-	2	ഓട്ടുപാത്ര നിർമ്മാണം - 1 ഹോളോ ബ്രിക്സ് - 1 നേഴ്സറി - 1 മരുന്നു നിർമ്മാണം - 1 ഇലക്ട്രോ പ്ലേറ്റിംഗ് - 1
XI	Nil	1	-	2	Nil	Nil	Nil	2	അച്ചാർ - 2 ഹൽവ - 1 ചമ്മന്തിപ്പൊടി - 1
XII	Nil	-	-	4	Nil	Nil	-	15	ആർട്ട് ലാമ്പ് - 1 ആയുർവേദ മരുന്ന് - 1



വിദ്യാഭ്യാസം

സാംസ്ക്കാരിക കേരളത്തിന്റെ സിരാകേന്ദ്രമായ ചങ്ങനാശേരിയിലെ ചരിത്ര പ്രസിദ്ധമായ പ്രദേശമാണ് തൃക്കൊടിത്താനം. സാമൂഹ്യ, സാംസ്ക്കാരിക, രാഷ്ട്രീയ, രംഗങ്ങളിൽ നിരവധി മഹാരഥന്മാർക്ക് ജന്മം നൽകിയ ചങ്ങനാശേരിയുടെ മഹത്തായ പാരമ്പര്യമുൾക്കൊള്ളുന്ന തൃക്കൊടിത്താനത്തിന് ഔപചാരിക വിദ്യാഭ്യാസരംഗത്ത് നൂറിൽ പരം വർഷങ്ങളുടെ ചരിത്രമുണ്ട്.

സി. എം.എസ്. സഭയുടെ ആഭിമുഖ്യത്തിൽ കിളിമലയിൽ നടത്തിവന്നിരുന്ന പ്രാഥമിക വിദ്യാലയമായിരുന്നു ഇവിടുത്തെ പ്രഥമ വിദ്യാഭ്യാസ സ്ഥാപനം. 1892 - ൽ സ്ഥാപിച്ച വെർണാക്കുലർ സ്കൂളായിരുന്നു ഇന്നത്തെ തൃക്കൊടിത്താനം ഗവ. എൽ. പി. സ്കൂളായി പരിണമിച്ചത്.

ഈ പഞ്ചായത്തിലെ ഏക ഹൈസ്ക്കൂൾ തൃക്കൊടിത്താനം ഗവ. എച്ച്. എസ്. ആണ്. കുട്ടികളുടെ എണ്ണത്തിലും നിലവാരത്തിലും കോട്ടയം ജില്ലയിലെ ഗവ. സ്കൂളുകളിൽ പ്രഥമസ്ഥാനത്തു നില്ക്കുന്ന ഈ സരസ്വതീക്ഷേത്രത്തിന് അഭിമാനകരമായ നേട്ടങ്ങളുടെ ചരിത്രമുണ്ട്. എസ്.എസ്. എൽ. സി. പരീക്ഷയിൽ 1982 -ൽ രണ്ടാം റാങ്ക് നേടിയ യമുന വർഗീസ് . 95-96-ൽ സംസ്ഥാന ഗണിത ശാസ്ത്ര മേളയിൽ 1-ാം സ്ഥാനം നേടിയ സ്മിതാ ശശി. ദേശീയ കായിക മത്സരങ്ങളിൽ പുരസ്ക്കാരങ്ങൾ നേടിയ റ്റി. സി. റോസമ്മ എന്നിവർ ഈ സ്കൂളിന്റെ അഭിമാന ഭാജനങ്ങളാണ്. ഇതോടനുബന്ധിച്ചുള്ള തൃക്കൊടിത്താനം ഗവ. എൽ. പി. സ്കൂൾ അധ്യയനത്തിലും അച്ചടക്കത്തിലും നല്ല നിലവാരം പുലർത്തുന്നു. പഞ്ചായത്തിലെ 3-ാം വാർഡിലുള്ള കടമാഞ്ചിറ ഗവ. എൽ. പി. സ്കൂൾ നല്ല നിലവാരം പുലർത്തുന്ന മറ്റൊരു പൊതു വിദ്യാഭ്യാസ സ്ഥാപനമാണ്.

സ്വകാര്യ മേഖലയിൽ 2 യു. പി. സ്കൂളുകളും 2 എൽ. പി. സ്കൂളുകളും ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നു. 5-ാം വാർഡിൽ പ്രവർത്തിക്കുന്ന വി. ബി. യു. പി. സകൂൾ കുട്ടികളുടെ എണ്ണത്തിലും നിലവാരത്തിലും മുൻ പന്തിയിലാണ്. 3-ാം വാർഡിൽ പ്രവർത്തിക്കുന്ന പയനിയർ യു. പി. സ്കൂൾ വിദ്യാർത്ഥികളുടെ എണ്ണത്തിൽ ഉണ്ടായിട്ടുള്ള കുറവു മൂലം നിലനില്പിന് ഭീഷണി നേരിടുന്നുണ്ട്. പ്രശസ്തമായി പ്രവർത്തിക്കുന്ന രണ്ട് എൽ. പി. സ്കൂളുകളാണ് 7-ാം വാർഡിലെ സെൻറ് സെബാസ്റ്റ്യൻസ് എൽ. പി. സ്കൂളും 8-ാം വാർഡിലെ പി. ആർ. ഡി. എസ്. എൽ. പി. സ്കൂളും . പട്ടികജാതി മാനേജ്മെൻറിലുള്ള പി. ആർ. ഡി. എസ്. എൽ. പി. സ്കൂൾ 90 വർഷങ്ങളായി പ്രവർത്തിച്ചുവരുന്നു. 5-ാം സ്റ്റാൻഡാർഡുവരെയുള്ള ഈ സ്കൂളിൽ 286 വിദ്യാർത്ഥികൾ പഠിക്കുന്നു. നല്ല നിലയിൽ പ്രവർത്തിച്ചു

വരുന്ന ഈ സ്കൂൾ അപ്ഗ്രേഡ് ചെയ്യണമെന്ന ആവശ്യം 8-ഉം 9-ഉം വാർഡുതല ഗ്രാമ സഭകളിൽ ശക്തമായി ഉന്നയിക്കപ്പെട്ടിരിക്കുന്നു.

തൃക്കൊടിത്താനം പഞ്ചായത്തിലെ 7 സ്കൂളുകളിലായി 3888 വിദ്യാർത്ഥികൾ പഠിക്കുന്നു. ഇവർ 2093 ആൺകുട്ടികളും 1795 പെൺകുട്ടികളുമാണ്. ആകെയുള്ള 134 അദ്ധ്യാപകരിൽ 30 പേർ പുരുഷന്മാരും 104 പേർ സ്ത്രീകളുമാണ്.

പട്ടിക I A

വിദ്യാർത്ഥികൾ, അദ്ധ്യാപകർ

സ്കൂൾ	ഗവ:	വിദ്യാർത്ഥികൾ			അദ്ധ്യാപകർ		
		ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ
1. ഗവ. എച്ച്. എസ്. തൃക്കൊടിത്താനം							
H. S.	"	595	523	1118	11	33	44
UP	"	438	366	804	4	18	22
2. ഗവ LPS തൃക്കൊടിത്താനം	"	277	248	525	1	13	14
3. ഗവ. LPS കടമാഞ്ചിറ	"	130	106	236	5	4	9
4. പയനിയർ UPS അയർക്കാട്ടുവയൽ	എയിഡഡ്	78	56	134	3	7	10
5. PRDS. LPS അമരപുരം	"	148	120	268	3	6	9
6. സെൻറ് സെബാസ്റ്റ്യൻസ് എൽ. പി. എസ്. ചാഞ്ഞോടി	"	135	144	279	1	7	8
7 VBUPS തൃക്കൊടിത്താനം	"	292	232	524	2	16	18
ആകെ		2093	1795	3888	30	104	134

സമീപപ്രദേശങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ ഏറ്റവും കൂടുതൽ ഗവ. സ്കൂളുകളും ഗവ. അദ്ധ്യാപകരും ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നു. മൂന്ന് ഗവ. സ്കൂളുകളിലായി 2683 കുട്ടികൾ പഠിക്കുന്നു. ഇത് പഞ്ചായത്തിലെ മൊത്തം കുട്ടികളുടെ 67% വരും.

ഉന്നത വിദ്യാഭ്യാസ രംഗത്തോ സാങ്കേതിക വിദ്യാഭ്യാസ മേഖലയിലോ ഒറ്റ സ്ഥാപനം പോലും ഇവിടെ ഇല്ലായെന്നത് വലിയ പോരായ്മയാണ്. ചങ്ങനാശേരിയിലും കോട്ടയത്തുമായി പ്രവർത്തിക്കുന്ന കോളേജുകളും മറ്റ് സാങ്കേതിക സ്ഥാപനങ്ങളുമാണ് ആശ്രയം.

പട്ടിക IV

അക്കാഡമിക് സൗകര്യങ്ങളുടെ ലഭ്യത

	ലൈബ്രറി	ലാബ്	റേഡിയോ	ടേപ്പ് റിക്കാർഡർ	ടെലിവിഷൻ	സിനിമാ പ്രൊജക്ടർ	ക്ലാസ്സ്
ഉള്ളത്	5	1	2	2	-	-	6
ഇല്ലാത്തത്	2	6	5	5	7	7	1

അക്കാഡമിക് സൗകര്യങ്ങളുടെ കാര്യത്തിൽ പല സ്കൂളുകളിലുമുള്ള പിന്നാക്കാവസ്ഥ പട്ടിക 4 വെളിപ്പെടുത്തുന്നു. കമ്പ്യൂട്ടറിന്റെയും ടി. വി. യുടെയും യുഗത്തിൽ കുട്ടികളുടെ ബൗദ്ധിക വളർച്ച ലക്ഷ്യമാക്കി ദൃശ്യ, ശ്രവ്യ ഉപകരണങ്ങൾ അടിയന്തിരമായി സ്കൂളുകൾക്ക് ലഭ്യമാക്കണം.

പട്ടിക 5 ഭൗതിക സാഹചര്യങ്ങൾ

നമ്പർ സ്കൂൾ	ആകെ കുട്ടികൾ	ആകെ അദ്ധ്യാപകർ	മൂത്രപ്പുര	കക്കൂസ്	കുടിവെള്ളം	വൈദ്യുതി
1. ഗവ. എച്ച്. എസ്. തൃക്കൊടിത്താനം	1922	66	3	4	ഉണ്ട്	ഉണ്ട്
2. ഗവ. എൽ. പി. സ്കൂൾ, തൃക്കൊടിത്താനം	535	14	1	1	ഉണ്ട്	ഉണ്ട്
3 ഗവ.എൽ. പി. എസ്. കടമാഞ്ചിറ	236	9	2	ഇല്ല	ഉണ്ട്	ഉണ്ട്
4 പയനിയർ യു. പി. എസ് അയർക്കാട്ടുവയൽ	134	10	1	1	ഉണ്ട്	ഉണ്ട്
5.പി. ആർ. ഡി. എസ്. എൽ. പി. എസ്. അമരപുരം	268	9	1	ഇല്ല	ഉണ്ട്	ഉണ്ട്
6 സെൻറ് സെബാസ്റ്റ്യൻസ് എൽ. പി. എസ്. ചാഞ്ഞോടി	279	8	2	2	ഉണ്ട്	ഉണ്ട്
7.വി. ബി. യു. പി. എസ്. തൃക്കൊടിത്താനം	524	18	2	1	ഉണ്ട്	ഉണ്ട്
ആകെ	3888	134	12	9	-	-

മൂത്രപ്പുര, കക്കൂസ്, മുതലായ പ്രാഥമിക സൗകര്യങ്ങൾ പല സ്കൂളുകളിലും അപര്യാപ്തമാണ് ശരാശരി 324 പേർക്ക് ഒരു മൂത്രപ്പുരയും 432 പേർക്ക് ഒരു കക്കൂസുമാണുള്ളത്. വൈദ്യുതി, കുടിവെള്ളവിതരണം എന്നിവ ഭാഗികമായെങ്കിലും എല്ലാ സ്കൂളുകളിലും ഉണ്ടെങ്കിലും കുടിവെള്ളവിതരണം അപര്യാപ്തമാണ്.ഒരു കക്കൂസുപോലുമില്ലാത്ത രണ്ട് സ്കൂളുകൾ ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നു. കളിസ്ഥലത്തിന്റെ അഭാവം , ഫർണിച്ചറിന്റെ കുറവ്, കെട്ടിടങ്ങളുടെ അപര്യാപ്തത എന്നിവ പഞ്ചായത്തിലെ പല സ്കൂളുകളുടെയും സുഗമമായ നടത്തിപ്പിന് തടസ്സമായി നിൽക്കുന്നു. പല സ്കൂളുകളിലും ആവശ്യത്തിന് ഉപകരണങ്ങൾ ഇല്ലാത്ത അവസ്ഥയാണ് നിലവിലുള്ളത്. വിവിധ സ്കൂളുകളിലായി 178 ഡെസ്ക്കുകളും, 205 ബെഞ്ചും, 42 മേശ, 66 കസേര എന്നിവയുടെ കുറവ് നിലവിലുണ്ട്. സ്കൂളുകളിലെ ഓഫീസ് ആവശ്യങ്ങൾക്ക് ഡ്രോയുള്ള 7 മേശയുടെയും 12 അലമാരയുടെയും 2 ചാരുബഞ്ചിന്റെയും 4 സ്റ്റാൻഡിന്റേയും 12 കസേരയുടെയും 3 വലിയ ഡെസ്ക്കിന്റെയും കുറവ് ചൂണ്ടിക്കാണിക്കപ്പെടുന്നു. ഇവ അടിയന്തിരമായ മുൻഗണനാക്രമത്തിൽ പരിഹരിക്കപ്പെടേണ്ടതാണ്. സ്കൂൾ തിരിച്ചുള്ള വിശദവിവരം ചുവടെ കൊടുത്തിരിക്കുന്ന പട്ടിക(VA) യിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

V A സ്കൂളിന്റെ ആവശ്യമായ ഭൗതിക സൗകര്യങ്ങൾ

നമ്പർ	സ്കൂളിന്റെ പേര്	ഡസ്ക്	ബഞ്ച്	മേശ	കസേര	ബ്ലാക്ക് ബോർഡ്
1	ഗവ. ഹൈസ്ക്കൂൾ, തൃക്കൊടിത്താനം	25	50	10	10	10
2.	ഗവ. എൽ. പി. എസ്. തൃക്കൊടിത്താനം	12	-	-	6	-
3.	ഗവ. എൽ. പി. എസ്. കടമാഞ്ചിറ	5	5	3	5	-
4.	പയനിയർ യു. പി. എസ്. അയർക്കാട്ടുവയൽ	25	25	5	11	-
5.	പി. ആർ. ഡി. എസ്. എൽ. പി. എസ് അമരപുരം	41	15	5	15	-
6.	സെൻറ് സെബാസ്റ്റ്യൻസ് എൽ. പി.എസ്. ചാഞ്ഞോടി	25	5	2	5	
7.	വി. ബി. യു. പി. എസ്. തൃക്കൊടിത്താനം	45	105	17	14	-
	ആകെ	178	205	42	66	10

VB ഓഫീസ് ഫർണിച്ചർ ആവശ്യമുള്ളവ

നമ്പർ	ഡ്രോയുള്ള മേശ	അലമാര	ബഞ്ച്	ചാരു കസേര	വലിയ ഡെസ്ക്	സ്റ്റാൻഡ്
1.	-	2	-	-	-	4
2.	1	-	-	-	-	-
3.	1	-	-	-	-	-
4.	1	1	-	4	-	-
5	5	2	2	5	2	-
6	-	2	-	-	-	-
7	1	3	-	3	1	-
ആകെ	7	12	2	12	3	4

പട്ടിക VI- A (അക്കാദമിക് നിലവാരം)

സ്കൂളുകളിലെ പഠന നിലവാരം താഴുന്നതിനു പിന്നിൽ പല കാരണങ്ങളാണുള്ളത്. കുടുംബത്തിന്റെ സാമ്പത്തിക പിന്നോക്കാവസ്ഥ

പട്ടിക VIB 95-96 ഒന്നാം ടേം പരീക്ഷ

ക്ലാസ്സുകൾ	30% താഴെ മാർക്കറ്റ് ലഭിച്ചവർ	30%ത്തിനും 40 ശതമാനത്തിനും ഇടയിൽമാർക്ക് ലഭിച്ചവർ	40% 50 % നും ഇടയിൽ മാർക്ക് ലഭിച്ചവർ	50 ശതമാനത്തിനും 60 ശതമാനത്തിനും ഇടയിൽ മാർക്കു ലഭിച്ചവർ	ഡിവിഷനുകളുടെ എണ്ണവും മൊത്തം കുട്ടികളുടെ എണ്ണവും	
5	75	60	55	35	25	Dn.250
6	100	75	50	25	24	Dn6.274
7	105	60	55	40	20	Dn.6/280
8	125	75	70	40	48	Dn-6.340
9	150	100	80	50	48	Dn 10.428
10	130	80	70	40	30	Dn. 8.350

പല മുതിർന്ന കുട്ടികളെയും പഠനം നിർത്തുവാൻ നിർബന്ധിതരാക്കുന്നുണ്ട്. മാതാപിതാക്കളുടെ താല്പര്യക്കുറവും അദ്ധ്യയന രീതിയിലെ അശാസ്ത്രീയതയും പഠന നിലവാരം തകരാൻ കാരണമായിട്ടുണ്ട്.

വിദ്യാർത്ഥി സമരങ്ങൾ, ലക്ഷ്യബോധമില്ലായ്മ, ദൃശ്യമാധ്യമങ്ങളുടെ സ്വാധീനം, തെറ്റായ ധാരണകൾ, ശിക്ഷണ രീതികളിൽ വന്നിട്ടുള്ള മാറ്റങ്ങൾ എന്നിവ വിദ്യാർത്ഥികളിലെ അച്ചടക്കബോധത്തെയും കർമ്മശേഷിയേയും പ്രതികൂലമായി ബാധിക്കുന്നു. ട്യൂഷൻ ക്ലാസ്സുകളോടുള്ള മതാപിതാക്കളുടെയും കുട്ടികളുടെയും അമിതഭ്രമവും, ക്ലാസ്സ് റൂം വിദ്യാഭ്യാസത്തെക്കുറിച്ചുള്ള തെറ്റായ ധാരണയും തുടർച്ചയായി ക്ലാസ്സുകൾ അറ്റൻഡ് ചെയ്യുന്നതിൽ നിന്നും കുട്ടികളെ പിന്തിരിപ്പിക്കുന്നു. ലഹരി വസ്തുക്കളുടെ ഉപയോഗം ചില കുട്ടികളിൽ എങ്കിലും മാനസ്സിക അസ്വാസ്ഥ്യങ്ങൾ സൃഷ്ടിക്കാറുണ്ട്. സമൂഹത്തിന്റെ വഴിപിഴച്ച

പോക്കിൽ ആകൃഷ്ടരായി തങ്ങളുടെ ഭാവി വിദ്യാഭ്യാസം ശിഥിലമാക്കുന്ന കുട്ടികളും നേരിയതോതിലുണ്ട്. ഇതിലെല്ലാമുപരിയായി ചില അദ്ധ്യാപകരുടെയെങ്കിലും അശ്രദ്ധയും ആത്മാർത്ഥതക്കുറവും വിദ്യാഭ്യാസ നിലവാരത്തകർച്ചയ്ക്ക് കാരണമാകുന്നുണ്ട്.

വിദ്യാഭ്യാസ മേഖലയുടെ നവോത്ഥാനത്തിനും, നവീകരണത്തിനും ജില്ലാ, ബ്ലോക്ക്, ഗ്രാമ പഞ്ചായത്തുകൾക്ക് അധികാരം കൈമാറിയപ്പോൾ ഈ മേഖലയിലെ പ്രശ്നങ്ങൾ പഠിക്കാനും, പരിഹാരങ്ങൾ ആരായാനും, ഗ്രാമസഭകൾ, സന്നദ്ധ സംഘടനകൾ, വിദ്യാർത്ഥികൾ, അദ്ധ്യാപകർ, സാമൂഹ്യ പ്രവർത്തകർ എന്നിങ്ങനെ സമൂഹത്തിന്റെ എല്ലാ മേഖലയിലും പ്രവർത്തിക്കുന്നവർ മുമ്പോട്ടു വരുന്നത് പ്രതീക്ഷയ്ക്ക് വക നൽകുന്നു.

ഗ്രാമസഭകളുടെയും, അദ്ധ്യാപകരുടെയും സംയുക്ത പ്രവർത്തനഫലമായി വിദ്യാഭ്യാസ മേഖലയാകെ തൊട്ടുണർത്തി ഇവിടെ സമഗ്രമാറ്റത്തിനു സഹായിക്കുന്ന നിർദ്ദേശങ്ങൾ ചുവടെ രേഖപ്പെടുത്തുന്നു.

1. പഞ്ചായത്തിൽ വയോജന വിദ്യാഭ്യാസ കേന്ദ്രങ്ങൾ സ്ഥാപിക്കുക.
2. കടമാഞ്ചിറ ഗവ. എൽ. പി. എസ്. അമര പി. ആർ. ഡി. എസ്. എന്നിവ യു. പി. സ്കൂളായി അപ്ഗ്രേഡു ചെയ്യുക.
3. പഞ്ചായത്ത് കേന്ദ്രീകരിച്ച് ഒരു ഐ. റ്റി. ഐ. ആരംഭിക്കാൻ നടപടികൾ ത്വരിതപ്പെടുത്തുക.
4. പഞ്ചായത്തിലെ ഏക ഗവൺമെൻറ് ഹൈസ്ക്കൂളുമായി ബന്ധപ്പെടുത്തി തൊഴിൽ അധിഷ്ഠിത കോഴ്സുകൾ ആരംഭിയ്ക്കുക.
5. സ്കൂൾ രാഷ്ട്രീയം നിരോധിക്കുക. രാഷ്ട്രീയാടിസ്ഥാനത്തിലുള്ള സ്കൂൾ പാർലമെൻറ് തെരഞ്ഞെടുപ്പ് അവസാനിപ്പിക്കുക.
6. പഞ്ചായത്തിൽ ഒരു ജൂനിയർ ടെക്നിക്കൽ സ്കൂൾ അനുവദിക്കുക.
7. സ്കൂളുകളിലെ ഉച്ചക്കഞ്ഞി വിതരണത്തിനുള്ള ഗ്രാൻറ് വർദ്ധിപ്പിക്കുക.
8. തൃക്കൊടിത്താനം ഗവ. ഹൈസ്ക്കൂൾ ഹയർ സെക്കൻററി സ്കൂളായി ഉയർത്തുക.
9. നിലവിലുള്ള സിലബസ്സ് പരിഷ്ക്കരിക്കുക.
10. സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരെ എല്ലാ സ്കൂളുകളിലും നിയമിക്കുക. അവർക്ക് സിലബസ്സ് നിശ്ചയിക്കുക.
11. സ്കൂൾ ലൈബ്രറി, ലാബറട്ടറി, എന്നിവയുടെ പ്രവർത്തനങ്ങൾ സജീവമാക്കുക.
12. അദ്ധ്യാപക വിദ്യാർത്ഥി അനുപാതം കുറയ്ക്കുക
13. മാതൃകാദ്ധ്യാപകരെ അനുമോദിക്കാനും അംഗീകരിക്കാനും പഞ്ചായത്ത് തലത്തിൽ വേദിയൊരുക്കുക.
14. സ്കൂളുകൾക്കാവശ്യമായ പഠനോപകരണങ്ങൾ യഥാസമയം ലഭ്യമാക്കുക.
15. അദ്ധ്യാപകർക്കാവശ്യമായ ഹാൻറ് ബുക്കുകൾ യഥാസമയം വിതരണം ചെയ്യുക.
16. സ്കൂൾ കോംപ്ലക്സിന്റെ പ്രവർത്തനം സജീവമാക്കുക.
17. പാഠപുസ്തകങ്ങൾ ജൂൺ മാസത്തിൽ തന്നെ പൂർണ്ണമായി വിതരണം ചെയ്യുക. സബ്ജില്ലാ കേന്ദ്രങ്ങളിൽ ടെക്സ്റ്റു ബുക്കു ഡിപ്പോകൾ തുറക്കുക.
18. എല്ലാ പ്രൈമറി സ്കൂളുകളിലും പ്രീ-പ്രൈമറി ആരംഭിക്കുക.
19. കുട്ടികളുടെ ഗ്രാൻറും,സ്കോളർഷിപ്പും വർഷാരംഭത്തിൽതന്നെ വിതരണം ചെയ്യുക.
20. സ്കൂളുകളിലെ റഫറൻസ് പുസ്തകങ്ങളുടെ ശേഖരം മെച്ചപ്പെടുത്തുക.
21. പ്രൈമറി സ്കൂളുകളിൽ , 20 യൂണിറ്റിൽ താഴെ വൈദ്യുതി ഉപയോഗിക്കുന്ന സ്കൂളുകളെ കറൻറു ചാർജിൽ നിന്നും ഒഴിവാക്കുക.
22. ഓരോ രംഗത്തും പ്രാഗത്ഭ്യം തെളിയിക്കുന്ന കുട്ടികൾക്ക് അവാർഡുകൾ ഏർപ്പെടുത്തുക.

മേൽ വിവരിച്ച നിർദ്ദേശങ്ങൾ സമയബന്ധിതമായി നടപ്പാക്കുകയും പോരായ്മകൾ യഥാസമയം വിലയിരുത്തി പരിഹരിക്കുകയും ചെയ്യുന്നതിലൂടെ വിദ്യാഭ്യാസമേഖലയിൽ പുരോഗതി കൈവരിക്കാൻ സാധിക്കും. ■



പൊതുജനാരോഗ്യവും കുടിവെള്ളവും

ശുദ്ധവായു, ശുദ്ധജലം, ശുചിത്വമുള്ള പാർപ്പിടം ഇവ ഒരു ജനതയുടെ ആരോഗ്യകരമായ ജീവിതത്തെ വളരെയധികം സ്വാധീനിക്കുന്ന ഘടകങ്ങളാണ്. കുടിവെള്ളത്തിനായി പഞ്ചായത്തിലെ 90% ആളുകളും കിണറുകളെയാണ് ആശ്രയിക്കുന്നത്. പഞ്ചായത്തിൽ ആകെ 4327 കിണറുകൾ ഉള്ളതിൽ 324 എണ്ണം വെള്ളമില്ലാത്തതാണ്. പഞ്ചായത്തിന്റെ വിസ്തൃതിയുടെ 35% ഭാഗവും രൂക്ഷമായ ജലക്ഷാമം അനുഭവപ്പെടുന്ന പ്രദേശങ്ങളാണ്. കേരളാ വാട്ടർ അതോറിറ്റിയുടെ ജലവിതരണം പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ ഉണ്ടെങ്കിലും ഇത് ജലക്ഷാമത്തിന് പരിഹാരം ആകുന്നില്ല. താലൂക്ക് വാട്ടർ സപ്ലൈ ലൈനിൽ നിന്നാണ് പഞ്ചായത്തിലേക്ക് വെള്ളം തരുന്നത്. ഇവിടെ ഒരു പമ്പ്ഹൗസ് ഉണ്ടെങ്കിലും അത് ദിവസവും പ്രവൃത്തിപ്പിക്കാത്തതുമൂലം പൈപ്പ് കണക്ഷൻ ഉള്ള പ്രദേശത്ത് ആഴ്ചയിൽ രണ്ടു ദിവസം പോലും വെള്ളം കിട്ടുന്നില്ല. പൊതു ടാപ്പുകൾ 140 എണ്ണം ഉണ്ടെങ്കിലും പ്രവർത്തിക്കുന്നത് വളരെ കുറവാണ്. പൈപ്പ് കണക്ഷൻ ഉള്ള വീടുകളുടെ എണ്ണം 628. വിവിധ വാർഡുകളിലായി ആറ് കുഴൽ കിണറുകൾ ഉണ്ടെങ്കിലും 3 എണ്ണം ഉപയോഗശൂന്യമാണ്. പൊതു കിണറുകൾ 16 എണ്ണം ഉണ്ട്. ശുദ്ധജല പദ്ധതികൾ ഒന്നും തന്നെ പഞ്ചായത്തിൽ ഇല്ല.

ശുദ്ധജലസ്രോതസ്സുകൾ

പട്ടിക - 1

കിണറുകൾ				കുഴൽ കിണർ	മൊത്തം കിണർ
പൊതു കിണർ		സ്വകാര്യകിണർ			
ഉപയോഗയോഗ്യം	ഉപയോഗശൂന്യം	ഉപയോഗയോഗ്യം	ഉപയോഗശൂന്യം		
16	1	3981	323	6	4327

കുളങ്ങൾ

കുടിവെള്ള ശേഖരണത്തിന് പൗരാണിക കാലം മുതൽക്കേ എല്ലാ പ്രദേശങ്ങളിലെയും ജനങ്ങൾ കണ്ടെത്തിയിരുന്ന രണ്ടു പ്രധാനമാർഗ്ഗങ്ങളാണ് ഉപരി ജലം ശേഖരിക്കുന്നതിനു വേണ്ടിയുള്ള കുളങ്ങളും, ഭൂഗർ ഭജലം ശേഖരിക്കുന്നതിനുള്ള കിണറുകളു, കുളങ്ങൾക്ക് നമ്മുടെ സംസ്ക്കാരത്തോടുതന്നെ അഭേദ്യമായ ബന്ധ മുണ്ട്. പുരാതന ദേവാലയങ്ങളുടെയും ക്ഷേത്രങ്ങളു ടെയും മോസ്ക്കുകളുടെയും അനുബന്ധമെന്നോണം കുളങ്ങൾ കാണുന്നു. പ്രകൃതിദത്തമായ ഒരു ജല സംഭരണ മാർഗ്ഗമാണ് കുളങ്ങൾ എന്നു പറഞ്ഞാൽ തെറ്റില്ല. പരിസ്ഥിതിയുടെ സന്തുലിതാവസ്ഥയ്ക്ക് ഇത് യാതൊരു കോട്ടവും സൃഷ്ടിക്കുന്നില്ല എന്നതാണ് ഇതിന്റെ ഒരു പ്രത്യേകത. ഉറവകളിൽ നിന്നും മറ്റും ഒഴുകി വരുന്ന ജലം കെട്ടി നിറുത്തുകയാണല്ലോ ചെയ്യുക. വെള്ളം കെട്ടിനിർത്തുന്നതിൽ ജലമലിനീ കരണത്തിന് സാദ്ധ്യതയുണ്ട് എന്നൊരു ദോഷ വശം ഇതിനുണ്ടെന്നതു മറന്നുകൂടാ. എന്നാൽ., തുറസായി കിടക്കുന്നതിനാൽ പ്രകൃതിതന്നെ ശുദ്ധീകരണ ജോലിയും നിർവ്വഹിക്കുന്നു. നമ്മുടെ പഞ്ചായത്തി ലെയും പ്രധാനപ്പെട്ട ഒരു പരമ്പരാഗത ജലശേഖരണമാർ ഗ്ഗമാണ് കുളങ്ങൾ. ഒഴുകി വരുന്ന ജലം തടഞ്ഞു നിർത്തുന്നതിനുള്ള സൗകര്യം അധികമായുള്ള പ്രദേശമല്ല നമ്മുടേത് എന്ന കാരണത്താൽ കുളങ്ങൾ എണ്ണത്തിൽ വളരെ കുറവാണ്. ഈ പഞ്ചായത്തിലെ പ്രധാനപ്പെട്ട പൊതുക്കുളങ്ങളാണ് കൊക്കോട്ടുചിറ ക്കുളം, ആഞ്ഞിലിവേലിക്കുളം, ഉറവക്കുളം തുടങ്ങിയവ

ജലസ്രോതസ്സുകൾ

പട്ടിക - 2

വാർഡ്	പൊതുകുളം	സ്വകാര്യകുളം
1		താമരപ്പറമ്പ് കുളം
2	ഉറവക്കുളം	1 വാർപ്പിടകം ക്ഷേത്രക്കുളം 2 പാമ്പൂരംപാറക്കുളം 3 മൂരിയൻ കുളം
3	-	1 മാലൂർക്കാവ് ക്ഷേത്രക്കുളം 2 അയർക്കാട്ടുവയൽ ക്ഷേത്രക്കുളം 3 പനച്ചിമൂട്ടിൽ കുളം 4 വാരിയത്തുകുളം
4	ഇല്ലത്തുകുളം മനക്കുളം	മണികണ്ഠവയൽക്കുളം
5	-	പാറക്കുളം ഇല്ലത്തുകുളം
6	കൊക്കോട്ടുചിറക്കുളം	ചിറക്കുഴി കുളം
7	-	കാരിമുട്ടം കുളം
8	-	-
9	-	-
10	-	കട്ടത്തറ
11	-	-
12	ആഞ്ഞിലിവേലിക്കുളം	-

ജലവിതരണം - പട്ടിക - 3

പൊതു ടാപ്പുകൾ				ഹൗസ് കണക്ഷൻ
ഉപയോഗമുള്ളത്	ഇല്ലാത്തത്	ആകെ	നീക്കം ചെയ്തത്	
56	48	140	36	628

കുടിവെള്ള പ്രശ്നങ്ങളും പരിഹാര നിർദ്ദേശങ്ങളും

വാർഡ് 1

സന്തോഷ് ക്ലബ് പരിസര പ്രദേശത്തും, ചെറുവേലിപ്പറമ്പ് കോളനിപ്രദേശത്തും കിണറുകളിൽ ചെളി നിറയുന്നതിനാൽ (പാടത്തിനോടു ചേർന്ന പ്രദേശങ്ങൾ) കുടിവെള്ള പ്രശ്നം രൂക്ഷമാണ്. K. W. A. പൈപ്പുലൈൻ വലിച്ച് പരിഹരിക്കാവുന്നതാണ്.

1. സന്തോഷ് ക്ലബ് ഭാഗം K. W. A. പൈപ്പ് ലൈൻ 100 മീറ്റർ
2. ചെറുവേലി പറമ്പ് K. W. A. പൈപ്പ് ലൈൻ 100 മീറ്റർ

വാർഡ് -2

1. കടമാൻചിറയിലേയ്ക്ക് ടൗൺ ലൈനിൽ നിന്നും 500 മീറ്റർ നീട്ടി K. W. A. പൈപ്പ് ലൈൻ സ്ഥാപിക്കുക.
2. മുല്ലശ്ശേരി ഭാഗത്ത് 160 മീറ്റർ പൈപ്പ് ലൈൻ നീട്ടുക.
3. കല്ലുകളം ഭാഗത്ത് 100 മീറ്റർ പൈപ്പ് ലൈൻ നീട്ടുക.

വാർഡ് 3

കരിങ്ങണാ മറ്റം പടി ഭാഗത്തും ചേരിക്കൽ മൈദാ ഫാക്ടറി ഭാഗത്തും ചേരിക്കൽ സെറ്റിൽ മെൻറു കോളനിയിലും പൈപ്പുലൈൻ സ്ഥാപിക്കുകയും കടമാൻചിറ ഭാഗത്ത് കുഴൽ കിണർ സ്ഥാപിക്കുകയും ചെയ്ത് കുടിവെള്ള ക്ഷാമം പരിഹരിക്കുക.

1. കരങ്ങണാ മറ്റം ഭാഗം - 500 മീറ്റർ പൈപ്പുലൈൻ
2 ചേരിക്കൽ മൈദാ ഫാക്ടറി - 1000 മീറ്റർ പൈപ്പുലൈൻ
3 ചേരിക്കൽ സെറ്റിൽ മെൻറ് കോളനി ഭാഗം 500 മീറ്റർ പൈപ്പുലൈൻ
4 കടമാൻചിറയിൽ കുഴൽ കിണർ - 1

വാർഡ് 4

1. കുരിശിങ്കൽ പടിയിൽ നിന്ന് മണികണ്ഠവയലിലേയ്ക്ക് 500 മീറ്റർ പൈപ്പ് ലൈൻ സ്ഥാപിക്കുക.
2. പുലിക്കോട്ടു പാണാട്ടിൽ നിന്നും മാങ്കാലാപാടത്തേയ്ക്ക് - 300 മീറ്റർ
3. ബംഗ്ലാവു പടിയിൽ നിന്നും ശാസ്താംകോവിക്കൽ - 500 മീറ്റർ

വാർഡ് 5

കൊക്കോട്ടു ചിറക്കുളം വൃത്തിയാക്കിയും ആഴം കൂട്ടിയും ശുദ്ധിചെയ്ത് പഞ്ചായത്ത് കോമ്പൗണ്ടിലും പള്ളി കോമ്പൗണ്ടിലുമുള്ള ടാങ്കിൽ എത്തിച്ച് വിതരണം ചെയ്താൽ ഉയർന്ന പ്രദേശത്തു വെള്ളം എത്തിക്കാൻ സാധിക്കും. 1. കുറ്റിക്കാട്ടുഭാഗത്തും ചാപ്രത്തു പടിഭാഗത്തും, കുറ്റിക്കാട്ടു കോളനി ഭാഗത്തും, വലിയ വീട്ടിൽ പടി വടക്കുഭാഗത്തും, ചാപ്രം മുണ്ടയ്ക്കൽ ഭാഗത്തും വാട്ടർ ടാപ്പ് സ്ഥാപിക്കുക.

2. വേടംപറമ്പിൽ ഭാഗത്തും, പാറക്കുളം ചക്രായത്തിൽ കുന്നുഭാഗത്തും കുഴൽ കിണറുകൾ സ്ഥാപിച്ച് കുടിവെള്ളക്ഷാമം പരിഹരിക്കുക.

വാർഡ് 6

1. പാടത്തുംകുഴി ഹരിജൻ കോളനി - 500 മീറ്റർ
2. കോലേട്ടുപടി - പാടത്തും കുഴിറോഡിൽ 150 മീറ്റർ
3. കുന്നും പുറത്തിന് വടക്ക് മഠം ഭാഗത്തുകിഴക്ക് 200 മീറ്റർ

4. പള്ളിപ്പടി വാണിയപ്പുരയ്ക്കൽ റോഡിൽ 150 മീറ്റർ

വാർഡ് 7

1. ചെമ്പും പുറം ഭാഗത്ത് പമ്പ് ഹൗസ് സ്ഥാപിക്കുക.
2. ചാഞ്ഞോടി കുരിശും പടിമുതൽ മുട്ടത്തുപടി വരെ K. W. A. 700 മീറ്റർ പൈപ്പ് ലൈൻ സ്ഥാപിക്കുക
3. പഴയചിറ ഭാഗത്തുള്ള പൈപ്പ് ലൈൻ സെറ്റിൽമെൻറ് കോളനിവരെ നീട്ടി സ്ഥാപിക്കുക.
4. കോട്ടമുറിക്ക് കിഴക്കു ഭാഗം ചാഞ്ഞോടി പള്ളിപ്പടി വരെയുള്ള ടാപ്പുകളിൽ വെള്ളം എത്തിച്ചു തരിക.

വാർഡ് - 8

ഈ വാർഡ് പൊതുവേ വളരെ രൂക്ഷമായ ജല ക്ഷാമം അനുഭവപ്പെടുന്ന പ്രദേശമാണ്. 8-ഉം 9-ഉം വാർഡുകൾ ഉൾപ്പെടുന്ന അമര പ്രദേശം.

8-ാം വാർഡിൽ - അമര ഈട്ടിക്കൽ ഭാഗത്ത് 100 മീറ്റർ പൈപ്പുലൈൻ നിർമ്മിക്കണം.

അമര - എട്ടുകെട്ടി ഭാഗത്ത് 200 മീറ്റർ പൈപ്പുലൈൻ സ്ഥാപിക്കുക

അമര - പ്ലാന്തോട്ടം അംഗൻ വാടി പ്രദേശത്ത് ഒരു പൊതു ടാപ്പ് അനുവദിക്കണം. കൂടാതെ അനുവദിച്ചിട്ടുള്ളതും ഇപ്പോൾ പ്രവർത്തന രഹിതവുമായ 15 ഓളം ടാപ്പുകൾ പുന:സ്ഥാപിക്കുക.

അമരക്കുന്നു ഭാഗത്ത് പി. ആർ. ഡി. എസ്. മന്ദിരത്തിനോടനുബന്ധിച്ച് ഏകദേശം 400 മീറ്റർ പൈപ്പ് ലൈൻ വലിക്കുകയും ഒരു പൊതു ടാപ്പ് അനുവദിക്കുകയും ചെയ്യേണ്ടതാണ്.

ജലം കൂടുതൽ ലഭ്യമാകുന്ന മാറാട്ടു കുളം ഭാഗത്തു കുളം നിർമ്മിച്ച് പമ്പിംഗം നടത്തിയാൽ മുഴുവൻ ഏരിയായിലും ജലം നൽകാവുന്നതാണ്.

വാർഡ് -9

ജലക്ഷാമം അനുഭവപ്പെടുന്ന ഒരു വാർഡാണ് 9-ാം വാർഡ്

1. മാറാട്ടു കുളം ഭാഗത്ത് 500 മീറ്റർ പൈപ്പ് ലൈൻ അനുവദിക്കുക.
2. പാലകുളം - പാലമൂട് റോഡിൽ 500 മീറ്റർ പൈപ്പ് ലൈൻ
3. ഈ വാർഡിൽ അനുവദിച്ചിരിക്കുന്ന ടാപ്പുകളിൽ ഏതാണ്ട് 10 ഓളം ടാപ്പുകൾ നഷ്ടമായിരിക്കുകയാണ് ഇവ പുന: സ്ഥാപിക്കുക.
4. വാർഡിൽ സ്ഥാപിച്ചിരിക്കുന്ന കുഴൽ കിണറുകൾ പ്രവർത്തന രഹിതമാണ്. ഇവ പ്രവർത്തനശേഷിയുള്ളതാക്കണം.

ജലക്ഷാമം പരിഹരിക്കുന്നതിനായി മാറാട്ടുകുളം ഭാഗത്ത് കുളം നിർമ്മിച്ച് ജലം പമ്പ് ചെയ്താൽ കുടി വെള്ളക്ഷാമത്തിന് പരിഹാരമാകും.

വാർഡ് 10

മണിമുറി ഭാഗത്ത് കുടിവെള്ളക്ഷാമം രൂക്ഷമായതിനാൽ നമ്പ്യാണത്തു ഭാഗത്ത് ഒരു പൊതു കിണർ കുഴിക്കുക. മാളികപ്പടി - എഴുവന്താനം റോഡിൽ പള്ളിപ്പറമ്പ് പടിയിൽ നിന്നും പടിഞ്ഞാറു ഭാഗത്തേക്ക് 250 മീറ്റർ പൈപ്പ് ലൈൻ സ്ഥാപിച്ച് ആവശ്യമായ ടാപ്പ് സ്ഥാപിക്കുക.

വാർഡ് 11

ഈ വാർഡിൽ കുടിവെള്ളക്ഷാമം കൂടുതലായി അനുഭവപ്പെടുന്നു.

1. കിളിമല ഹൗസിംഗ് കോളനിയിൽ - 500 മീറ്റർ. പൈപ്പുലൈൻ സ്ഥാപിക്കുക.
2. കിളിമല അംഗൻ വാടിയിൽ ഒരു ടാപ്പ് സ്ഥാപിക്കണം. കിളിമല ഭാഗത്തുള്ള ടാങ്ക് ഉപയോഗശൂന്യമായി കിടക്കുകയാണ്. അത് വൃത്തിയാക്കി ഉപയോഗപ്രദമാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുക.
3. പഞ്ചായത്തുപടി - ഹൈസ്ക്കൂൾ പടി 200 മീറ്റർ പൈപ്പ് ലൈൻ സ്ഥാപിക്കുക.

വാർഡ് 13

1 ആരമല പട്ടികജാതി - വിഭാഗങ്ങൾ തിങ്ങിപ്പാർക്കുന്ന പ്രദേശം പൈപ്പുലൈൻ ഇടുക
2. ആരമല - ജമാ അത്ത് - കിളിമല റോഡിൽ കിഴക്കേ വാഴയിൽ ഭാഗം പൈപ്പു ടാപ്പ് ഇടുക.
3. വേഷ്ണാൽ ഭാഗം - പൈപ്പ് ലൈൻ വലിച്ച് ടാപ്പ് സ്ഥാപിക്കുക.
4. കിളിമല - തടത്തിൽ ഭാഗം ലൈൻ വലിച്ച് ടാപ്പ് ഇടുക.
5. ആഞ്ഞിലിവേലി കുളത്തിന് പടിഞ്ഞാറ് പൈപ്പു ലൈൻ വലിച്ച് ടാപ്പു സ്ഥാപിക്കുക.

6. അംഗൻ വാടി ഭാഗം - കിളിമല പൈപ്പ് ലൈൻ വലിച്ച് ടാപ്പ് ഇടുക.
7. ആരമല - താഴത്തുപറമ്പ് റോഡിൽ 300 മീറ്റർ പൈപ്പു ലൈൻ സ്ഥാപിക്കുക.

നിർദ്ദേശങ്ങളും പരിഹാരങ്ങളും

പഞ്ചായത്തിന്റെ ഹൃദയ ഭാഗത്ത് സ്ഥിതി ചെയ്യുന്ന 8.64 ഏക്കർ വിസ്തീർണ്ണമുള്ള വിശാല മായ കോക്കോട്ടുചിറ കുളം (പഞ്ചായത്തുവക) വൃത്തിയാക്കി ബണ്ട് ഉയർത്തിക്കെട്ടി ചുറ്റുമതിൽ കെട്ടിയും, ചെളിയും, പായലും വാരിയും വൃത്തി യാക്കി വെള്ളം ശുദ്ധമാക്കി പമ്പ്ചെയ്ത് കുന്നും പുറത്തുള്ള പള്ളിക്കോമ്പൗണ്ടിലുള്ള ടാങ്കിൽ എത്തിച്ചാൽ ഏതാണ്ട് ഉയർന്ന പ്രദേശങ്ങളിലെ ജലക്ഷാമം പരിപൂർണ്ണമായി പരിഹരിക്കാൻ സാ ധിക്കും.

2. പാഞ്ചയത്തിൽ ഉയർന്ന പ്രദേശങ്ങളിൽ നീർക്കു ഴികൾ കുഴിച്ചും ചെരുവുകളിൽ കയ്യാലകെട്ടിയും വെള്ളം പുരയിടങ്ങളിൽ കെട്ടി നിർത്തുക.
3. ഇതിനുള്ള ബോധവത്ക്കരണ പരിപാടികൾ സംഘടിപ്പിക്കുക.
4. നീർമറി പ്രദേശത്തുള്ള കർഷകർക്ക് കയ്യാലകളും ബണ്ടുകളും നിർമ്മിക്കാൻ ധനസഹായം നൽകുക.
5. സഹകാര്യകുളങ്ങൾ സന്നദ്ധപ്രവർത്തകരുടെയും, പഞ്ചായത്തിന്റെയും സഹായത്തോടെ വൃത്തി യാക്കി ആഴം വർദ്ധിപ്പിച്ചാൽ സമീപ വാസികൾക്ക് ജലക്ഷാമം പരിഹരിക്കാം.
6. കിണറുകൾ കുഴിക്കുന്നതിനുള്ള ധന സഹായം ഭൂമിയുടെ പരിധിയെ ആധാരമാക്കാതെ താണവരു മാനക്കാർക്ക് ഗവണ്മെൻറിൽ നിന്നും നൽകുക.
7. രൂക്ഷമായ ജലക്ഷാമമുള്ള പ്രദേശങ്ങളിലേയ്ക്ക് K. W. A. യുടെ പൈപ്പ് ലൈൻ നീട്ടുക. ആവശ്യം ഉള്ള സ്ഥലങ്ങളിൽ വാട്ടർ ടാങ്ക് , പമ്പ് ഹൗസ് എന്നിവ സ്ഥാപിക്കുക.

❋❋❋❋❋❋❋❋❋❋❋
❋❋❋❋❋❋❋❋❋❋
❋❋❋❋❋❋❋❋❋
❋❋❋❋❋❋❋
❋❋❋

പൊതുജനാരോഗ്യം

ഒരു രാഷ്ട്രത്തിന്റെ ഏറ്റവും വലിയ സമ്പത്ത് അവിടുത്തെ ജനങ്ങളാണല്ലോ. മനുഷ്യന്റെ സുസ്ഥിതിയുടെ ഏറ്റവും പ്രധാന ഘടകം അവന്റെ ആരോഗ്യമാണ്. വൈദ്യശാസ്ത്രരംഗത്തും ആരോഗ്യ പരിപാലന രംഗത്തും ഭാരതത്തിന് ഉജ്ജ്വലമായ ഒരു ഭൂതകാല ചരിത്രമാണുള്ളത്. വളരെ പ്രാചീനമായ ഒരു സാംസ്ക്കാരിക പൈതൃകം ഉള്ള തൃക്കൊടിത്താനത്തിനും ഈ ഒരു പാരമ്പര്യം ഉണ്ട്. ശാസ്ത്രീയമായ ചികിത്സാസമ്പ്രദായം പഴയ കാലം മുതൽ ഇവിടെ നിലനിന്നിരുന്നുവെങ്കിലും ഇവയെല്ലാം കൊട്ടാരവളപ്പുകളിൽ മാത്രം ഒതുങ്ങിനിന്നിരുന്നു. വൈദ്യശാസ്ത്രത്തിന്റെ നേട്ടങ്ങൾ ജന മദ്ധ്യത്തിലേയ്ക്ക് ഇറക്കിക്കൊണ്ടുവരാൻ കഴിഞ്ഞത് സ്വതന്ത്രഭാരതം പഞ്ചവത്സര പദ്ധതികളിൽക്കൂടിയുള്ള പുരോഗതി നടപ്പിലാക്കുവാൻ ശ്രമിച്ചതിനുശേഷം മാത്രമാണ്. ഒരു പഞ്ചായത്തിന് ഒരു പ്രാഥമിക ആരോഗ്യ കേന്ദ്രം എന്നുള്ള നയം ആവഷ്ക്കരിച്ചതോടുകൂടി താഴെക്കിടയിലുള്ള ഗ്രാമീണ ജനങ്ങൾക്ക് തങ്ങളുടെ ആരോഗ്യപരിപാലനത്തിൽ ഒരു വലിയ നേട്ടം കൈവരിക്കാൻ സാധിച്ചിട്ടുണ്ട്.

ജന പങ്കാളിത്തം

എന്നിരുന്നാലും പദ്ധതികളും, നടത്തിപ്പിൽ താഴേക്കിടയിലുള്ള ജനങ്ങളുടെ സജീവമായ പങ്കാളിത്തത്തിന്റെ അഭാവവും, ജനസംഖ്യയുടെ അഭൂതപൂർവ്വമായ വർദ്ധനവും കാരണം രാഷ്ട്രം വൈദ്യശാസ്ത്രരംഗത്തു കൈവരിച്ച പുരോഗതി അതിന്റെ യഥാർത്ഥ അളവിൽ സാമാന്യജനങ്ങൾക്ക് അനുഭവിക്കുവാൻ കഴിയാതെ വന്നിട്ടുണ്ട്. അതുകൊണ്ടാണ് ഒമ്പതാം പഞ്ചവത്സര പദ്ധതി കൂടുതൽ ജനകീയമാക്കുവാൻ ഗവൺമെൻറ് തീരുമാനിച്ചത്. അതുകൊണ്ടുതന്നെ പഞ്ചവത്സരപദ്ധതിയുടെ നടത്തിപ്പിനെക്കുറിച്ച് സാമാന്യജനങ്ങളെ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ചർച്ചകളും ത്രിതല പഞ്ചായത്ത് സംവിധാനവും നമ്മുടെ പുരോഗതിയുടെ ചരിത്രത്തിൽ തങ്കലിപികളിൽ രേഖപ്പെടുത്തുകതന്നെ ചെയ്യും.

ആരോഗ്യപരിപാലനത്തിന്റെ ആവശ്യം

ഒരു കാലത്ത് കൃഷിയുടേയും വ്യവസായത്തിന്റേയും അഭിവൃദ്ധി മാത്രമായിരുന്നു ഒരു രാഷ്ട്ര

ത്തിന്റെ പുരോഗതിയുടെ അളവുകോലായി എടുത്തിരുന്നത്. ഇന്ന് പുരോഗതി കണക്കാക്കുമ്പോൾ ആരോഗ്യപരിപാലനം കൂടി ഉൾക്കൊള്ളുന്ന സേവന മേഖലയുടെ പ്രവർത്തനം ഏറ്റവും വലിയ പ്രാധാന്യത്തോടുകൂടി വീക്ഷിക്കപ്പെടുകയാണ്. കാരണം ആരോഗ്യമാണ് ഏറ്റവും വലിയ സമ്പത്ത്. അതുകൊണ്ടാണ് സമൂഹത്തിന്റെ പൊതുവായ ആരോഗ്യത്തെ ദോഷകരമായി ബാധിക്കുന്ന, പരിസ്ഥിതിയുടെ സന്തുലിതാവസ്ഥയെ അട്ടിമറിക്കുന്ന അനിയന്ത്രിതമായ വ്യവസായ വളർച്ചക്ക് നമ്മുടെ ബഹുമാനപ്പെട്ട കോടതികൾ ഈ അടുത്തകാലത്ത് വിലക്കുകൾ ഏർപ്പെടുത്തിയത്. നമ്മുടെ ആരോഗ്യപരിപാലനത്തിന് വളരെയധികം പ്രാധാന്യം അതുകൊണ്ടുതന്നെ കൈവന്നിരിക്കുകയാണ്.

ശാസ്ത്രീയമായ ജീവിത ശൈലി

നമ്മുടെ ആരോഗ്യ പരിപാലനത്തിന്റെ ശാസ്ത്രീയവും കാർഷികവുമായ പ്രവർത്തനത്തിന് മൂന്ന് പ്രധാന ഘടകങ്ങളുടെ സംയോജിതപ്രവർത്തനം വളരെ അത്യാവശ്യമായ ഒരു കാര്യമാണ്. ഒന്ന്: വൈദ്യശാസ്ത്രത്തെ സംബന്ധിച്ച ശാസ്ത്രീയവും പ്രായോഗികവുമായ പരിജ്ഞാനം സിദ്ധിച്ച അർപ്പണബോധമുള്ള ആളുകളുടെ ലഭ്യത. രണ്ട്: എല്ലാവിധ ആധുനിക സജ്ജീകരണങ്ങളോടും കൂടിയ ആശുപത്രികളുടെ ലഭ്യത. മൂന്ന്: ആരോഗ്യപരിപാലനത്തെക്കുറിച്ച് ബോധവാന്മാരായ ഒരു സമൂഹത്തിന്റെ ആവശ്യകത ഇവയിൽ മൂന്നാമത്തേതിനാണ് കൂടുതൽ പ്രസക്തി. ഉദാഹരണത്തിന് ഈ നൂറ്റാണ്ടിലെ ഏറ്റവും വലിയ മാരക രോഗങ്ങളിലൊന്നായ എയിഡ്സിന് യാതൊരു മരുന്നും കണ്ടുപിടിച്ചിട്ടില്ല. എന്നാൽ അച്ചടക്കത്തോടുകൂടിയ ഒരു സമൂഹത്തിൽ ഈ രോഗത്തിൽ നിന്നുള്ള ഭീഷണി വളരെ വളരെ കുറവായിരിക്കും. നമ്മുടെ പഞ്ചായത്തിലെ ആരോഗ്യ പ്രവർത്തനത്തെ ഇതിന്റെ അടിസ്ഥാനത്തിൽ വേണം വിലയിരുത്തുവാൻ.

ലഭ്യമായ ചികിത്സാ സമ്പ്രദായങ്ങൾ

അലോപ്പതി, ആയുർവേദം, ഹോമിയോപ്പതി, പാരമ്പര്യവൈദ്യം, യുനാനി മുതലായ ചികിത്സാസമ്പ്രദായങ്ങൾ നമ്മുടെ പഞ്ചായത്തിൽ നിലവിലുണ്ട്. ഇവയിൽ ഗവൺമെൻറ് ആശുപത്രികളായിട്ട് കോട്ടമുറിയിലുള്ള പ്രാഥമികാരോഗ്യകേന്ദ്രവും, കോക്കോട്ടുചിറയിലുള്ള ഹോമിയോ ആശുപത്രിയും മാത്രമാണുള്ളത്. കോട്ടമുറി പ്രാഥമിക ആഗോര്യകേന്ദ്രത്തിന്റെ കീഴിൽ അമര, കൊടിനാട്ടുകുന്ന് ചക്രായത്തിക്കുന്ന് എന്നീ സ്ഥലങ്ങളിൽ മൂന്നു മാതൃശിശു സംരക്ഷണ കേന്ദ്രങ്ങളും പ്രവർത്തിക്കുന്നുണ്ട്.

തൃക്കൊടിത്താനം പഞ്ചായത്ത് ആരോഗ്യസ്ഥിതി വിവരങ്ങൾ

1.	ആകെ വീടുകൾ	-	72221
	a) കോൺക്രീറ്റ്	-	2414
	b) ഓടിട്ടത്	-	4149
	c) കുടിൽ	-	658
2.	കുടിവെള്ള സ്രോതസ്സ്		
	a) സാധാരണ കിണർ	-	4321
	b) കുളം	-	2
	c) പൈപ്പ് (പൊതു ടാപ്പ്)	-	108
	d) ഹൗസ് കണക്ഷൻ (പൈപ്പ്)	-	628

കുട്ടികളുടെ ആരോഗ്യ പോഷണനിലവാരം

പ്രായം	നോർമൽ		1-ാം ഗ്രേഡ്		2-ാം ഗ്രേഡ്		3 -ാം ഗ്രേഡ്	
1 വയസ്സിൽ താഴെ	139	135	79	72	5	4	ഇല്ല	ഇല്ല
1-3 വയസ്സ്	250	222	176	185	42	333	ഇല്ല	ഇല്ല
3-6 വയസ്സ്	362	310	199	171	45	55	ഇല്ല	ഇല്ല

1-ാം ഗ്രേഡ് - ലഘുവായ പോഷണക്കുറവുള്ളവർ

2-ാം ഗ്രേഡ് - മിതമായ പോഷണക്കുറവുള്ളവർ

3-ാം ഗ്രേഡ് - ഗുരുതരമായ പോഷകക്കുറവുള്ളവർ

കുട്ടികളുടെയും ഗർഭിണികളുടെയും പ്രതിരോധ കുത്തിവെയ്പ്

കുട്ടികൾ — ബി.സി.ജി. — ഡി. പി. റ്റി. — പോളിയോ — ഡി.റ്റി

	1D	2D	3D	BD	1D	2D	3D	BD	1D	2D	3D	BD	B.C
1 വയസ്സിൽ താഴെ	412	350	341	311	-	350	341	311	-	-	-	-	282
1-3വയസ്സ്	ഇല്ല	-	-	-	256	-	-	-	256	41	16	-	-
3-6വയസ്സ്	-	-	-	-	-	-	-	-	-	-	-	-	190

ടൈറ്റസ് ടോക്സോയിഡ് (TT)

ഗർഭിണികൾ	ID	2D	BD
	176	150	-

ഇരുമ്പ്/ഫോളിക്ക് ആസിഡ് ഗുളികകൾ ലഭിച്ച ഗർഭിണിളുടെ എണ്ണം - 176

ഇരുമ്പ് / ഫോളിക്ക് ആസിഡ് ഗുളികകൾ ലഭിച്ച കുട്ടികളുടെ എണ്ണം - 1400

വികലാംഗ സർവ്വേ ലിസ്റ്റ് - അംഗൻ വാടിയിൽ നിന്നും ലഭിച്ചത്.

ആംഗവൈകല്യമുള്ളവർ				മന്ദബുദ്ധികളുടെ എണ്ണം			
a)	അന്ധൻ	-	23	a)	0-5	-	1
b)	ബധിരമൂകർ	-	62	b)	6-10	-	3
c)	ചലന വൈകല്യമുള്ളവർ	-	121	c)	11-15	-	ഇല്ല
	ആകെ	-	206	d)	16ന് മേൽ	-	37

ക്ഷയരോഗികൾ

ആകെ എണ്ണം - 10 (P. H. C യിൽ റിപ്പോർട്ട് ചെയ്തിട്ടുള്ളത് - 5)

ജനസംഖ്യകൾ		-	31224
a)	പുരുഷന്മാർ	-	12535
b)	സ്ത്രീകൾ	-	13044
c)	കുട്ടികൾ	-	5645

ശുചീകരണത്തിന് പഞ്ചായത്തിലുള്ള ജീവനക്കാർ - 1

പഞ്ചായത്തിലെ സർക്കാർ ആരോഗ്യകേന്ദ്രങ്ങളും അവയുടെ 1993 - 94 ലെ പ്രവർത്തന റിപ്പോർട്ടും

1. പ്രാഥമിക ആരോഗ്യകേന്ദ്രം കോട്ടമുറി തൃക്കൊടിത്താനം ഗ്രാമപഞ്ചായത്ത് സ്ഥാപന വിവരങ്ങൾ

ക്രമ നമ്പർ	സ്ഥാപനത്തിന്റെ പേര്	വാർഡ്	കെട്ടിടം	ഉദ്യോഗസ്ഥരുടെ എണ്ണം	സ്ഥാപിച്ച വർഷം	സ്ഥാപനപരമായ പ്രശ്നങ്ങൾ
1	പി. എച്ച് . സി. കോട്ടമുറി	10	പഞ്ചായത്ത് വക	11 (സബ്സെന്ററുകൾ ഉൾപ്പെടെ)	ജി. ആർ. ഡി. 11-9-1972 പി. എച്ച്. സി. 1984	രോഗികളെ കിടത്തി ചികിത്സിക്കുവാൻ സൗകര്യമില്ല. സ്ഥിരമായി ഡോക്ടർ ഇല്ല. സ്റ്റാഫ് കുറവ്, ഫർണിച്ചർ ആവശ്യത്തിന് ഇല്ല. സ്വന്തമായി കെട്ടിടം ഇല്ല. ആഴ്ചയിൽ ഒരു ദിവസം മാത്രമേ പ്രവർത്തനം ഉള്ളൂ ആവശ്യത്തിന് വെള്ളം ഇല്ല.
2	സബ്സെൻറർ	3	വാടക			
3	സബ് സെൻറർ	4	വാടക			
4	സബ്സെൻറർ	9	വാടക			

പി. എച്ച്. സി. കോട്ടമുറി - പകർച്ചവ്യാധി വിവരങ്ങൾ

വർഷം	ജലജന്യരോഗങ്ങൾ	വായുജന്യരോഗങ്ങൾ	പ്രാണിജന്യ രോഗങ്ങൾ	മറ്റുള്ളവ
1993-94	330	510	4	10
1994-95	289	498	5	15
1995-96	356	541	6	20

പി. എച്ച്. സി. കോട്ടമുറി മറ്റു രോഗങ്ങൾ - രോഗങ്ങൾ സംബന്ധിച്ച വിവരം - പ്രതിവർഷം (എണ്ണം)

വർഷം	ഇൻപേഷ്യൻറ് എണ്ണം	ഔട്ട് പേഷ്യൻറ് എണ്ണം	തൊക്ക് രോഗം	വാതരോഗം (എല്ലാ വിഭാഗവും)	പകർച്ച വ്യാധികൾ	വിഷ ചികിത്സ (പാമ്പുകടി..)	മറ്റുള്ള രോഗങ്ങൾ	ആകെ
92-93	ഇല്ല	19700	2000	5000	800	ഇല്ല	11900	19700
93-94	ഇല്ല	20536	2050	6000	854	ഇല്ല	11632	20536
94-95	ഇല്ല	21616	2100	6500	807	ഇല്ല	12209	21616
95-96	ഇല്ല	23240	2900	7100	923	ഇല്ല	12317	23240

2. ഗവ. ഹോമിയോ ഡിസ്പൻസറി കൊക്കോട്ടുചിറ, തൃക്കൊടിത്താനം ഗ്രാമ പഞ്ചായത്ത് സ്ഥാപനവിവരങ്ങൾ

സ്ഥാപനത്തിന്റെ പേര്	വാർഡ്	കെട്ടിടം	ഉദ്യോഗസ്ഥരുടെ എണ്ണം	സ്ഥാപിച്ച വർഷം	സ്ഥാപനപരമായ പ്രശ്നങ്ങൾ
ഗവ: ഹോമിയോ ഡിസ്പൻസറി കൊക്കോട്ടുചിറ	10	പഞ്ചായത്ത് വക	4	1992-93	സ്വന്തമായി കെട്ടിടമില്ല വാട്ടർ സപ്ലൈ ഇല്ല ആവശ്യത്തിനുള്ള -ഫർണിച്ചർ ഇല്ല

വർഷം	ഇൻപേഷ്യന്റ് എണ്ണം	ഔട്ട് പേഷ്യന്റ് എണ്ണം	തൃക്ക് രോഗം	വാതരോഗം (എല്ലാ വിഭാഗവും)	പകർച്ച വ്യാധികൾ	മറ്റുള്ളവ	മറ്റുള്ള രോഗങ്ങൾ	ആകെ
92-93	ഇല്ല	10100	3000	5000	4000	ചെങ്കണ്ണ്,	7000	19100
93-94	ഇല്ല	24228	4228	6000	5000	അഞ്ചാംപനി,	9000	24228
94-95	ഇല്ല	22110	3100	6010	4000	ചിക്കൻ പോക്സ്,	9000	22110
95-96	ഇല്ല	21379	2379	3000	2200	കരപ്പൻ	7000	21379
							6800	
							(മെനിഞ്ചൈറ്റിസ് പ്രതിരോധ മരുന്ന് നല്കിയവർ)	

പഞ്ചായത്തിലെ മറ്റ് സ്വകാര്യ ആരോഗ്യ സ്ഥാപനങ്ങൾ

വാർഡ്	സ്വകാര്യ സ്ഥാപനങ്ങൾ
1	യൂനാനി ചികിത്സാ കേന്ദ്രം
2	ഹോമിയോ ഡിസ്പൻസറി
5	ഡിസ്പൻസറി അലോപ്പതി
6	വിഷ വൈദ്യശാല, ഹോമിയോ ഡിസ്പൻസറി
7	ഡിസ്പൻസറി
8	ആയുർവ്വേദ ഡിസ്പൻസറി
11	ഡിസ്പൻസറി
12	ഹോമിയോ ക്ലിനിക്ക്

ഇത്രയേറെ സ്ഥാപനങ്ങൾ ഈ രംഗത്ത് പ്രവർത്തിക്കുന്നുണ്ടെങ്കിലും പഞ്ചായത്തിന്റെ പൊതുവായ ആരോഗ്യസ്ഥിതിയിൽ ഇതിനനുസൃതമായുള്ള ഗുണപരമായ വ്യതിയാനം കാണുന്നില്ല എന്നാണ് സ്ഥിതിവിവരക്കണക്കുകൾ കാണിക്കുന്നത്. പഞ്ചായത്തിൽ കിടത്തി ചികിത്സാ സൗകര്യമുള്ള ആശുപത്രികളില്ല. കോട്ടമുറിയിലുള്ള പ്രാഥമിക ആരോഗ്യകേന്ദ്രത്തിൽ രോഗികളെ കിടത്തി ചികിത്സിക്കാൻ സൗകര്യം ഉണ്ടാക്കേണ്ടതാണ്. നമ്മുടെ പ്രാഥമികാരോഗ്യകേന്ദ്രം, പേരു സൂചിപ്പിക്കുന്നതുപോലെ തന്നെ പ്രാഥമിക ചികിത്സാ സൗകര്യങ്ങൾ മാത്രമുള്ള ചെറിയ ഒരു സ്ഥാപനമാണ്. സമഗ്രവും കൂടുതൽ ശാസ്ത്രീയവുമായ ചികിത്സയ്ക്ക് സമീപ പട്ടണത്തിലുള്ള താലൂക്കാശുപത്രി, ജില്ലാ ആശുപത്രി മറ്റു സ്വകാര്യ ആശുപത്രികൾ എന്നിവിടങ്ങളിലേയ്ക്ക് പോകേണ്ടതായിട്ടുണ്ട്. ഗവൺമെൻറിന്റെ സാമ്പത്തികശേഷിക്ക് വിധേയമായിട്ടാണ് ഈ പ്രാഥമികാരോഗ്യകേന്ദ്രം പ്രവർത്തിക്കുന്നത്. അതുകൊണ്ടുതന്നെ അതിന്റെ വികസനവും ഗവൺമെൻറിന്റെ സാമ്പത്തികശേഷിയെ ആശ്രയിച്ചിരിക്കുന്നു. ഈ പരിമിതികളിൽനിന്നു കൊണ്ടുവേണം ഈ പഞ്ചായത്തിലെ 31000 ൽ ഏറെ വരുന്ന ജനങ്ങളുടെ ആരോഗ്യം പരിരക്ഷിക്കേണ്ടത്.

പരിഹാരമാർഗ്ഗങ്ങൾ

പ്രാഥമിക ആരോഗ്യകേന്ദ്രത്തിൽ സ്ഥിരമായ ഒരു ഡോക്ടറെ നിയമിക്കുക. ആരോഗ്യ സംരക്ഷണകാര്യത്തിൽ ബോധവൽക്കരണ ക്യാമ്പുകൾ നടത്തുക. സബ്സെൻററുകളിൽ മുഴുവൻ സമയ വർക്കർമാരെ നിയമിക്കുക. വിതരണത്തിനാവശ്യമായ മരുന്ന് ഗവൺമെൻറിൽനിന്നും നൽകുക.

കക്കൂസ്

മലമൂത്ര വിസർജ്ജനത്തിനുള്ള ആധുനിക സൗകര്യങ്ങളുടെ അപര്യാപ്തത നമ്മുടെ പഞ്ചായത്തിലെ അടിയന്തിര ശ്രദ്ധ പതിയേണ്ട പ്രശ്നമാണ്. തൃക്കൊടിത്താനം പഞ്ചായത്തിലെ 2, 4, 7, 8, 9, 11, 12 വാർഡുകളിലാണ് ഈ പ്രശ്നം രൂക്ഷമായിട്ടുള്ളത്. അതുകൊണ്ട് ആവശ്യമായ എല്ലാ വീടിനും കക്കൂസ് ലഭിക്കുവാനുള്ള സംവിധാനം എത്രയും വേഗം ഉണ്ടാകണം. ഇവിടേയും കക്കൂസു പണിയുവാനുള്ള പല പദ്ധതികളും പൂർണ്ണമായി ഉപയോഗപ്പെടുത്തുവാൻ ജനങ്ങൾക്ക് കഴിയാതെ പോയിട്ടുണ്ടെന്നുള്ളത് ഖേദകരമാണ്. ഇതിനകം 300 റോളം കക്കൂസുകൾ ഈ വർഷം പഞ്ചായത്തിൽനിന്നും സൗജന്യമായി നൽകിയെങ്കിലും കക്കൂസ് ഇല്ലാത്തവർ ഇപ്പോഴും വളരെയധികമാണ്. ചെലവു കുറഞ്ഞ രീതിയിൽ കക്കൂസുകൾ പണിയുന്നതിനുള്ള ബോധവൽക്കരണ പ്രവർത്തനങ്ങൾ ദുർബലവിഭാഗങ്ങളുടെ ഇടയിൽ കൂടുതലായി നടത്തേണ്ടിയിരിക്കുന്നു. ശുചിത്വബോധമുള്ള സമൂഹം നാടിന്റെ അവിഭാജ്യ ഘടകമാണ്.

പരിസര ശുചിത്വം

കൃഷിയുടെയും വ്യവസായത്തിന്റെയും വളർച്ചയുമായി ബന്ധപ്പെട്ട പരിസരമലിനീകരണം നമ്മുടെ പഞ്ചായത്തിൽ കാര്യമായി ഭീഷണി ഉയർത്തിയിട്ടില്ല. എങ്കിലും ദീർഘകാലയളവിൽ ഈ സാധ്യത തള്ളിക്കളയാനാവില്ല. അതുകൊണ്ടുതന്നെ പരിസ്ഥിതി പ്രശ്നത്തിന്റെ ഗൗരവം മനസ്സിലാക്കിക്കൊണ്ട് ഉള്ള മരങ്ങൾ സംരക്ഷിക്കാനും കൂടുതൽ മരങ്ങൾ വച്ചുപിടിപ്പിക്കാനും നാം കൂടുതൽ ശ്രദ്ധിക്കേണ്ടിയിരിക്കുന്നു.

രാസവളങ്ങളുടെയും കീടനാശിനികളുടെയും അനിയന്ത്രിതമായ പ്രയോഗവും നമ്മുടെ ജനങ്ങളുടെ ആരോഗ്യത്തെ പ്രതികൂലമായി ബാധിക്കുന്നവയാണ്. രാസവളങ്ങളുടെ ഉപയോഗത്തിനു പകരം ജൈവവളങ്ങളുടെ ഉപയോഗത്തിനും, കീടനാശിനികൾക്കു പകരം കീടങ്ങളെ എതിർത്തു തോൽപ്പിക്കുന്ന ''എതിർ പ്രാണികളുടെ'' ഉപയോഗത്തിനും കർഷകരെ ബോധവാന്മാരാക്കണം.

കൊതുകുകളുടെ അത്ഭുതപൂർവ്വമായ വളർച്ചയാണ് നമ്മുടെ ആരോഗ്യരംഗം നേരിടുന്ന മറ്റൊരു വെല്ലുവിളി. ഏതാനും മാസംമുമ്പ് നാം ജപ്പാൻ ജ്വരത്തെ നേരിട്ടത് കൊതുകുകളുടെ വ്യാപകമായ നിവാരണത്തിലൂടെയായിരുന്നു. പ്രസ്തുത കൊതുകു നിവാരണ പരിപാടികൾ തുടർന്നും നടത്തുന്നത് വളരെ ഉപകാരപ്രദമായിരിക്കും.

പഞ്ചായത്തുതലത്തിൽ പ്രാവർത്തികമാക്കാവുന്ന നിർദ്ദേശങ്ങൾ

യോഗാ കേന്ദ്രം

പഞ്ചായത്തിലെ ജനങ്ങളുടെ കായികവും മാനസികവുമായ ആരോഗ്യം മെച്ചപ്പെടുത്തുവാൻ ഒരു യോഗാകേന്ദ്രം സ്ഥാപിക്കുക.

വയോജന ആരോഗ്യകേന്ദ്രം

സമൂഹത്തിലെ ഒരു മുഖ്യ വിഭാഗമായ വൃദ്ധജനങ്ങൾക്ക് കൂടുതൽ സേവനങ്ങൾ ലഭ്യമാക്കുന്നതിന് ഒരു വയോജന ആരോഗ്യകേന്ദ്രം സ്ഥാപിക്കണം. പ്രായമായവരുടെ മാനസീകവും ശാരീരികവുമായ പ്രശ്നങ്ങൾ പ്രത്യേകം കൈകാര്യം ചെയ്യുവാൻ പരിശീലനം നേടിയവരെ ഉപയോഗിച്ച് അവരുടെ ആരോഗ്യപരവും മാനസീകവുമായ ഉയർച്ചയ്ക്കാവശ്യമായ പദ്ധതികൾ രൂപപ്പെടുത്തേണ്ടതാണ്.

പൊതു ശ്മശാനം

ഈ പഞ്ചായത്തിലെ പിന്നോക്കക്കാരും - പട്ടികജാതിക്കാരുമുൾപ്പെടെ ഭൂവിസ്തൃതി കുറഞ്ഞ ആളുകൾക്ക് ശവസംസ്ക്കാരം നടത്താൻ യാതൊരു നിവൃത്തിയുമില്ലാത്ത അവസ്ഥ പരിഹരിക്കുന്നതിന് പൊതു ശ്മശാനം സ്ഥാപിക്കുകയും ഇതിനായി നിശ്ചയിക്കുന്ന സ്ഥലത്തെ പരിസരവാസികൾ സഹിഷ്ണത കാട്ടുകയും ചെയ്തെങ്കിലേ ഈ പ്രശ്നം പരിഹരിക്കുവാൻ സാധിക്കുകയുള്ളു.

ഹെൽത്ത് കാർഡ് സംവിധാനം

രോഗിയെപ്പറ്റിയുള്ള അടിസ്ഥാന വിവരങ്ങൾ രേഖപ്പെടുത്തുവാൻ സഹായകരമാകുന്ന ഈ സംവിധാനത്തെപ്പറ്റി ജനങ്ങളെ ബോധവാന്മാരാക്കുക. രോഗിയെപ്പറ്റിയുള്ള മുൻകാല ആരോഗ്യ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുള്ളതിനാൽ രോഗനിർണ്ണയം വേഗത്തിലും കുറ്റമറ്റതുമാക്കാൻ സഹായിക്കും.

ഗവ: ആയുർവ്വേദ ആശുപത്രി

ആയുർവ്വേദ ചികിത്സ സാധാരണ ജനങ്ങൾക്ക് കൂടുതൽ കൂടുതൽ അപ്രാപ്യമായി വരുന്നതു കൊണ്ട് പൊതുമേഖലയിൽ ഒരു ആയുർവ്വേദ ആശുപത്രി സ്ഥാപിക്കേണ്ടത് അത്യന്താപേക്ഷിതമാണ്.

ഹെൽത്ത് ക്ലബ്ബ്

അടിയന്തിര ഘട്ടങ്ങളിൽ ആശുപത്രി അധികൃതരെ സഹായിക്കുന്നതിനുവേണ്ടി സന്നദ്ധ സംഘടനകളുടെ നേതൃത്വത്തിൽ പഞ്ചായത്ത് ചെലവിൽ ഹെൽത്ത് ക്ലബ്ബുകൾ രൂപീകരിക്കുക.


ഭക്ഷണശാലകളും, ശീതള പാനീയ ശാലകളും

ഈ പഞ്ചായത്തിലെ ഹോട്ടലുകളും ശീതള പാനീയ വിൽപന ശാലകളും അവയുടെ പരിസരങ്ങളും അവയുടെ ഉടമസ്ഥർ നിരന്തര പരിശോധനയ്ക്ക് വിധേയമാക്കി ശുചിത്വം നിലനിർത്തേണ്ടതും പൊതുജനാരോഗ്യ സംരക്ഷണത്തിന് സഹായിക്കേണ്ടതുമാണ്.

ജാതിമതങ്ങൾക്കും കക്ഷി വ്യത്യാസത്തിനും അതീതമായി ജനങ്ങൾ ഒന്നിച്ച് അണിനിരക്കുന്ന പുതിയ വികസന സംസ്ക്കാരം കൊണ്ടേ കേരളത്തെ രക്ഷിക്കാൻ കഴിയൂ. ഗ്രാമപ്രദേശങ്ങളിൽ വികസനത്തിന്റെയും ആസൂത്രണത്തിന്റെയും പുതിയ അവബോധം ഉണ്ടാക്കാൻ ഈ പ്രവർത്തനങ്ങൾക്കൊണ്ടു കഴിയണം. പ്രാദേശിക മായ വിഭവസാദ്ധ്യതകൾ ഉപയോഗിച്ച് പദ്ധതിവിഹിതത്തിനപ്പുറം വലിയ പദ്ധതി ഉണ്ടാകണം. ഇക്കാര്യങ്ങളിലെല്ലാം ജനങ്ങളെ പരമാ വധി അണിനിരത്തുക എന്നുള്ളതാണ് ഏറ്റവും പ്രധാനം.

ഇ.എം. ശങ്കരൻ നമ്പൂതിരിപ്പാട്

ചെയർമാൻ, ജനകീയാസൂത്രണ മാർഗ്ഗനിർദ്ദേശക സമിതി



ഗതാഗതം, ഊർജ്ജം, മാർക്കറ്റ്

ഈ കാലഘട്ടത്തിൽ ഗ്രാമീണ ജനതയുടെ ഒത്തു ചേരലിന്റെ പ്രധാന ഘടകമായി - റോഡു നിർമ്മാണം പ്രത്യേകിച്ച് റോഡിനു വീതി വർദ്ധിപ്പിക്കൽ - മാറിക്കഴിഞ്ഞിട്ടുണ്ട്. കഴിഞ്ഞകാലങ്ങളിൽ നാട്ടിൻപുറത്തെ ആളുകൾ, വിവാഹത്തലേന്നും, പുര മേച്ചിലിനും, കിണറു തേകി വൃത്തിയാക്കലിനും നിരന്തരം ഒത്തുചേരുമായിരുന്നു. ആധുനീകതയിലേയ്ക്കുള്ള പ്രയാണത്തിൽ നമുക്ക് നഷ്ടപ്പെട്ടത് നമ്മുടെ ഈ ഒത്തുചേരലായിരുന്നു.

നഗരത്തോടടുത്ത ഗ്രാമ പഞ്ചായത്തായതിനാൽ റോഡ്, പാലങ്ങൾ, ഇടവഴികൾ എന്നിവ സംബന്ധിച്ച് ജനങ്ങളുടെ ഇടയിൽ നഗരത്തിലേതുപോലെയുള്ള വികസന സങ്കല്പങ്ങളാണുള്ളത്. ആയതിനാൽ എല്ലാ റോഡുകളും ടാർ ചെയ്യുക, ചെറിയ ഒഴുക്കുചാലുകളിൽ പോലും കലുങ്കു കെട്ടുക, ചെറിയ ഇടവഴികൾ കോൺക്രീറ്റു ചെയ്യുക എന്നീ ആവശ്യങ്ങളാണ് പൊതുവേ ഗ്രാമസഭകളിൽ ഉയർന്നുവന്നിട്ടുള്ളത്.

സാധാരണക്കാരനായ നാട്ടിൻപുറത്തുകാരന്റെ മനഃസ്സിൽ ഗ്രാമവികസനം എന്നാൽ റോഡു വികസനം എന്ന ചിന്താഗതിയാണിപ്പോൾ. റോഡു വികസനം ഗ്രാമീണജനതയുടെ അടിസ്ഥാന വികസന പ്രശ്നമാണെങ്കിലും ഒന്നാമത്തെ പ്രശ്നമായി അതു മാറാൻ പാടില്ല എന്നാണ് സാമൂഹ്യവിദഗ്ദർ ഉത്ബോധിപ്പിക്കുന്നത്.

ഏതായാലും ഈ പഞ്ചായത്തിൽ ജനകീയ സഹകരണത്തിന്റെ മികച്ച ഉദാഹരണമായി അമ്പല-ഏറംകാവ്-മടുക്കമൂട് റോഡ് നമ്മൾക്കു ദർശിക്കാവുന്നതാണ്. അറുപതുകളിൽ അന്നത്തെ പായിപ്പാടു പഞ്ചായത്തിലെ ഈ ഭാഗത്തെ മെമ്പറന്മാരുടെ നേതൃത്വത്തിലും തുടർന്ന് 1984-85 കാലഘട്ടത്തിൽ ഫാ. കുന്നത്തേട്ടിന്റെ നേതൃത്വത്തിൽ എൻ.ആർ.ഇ.പി. പദ്ധതിപ്രകാരം 8 മീറ്റർ വീതിയിൽ ജനകീയ സഹകരണത്തോട് പ്രസ്തുത റോഡ് ടാറിംഗ് ഉൾപ്പെടെയുള്ള പുനരുദ്ധാരണം നടത്തിയതാണ്. അതേതുടർന്ന് വിവിധ പൊതുപ്രവർത്തകരുടേയും പഞ്ചായത്തു കമ്മറ്റിയുടേയും നേതൃത്വത്തിൽ ചാഞ്ഞോടി-ബ്ലോക്കുപടി, പൊട്ടശ്ശേരി-പുലിക്കോട്ടുപടി, പുലിക്കോട്ടുപടി-പുളിയ്ക്കൽപടി, കൈലാത്തുപടി-കൊടിനാട്ടുംകുന്ന്. ചിറക്കുഴി-ചെമ്പുംപുറം (പീടികപ്പടി-കാട്ടമുറി) എന്നീ റോഡു

കൾ 8 മീറ്റർ വീതിയിലാക്കിയിട്ടുള്ളതാണ്. കടമാഞ്ചിറ-കൊടിനാട്ടുംകുന്ന്, കൊക്കോട്ടുചിറ-മണിമുറി-കിങ്ങണംചിറ, മാളികപ്പടി എഴുവന്താനം, പൊട്ടശ്ശേരി-കടമാഞ്ചിറ എന്നീ റോഡുകൾ വെള്ളപ്പൊക്ക ദുരിതാശ്വാസ പദ്ധതിയിൽ ഉൾപ്പെടുത്തി ജനകീയ സഹകരണത്തോടെ 6 മീറ്റർ വീതിയിലാക്കിയ റോഡുകളാണ്.

1985-86 കാലഘട്ടങ്ങളിൽ 67 റോഡുകൾ ഗ്രാമപഞ്ചായത്തു രജിസ്റ്ററിൽ ഉൾപ്പെട്ടിരുന്നപ്പോൾ 95-96 -ൽ നൂറ്റിതൊണ്ണൂറ്റി എട്ടു റോഡുകൾ രജിസ്റ്ററിൽ ചേർത്തിട്ടുണ്ട്. ഇതിൽനിന്നും ഇവിടുത്തെ റോഡുകളുടെ വർദ്ധനവും ആവശ്യകതയും നമ്മൾക്ക് മനസ്സിലാക്കാമല്ലോ.

ചങ്ങനാശ്ശേരി കവലയിൽനിന്നും പഞ്ചായത്ത് അതിർത്തിയിലേയ്ക്കുള്ള ദൂരം രണ്ടര കി.മി. ആണ്. പഞ്ചായത്തിന്റെ പടിഞ്ഞാറേ അതിരും ചങ്ങനാശ്ശേരി നഗരസഭയാണ്. ധാരാളം തൊഴിലാളികളും വിദ്യാർത്ഥികളും വ്യാപാരികളും ഉദ്യോഗസ്ഥരും നിത്യജീവിതവുമായി ബന്ധപ്പെട്ട് ചങ്ങനാശ്ശേരി മാർക്കറ്റ്, ടൗൺ, എന്നീ സ്ഥലങ്ങളിലേയ്ക്ക് അനുദിനം യാത്രചെയ്യേണ്ടതുണ്ട്. എന്നാൽ ചങ്ങനാശ്ശേരിലേയ്ക്ക് യാത്രചെയ്യാൻ വേണ്ടത്രയായ ബസ് സൗകര്യമില്ല എന്നത് ഒരു സത്യമായി അവശേഷിക്കുന്നു.

പഞ്ചായത്തിന്റെ പടിഞ്ഞാറേ അതിർത്തിയിൽനിന്നും ഒരു കിലോമീറ്റർ മാത്രം ദൂരത്തിലുള്ള ചങ്ങനാശ്ശേരി റയിൽവേ സ്റ്റേഷൻ 3 കി.മീ. പടിഞ്ഞാറോട്ടു മാറിയുള്ള ബോട്ടുജട്ടി മുതലായവ ഈ പഞ്ചായത്തിലെ ജനങ്ങളുടെ ഗതാഗത സൗകര്യങ്ങളുമായി ബന്ധപ്പെട്ട സംഗതികളാണ്.

പഞ്ചായത്തിലെ ഏറ്റം പ്രധാനപ്പെട്ട റോഡുകളിലൊന്നായ തെങ്ങണാ പെരുംതുരുത്തി റോഡ് ബൈപാസ് റോഡ് ആയി ഗവ: അംഗീകരിച്ചിട്ടുണ്ട്. 12 മീ. വീതിയിൽ പോരാതെവരുന്ന സ്ഥലമെടുപ്പ് മുതലായ ജോലികൾ പുരോഗമിക്കുന്നു. ഈ റോഡ് പ്രസ്തുത പദ്ധതിപ്രകാരം പണിപൂർത്തീകരിക്കുമ്പോൾ ഈ പ്രദേശത്ത് വമ്പിച്ച വികസനം സാധ്യമാകുന്നതാണ്.

കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ബഹു ചങ്ങനാശ്ശേരി എം.എൽ.എ. സി.എഫ്. തോമസിന്റെ ശ്രമഫലമായി വെള്ളപ്പൊക്ക ദുരിതാശ്വാസ പദ്ധതിയിൽ പെടുത്തി വിവിധ റോഡുകൾക്ക് തുക അനുവദിച്ചത് റോഡു പുനരുദ്ധാരണത്തിൽ നമ്മുടെ പഞ്ചായത്തിൽ കുതിച്ചുചാട്ടം സൃഷ്ടിക്കാൻ കഴിഞ്ഞിട്ടുണ്ട്. എന്നാൽ പ്രസ്തുത പദ്ധതിയിൽ അനുവദിച്ച ചില റോഡുകൾ പുതിയ സർക്കാരിന്റെ സാമ്പത്തീക നടപടികളുടെ ഭാഗമായി അനുമതി റദ്ദാക്കിയത് വമ്പിച്ച പ്രതിഷേധത്തിനിട വരുത്തിയിട്ടുണ്ട്.

ഈ ഗ്രാമപഞ്ചായത്ത് മുകളിൽ പറഞ്ഞതു പോലെ നഗരത്തോടടുത്തു സ്ഥിതി ചെയ്യുന്നതിനാൽ ബസ്റ്റാൻഡ്, ടാക്സിസ്റ്റാൻഡ്, ഓട്ടോ സ്റ്റാൻഡ് ഓട്ടോ മൊബൈൽ വർക്കുഷോപ്പുകൾ എന്നിവ ഈ പ്രദേശത്ത് സ്ഥാപിക്കേണ്ട അത്യാവശ്യം വന്നിട്ടില്ല. എന്നാൽ കുന്നുംപുറം, മൂക്കാട്ടുപടി, കോട്ടമൂറി എന്നീ ഭാഗങ്ങളിലായി കഴിഞ്ഞ പത്തുവർഷത്തോളമായി ഓട്ടോ സ്റ്റാൻഡുകൾ അനൗദ്യോഗികമായി പ്രവർത്തിക്കുന്നുണ്ട്. അൻപതോളം ഓട്ടോറിക്ഷകൾ പാർക്കു ചെയ്യുന്നുമുണ്ട്.

നഗരത്തിൽ വസ്തുവിന് അമിതമായി വിലവർദ്ധന ഉണ്ടായതുമൂലം സാധാരണക്കാരായ നഗര, മാർക്കറ്റ് നിവാസികൾ ഈ പ്രദേശത്തേയ്ക്ക് താമസം മാറിവരികയും തന്മൂലം പുതിയ ആവാസ കേന്ദ്രങ്ങളുണ്ടാവുകയും പാടശ്ശേഖരമുൾപ്പെടെയുള്ള പ്രസ്തുത ആവാസ കേന്ദ്രങ്ങളിലേയ്ക്ക് പുതിയ പാതകൾ നിർമ്മിക്കേണ്ടതായി വരികയും ഇതിന് സ്വകാര്യ വ്യക്തികളിൽനിന്നും സൗജന്യമായി ഭൂമി സംഘടിപ്പിക്കുന്നതിനായി പഞ്ചായത്തംഗങ്ങൾ കഠിനമായി യത്നിക്കേണ്ടതായും വരുന്നുണ്ട്.

വിവിധ വാർഡുകൾക്കുള്ളിലുള്ള റോഡുകളൊന്നുംതന്നെ പൂർണ്ണമായും, പലതും മുഴുവനായും ടാറിങ്ങോ മെറ്റലിംങ്ങോ നടത്താൻ കഴിഞ്ഞിട്ടില്ല. റോഡുകളുടെ വികസനത്തിന് പ്രധാന തടസ്സം സ്ഥലലഭ്യതയാണ്. അതിനാൽ അത്യാവശ്യമായി വരുന്ന ഗതാഗതത്തിനുള്ള സ്ഥലം മാത്രം സംഘടിപ്പിക്കുകയും തന്മൂലം ഓട ഇല്ലാതെവരികയും ചെയ്യുന്നു. പൊക്കം താഴ്ചയുള്ള പ്രദേശങ്ങളാണ് പഞ്ചായത്തിലെ 80% പ്രദേശങ്ങളും എന്നതിനാൽ മഴക്കാലത്ത് റോഡ് കുത്തി ഒലിച്ചുപോവുക സ്ഥിരം പ്രതിഭാസമായി തുടരുന്നു. തന്മൂലം ഓരോ റോഡും ആറുമാസത്തിൽ കൂടുതൽ നല്ല രീതിയിൽ സ്ഥിതിചെയ്യുന്നില്ല. അതുപോലെതന്നെ നമ്മുടെ ഗ്രാമീണ റോഡുകളുടെ പ്രധാന പ്രശ്നം- നാട്ടിൻപുറത്തുണ്ടായിരുന്ന ഇടകയ്യാലകളും, ചെറിയ ഓവുചാലുകളും, കൊട്ടപ്പാടുകളും പുരോഗതിയുടെ പേരുപറഞ്ഞു കരിങ്കൽ ഭിത്തികെട്ടി അടച്ചു എന്നു

ഉള്ളതാണ്. ഇതുമൂലം മഴക്കാലത്തും മറ്റുമുണ്ടാകുന്ന ജലപ്രവാഹത്തിനുള്ള ഏക മാർഗ്ഗമായി ഗ്രാമിണ റോഡുകൾ മാറുകയും റോഡ് ഒലിച്ചുപോവുകയും ചെയ്യുന്നു.

പഞ്ചായത്തിലെ പ്രധാന ജംഗ്ഷനായ കുന്നും പുറം, മുക്കാട്ടുപടി, ആരമല, പൊട്ടശ്ശേരി, വെങ്കോട്ട എന്നീ ഭാഗങ്ങളിൽ വെയ്റ്റിംഗ് ഷെഡ് ഇല്ലാത്തത് സ്ത്രീകളുൾപ്പെടെയുള്ള യാത്രക്കാർക്ക് ഏറെ ക്ലേശമുണ്ടാക്കുന്നതിനാൽ ഇതിന് അടിയന്തിര പരിഹാരം ആവശ്യമാണ്.

തൃക്കൊടിത്താനത്തെ പ്രധാന ജംഗ്ഷനായ കുന്നുംപുറം പേരു സൂചിപ്പിക്കുന്നതുപോലെതന്നെ നാലുഭാഗത്തുനിന്നും കയറ്റമുള്ള കുന്നാണ്. അതിനാൽ നാലു ഭാഗത്തെ റോഡുകളുടേയും പാർശ്വഭാഗങ്ങൾ മഴക്കാലത്ത് ഒലിച്ചുപോവുകയും ഇതുമൂലം ചെറിയ വാഹനങ്ങൾക്കും, കാൽനടക്കാർക്കും വളരെ ക്ലേശമുണ്ടാവുകയും ചെയ്യുന്നു. ഇതിന് പ്രതിവിധി എന്നനിലയിൽ കുന്നുംപുറത്തുനിന്നും പഞ്ചായത്തു പടി ഭാഗത്തേയ്ക്ക് കോൺക്രീറ്റ് ഓട ഉണ്ടാക്കുന്ന പി.ഡബ്ല്യു.ഡി. നടപടി മറ്റു മൂന്നു ഭാഗത്തേയ്ക്കുംകൂടി വ്യാപിപ്പിക്കണം.

ഒരു കാലഘട്ടത്തിലെ ചരക്കു ഗതാഗതത്തിന്റെ ഏക മാർഗ്ഗമായിരുന്ന കാളവണ്ടികൾ ഇന്ന് വിദൂര ഓർമ്മയായി മാറിക്കൊണ്ടിരിക്കുന്നു. ഈ രംഗത്ത് അൻപതിലേറെ കാളവണ്ടിക്കാരുണ്ടായിരുന്നത് പത്തിൽ താഴെയായി ചുരുങ്ങിയിരിക്കുന്നതിനാൽ നിലവിലുള്ള ആളുകളെ എങ്കിലും പ്രസ്തുതരംഗത്ത് ഉറപ്പിച്ചുനിർത്തുവാൻ ക്ഷേമ പദ്ധതികൾക്ക് ഗവ: നേതൃത്വം നൽകേണ്ടിയിരിക്കുന്നു.

12 -ാം വാർഡിലായി ചെറിയൊരു ഭാഗം റെയിൽ പാളമുള്ളതിന് - മേൽപാലം - വേണമെന്നുള്ളത് ജനങ്ങളുടെ ആവശ്യമാണ്. ഈ പഞ്ചായത്തിൽക്കൂടിയുള്ള ട്രാൻ - സർവ്വീസുകളായിരുന്ന വെങ്കോട്ട, മാന്താനം, കൊടിനാട്ടുംകുന്ന്, മല്ലപ്പള്ളി എന്നീ റൂട്ടുകൾ നിർത്തലാക്കിയത് യാത്രാക്ലേശം വർദ്ധിപ്പിച്ചതിനാൽ പ്രസ്തുത സർവ്വീസുകൾ പുനരാരംഭിക്കേണ്ടത് ജനാഭിലാഷമാണ്.

ടൗണിൽനിന്നും ഫാത്തിമാപുരം, പൊട്ടശ്ശേരി, നാൽകവല, കൊടിനാട്ടിൽകുന്ന്, അയർക്കാട്ടു വയൽ, പീടികപ്പടി, ചെമ്പുംപുറം വഴി - അമര, വെങ്കോട്ട സർവ്വീസ് ആരംഭിച്ചാൽ 1, 2, 3, 4, 5, 6, 7, 8, 9 എന്നീ വാർഡിലെ ജനങ്ങൾക്ക് പ്രയോജനകരമായിരിക്കും. കുന്നുംപുറം ജംഗ്ഷൻ, മുക്കാട്ടുപടി എന്നിവിടങ്ങളിൽ പി.ഡബ്ല്യു.ഡി. യിൽനിന്നും സൈൻ ബോർഡുകൾ സ്ഥാപിച്ച് റോഡ് നിശ്ചയമില്ലാത്ത യാത്രക്കാരുടെ ക്ലേശങ്ങൾ പരിഹരിക്കേണ്ടതാണ്.

മറ്റു പ്രധാന നിർദ്ദേശങ്ങൾ

- അമ്പലം - മടുക്കമൂട്, പൊട്ടശ്ശേരി - പുലിക്കോട്ടുപടി, കൈലാത്തുപടി - കൊടിനാട്ടുംകുന്ന്, ചാഞ്ഞോടി - ബ്ലോക്കുപടി, പുലിക്കോട്ടുപടി പുളിക്കപ്പടി എന്നീ ജെ.ആർ.വൈ. ടാർ റോഡുകൾ അടിയന്തിരമായി റീടാറിങ്ങ് നടത്തുക.

- പ്രസ്തുത റോഡുകളുടെ നിരന്തര പരിചരണത്തിനായി പി.ഡബ്ല്യു.ഡി. ഏറ്റെടുക്കുക.
  മുണ്ടുപാലം മുതൽ പുലിക്കോട്ടുപടി വരെയുള്ള പി.ഡബ്ല്യു.ഡി. റോഡു തകർന്നത് ഉടൻ നന്നാക്കുക.

- മഹാദേവ ക്ഷേത്ര ഭാഗത്തെ വളവ് കുറയ്ക്കുക. ജെ.ആർ.വൈ. മുതലായ പദ്ധതികളിൽ റോഡു പണിക്കു 8 മീറ്റർ വീതി ഒഴിവാക്കുക.

- 6 മീ. വീതിയിൽ കുറഞ്ഞ റോഡുകളുടെ വശങ്ങളിൽ കരിങ്കൽ ഭിത്തി കെട്ടുമ്പോൾ 50 സെ. മീ എങ്കിലും ഉള്ളിലേയ്ക്കു വലിച്ചുകെട്ടാൻ നിയമമുണ്ടാക്കുക.

- മഹാദേവ ക്ഷേത്രത്തിനു സമീപമുള്ള പി.ഡബ്ല്യു.ഡി. റോഡിന്റെ ഓട, ജെ.ആർ.വൈ. റോഡിൽ വി.ബി.യു.പി.എസ്. ഭാഗത്തേയ്ക്കു തിരിച്ചു വച്ചത് കലുങ്കു പുനഃ സ്ഥാപിച്ച് ഒഴിവാക്കുക.

- വെള്ളപൊക്ക ദുരിതാശ്വാസ പദ്ധതിയിൽ ഉൾപ്പെടുത്തി പുനരുദ്ധാരണ ജോലികൾക്ക് അനുമതി നൽകിയതും - എന്നാൽ ഇപ്പോൾ ഗവ: നിർദ്ദേശം മൂലം നിർത്തി വച്ചതുമായ റോഡുകളുടെ പുനരുദ്ധാരണത്തിന് ആവശ്യമായ ഗവ. ഉത്തരവിറക്കുക.

പഞ്ചായത്തിലെ ടാർ റോഡുകൾ

	പഞ്ചായത്തിലുള്ള ഭാഗം	ഉടമസ്ഥത/	ദൂരം	വീതി	ബസ് സർവ്വീസ്
1	ഇരുപ്പ - ചാഞ്ഞോടി IN - chy - Mallappally	പി.ഡബ്ല്യു.ഡി	3 കി.മീ.	8 മീ	ഉണ്ട്
2	മുണ്ടുപാലം - കിളിമല IN - TNGNA-PETHY	"	3 കി.മീ.	10 മീ	ഉണ്ട്
3	അമ്പലം - മാലൂർകാവ്	ബ്ലോക്ക് എൻ.ആർ.ഇ.പി	2.30	8 മീ	ഉണ്ട്
4	പൊട്ടശ്ശേരി - പുലിക്കോട്ടുപടി	പഞ്ചായത്ത് ജെ.ആർ.വൈ.	1225 മീ.	8 മീ	ഉണ്ട്
5	ചാഞ്ഞോടി - ബ്ലോക്കുപടി	പഞ്ചായത്ത് ജെ.ആർ.വൈ., എൻ.ആർ.ഇ.പി.	2 കി.മീ.	8 മീ	ഉണ്ട്
6	മുക്കാട്ടുപടി - ആരമല	പി.ഡബ്ല്യു.ഡി.	.5	7 മീ	ഉണ്ട്
7	കൊടനാട്ടുകുന്ന് - കൈലാത്തുപടി	ജെ.ആർ.വൈ.	12.00 മീ.	8 മീ	ഇല്ല
8	കടമാഞ്ചിറ - ലക്ഷംവീട്	വെള്ളപ്പൊക്ക ദുരിതാശ്വാസം	0.2 കി.മീ.	6 മീ	ഇല്ല
9	പുലിക്കോട്ടുപടി - പുളിക്കപ്പടി	ജെ.ആർ.വൈ.	1.5 കി.മീ.	8 മീ	ഇല്ല
10	ചെമ്പുംപുറം -	Untied	0.2	6 മീ	ഇല്ല
11	കൊക്കോട്ടുചിറ - മണിമുറി	വെള്ളപ്പൊക്ക ദുരിതാശ്വാസം	0.2	6 മീ	ഇല്ല
12	കടമാഞ്ചിറ - മുല്ലശ്ശേരി IN- കടമാഞ്ചിറ - കൊടിനാട്ടുകുന്ന്	വെള്ളപ്പൊക്ക ദുരിതാശ്വാസം	0.650 കി.മീ	6 മീ	ഇല്ല
13	മാളികപ്പടി - എഴുവന്താനം	"	0.350 കി.മീ	6 മീ	ഇല്ല
14	വാലോലി - വെങ്കോട്ട (വെങ്കോട്ട - മാന്താനം)	പി.ഡബ്ല്യു.ഡി.	1.2 കി.മീ.	8 മീ	ഉണ്ട്
15	ചാഞ്ഞോടി - പള്ളിപ്പടി	Flood	0.2കി.മീ.	4 മീ	ഇല്ല

പഞ്ചായത്തിലെ മെറ്റൽ റോഡുകൾ

		സ്കീം	നീളം	വീതി	ഇനി മെറ്റലിംഗ് ആവശ്യമുള്ളത്
1	കപ്പിത്താൻപടി - ചാപ്രത്തുപടി	Flood	250 മീ.	4 മീ.	100 മീ.
2	പൊട്ടശ്ശേരി - കടമാഞ്ചിറ	V.T.C	300 മീ.	6 മീ.	350 മീ.

3	പൊട്ടശ്ശേരി - മുല്ലശ്ശേരി	Flood	300 മീ.	4 മീ.	700 മീ.
4	ചക്രായത്തികുന്ന് - മംഗാല	Flood	200 മീ.	4 മീ.	700 മീ.
4	ആഞ്ഞിലിപ്പടി - മണികണ്ഠവയൽ	Flood	300 മീ.	4 മീ.	200 മീ.
7	ചിറക്കുഴി - ചെമ്പുംപുറം	J.R.Y	300 മീ.	8 മീ.	200 മീ.
8	പീടികപ്പടി - ചെമ്പുംപുറം		200 മീ.	6 മീ	

മെറ്റൽ ചെയ്ത് ടാർ ചെയ്യാനുള്ളത്

	Ward		നീളം
(1)	I	തോപ്പിൽപ്പടി - ഒട്ടാലത്തുപടി റോഡ്	-350 മീ.
(2)	"	പുത്തൻപുരയ്ക്കൽ - ചെന്നിക്കര റോഡ്	-350 മീ.
(3)	II	മാവേലിമറ്റം - മുല്ലശ്ശേരിപ്പടി റോഡ്	-700 മീ.
(4)	"	ലക്ഷംവീട് - കടമാൻചിറ റോഡ്	-350 മീ.
(5)	III	കടമാൻചിറ - ചേരിയ്ക്കൽ റോഡ്	-1 കി.മീ.
(6)	"	മാലൂർക്കാവ് - ചേരിയ്ക്കൽ റോഡ്	-1 കി.മീ.
(7)	IV	മാളിയേക്കൽപ്പടി - നല്ലൂർപ്പടി റോഡ്	-1 കി.മീ.
(8)	"	ആഞ്ഞിലിമൂട് - ചക്രാത്തികുന്ന് റോഡ്	-500 മീ.
(9)	V	പറമ്പത്തുപടി - പള്ളിപ്പടി	-1 കി.മീ.
(10)	"	കുറ്റിക്കാട്ടുപടി - ചാപ്രത്തുപടി	-1 കി.മീ.
(11)	VI	പാടത്തുംകുഴി - കോലേട്ടുപടി	-1 കി.മീ.
(12)	"	കൈലാത്തുപടി - തണ്ടക്കുളം	-600 മീ.
(13)	VII	ചാഞ്ഞോടി എൽ.പി.എസ്. - മുട്ടത്തുപടി	-500 മീ.
(14)	"	പഴയചിറ - ചെമ്പുംപുറ റോഡ്	-500 മീ.
(15)	VIII	അമര - ആശാരിമുക്കു റോഡ്	-600 മീ.
(16)	"	അപ്പിമുക്ക് - അമ്പലംപടി റോഡ്	-1.200 മീ.
(17)	IX	ചേരകുളം - അപ്പൻമുക്ക് റോഡ്	-1.200 മീ.
(18)	"	മാലംപടി - ആലുംപറമ്പു റോഡ്	-1 കി.മീ.
(19)	X	കൊക്കോട്ടുചിറ - കിങ്ങണംപടി റോഡ്	-300 മീ.
(20)	"	മാളികപ്പെടി - എഴുവന്താനം റോഡ്	-200 മീ.
(21)	XI	രജിസ്ട്രാർമുക്ക് - പ്ലാംപറമ്പു റോഡ്	-700 മീ.

(22)		"പതാരംചിറ - ക്ടാക്കേൽപടി - ആഞ്ഞിലിവേലിക്കുളം	-750 മീ.
(23)	XII	ആരമല - കിളിമല റോഡ്	-1 കി.മീ.
(24)		"ആഞ്ഞിലിവേലിൽ - റെയിൽവേ റോഡ്	-1 -കി.മീ.
(25)	II	കടമാഞ്ചിറ - കൊടിനാട്ടുംകുന്ന് III rd Reach	-300 മീ.

വീതികൂട്ടി നന്നാക്കേണ്ട റോഡുകൾ

	Ward		നീളം
(1)		Iചെറുവേലിപ്പടി - പൊട്ടശ്ശേരി റോഡ്	-300 മീ.
(2)		"പുത്തൻപുരയ്ക്കൽ - ചെന്നിക്കര റോഡ്	-350 മീ
(3)	II	മാവേലിമറ്റം - പറാൽപ്പടി റോഡ്	-500 മീ.
(4)		"മൂന്നുമൂല - മാവേലിമറ്റം റോഡ്	-700 മീ.
(5)	III	മാളിയേക്കൽപ്പടി - നെടിയകാലാപ്പറമ്പ് റോഡ്	-500 മീ.
(6)		"തുമ്പുങ്കൻപ്പടി - നിരവത്തുവയൽ റോഡ്	-400 മീ.
(7)		"മുല്ലശ്ശേരിപ്പടി - നിരവത്തുവയൽ റോഡ്	-400 മീ.
(8)	IV	കുരിശിങ്കൽപ്പടി - മാളിയേക്കൽപ്പടി റോഡ്	-1 കി.മീ.
(9)		"അറയ്ക്കൽപ്പടി - മണികണ്ഠവയൽ റോഡ്	-400 മീ.
(10)		"മുല്ലശ്ശേരിപ്പടി - ആശ്രമം റോഡ്	-400 മീ.
(11)	V	പള്ളിപ്പടി തെക്ക് - വി.ബി.യു.പി. സ്കൂൾ റോഡ്	-1.250 മീ.
(12)		"കൊണ്ടൂർപടി - തുണ്ടിൽപടി റോഡ്	-1 കി.
(13)	VI	പാടത്തുംകുഴി - മാടത്തരുവി റോഡ്	-750 മീ.
(14)		"ഡിലക്സ്പടി - വടക്കേപ്പറമ്പു റോഡ്	-1 കി.മീ.
(15)	VII	സെറ്റിൽമെന്റ് കോളനി - പഴയചിറപ്പടി	-500 മീ.
(16)		"കളപ്പുരയ്ക്കൽ - സെമിത്തേരി റോഡ്	-500 മീ.
(17)	VIII	പാപ്പന്മുക്ക് - പുളിമൂടും പൊയ്ക റോഡ്	-1800 മീ.
(18)		പ്ലാന്തോട്ടം - ചെമ്പുംപുറം	-1900 മീ.
(19)	IX	അപ്പൻമുക്ക് - ചേരകുളം റോഡ്	-1100
(20)		പാലമൂട് - ചെമ്പുംപുറം റോഡ്	-1000 മീ.
(21)	X	കൊച്ചാലുംമൂട് - നല്ലൂർപടി	-1000 മീ.
(22)		മാളികപ്പടി - മുണ്ടകോട്ടി	-750
(23)	XI	കിളിമല - കുഴിതകിടി	-500 മീ.
(24)		കൈതപ്പറമ്പ്മുക്ക് - അമ്പിളി ജംഗ്ഷൻ	-350 മീ.
(25)	XII	ആരമല മോസ്ക്കുപടി - കിളിമല	-1000
(26)		കിളിമല - വേഷ്ണാൽ അതിർത്തി റോഡ്	-1500

ഊർജ്ജം

ഊർജ്ജമേഖലയിൽ പ്രധാനം വൈദ്യുതിയാണല്ലോ. ചങ്ങനാശ്ശേരി കെ.എസ്.ഇ.ബി. ഓഫീസിന്റെ കീഴിലായിരുന്ന തൃക്കൊടിത്താനം പഞ്ചായത്തിലെ വൈദ്യുതി ഉപഭോക്താക്കൾ 1974 മുതൽ തൃക്കൊടിത്താനം കെ.എസ്.ഇ.ബി. ആഫീസ് പരിധിയിലായി. ഈ പഞ്ചായത്തിന്റെ തെരുവുവിളക്കുകളുൾപ്പെടെയുള്ള വൈദ്യുതിലൈൻ ആദ്യമായി വലിച്ചത് അമ്പലം മുതൽ നാല്ക്കവലവരെയുള്ള ഭാഗത്താണെന്ന് പറയപ്പെടുന്നു. ഇപ്പോൾ പഞ്ചായത്തിലെ 60% വീടുകൾക്ക് വൈദ്യുതി കണക്ഷനുണ്ട്. വൈദ്യുതിലൈനുകൾ ഒട്ടുമിക്ക പ്രദേശങ്ങളിലുമുണ്ടെങ്കിലും പുതിയതായി പാർപ്പിടകേന്ദ്രങ്ങളായി മാറുന്ന പാടശേഖരങ്ങളുൾപ്പെടെയുള്ള ഭാഗങ്ങളിൽ വൈദ്യുതി ലൈനുകൾ എത്തേണ്ടതുണ്ട്. അതുപോലെതന്നെ വിവിധ കോളനികളും പൂർണ്ണമായി വൈദ്യുതീകരിച്ചിട്ടില്ല.

വൈദ്യുതി സംബന്ധിച്ച് ഈ പഞ്ചായത്തിന്റെ മുഖ്യ ആക്ഷേപം വോൾട്ടേജ് തകരാറാണ്. ഇതിന്റെ പരിഹാരമായി വിവിധ ഭാഗങ്ങളിൽ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കാനുത്തരവുണ്ടായിട്ടും നാലുവർഷം മുൻപു തുടങ്ങിയ പ്രസ്തുത പദ്ധതി ഇനിയും പൂർത്തീകരിച്ചിട്ടില്ല. പുലിക്കോട്ടുപടി ട്രാൻസ്ഫോർമർ വളരെ താമസം നേരിട്ടാണ് സ്ഥാപിച്ചതെങ്കിലും വമ്പിച്ച ജനകീയ സഹകരണത്തോട് പൂർത്തീകരിക്കാൻ കഴിഞ്ഞു. എന്നാൽ അമരഭാഗത്ത് ട്രാൻസ്ഫോർമർ ഇനിയും സ്ഥാപിക്കാൻ കഴിഞ്ഞിട്ടില്ല. ഇനിയും വോൾട്ടേജ് പ്രശ്നങ്ങളുള്ള പ്രദേശങ്ങളുടെ പട്ടിക പ്രത്യേകം നൽകിയിരിക്കുന്നു

അതുപോലെതന്നെ ഗ്രാമസഭകളിൽ ഉയർന്നുവന്ന മറ്റൊരു പ്രധാനപരാതി തെരുവു വിളക്കു സംബന്ധിച്ചാണ് - നിലവിലുള്ള തെരുവുവിളക്കുകൾ കൃത്യമായി കത്തുന്നില്ല, എന്നും കത്താത്തവ മാറി ഇടുന്നില്ല എന്നും ഒരു വിഭാഗം പറഞ്ഞപ്പോൾ വളരെ അത്യാവശ്യമായി പുതിയതായി തെരുവുവിളക്കുകൾ സ്ഥാപിക്കാനുള്ള നിർദ്ദേശങ്ങളാണ് മറ്റൊരു ആവശ്യം. പഞ്ചായത്ത് മുടക്കംകൂടാതെ 7752 രൂ. പ്രതിമാസം തെരുവു വിളക്കുകൾക്കു നൽകുന്നുണ്ടെങ്കിലും - പരാതികൾ വർദ്ധിച്ചുകൊണ്ടിരിക്കുന്നു.

തെരുവുവിളക്കുകൾ സംബന്ധിച്ച പ്രശ്നങ്ങൾ പരിഹരിക്കാൻ താഴെ പറയുന്ന നിർദ്ദേശങ്ങൾ വയ്ക്കുന്നു.

1) മികച്ച കമ്പനികളുടെ തെരുവുവിളക്കുകൾ ആവശ്യാനുസരണം വാങ്ങാൻ പഞ്ചായത്തിനെ അനുവദിക്കുക. ഇതിനു ചിലവാകുന്ന തുക പ്രതിമാസബില്ലിൽ നീക്കുപോക്കു ചെയ്യുക.
2) ഓരോ ട്രാൻസ്ഫോമറുമായും ബന്ധപ്പെട്ട് തെരുവുവിളക്കുകൾക്ക് പ്രത്യേക മീറ്റർ സ്ഥാപിക്കുക.
3) ആവശ്യാനുസരണം ജോലിക്കാരെ തെരുവുവിളക്കുകൾ മാറ്റുന്നതിനായി അനുവദിയ്ക്കുക.

ഊർജ്ജരംഗത്തെ മറ്റൊരു പ്രധാനപ്രശ്നം ഗാർഹിക ആവശ്യത്തിനുള്ള ഗ്യാസിന്റെ അപര്യാപ്തത ആണ്. 80% വീട്ടുകാരും പാചകാവശ്യത്തിന് വിറക് വിലയ്ക്കു വാങ്ങുന്നവരാണ്. ഇതിൽ 10% ആളുകൾക്കു പോലും ഗ്യാസ് കണക്ഷൻ ലഭിച്ചിട്ടില്ല. ബാക്കി ഉള്ളവർ വിറക് വിലയ്ക്കു വാങ്ങുന്നവരാണ്. തൃക്കൊടിത്താനം കേന്ദ്രമാക്കി പുതിയ ഗ്യാസ് ഏജൻസി അനുവദിക്കുന്നത് കൂടുതൽ ഉപകരപ്രദമായിരിക്കും. ഗ്രാമവാസികളിൽ ഭൂരിഭാഗവും ഇടത്തരം കൃഷിക്കാരും കന്നുകാലി വളർത്തലിൽ തല്പരരുമാണ് ബയോഗ്യാസ് പ്ലാന്റുകൾക്കുള്ള സൗജന്യം കൂടുതലായി അനുവദിക്കുകയും, വായ്പാസൗകര്യം കൂടുതൽ ഉദാരമാക്കുകയും ചെയ്യുന്നത് അനുദിനം രൂക്ഷമായിക്കൊണ്ടിരിക്കുന്ന വിറകുക്ഷാമത്തിന് ഒട്ടൊക്കെ പരിഹാരമാകും. ദക്ഷത ഏറിയ അടുപ്പുകൾ പ്രചരിപ്പിക്കുന്നതും വിറകുക്ഷാമത്തിനുള്ള മറ്റൊരു പരിഹാരമാർഗ്ഗമാണ്.

നിർദ്ദേശങ്ങൾ

1) കൂടുതൽ കുടുംബങ്ങൾക്ക് മണ്ണെണ്ണ പെർമിറ്റ് നൽകുക.
2) പുതിയ ഗ്യാസ് ഏജൻസി അനുവദിക്കുക.
3) വിറക് വീട്ട് ആവശ്യത്തിനു വിലയ്ക്കു വാങ്ങുന്ന സാമ്പത്തികശേഷി കുറഞ്ഞ മുഴുവൻ വീട്ടുകാർക്കും അനർട്ടിന്റെയോ, ശാസ്ത്ര സാഹിത്യപരിഷത്തിന്റെയോ നേതൃത്വത്തിൽ പുകയില്ലാത്ത ഇന്ധനക്ഷമത കൂടിയ അടുപ്പുകൾ സ്ഥാപിക്കുക.
4) വൈദ്യുതി ഉപയോഗം കുറയ്ക്കാൻ ഫ്ലൂറസന്റ് ബൾബുകൾ ഉപയോഗിക്കുക.
5) സൗരോർജ്ജ വിളക്കുകളും, അടുപ്പുകളും പ്രചരിപ്പിക്കുക.

തൃക്കൊടിത്താനം പഞ്ചായത്തിലെ വോൾട്ടേജ് പ്രശ്നം ഉള്ള പ്രദേശങ്ങളുടെ വിവരണം

വാർഡ്	പ്രദേശം	ദൈർഘ്യം	(ഇന-വിവരം) സിംഗിൾ ഫെയസ് വേണ്ടത്	ത്രീഫെയിസ് വേണ്ടത്	ട്രാൻസ്ഫോർമർ	റിമാർക്ക്
II	ലക്ഷം വീട് ഭാഗം	200 മീ	സിംഗിൾ			4 പോസ്റ്റിട്ട്. പുതിയ ലൈൻ വലിക്കണം.
	കടമാഞ്ചിറ	400 മീ.	-	ത്രീഫെയിസ്		
	കൊടിനാട്ടുംകുന്ന്	-	-		ട്രാൻസ്ഫോർമർ വേണം	
III	കരിങ്ങണ, മറ്റംപടി					* വളയം കുഴിലൈൻ- കൈലാത്തുപടി
	ഡീലക്സ്പടി	200 മീ.		ത്രീഫെയിസ്		ലൈനുമായി 2പോസ്റ്റുകൂടിഇട്ട് ലൈൻബന്ധിപ്പിയ്ക്കുക.
IV	ചക്രാത്തികുന്ന് - മണി കണ്ഠവയൽ ഭാഗം	700 മീ.		ത്രീഫെയിസ്		
V	കുറ്റിക്കാട്ടുപടി - ചാപ്രം	750 മീ				ത്രീഫെയിസ്
	പറമ്പത്തു പടി ഭാഗം	500 മീ				ത്രീ ഫെയിസ്
VI	പീഠികപ്പടി പുലിക്കോട്ടുപടി - പുളിച്ചക്കപ്പടി			ത്രീഫെയിസ്		
VII	പ്ലാമ്മൂവട് - മുട്ടത്തുപടി	500 മീ.	സിംഗിൾ ഫെയിസ്			*പുതിയ കണക്ഷൻ നൽകണം.
VIII	ചെമ്പുംപുറം - പാലമ്മൂട് അമര (പാലക്കുളം)	500 മീ.	സിംഗിൾ ഫെയിസ്		ട്രാൻസ്ഫോർമർ വേണം	
IX	വാലോലിഭാഗം				ട്രാൻസ്ഫോർമർ വേണം	
"	ആലംപറമ്പ് - വാലോലിഭാഗം	500 മീ.	സിംഗിൾ ലൈൻ			*പുതിയ കണക്ഷൻ നൽകണം
"	ആശാരിമുക്ക് - മാറാട്ടുകുളം ഭാഗം1800 മീ.		സിംഗിൾ ലൈൻ			* പുതിയ കണക്ഷൻ നൽകണം
X	കിളിമല ആർ. എം. എച്ച്. സി.				ട്രാൻസ്ഫോർമർ	
XI	കിളിമല		ത്രിഫെയിസ്			
XII	ആരമല				ട്രാൻസ്ഫോർമർ	
	വേഷ്ണാൽ - ആരമല		ത്രീഫെയിസ്			

അനുബന്ധം - 10

വൈദ്യുതി സംബന്ധിച്ച വിവരങ്ങൾ

തൃക്കൊടിത്താനം കെ.എസ്.ഇ.ബി. ഓഫീസ്

I നിലവിലുള്ള ഉപഭോക്താക്കൾ

a. ഗാർഹികം	2530
b. വ്യാപാരം	245
c. വ്യവസായം	43
d. കാർഷികം	22

II പഞ്ചായത്തുതലത്തിൽ വൈദ്യുതി വിതരണം ചെയ്യുന്ന എൽ.റ്റി. ട്രാൻസ്ഫോർമറുകളുടെ പേരുകൾ

.

1) പൊട്ടശ്ശേരി
2) കപ്പിത്താൻപടി
3) പഞ്ചായത്തുപടി
4) മുക്കാട്ടുപടി
5) പുലിക്കോട്ടുപടി
6) അടവിച്ചിറ
7) മാളികപ്പടി
8) കോട്ടമുറി
9) ഇരുപ്പ

മാടപ്പള്ളി കെ.എസ്.ഇ.ബി. ഓഫീസ്

I നിലവിലുള്ള ഉപഭോക്താക്കൾ

a.	ഗാർഹികം	: 582
b.	വ്യാപാരം	16
c.	വ്യവസായികം	11
d.	കാർഷികം	6

II പഞ്ചായത്തുപരിധിയിൽ വൈദ്യുതി വിതരണം ചെയ്യുന്ന എൽ.റ്റി. ട്രാൻസ്ഫോർമറുകളുടെ പേരുകൾ

1)	100 കെ.വി.എ.	വളയംകുഴി
2)	100 കെ.വി.എ.	ആന്റോസ്
3)	100 കെ.വി.എ.	യൂണിയൻ
4)	250 കെ.വി.എ.	മുണ്ടുപാലം

ചങ്ങനാശ്ശേരി കെ.എസ്.ഇ.ബി. ഓഫീസ്

I നിലവിലുള്ള ഉപഭോക്താക്കൾ


a.	ഗാർഹികം	215
b.	വ്യാപാരം	4
c.	വ്യവസായികം	4

ട്രാൻസ്ഫോർമർ

കടമാഞ്ചിറ

നിർദ്ദേശങ്ങൾ

1. തൃക്കൊടിത്താനം കെ. എസ്. ഈ. ബി. ഓഫീസ് - സമീപ പഞ്ചായത്തുകളിലെ ആഫീസുകളെ താരതമ്യപ്പെടുത്തിയാൽ - വിശാല ആഫീസ് സൗകര്യമുള്ളതും സ്വന്തമായി സ്ഥലസൗകര്യം (പഞ്ചായത്തു നൽകിയത്) ഉള്ളതുമാണ്. എന്നാൽ ഇപ്പോഴും സെക്ഷനാഫീസായ് തുടരുന്നു. ഏറെ ഗുണഭോക്ത്താക്കളുള്ള ഈ ആഫീസ് മേജർ സെക്ഷനാക്കണം.
2. തൃക്കൊടിത്താനം പഞ്ചായത്തിലെ വൈദ്യുതി ഉപഭോക്താക്കൾ വിവിധ കെ. എസ്. ഇ. ബി. ആഫീസ് പരിധിയിൽ നിന്നും ഒരാഫീസിന്റെ പരിധിയിലാക്കുക.
3. വിവിധ അംഗീകൃത കോളനികളിൽ വൈദ്യുതി വൽക്കരണം നടത്തുക.



പാർപ്പിടവും സാമൂഹ്യക്ഷേമവും

സാഹിത്യകാരന്മാരെക്കൊണ്ടും കലാകാരന്മാരെക്കൊണ്ടും പ്രശസ്തിയാർജിച്ച തൃക്കൊടിത്താനം വിദ്യാഭ്യാസപരമായും സാംസ്കാരികമായും ഏറെമുന്നിൽ നിൽക്കുന്നു. പായിപ്പാട് വില്ലേജിലെ ഏതാനും ഭാഗവും തൃക്കൊടിത്താനം വില്ലേജ് മുഴുവനായും ഉൾക്കൊള്ളുന്നതാണ് തൃക്കൊടിത്താനം പഞ്ചായത്ത്.

സാധാരണ കൃഷിക്കാരും കർഷകത്തൊഴിലാളികളും ചെറുകിട കച്ചവടക്കാരും ഇവിടെ തിങ്ങി പ്പാർക്കുന്നു. ചങ്ങനാശേരി പട്ടണത്തോടു തൊട്ടുരുമ്മിയും ഏതാണ്ട് 4 കിലോമീറ്റർ അകലെയായി സ്ഥിതിചെയ്യുന്ന തിരുവല്ലാ മുനിസിപ്പാലിറ്റിയോട് സഹവർത്തിത്വം പുലർത്തിവരുന്ന ടി പഞ്ചായത്ത് ഏരിയായിലേക്ക് തിരുവല്ല, ചങ്ങനാശേരി പട്ടണങ്ങളിൽ താമസിച്ചിരുന്നവരായിട്ടുള്ള സാധാരണക്കാരുടെ കുടിയേറ്റം അടുത്തകാലത്തായി വളരെയേറെ വർദ്ധിച്ചുവന്നത് ഈ പ്രദേശത്തെ ജന സാന്ദ്രത കൂടുന്നതിന് കാരണമായിട്ടുണ്ട്. പഞ്ചായത്തു പ്രദേശങ്ങളിൽ തരിശുഭൂമിയായി കിടന്ന സ്ഥലങ്ങളിലും പാടങ്ങളിലും ചെറിയ കുടിലുകൾ ധാരാളം പ്രത്യക്ഷപ്പെട്ടിട്ടുള്ളത് അടുത്തകാലത്തെ ഒരു പ്രതിഭാസമാണ്.

പഞ്ചായത്തിലെ 12 വാർഡുകളിൽ 1, 5, 10 വാർഡുകൾ ഒഴികെ മറ്റെല്ലാ വാർഡുകളിലും കർഷകരും കർഷകത്തൊഴിലാളികളും കൂലിപ്പണിക്കാരുമാണ് കൂടുതലായി ജീവിച്ചുവരുന്നത്. മേൽപ്പറഞ്ഞ വാർഡുകളിൽ സാധാരണക്കാരായിട്ടുള്ള ചെറുകിട കച്ചവടക്കാരും കർഷകരും അവിടവിടായി സ്വർണ്ണത്തൊഴിലാളികളും താമസിച്ചുവരുന്നു. മറ്റു വാർഡുകളെ അപേക്ഷിച്ചു ഈ വാർഡുകൾ അല്പം മുൻപന്തിയിലാണ്.

ഈ പഞ്ചായത്തിൽ 7221 വീടുകളുണ്ട്. ഇവയിൽ 2414 കോൺക്രീറ്റു ചെയ്തതും 2244 ഓടിട്ടതും 1905 ഓല മേഞ്ഞതും 658 വീടുകൾ കുടിലുകളുമാണ്. ഗൾഫ് പണത്തിന്റെ ധാരാളിത്വം കുറവാണെങ്കിലും അടുത്തകാലത്തായി ഒറ്റപ്പെട്ട ചെലവേറിയ കുറച്ചു വീടുകൾ പണിതീർന്നു വന്നിട്ടുണ്ട്. 1985 - 86 കാലയളവു മുതൽ പഞ്ചായത്തിന്റെ മിക്ക വാർഡുകളിലും സർക്കാരിന്റെ വിവിധ സ്കീമുകളിൽ ഉൾപ്പെടുത്തി സ്വന്തം പേരിൽ വസ്തു ഉള്ളവരും വരുമാനപരിധിയിൽ ഉൾപ്പെടുന്നവരുമായ പട്ടിക ജാതിക്കാർക്ക് വളരെയധികം വീടുകൾ നിർമ്മിച്ചു നൽകിയിട്ടുണ്ട്.

എങ്കിലും സർക്കാർ പുറമ്പോക്ക് പി. ഡബ്ളിയു. ഡി പുറമ്പോക്ക്, റയിൽവേ പുറമ്പോക്ക്, എന്നിവിടങ്ങളിലായി കുടിൽ കെട്ടി താമസിച്ചുവരുന്ന എഴുപത്തഞ്ചോളം കുടുംബങ്ങൾ ഈ പഞ്ചായത്തിൽ ഉണ്ട് . ഇവർക്ക് സ്വന്തമായി വസ്തു ഇല്ലാത്തതിനാൽ ഇവരെ പുനരധിവസിപ്പിക്കുവാൻ വേണ്ട ഏർപ്പാടുകൾ ചെയ്തുകൊടുക്കുണം.

താഴ്ന്ന വരുമാനക്കാരായിട്ടുള്ള പട്ടിക ജാതിയിൽ ഉൾപ്പെടാത്ത 658 കുടുംബങ്ങൾവീടില്ലാത്തവരായിട്ടുണ്ട്. ആയതിനാൽ സർക്കാർ ഏജൻസികൾ മുഖേന നൽകുന്ന വീടുകൾ അപര്യാപ്തമാണെന്ന് കണക്കുകൾ സൂചിപ്പിക്കുന്നു. 4 -ാം വാർഡിലെ മണികണ്ഠവയൽ ഭാഗത്ത് തരിശായി കിടന്ന പാടത്ത് ചെറിയ കുടിലുകൾ എണ്ണമറ്റതായി കാണുന്നത് ഭവനനിർമ്മാണ ഏജൻസികളുടെ ധനസഹായം ലഭ്യമാകാത്തതിന്റെ ഭീകര മുഖമാണ്. ചങ്ങനാശേരി നിയോജകമണ്ഡലം കേന്ദ്രീകരിച്ച് പ്രവർത്തിച്ചുവരുന്ന ഭവന നിർമ്മാണ ബോർഡിന്റെ ആഫീസിൽനിന്നും വീടിനുള്ള വായ്പകൾ നൽകുന്നുണ്ടെങ്കിലും പഞ്ചായത്തിൽ വളരെ കുറച്ചു വീടുകൾ മാത്രമേ ഈ സ്കീമിൽ ഉൾപ്പെടുത്തി പണിയുവാൻ കഴിയുന്നുള്ളു. ടി സ്കീമിന്റെ പ്രവർത്തനം ഉദാരവൽക്കരിച്ചും വ്യവസ്ഥകൾ ലഘൂകരിച്ചും വായ്പ ലഭ്യമാക്കുവാൻ ഉണ്ടാകുന്ന കാലതാമസം ഒഴിവാക്കുകയും ചെയ്താൽ ഇത്തരം സ്കീമിൽ വീട് നിർമ്മക്കുന്നവർക്ക് ഒരു ആശ്വാസമായിരിക്കും.

1. പഞ്ചായത്തിൽ വിവിധ പദ്ധതികൾ പ്രകാരം നിർമ്മിച്ച വീടുകളുടെ വിവര പട്ടിക താഴെ കൊടുക്കുന്നു.

ഭവന ലഭ്യതാ പട്ടിക No: I കോട്ടമുറി VEO സർക്കിളിൽ

വർഷം	RLEEP	NREP	IAY	MWS	JRY	ആകെ
1985-86	15 Sc	5 Sc	–	–	–	20
1986-87	4 Sc	–	–	–	–	4
1988-89	5 Sc	8 Sc	–	–	–	13
1989-90	4	–	–	–	5 Sc	9
1990-91	–	–	–	11	1	12
1991-92	–	–	–	2	4	6
1992-93	–	–	–	8	1	9
1993-94	–	–	4	3	1	8
1994-95	–	–	–	11	–	11
1995-96	–	–	Sc 5+6	–	–	11
1996-97	–	–	Sc 15	–	–	15
ആകെ	28	13	30	37	10	118

ഭവന ലഭ്യതാ പട്ടിക No: II കോട്ടമുറി VEO സർക്കിളിൽ

വർഷം	RLEEP	NREP	IAY	MWS	JRY	ആകെ
1986-87	14 Sc	–	4	–	–	18
1987-88	–	10 Sc	5 Sc	–	–	15
1988-89	6 Sc	–	–	–	–	6
1989-90	–	–	–	–	–	–
1990-91	–	–	–	–	–	–
1991-92	–	–	–	4 Sc	–	4
1992-93	–	–	–	8	1	9
1993-94	–	–	7	3	–	10
1994-95	3 oc	–	3	1	2	9
1995-96	–	–	3 oc	–	2	5
1996-97	–	–	4 Sc	6 Sc	–	10
ആകെ	23	10	30	23	4	90

വിവിധ പദ്ധതികൾ അനുസരിച്ച് നമ്മുടെ പഞ്ചായത്തിൽ ലഭ്യമാക്കിയ വീടുകൾ

1985-86 കാലയളവു മുതൽ 95-96 വരെ 2 വില്ലേജുകളിലായുള്ള 12 വാർഡുകളിൽ 208 വീടുകളാണ് നിർമ്മിച്ചു നൽകുവാൻ കഴിഞ്ഞിട്ടുള്ളതെന്ന് കണക്കുകൾ വ്യക്തമാക്കുന്നു. ഭവനനിർമ്മാണ ബോർഡുവഴി ദുർബല വിഭാഗങ്ങൾക്ക് നൽകുന്ന സഹായങ്ങളും വായ്പയും വർദ്ധിപ്പിക്കേണ്ടിയിരിക്കുന്നു. ഭവന നിർമ്മാണ സാമഗ്രികളുടെ അമിതമായ വിലക്കയറ്റം, കൂലിനിരക്കിലെ ക്രമാതീതമായ വർദ്ധനവ് പാവപ്പെട്ടവന്റെ സ്വന്തമായൊരു വീട് എന്ന ആഗ്രഹം വെറും ആഗ്രഹമായിത്തന്നെ ശേഷിക്കുന്നു. കിട്ടിയ ആനുകൂല്യങ്ങൾ കൊണ്ട് വീട് നിർമ്മിക്കുവാനും പണി പൂർത്തീകരിക്കുവാനും കഴിയാത്ത അവസ്ഥയാണുള്ളത്.

72-73 വർഷംമുതൽ 95-96 വരെയുള്ള കൂലി നിരക്കുൾ താഴെ കൊടുക്കുന്നു.

വർഷം	വിദഗ്ദ്ധ തൊഴിലാളി	അവിദഗ്ദ്ധ തൊഴിലാളികൾ	സ്ത്രീ തൊഴിലാളികൾക്ക്
72-73	8 രൂപ	5-6 രൂപ	4
75-76	10 രൂപ	7 രൂപ	5
83-84	35 രൂപ	25 രൂപ	20
92-93	80-90 രൂപ	65-75 രൂപ	60
94-95	100-110 രൂപ	70-80 രൂപ	75
95-96	110-150 രൂപ	90-120	90

സ്ത്രീ തൊഴിലാളികൾ പഞ്ചായത്തിൽ ഗണ്യമായ ഒരു വിഭാഗമാണ്. പുരുഷ തൊഴിലാളികളെക്കാൾ കുറവാണ് സ്ത്രീ തൊഴിലാളികളുടെ കൂലിനിരക്ക് 95-96 കാലയളവിൽ 80 മുതൽ 90 രൂപവരെ സ്ത്രീ തൊഴിലാളികൾക്ക് കൂലിയുണ്ട്.

കെട്ടിടനിർമ്മാണ സാമഗ്രികളായ സിമന്റ് 1 ചാക്കിന് 87-88 കാലയളവിൽ 70 രൂപായും 95-96 വർഷങ്ങളിൽ 180 രൂപയിലും എത്തിനിൽക്കുന്നു. 87-88 -ൽ 1000 കല്ലിന് 1200 രൂപാ ആയിരുന്നത് 96 -ൽ 4500 രൂപയായും വർദ്ധിച്ചതായി കാണാം. 87-88 കാലയളവിൽ 1 കി. ഗ്രാം. കമ്പിയ്ക്ക് 13 രൂപാ ആയിരുന്നത് 96 -ൽ 16.50 രൂപായിൽ എത്തിനിൽക്കുന്നതായി കാണാം. 95 -ൽ മികച്ച ഇനം ഓടിന് 1000 എണ്ണത്തിന് 3500 രൂപാ ഉണ്ടായിരുന്നത് 96 -ൽ 1000 എണ്ണത്തിന് 5500 രൂപായിൽ എത്തിനിൽക്കുന്നു.

കൂലിനിരക്കും അതിനെ ബന്ധപ്പെടുന്ന സാമഗ്രികളുടെ വിലക്കയറ്റവും കാരണം വീടിന് സർക്കാർ വിവിധ പദ്ധതികളിലൂടെ നൽകുന്ന സഹായങ്ങളും വായ്പകളും അപര്യാപ്തമാണ്. ബ്ലോക്കുവഴിനൽകുന്ന RLEGP, NREP, IAY, JRY, MWS എന്നീ പദ്ധതികളുടെ പരിധിയും രാജീവ് ദശലക്ഷം പാർപ്പിട പദ്ധതിയുടെ വായ്പാ പരിധിയും ഗ്രാന്റും വർദ്ധിപ്പിക്കുകയും അതോടൊപ്പം ഇവ ലഭ്യമാക്കുവാനുള്ള നടപടിക്രമങ്ങൾ ലളിതമാക്കുകയും ചെയ്യേണ്ടതാണ്.

വനനശീകരണം വഴി പ്രകൃതിക്ഷോഭത്താൽ വീട് നഷ്ടപ്പെട്ടവർക്കുള്ള പുനരധിവാസ പദ്ധതിയുടെ ആനുകൂല്യം ഈ പഞ്ചായത്തിൽ അടുത്തകാലത്തായി ഏകദേശം 50 വീടുകൾക്ക് ലഭിച്ചിട്ടുണ്ട്. ഇതിനായി നൽകുന്ന തുക വളരെ കുറവാണ്. തിരിച്ചു അടയ്ക്കേണ്ടതവണ സാധുക്കൾക്ക് താങ്ങാനാവാത്തതും വളരെ കൂടുതലുമാണ്. ഇതിനായിട്ടുള്ള വായ്പയും ഗ്രാന്റും വർദ്ധിപ്പിച്ചു സാധുക്കളെ സഹായിക്കേണ്ടത് അത്യാവശ്യമാണ്.

പഞ്ചായത്തിൽ 4 ലക്ഷംവീടു കോളനികളും 12 സെറ്റിൽമെന്റ് കോളനികളും കിളിമലയിൽ രാജീവ് ഗാന്ധി ദശലക്ഷ പദ്ധതിയിൽപ്പെട്ട ഹൗസിംഗ് ബോർഡിന്റെ ഒരു കോളനിയുമുണ്ട്. ഇവയിലെല്ലാം കൂടി 600 ലധികം കുടുംബങ്ങൾ ഉണ്ടെന്നു കണക്കാക്കുന്നു. പാർപ്പിടരംഗത്ത് രൂക്ഷമായ പ്രശ്നം അനുഭവപ്പെടുന്നത് 2, 3, 4, 6, 7, 8, 9, 11, 12 വാർഡുകളിലാണ്. സ്വന്തമായി സ്ഥലം ഇല്ലാത്തതിനാൽ ഒരു വീട്ടിൽ രണ്ടും മൂന്നും കുടുംബങ്ങൾ ജീവിച്ചുവരുന്നതും സാധാരണമാണ്. വസ്തുവിന്റെ അമിതമായ വിലക്കയറ്റം സാധാരണ ജനങ്ങളെ ഭയപ്പെടുത്തുന്നു.

പഞ്ചായത്തിലെ കുടിലുകൾ മാറ്റിയെടുക്കലും ഭവനരഹിതർക്ക് വീട് നിർമ്മിച്ചു നൽകാനും സർക്കാർ വിവിധ ഏജൻസികളിലൂടെ ഇപ്പോൾ ലഭ്യമാകുന്ന വായ്പകൾ കൊണ്ടും സഹായങ്ങൾകൊണ്ടും എല്ലാവർക്കും വീട് എന്ന ലക്ഷ്യപ്രാപ്തിയിൽ എത്തിച്ചേരുവാൻ കഴിയില്ലെന്നു അനുഭവം നമ്മെ അറിയിക്കുന്നു. വാർഡുതലത്തിൽ ബൃഹത്തായ പദ്ധതിക്കേ ഇതു മാറ്റിയെടുക്കുവാൻ കഴിയുകയുള്ളൂ. ഇതിനായി വാർഡുതലത്തിൽ ഗുണഭോക്താക്കളെയും സന്നദ്ധ സംഘടകളെയും സംയുക്തമായി വിളിച്ചുചേർത്ത് ഗുണഭോക്താക്കൾക്കു എത്ര രൂപാ സമാഹരിക്കുവാൻ കഴിയും എന്ന് മനസിലാക്കി സർക്കാർ ഫണ്ടിനു പുറമേ സാധനങ്ങളും അദ്ധ്വാനവും സംഭാവനവഴി സ്വരൂപിച്ച് ഒരു പരിഹാരം കാണാവുന്നതാണ്.

നിർദ്ദേശം

1. താഴ്ന്ന വരുമാനക്കാരായിട്ടുള്ള മുഴുവൻ ജനങ്ങൾക്കും 5 വർഷത്തിനുള്ളിൽ സൗജന്യമായി വീട് നിർമ്മിച്ച് നൽകുവാനുള്ള പദ്ധതി ആവിഷ്ക്കരിക്കുക.
2. കോളനികളിലെയും സെറ്റിൽമെന്റ് കോളനികളിലെയും വീടുകൾക്ക് അറ്റകുറ്റപണി നടത്തുവാനുള്ള സാമ്പത്തിക സഹായം ലഭ്യമാക്കുക.
3. പഞ്ചായത്തു തലത്തിൽ ഭവന നിർമ്മാണ സഹകരണ സംഘങ്ങൾ രൂപീകരിക്കുക. ഭവന നിർമ്മാണ സാമഗ്രികൾ ഈ സംഘത്തിലൂടെ ന്യായ വിലയ്ക്ക് വിതരണം ചെയ്യുക.
4. സർക്കാർ പദ്ധതികളിലൂടെ ലഭ്യമാകുന്ന ഭവന നിർമ്മാണ വായ്പയ്ക്കുള്ള സാങ്കേതികവും സാമ്പത്തികവുമായ ബുദ്ധിമുട്ടുകൾ ഒഴിവാക്കുക.
5. നിർമ്മാണ ചിലവ് ഒരു നിശ്ചിത തുകയ്ക്ക് മുകളിൽ വരുന്ന കെട്ടിട നിർമ്മാണ പ്രവർത്തികൾക്ക് കർശനമായി പരിധി ഏർപ്പെടുത്തുക.
6. സർക്കാർ വകുപ്പുകൾ വഴി ലഭ്യമാകുന്ന വായ്പകളുടെ പരിധി ഉയർത്തുക.
7. ചെലവു കുറഞ്ഞ വീടുകൾ നിർമ്മിക്കുന്നതിനുള്ള ബോധവൽക്കരണവും പ്രചാരവും നൽകുക.

സാമൂഹ്യക്ഷേമം

സാമൂഹ്യ ക്ഷേമരംഗത്ത് ദാരിദ്ര്യ രേഖയ്ക്കു താഴെയുള്ളവരെ ഉദ്ധരിക്കുവാനുള്ള ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതിയും സംഘടിത-അസംഘടിത തൊഴിലാളികളുടെ ക്ഷേമത്തിനായുള്ള ക്ഷേമ പദ്ധതികളുമാണ് നിലവിലുള്ളത്.

പൂർണ്ണമായും കേന്ദ്ര-സംസ്ഥാന ഗവൺമെൻറുകൾ വഹിക്കുന്ന ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതിയും തൊഴിലാളി-തൊഴിലുടമ സഹകരണത്തോടെ ക്ഷേമനിധി ബോർഡുകൾവഴി നടപ്പാക്കപ്പെടുന്നവയുമായി ഇതിനെ രണ്ടായി തരംതിരിക്കാം.

ഈ പദ്ധതികൾക്ക് പുറമേ പട്ടികജാതി വികസനത്തിനും ഉന്നമനത്തിനുമായി പട്ടികജാതി വികസന കോർപറേഷനും വനിതകളുടെ പുരോഗതിക്കായി വനിതാ വികസന കോർപ്പറേഷനും പ്രവർത്തിക്കുന്നുണ്ട്.

ഈ പദ്ധതികളിൽ ദാരിദ്ര്യനിർമ്മാർജ്ജന പദ്ധതികൾ മുഖേനയുള്ള സഹായങ്ങളാണ് വലിയതോതിലല്ലെങ്കിലും പഞ്ചായത്തിൽ ലഭ്യമാവുന്നത്. നാമമാത്രമായി മറ്റ് പദ്ധതികളും പഞ്ചായത്തിൽ ജനങ്ങൾ ഉപയോഗപ്പെടുത്തുന്നുണ്ട്.

നിലവിലുള്ള പദ്ധതികളുടെ അപര്യാപ്തത വളരെ പ്രകടമാണ്. പദ്ധതിയെക്കുറിച്ചുള്ള അറിവില്ലായ്മ, അർഹതപ്പെട്ടവർക്ക് കിട്ടായ്ക, ഉദ്യോഗസ്ഥ തലത്തിലുള്ള ബോധവൽക്കരണക്കുറവ്, ആവശ്യത്തിനും സമയത്തിനും കിട്ടായ്ക, ഉപയോഗപ്പെടുത്തുമ്പോഴുള്ള സാങ്കേതിക നൂലാമാലകൾ എന്നിവ എടുത്തു പറയേണ്ടത് തന്നെയാണ്.

തൊഴിലാളി - തൊഴിലുടമ സഹകരണത്തോടെയുള്ള ക്ഷേമനിധി ബോർഡുകൾ മുഖേനയുള്ള പ്രവർത്തനംതന്നെ കാര്യക്ഷമമായിട്ടില്ല. പഞ്ചായത്തിൽ കർഷക തൊഴിലാളികൾ കെട്ടിട നിർമ്മാണതൊഴിലാളികൾ എന്നിവർ കൂടുതലുണ്ടെങ്കിലും എല്ലാ തൊഴിലാളികളും ക്ഷേമനിധിയിൽ അംഗങ്ങളായിട്ടില്ല.

പട്ടികജാതി വികസന കോർപ്പറേഷൻ വഴിയുള്ള ആനുകൂല്യം നാമമാത്രമായിട്ടാണ് ഈ പഞ്ചായത്തിലെ പട്ടികജാതിക്കാർക്ക് ലഭ്യമാവുന്നത്. ടി കോർപ്പറേഷൻവഴി നടപ്പാക്കുന്ന പദ്ധതികൾ ഇക്കൂട്ടർക്ക് ലഭ്യമാകുന്നതിന് നിയമത്തിൻെറ വളരെ നൂലാമാലകൾ എന്നും ഇവർക്ക് ഭീഷണിയായിത്തീരുന്നു. നടപ്പാക്കുന്ന പദ്ധതികൾ ഇവർക്ക് പ്രയോജനതക്കതാവണമെങ്കിൽ കാലഘട്ടത്തിനനുസൃതമായി വിജയിക്കുവാൻ കഴിയുന്ന പദ്ധതികൾ എളുപ്പമാർഗ്ഗത്തിൽ ലഭ്യമാകുവാനുള്ള നടപടിയുണ്ടാകണം. പട്ടികജാതി വികസന കോർപ്പറേഷൻെറ ആഫീസ് കോട്ടയത്താണ് സ്ഥിതി ചെയ്യുന്നത്.

വനിതാ വികസന കോർപ്പറേഷൻ ആസ്ഥാനം തിരുവനന്തപുരത്തായതിനാൽ പഞ്ചായത്തിലെ സാധാരണ സ്ത്രീകൾക്ക് ഇതുവഴിയുള്ള ആനുകൂല്യം ലഭിക്കാറില്ല. പൊതു പ്രവർത്തനരംഗത്ത് പ്രവർത്തിക്കുന്ന പല സ്ത്രീകൾക്കും ഇതേക്കുറിച്ചറിയില്ലെന്നതാണ് യാഥാർത്ഥ്യം. വനിതകൾക്ക് അന്യമാണ് ഈ കോർപ്പറേഷൻ എന്നാണ് പഞ്ചായത്തിനെ വിലയിരുത്തുമ്പോൾ അറിയുവാൻ കഴിയുക.

സാമൂഹ്യക്ഷേമരംഗത്ത് കാര്യമായി പ്രവർത്തിച്ചുകൊണ്ട് പഞ്ചായത്തിൽ സഹായം ലഭ്യമാക്കികൊണ്ടിരിക്കുന്നത് ബ്ലോക്ക് ഡവലപ്മെൻറ് ആഫീസിന് താഴെയുള്ള തൃക്കൊടിത്താനം,കോട്ടമുറി എന്നീ VEO സർക്കിൾ വഴിയാണ്. രണ്ടു സർക്കിളുകളിലൂടെ നടപ്പാക്കിയ പദ്ധതികളെ സംബന്ധിച്ച് ശരിയായി വിലയിരുത്തപ്പെടണമെങ്കിൽ ഗുണഭോക്താവിൽനിന്നും ശരിയായി വിവരങ്ങൾ ശേഖരിക്കപ്പെടേണ്ടിയിരിക്കുന്നു.

തൃക്കൊടിത്താനം, VEO സർക്കിളി-നു കീഴിൽ 1992-93 -ൽ നടത്തിയ IRDP സർവ്വേപ്രകാരം 2362 കുടുംബങ്ങൾ ദരിദ്രരേഖയ്ക്കു താഴെ ജീവിതം നയിക്കുന്നുവെന്നു സൂചിപ്പിക്കുന്നു. (ഇതിൻെറ വിശദമായ പട്ടിക ചുവടെ ചേർക്കുന്നു.)

IRDP സർവ്വേപ്രകാരം ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളവരുടെ വിവരം

വാർഡ് നമ്പർ	സർവ്വേപ്രകാരം ആകെ കുടുംബങ്ങളുടെ എണ്ണം	ഇതിൽ SC/ST കുടുംബങ്ങൾ	നാളിതുവരെ സാമ്പത്തിക സഹായം ലഭിച്ച കുടുംബങ്ങൾ	ഇതിൽ SC/ST	സഹായം ലഭിച്ചതുവഴി ദാരിദ്ര മുകളിലെത്തിയ കുടുംബങ്ങൾ	ദാരിദ്ര്യ രേഖയ്ക്കു താഴെയുള്ളവർ
I	87	3	15	3	5	72
II	362	75	241	73	28	216

III	378	53	212	52	41	243
IV	435	76	201	76	32	386
V	109	2	39	2	14	63
VI	421	102	147	102	42	301
VII	120	21	60	23	9	111
VIII	125	32	64	35	8	117
IX	98	18	59	20	9	89
X	34	29	61	30	9	89
XI	63	13	41	14	9	75
XII	80	14	55	15	8	72

ഇതിൽ 438 കുടുംബങ്ങൾ SC/ST യും ഇവരിൽ നാളിതുവരെ 1195 കുടുംബങ്ങൾക്കുമാത്രമേ സബ്സീഡിയും വായ്പയുമായിട്ടുള്ള സഹായങ്ങൾ നൽകുവാൻ കഴിഞ്ഞിട്ടുള്ളു. ദാരിദ്ര്യരേഖയ്ക്കു താഴെ 1834 കുടുംബങ്ങൾ കഴിഞ്ഞുകൂടുന്നുണ്ട്. ഈ പട്ടികയിൽ ഉൾപ്പെടാത്ത ധാരാളം വീടുകളുണ്ട്. പദ്ധതിയെക്കുറിച്ചുള്ള സർക്കാരിന്റെ നിർവചനം കാലോചിതമായ മാറ്റത്തിന് വിധേയമാക്കേണ്ടതാണ്. ദാരിദ്ര്യരേഖയുടെ പരിധി 25000 രൂപായെങ്കിലും ആക്കി ഉയർത്തേണ്ടത് ഈ കാലഘട്ടത്തിന്റെ മറ്റൊരു ആവശ്യമാണ്.

ദേശസാൽകൃത ബാങ്കുകൾ ഈ സ്കീം അനുസരിച്ച് വായ്പ ലഭ്യമാക്കുന്നതിൽ ഗുരുതരമായ ഉദാസീനതയാണ്കാണിക്കുന്നത്. ബാങ്കുകളെകൊണ്ട് ഗുണഭോക്താക്കളെ എളുപ്പത്തിൽ സഹായിക്കുവാൻ വേണ്ട നടപടി സർക്കാർ തലത്തിൽ ഉടനടി ഉണ്ടാകണം. കൂടാതെ ഗുണഭോക്താക്കളെ കണ്ടെത്താൻ വർഷം തോറും സർവ്വേ നടത്തണം.

D W C R A (ഗ്രാമീണ വനിതാ ശിശു വികസന പദ്ധതി)

ഗ്രാമീണ സ്ത്രീകളുടെയും കുട്ടികളുടെയും സാമ്പത്തികവും ശാരീരികവും മാനസീകവുമായ ഉന്നമനത്തിനുവേണ്ടി പത്തോ അതിലധികമോ കുടുംബങ്ങളിലെ തൊഴിൽ രഹിതരായ വനിതകൾക്ക് കൂട്ടായി

IRDP പട്ടിക വിശദമായി

നമ്പർ	വർഷം	ഉപഭോക്താക്കളുടെ എണ്ണം	ലോൺ	സബ്സ്-സീഡി
1	1991-92	62	450132	182922
2	1992-93	52	430730	172532
3	1993-94	50	258286	181414
4	1994-95	56	535070	250970

പട്ടിക - 1 - D W C R A സഹായലഭ്യത കണക്ക് (തൃക്കൊടിത്താനം പഞ്ചായത്ത്)

വർഷം	പദ്ധതികളുടെ എണ്ണം	സബ്സിഡി തുക	വായ്പ	വായ്പാസ്ഥാപനം
1994-95	2	40,000	80,000	SBT, TDM & SBIADB, CHY
1995-96	Nil	-	-	-
1996-97	1	40,00	160,000	SIB, CHY

പ്രവർത്തിക്കുന്ന തൊഴിൽദാന പദ്ധതിയാണ് D W C R A.

11 -ാം വാർഡിൽ ഒരു തയ്യൽ യൂണിറ്റും (പ്രതീക്ഷാ ഗാർമെൻറ്സ് മുക്കാട്ടുപടി) 8 -ാം വാർഡിൽ ഒരു ബാംബു യൂണിറ്റുമാണ് 1994-95 -ൽ ഈ പദ്ധതിപ്രകാരം സഹായിച്ച് നടപ്പിലാക്കിയത്. തയ്യൽ യൂണിറ്റ് കുറെക്കൂടി കാര്യക്ഷമമായി പ്രവർത്തിയ്ക്കേണ്ടതുണ്ട്. ഗുണഭോക്താക്കളുടെ താല്പര്യക്കുറവ് ഒരു പരിധിവരെ പരിഹരിക്കപ്പെട്ടാൽ വളരെ നല്ല നിലയിൽ പ്രവർത്തിക്കാൻ കഴിയുന്ന ഒരു യൂണിറ്റാണ് ഇത്. 8 -ാം വാർഡിലെ പരമ്പരാഗത തൊഴിലായ ബാംബു വർക്ക്സ് നന്നായി നടക്കുന്നു. 95-96 -ൽ ടി പഞ്ചായത്തിൽ D W C R A പ്രകാരം ധനസഹായം നൽകിയിട്ടില്ല. 1996-97 -ൽ 3-ാം വാർഡിൽ ചേരിക്കൽ ഭാഗത്ത് ഒരു D W C R A ഗ്രൂപ്പ് ഫോർമേഷൻ നടന്നു. പ്രൊജക്ട് റിപ്പോർട്ടും അപേക്ഷയും ബാങ്കിൽ (S I B CHY) എത്തിച്ച് നടപടികൾ നടത്തുന്നു.

ണുന്നത്. ഈ സ്കീമിന്റെ ഗുണഗണങ്ങളെക്കുറിച്ച് ജനങ്ങൾക്കുള്ള അവബോധം നീക്കുവാനും കൂടുതൽ പ്രോജക്ടുകൾ പഞ്ചായത്തിൽ ആവിഷ്ക്കരിക്കുവാനും നമുക്കു കഴിയണം. പഞ്ചായത്തിൽ ആരംഭിച്ചിട്ടുള്ള രണ്ടു യൂണിറ്റുകളിൽ 12 -ാം വാർഡിൽ ഉള്ള ഗാർമെൻറ്സ് മേക്കിംഗ് യൂണിറ്റ് തൃപ്തികരമായി പ്രവർത്തനം നടത്തുന്നു. 8 -ാം വാർഡിലെ ബാംബു വർക്സ് സാമാന്യരീതിയിൽ പ്രവർത്തനം നടത്തിപ്പോകുന്നു. ഈ യൂണിറ്റിന് ബാംബു കോർപ്പറേഷൻ മുഖേന ഈറ്റ ലഭ്യമാക്കുവാനുള്ള ഏർപ്പാടു ഉണ്ടാക്കുകയും ഉല്പന്നങ്ങൾ ന്യായവിലയ്ക്ക് വാങ്ങുവാനുള്ള വിപണികൂടിയുണ്ടെങ്കിൽ മാത്രമേ ഈ യൂണിറ്റിന് നിലനിൽക്കുവാൻ കഴിയുകയുള്ളൂ. കൂടാതെ ഈ പദ്ധതിപ്രകാരം ആടു വളർത്തൽ, മുയൽ വളർത്തൽ, കോഴി വളർത്തൽ എന്നിങ്ങനെയുള്ള പദ്ധതി ആവിഷ്ക്കരിക്കപ്പെടുകയാണെങ്കിൽ കൂടുതൽ പ്രയോജനം ലഭിക്കുന്നതാണ്.

പട്ടിക - II

വർഷം	യൂണിറ്റിലെ ആകെ അംഗങ്ങൾ	പട്ടികജാതി പട്ടിക വർഗ്ഗത്തിൽ പെട്ടവർ	മറ്റു വിഭാഗത്തിൽ പെട്ടവർ	സഹായിച്ച ബാങ്ക്
1994-95	10 +	Nil +	10 +	SBT TDM + SBI CHY
1995-96	–	–	–	–
1996-97	10	2	8	S I B CHY

D W C R A അവലോകനം

തൊഴിൽരഹിതരായിട്ടുള്ള യുവതികൾക്കു വളരെയേറെ പ്രയോജനം ചെയ്യപ്പെടുന്ന ഈ സ്കീമിന്റെ പ്രവർത്തനം വളരെ മോശപ്പെട്ട രീതിയിലാണ്. ജനങ്ങൾ ഈ രീതിയെ വളരെ ഭീതിയോടെയാണ് നോക്കിക്കാ

ട്രൈസം

ഗ്രാമപ്രദേശത്തെ 18 മുതൽ 35 വയസ്സുവരെയുള്ള യുവതീയുവാക്കൾക്ക് സ്വയംതൊഴിൽ പരിശീലനം നൽകുന്ന പദ്ധതിയാണ് ട്രൈസം. (Training of Rural Youth for Self-employment)

ട്രൈസം പരിശീലന ലഭ്യോതാ പട്ടിക - I തൃക്കൊടിത്താനം സർക്കിൾ

വർഷം	എണ്ണം	വർഷം	എണ്ണം	വർഷം	എണ്ണം
1985-86	1	1986-87	Nil.	1987-88	Nil.
1988-89	2	1989-90	1	1990-91	5
1991-92	4	1992-93	2	1993-94	1
1994-95	10	1995-96	5	1996-97	1

ട്രൈസം പരിശീലന ലഭ്യതാ പട്ടിക - II

കോട്ടമുറി സർക്കിൾ

വർഷം	എണ്ണം
1985-97	21 പേർക്ക്

ടൂൾ കിറ്റ്

ട്രൈസം പദ്ധതിപ്രകാരം പരിശീലനം ലഭിച്ചവർക്ക് ടൂൾ കിറ്റ് നൽകുന്ന പദ്ധതിപ്രകാരം തൃക്കൊടിത്താനം സർക്കിളിൽനിന്നും എംബ്രോയിഡറി, പ്ലംബിംഗ്, വെൽഡിംഗ്, റേഡിയോ, ടി.വി മുതലായ ട്രേഡുകളിൽ പരിശീലനം ലഭിച്ചവർക്ക് പരിശീലനാനന്തരം 600/-' രൂപയ്ക്കു വീതമുള്ള ടൂൾ കിറ്റ് നൽകിയിട്ടുണ്ട്.

R A P (Rural Artsan's Programme) പ്രകാരം കരകൗശല തൊഴിലാളികൾക്ക് വിദഗ്ദ്ധ തൊഴിൽ ഉപകരണം നൽകുന്ന പദ്ധതിപ്രകാരം 1995-96 -ൽ തൃക്കൊടിത്താനം വി.ഇ.ഒ. സർക്കിളിലും കോട്ടമുറി സർക്കിളിലുമായ് 4 പേർക്ക് 8608 രൂപയ്ക്കുള്ള തൊഴിൽ ഉപകരണങ്ങൾ നൽകി. ആയതിന്റെ 50% മോ പരമാവധി 2000 രൂപയോ ഏതാണ് കുറവ് എന്നുവച്ചാൽ അത് ധനസഹായവും ബാക്കി ഗുണഭോക്താവിന്റെ വീതമായും ചേർത്ത് തൊഴിൽ ഉപകരണങ്ങൾ നൽകിയിട്ടുണ്ട്.

ടൂൾ കിറ്റ് തൃക്കൊടിത്താനം സർക്കിളിൽ കൊടുത്തത്

വർഷം	എണ്ണം	തുക
1995-96	2	4000/-

ടൂൾ കിറ്റ് കോട്ടമുറി സർക്കിളിൽ കൊടുത്തത്

വർഷം	എണ്ണം	തുക
1995-96	2	4000/-

1985-86 മുതൽ 1996-97 വരെ തൃക്കൊടിത്താനം വി.ഇ.ഒ സർക്കിളിൽനിന്നും 32 പേർക്ക് പരിശീലനം നൽകുകയുണ്ടായി. 1985-86 മുതൽ 1996-97 വരെ കോട്ടമുറി സർക്കിളിൽ നിന്നും 21 പേർക്ക് പരിലീനം നൽകി. പരിശീലനാന്തരം പരമാവധി പേർക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിന് ബാങ്കിൽ നിന്നുള്ള വായ്പയും സർക്കാർ സബ്സിഡിയും ചേർത്ത് അവരവർക്ക് ലഭിച്ച തൊഴിൽ പരിശീലനാനന്തരം തൊഴിലുകളിൽ കൂടിയിരുത്തുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ശ്രമിച്ചു. ആയതിന്റെ ഫലമായി തൃക്കൊടിത്താനം സർക്കിളിൽനിന്നും പരിശീലനം ലഭിച്ചവരിൽ 10 പേർക്ക് വായ്പയും സബ്സിഡിയും നൽകി തൊഴിലുകളിൽ കുടിയിരുത്താനും, പ്ലംബിംഗ്, വെൽഡിംഗ്, വയറിംഗ്, നെയ്ത്ത്, കമ്പോസിംഗ്, പ്രിൻറിംഗ്, ബുക്ക് ബയൻറിംഗ് മുതലായ പരിശീലനം നേടിയവർ മറ്റു സ്ഥാപനങ്ങളിൽ Wage Employee ആയി 11 പേർ തൊഴിലിലും ഏർപ്പെട്ടിട്ടുണ്ട്.

C R S P ലഭ്യതാ റിപ്പോർട്ട്

ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളവർക്ക് കക്കൂസ് നിർമ്മിക്കുവാൻ ധനസഹായം നൽകുന്ന പദ്ധതിയാണ് C.R.S.P. 91-92 മുതൽ 95-96 വരെ കാലയളവിൽ രണ്ടു വി.ഇ.ഒ സർക്കിളുകളിലായി നമ്മുടെ പഞ്ചായത്തിൽ 198 കുടുംബങ്ങൾക്ക് 2000 രൂപാവീതം അനുവദിച്ചു കക്കൂസ് നിർമ്മിച്ചിട്ടുള്ള വകയിൽ 396000 രൂപാ ചിലവഴിച്ചിട്ടുണ്ട്. ഓരോ വർഷവും പരിമിതമായ ആളുകൾക്കു മാത്രമാണ് ഇതിന്റെ ഗുണം ലഭിക്കുന്നത്. ഈ പദ്ധതിപ്രകാരം കൂടുതൽ പേർക്ക് കക്കൂസ് ലഭ്യമാക്കുകയും 2000 രൂപയെന്നുള്ളത് 4000 രൂപയായി വർദ്ധിപ്പിക്കുകയും വേണം.

വില്ലേജ് ആഫീസുവഴിയുള്ള ക്ഷേമപദ്ധതികൾ

സാമൂഹ്യക്ഷേമരംഗത്ത് റവന്യൂ വകുപ്പ് വഴി പെൻഷനും നിർധനരായ വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായങ്ങളുമാണ് ലഭ്യമായിരുന്നത്.

അർഹരായ മുഴുവൻ പേർക്കും ആനുകൂല്യം ലഭിക്കുന്നില്ല. അനർഹരായ കുറേപേർ ആനുകൂല്യം കൈപറ്റുന്നതായും ഈ ക്ഷേമപദ്ധതികളെ സംബന്ധിച്ച് വിലയിരുത്തുമ്പോൾ ബോധ്യപ്പെടുന്നു.

നിത്യവൃത്തിക്ക് ബുദ്ധിമുട്ടുന്ന അവശർക്ക് നൽകുന്ന ഈ പദ്ധതികൾ കൃത്യമായി കിട്ടുന്നില്ലെന്നുള്ളത് വലിയ പ്രശ്നം തന്നെയായി അവശേഷിക്കുന്നു.

പെൻഷനുകളെ സംബന്ധിച്ചും വിധവാ പെൻഷൻ

പ്രായപൂർത്തിയായ ആൺകുട്ടികളുണ്ടെങ്കിൽ ഈ പെൻഷൻ ലഭിക്കുന്നതല്ല. ഇതിൽ മാറ്റം വരുത്തി വരുമാനത്തിന്റെ അടിസ്ഥാനത്തിൽ പെൻഷൻ ലഭ്യ

രണ്ടു VEO സർക്കിളുകൾ മുഖേന നൽകിയ C R S P കക്കൂസുകൾ

വാർഡ്	വർഷം അനുവദിച്ച	കക്കൂസ് ആകെ എണ്ണം	ചിലവഴിച്ച കക്കൂസ് തുക	ഇനിയും അനുവദിക്കേണ്ടവ
I	92-96	12	2400	22
II	"	29	5800	82
III	"	11	2200	71
IV	"	13	2600	161
V	"	16	3200	62
VI	"	33	6600	41
VII "	"	13	2600	53
VIII	"	18	3600	147
IX	"	14	2800	91
X	"	15	3000	105
XI	"	11	2200	85
XII	"	13	2600	86

മാക്കുവാൻ നടപടി സ്വീകരിക്കണം. 72 പേർക്ക് ഈ പെൻഷൻ ലഭ്യമാണ്.

വികലാംഗ പെൻഷൻ

വികലാംഗത്വം തെളിയിക്കാനുള്ള സർട്ടിഫിക്കറ്റിന് ആളുകൾ വളരെ ബുദ്ധിമുട്ടുകയാണ്. കോട്ടയത്തുള്ള ജില്ലാ ആശുപത്രിയിൽ എത്തി വേണം ഈ സർട്ടിഫിക്കറ്റ് ഉണ്ടാക്കുവാൻ. സർട്ടിഫിക്കറ്റ് കിട്ടുവാനുള്ള കാലതാമസവും വളരെയേറെ പ്രയാസങ്ങൾ സൃഷ്ടിക്കുന്നു. ഇതിന് വികലാംഗത്വം തെളിയിക്കാനുള്ള സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള അധികാരം താലൂക്ക് ആശുപത്രിയിലെ പ്രധാന മെഡിക്കൽ ആഫീസർക്കു നൽകണം. ഏകദേശം 50 പേർക്ക് ഈ പെൻഷൻ ലഭ്യമാകുന്നുണ്ട്.

കർഷകതൊഴിലാളി പെൻഷൻ

അനർഹരായ ധാരാളം പേർക്ക് പെൻഷൻ ലഭിക്കുന്നുണ്ട്. അർഹരായ മുഴുവൻ പേർക്കും പെൻഷൻ ലഭ്യമാകുന്നില്ല. അർഹരായവരെ തെരഞ്ഞെടുക്കുവാനുള്ള അധികാരം ഗ്രാമപഞ്ചായത്തിനു നൽകണം.

തൊഴിലില്ലായ്മ വേതനം

നമ്മുടെ പഞ്ചായത്തിലും അനർഹമായി തൊഴിലില്ലായ്മ വേതനം കൈപറ്റുന്നവരുണ്ട്. ടി, പഞ്ചായത്തിൽ 632 പേർ വേതനം കൈപ്പറ്റുന്നു. ടി വേതനം ഗുണഭോക്താക്കൾക്കു ലഭിക്കുന്നതിനു വളരെ ബുദ്ധിമുട്ടുകളാണ് തൊഴിൽ രഹിതരായിട്ടുള്ള ഈ യുവതീയുവാക്കൾക്കു അനുഭവിക്കേണ്ടിവരുന്നത്. തൊഴിലില്ലായ്മ വേതനവിതരണം പഞ്ചായത്തുകൾ മുഖേന നടത്തുവാനുള്ള നടപടിയുണ്ടാകണം.

വാർദ്ധക്യകാല പെൻഷൻ

പഞ്ചായത്തിൽ ഒട്ടും ലഭിക്കാത്ത ഒരു ക്ഷേമപദ്ധതിയാണ് വാർദ്ധ്യകാല പെൻഷൻ. നിർദ്ധനരായ അനേകം ആളുകൾ ഉണ്ടെങ്കിലും 92- മുതൽ 96വരെ 6 പേർക്കുമാത്രമാണ് ഈ പെൻഷൻ ലഭ്യമാ

കുന്നത്. ഈക്കാര്യത്തിൽ അടിയന്തര ശ്രദ്ധയുണ്ടാകേണ്ടിയിരിക്കുന്നു.

പെൻഷൻ ഗുണഭോക്താക്കളുടെ വിവരം വിശദമായി

വർഷം	വില്ലേജ്	അഗതി പെൻ	വിധവാ പെൻ	വികലാംഗ പെൻ	വാർദ്ധക്യ പെൻ	അവശ കലാകാര	ക്ഷയ രോഗ	കുഷ്ഠ രോഗ	ക്യാൻസർ രോഗ	തൊഴി ലില്ലാ
92-93	തൃക്കൊടി	-	20	13	3	-	2	ഇല്ല	3	
93-94	ത്താനം	-	19	12	-	4	2		3	
94-95	വില്ലേജ്	-	2	2	-	-	4		2	
95-96		-	31	9	3	-	2		2	
96-97			-	14	-	-	2		-	

അംഗൻവാടികൾ

സാമൂഹ്യക്ഷേമരംഗത്ത് അടിസ്ഥാനപരമായ പ്രവർത്തനം കാഴ്ചവയ്ക്കുന്ന അംഗൻവാടികൾ നമ്മുടെ പഞ്ചായത്തിൽ 12 വാർഡുകളിലായി 27 എണ്ണം പ്രവർത്തിക്കുന്നു. 1000 ജനങ്ങൾക്ക് ഒരു അംഗൻവാടി യെന്നതാണ് I C D S -ന്റെ ലക്ഷ്യമെങ്കിലും ഒരു പരിധിവരെ നിറവേറ്റുവാൻ കഴിഞ്ഞിട്ടുണ്ട്. പുത്തൻ വിദ്യാഭ്യാസ സംസ്കാരത്തിന്റെ കടന്നുകയറ്റം പഞ്ചായത്തിലും പ്രകടമാണ്. നിലവിലുള്ള പ്രാഥമിക സൗകര്യത്തിന്റെ അഭാവം ജീവനക്കാരിൽ പ്രയാസവും കുട്ടികളിലും രക്ഷിതാക്കളിലും അസന്തുഷ്ടിയും ഉണ്ടാക്കുന്നു. പ്രവർത്തനത്തെ ഇത് ദോഷകരമായി ബാധിക്കുന്നു. സ്വന്തമായി കെട്ടിടമില്ലാത്തതും സ്ഥലമില്ലാത്തതും കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണി നടത്താത്തതും കളിപ്പാട്ടങ്ങൾ ഇല്ലാത്തതും വലിയ പ്രശ്നമായി അവശേഷിക്കുന്നു. വരും തലമുറയെ വളർത്തിയെടുക്കുന്ന അംഗൻവാടികളിലെ ജീവനക്കാരുടെ സ്ഥിതിയും വളരെ ദയനീയമാണ്. വർക്കർ, ഹെൽപ്പർ എന്നീ രണ്ടു തസ്തികളാണ് ഇതിലുള്ളത്. രാവിലെ 9 മുതൽമൂന്നര വരെ ജോലി ചെയ്യുന്ന ഇവർ ആരോഗ്യമേഖലയിലെ ഗൃഹസന്ദർശനം ഉൾപ്പെടെ നടത്തേണ്ടതായും വരുന്നുണ്ട്. പ്രയാസം സഹിച്ചും നാടിന്റെ ഉന്നമനത്തിനു വേണ്ടി പ്രവർത്തിക്കുന്ന പ്രസ്തുത ജീവനക്കാരുടെ വേതനം വളരെ തുച്ഛമാണ്, ഈ അവസ്ഥയ്ക്കു പരിഹാരം കാണേണ്ടിയിരിക്കുന്നു.

നിർദ്ദേശങ്ങൾ

1) J R Y ഫണ്ടോ മറ്റേതെങ്കിലും ഫണ്ടോ അംഗൻവാടികൾക്കു സ്വന്തമായി സ്ഥലം വാങ്ങുന്നതിന് അനുവദിക്കുക.
2) അറ്റകുറ്റപ്പണികൾക്ക് പഞ്ചായത്തിൽനിന്നും ഫണ്ട് അനുവദിക്കുക.
3) D W C R A യൂണിറ്റുകൾക്കു നൽകുന്ന ഫണ്ടിന്റെ നിശ്ചിത ശതമാനം കളിപ്പാട്ടങ്ങൾ വാങ്ങാൻ നൽകുക.
4) അംഗൻവാടി കുട്ടികൾക്കു പോഷകാഹാരത്തിനു നൽകുന്ന സംഖ്യയുടെ പരിധി ഉയർത്തുക.
5) അംഗൻവാടി വർക്കർമാരെയും ഹെൽപ്പർമാരെയും സർക്കാർ ജീവനക്കാരായി അംഗീകരിക്കുകയും സേവന-വേതന വ്യവസ്ഥകൾ ഉയർത്തുകയും ചെയ്യുക.
6) താല്ക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുക.
7) പൊതുപ്രവർത്തനത്തിൽ വർക്കർമാരെയും ഹെൽപ്പർമാരെയും സജീവമാക്കുവാൻ ബോധവൽക്കരണം നടത്തുക.

ക്ഷേമ നിധികളെ സംബന്ധിച്ച്

കെട്ടിടനിർമ്മാണ തൊഴിലാളി ക്ഷേമനിധി

പഞ്ചായത്തിലെ കുറെപേർ കെട്ടിടനിർമ്മാണ രംഗത്ത് പണിയെടുക്കുന്നുണ്ട്. ഇവരിൽ ഭൂരിഭാഗവും 8 -ഉം 9 -ഉം വാർഡുകളിലാണ്. എന്നാൽ മുഴുവൻ ആളു

കളും ക്ഷേമനിധിയിൽ അംഗങ്ങളായിട്ടില്ല. ഈ മേഖലയിലെ തൊഴിലാളികൾ കഠിനാദ്ധ്വാനം ചെയ്യുന്നവരാണ്. അതുകൊണ്ടുതന്നെ 55 വയസ്സ് ആകുമ്പോൾത്തന്നെ ഈ മേഖലയിൽനിന്നും വിട്ടുനിൽക്കേണ്ടിവരുന്നു. ആയതിനാൽ ഇവരുടെ പെൻഷൻ പ്രായം 55 വയസ്സായി ചുരുക്കണം. ഭവനനിർമ്മാണ പദ്ധതി കാര്യക്ഷമമായി നടക്കുന്നില്ല.

കൈത്തൊഴിലാളി - വിദഗ്ദ്ധ തൊഴിലാളി ക്ഷേമനിധി

തയ്യൽ, ബാർബർ, ബീഡി തൊഴിലാളികൾ എന്നിവർക്കു ക്ഷേമനിധി ഉണ്ടെങ്കിലും നമ്മുടെമേഖലയിലെ തൊഴിലാളികൾ ഈ മേഖലയിൽ അംഗങ്ങളായിട്ടില്ല. കൂടാതെ മത്സ്യവിൽപ്പനരംഗത്ത് ധാരാളം പേർ ഉണ്ടെങ്കിലും ഇരുവരും ഈ ക്ഷേമനിധി പദ്ധതിയിൽ അംഗങ്ങളല്ല.

സാമൂഹ്യക്ഷേമവുമായി ബന്ധപ്പെട്ട കാര്യങ്ങളിലെത്തിക്കാനും അർഹരായവർക്ക് ലഭ്യമാക്കുവാനും പഞ്ചായത്തു തലത്തിൽ ഒരു സെൽ രൂപീകരിക്കണം. അതായത് ഗ്രാമ സഭകൾ അതിൻകീഴിൽ 50 വീടുകൾ ഉൾക്കൊള്ളുന്ന അയൽക്കൂട്ട കമ്മറ്റികൾ എന്നിവ സജീവമാക്കി പദ്ധതികളെ സംബന്ധിച്ച ബോധവൽക്കരണവും അർഹതപ്പെട്ടവർക്ക് ആനുകൂല്യങ്ങൾ ലഭ്യമാവുകയും ചെയ്യും.

സാമൂഹ്യ സേവനരംഗം

തൃക്കൊടിത്താനം പഞ്ചായത്തിൽ സാമൂഹ്യ സേവനരംഗത്ത് എടുത്തുപറയേണ്ട സ്ഥാപനമാണ് കൊടിനാട്ടുംകുന്നിലുള്ള മേഴ്സിഹോം. S D വിഭാഗം സിസ്റ്റേഴ്സിന്റെ മേൽനോട്ടത്തിൽ എല്ലാ വിഭാഗത്തിൽപ്പെട്ട വികലാംഗരായ കുട്ടികളെ 1 -ാം ക്ലാസ്സുമുതൽ 10 -ാം ക്ലാസ്സുവരെ പഠിപ്പിക്കുകയും അവരുടെ അംഗവൈകല്യങ്ങൾ മാറ്റുന്നതിന് ചികിത്സ നടത്തുകയും ആർട്ടിഫിഷൽ ലിംബ് സെന്ററിന്റെ സഹായത്താൽ വൈകല്യം പരിഹരിക്കുന്നതിന് ഉപകരണങ്ങൾ നൽകുകയും ചെയ്തുവരുന്നു. കൂടാതെ മുസ്ലീം സമൂഹത്തിന്റെ നേതൃത്വത്തിൽ പൊട്ടശേരിയിൽ മർകസുൽ ഹൃദയത്തിംഘാന പ്രവർത്തിച്ചുവരുന്നു. ഇവിടെ ധാരാളം അനാഥകുട്ടികളെ സംരക്ഷിച്ചുവരുന്നു.

പൊതുവിതരണം


പഞ്ചായത്തിലാകെ 10 റേഷൻഷാപ്പുകൾ പ്രവർത്തിച്ചുവരുന്നു. ഇതിൽ 5171 കാർഡുകളുണ്ട്. പൊതുവിതരണരംഗത്ത് മാവേലിസ്റ്റോറുകൾ പ്രവർത്തിക്കുന്നില്ല. സർവ്വീസ് കോ-ഒപ്പറേറ്റീവ് ബാങ്കിനുകീഴിൽ കുന്നുംപുറത്തും, അമരയിലും രണ്ടു കൺസ്യൂമർ സ്റ്റോർ പ്രവർത്തിക്കുന്നു. സാധാരണക്കാർക്ക് ഇതൊരു ആശ്വാസമാകുന്നു. ചെറുകിട കച്ചവടക്കാരെ ആശ്രയിക്കുന്നരീതിയാണ് ഇവിടെയുള്ളത്. ഗുണനിലവാരം കുറഞ്ഞ സാധനങ്ങൾക്ക് ഭീമമായ വിലയാണ് ഇവർക്കും നൽകേണ്ടിവരുന്നത്. ആയതിനാൽ വളരെ അടിയന്തിരമായി പഞ്ചായത്തിൽ രണ്ട് മാവേലിസ്റ്റോർ അനുവദിച്ച് പൊതുവിതരണരംഗം ശക്തിപ്പെടുത്തണം.

റേഷൻഷാപ്പ് (പൊതു വിതരണകേന്ദ്രം)

റേഷൻഷാപ്പ് പൊതുവിതരണകേന്ദ്രമായതോടുകൂടി സ്റ്റാറ്റ്യൂട്ടറി റേഷനിങ് സമ്പ്രദായത്തിന്റെ ഉദ്ദേശ ലക്ഷ്യങ്ങൾക്ക് മങ്ങൽ ഏറ്റിട്ടുണ്ട്. 1966 ലെ റേഷനിംഗ് ആക്ട് പ്രകാരം രൂപീകൃതമായ റേഷനിംഗ് സമ്പ്രദായം തുടരേണ്ടതാണ്. ഈ പഞ്ചായത്തിലെ മുഴുവൻ റേഷൻ ഷാപ്പുകളുടെയും നിയന്ത്രണാധികാരം ഗ്രാമപഞ്ചായത്ത് ഏറ്റെടുത്ത് ഈ മേഖലയിലെ ആവശ്യങ്ങൾക്ക് പരിഹാരം ഉണ്ടാക്കണം.

പഞ്ചായത്തിലെ അമര, കോട്ടമുറി, കുന്നുംപുറം, നാൽക്കവല, മൂക്കാട്ടുപടി എന്നിവിടങ്ങളിൽ മാവേലി സ്റ്റോർ ഉടൻ അനുവദിക്കുക. ഈ മേഖലയെ കാര്യക്ഷമമാക്കുവാനും കുറ്റമറ്റതാക്കുവാനും ജനങ്ങളെ ബോധവൽക്കരിക്കുവാനും പഞ്ചായത്തിൽ ഉപഭോക്തൃ സംരക്ഷണസമിതി രൂപീകരിക്കുവാനും കഴിയണം.

നാൽക്കവല, ആരമല, കിളിമല, മാടത്തരുവി എന്നീ സ്ഥലങ്ങളിൽ ഉണ്ടായിരുന്ന റേഷൻ കടകൾ നിർത്തലാക്കുകയും ഇവിയെടുണ്ടായിരുന്ന കാർഡ് ഉടമകൾക്ക് മറ്റ് കടകളിൽ നിന്നും റേഷൻ നൽകുന്ന സ്ഥിതിയുമാണ് ഇപ്പോൾ ഉള്ളത്. നിർത്തലാക്കിയ പ്രദേശങ്ങളിൽ തന്നെ വീണ്ടും റേഷൻ കടകൾ ആരംഭിക്കുകയും ജനങ്ങൾക്കുള്ള ബുദ്ധിമുട്ട് ഒഴിവാക്കുകയും ചെയ്യേണ്ടതാണ്. കൂടാതെ റേൻ കടകൾ വഴി ഗുണമേന്മയുള്ള ഭക്ഷ്യധാന്യങ്ങൾ വിതരണം നടത്തുവാനുള്ള നടപടിയും ഉണ്ടാകേണ്ടതാണ്. ■



സംസ്ക്കാരം

തനിമ നഷ്ടപ്പെടാത്ത സമ്പന്നമായ ഒരു സാംസ്ക്കാരിക പൈതൃകത്തിന്റെ കേദാരമാണ് തൃക്കൊടിത്താനം. ജന്മാന്തരങ്ങൾക്കപ്പുറം വ്യക്തമായ ഒരു സംസ്കൃതി ഇവിടെ തഴച്ചു വളർന്നിരുന്നു. മതസഹിഷ്ണുതയും ആദ്ധ്യാത്മിക ചൈതന്യവും മുഖമുദ്രയാക്കി മാറ്റിയ ഒരു ജനസഞ്ചയത്തിന്റെ ഹൃദയത്തുടിപ്പുകൾ ഇന്നും ഇവിടത്തെ അന്തരീക്ഷത്തിൽ അനുരണനം ചെയ്യുന്നു. ശതാബ്ദങ്ങൾക്കപ്പുറത്തുനിന്നും രൂഢമൂലമായ മതസഹിഷ്ണുതയും സമുദായ സൗ ഹാർദ്ദവും അഭംഗുരമായി ഇവിടെ സംരക്ഷിക്കപ്പെടുന്നു. ഹിന്ദുവും മുസ്ലീമും ക്രിസ്ത്യാനിയും ഏകോദര സഹോദരന്മാരെപ്പോലെ, ഏകയോഗക്ഷേമത്തോടെ ഇവിടെ ''പുലരുന്നു.'' അങ്ങനെയുള്ള ഒരു ദേശത്തിന്റെ ചരിത്രം - അതാണ് തൃക്കൊടിത്താനത്തിന്റെ സംസ്ക്കാരം.

ചങ്ങനാശേരി പട്ടണത്തോടു തൊട്ടുരുമ്മിക്കിടക്കുന്ന ഈ ജനപഥം ചരിത്രപരമായും ഭൂമിശാസ്ത്രപരമായും വളരെ പ്രാധാന്യമർഹിക്കുന്നു. ഉദ്ദേശം ഒരു ശതാബ്ദത്തിനുമുമ്പ്, മറ്റൊരു ദേശത്തിനും അവകാശപ്പെടാൻ സാധ്യമല്ലാത്ത സവിശേഷതകളോടുകൂടി മധ്യതിരുവിതാംകൂറിന്റെ സാംസ്ക്കാരിക തിലകമായി ഈ നാട് പരിലസിച്ചിരുന്നു. പള്ളികൾ, പള്ളിക്കൂടങ്ങൾ, ക്ഷേത്രങ്ങൾ, വായനശാലകൾ, ഗ്രന്ഥശാലകൾ, കലാസമിതികൾ എന്നിവയാൽ അന്നെന്നപോലെ ഇന്നും ഉന്നതമായ ഒരു സ്ഥാനം വഹിച്ചുപോരുന്നുണ്ട് ഈ പ്രദേശം.

തൃക്കൊടിത്താനത്തിന്റെ ഗതകാല സംസ്കൃതിക്ക്, ഇവിടത്തെ അതിപുരാതനമായ വൈഷ്ണവ മഹാക്ഷേത്രത്തിന്റെ പഴമയോളം തന്നെ പ്രാചീനതയുണ്ട്. കൊല്ലവർഷാരംഭത്തിനു മുമ്പ് ക്ഷേത്രങ്ങളായിരുന്നു അംഗീകൃതമായ സാംസ്ക്കാരിക കേന്ദ്രങ്ങൾ. തൃക്കൊടിത്താനം മഹാക്ഷേത്രവും അക്കാലം മുതൽതന്നെ വിദ്യാഭ്യാസ കേന്ദ്രമായും സാംസ്ക്കാരികകേന്ദ്രമായും ശോഭിച്ചിരുന്നു. 'തൃക്കൊടിത്താനം' എന്ന പേര് ഇക്കാര്യം അനവർത്ഥമാക്കുന്നുമുണ്ട്.

സംസ്കൃത സാഹിത്യത്തിനും വേദപഠനത്തിനും ദക്ഷിണേന്ത്യയിൽ പ്രചാരം സിദ്ധിച്ച കാലം മുതൽതന്നെ ഇവിടെയും വേദശാസ്ത്ര പഠനകേന്ദ്രങ്ങൾ രൂപംകൊണ്ടിരുന്നു. അങ്ങനെയുള്ള പഠനകേന്ദ്രങ്ങൾക്ക് 'ഘടിക' അഥവാ 'ഘടികാസ്ഥാനങ്ങൾ' എന്നാണ്,പറയപ്പെട്ടിരുന്നത്. ഉന്നത്തെ സർവ്വകലാശാലകളുടെ മഹനീയ പദവിയുള്ള അംഗീകൃത മഹാസ്ഥാ

പനങ്ങളായിരുന്നു അവ. 'തിരു ഘടികാസ്ഥാനം' എന്ന പദത്തിന്റെ നിഷ്പന്ന രൂപമാണ് തൃക്കൊടിത്താനം.

കുലശേഖര ചക്രവർത്തിമാരുടെ ഭരണകാലത്ത്, (ഏ. ഡി. 800-1102) 'നൻറുഴൈ നാടിന്റെ തലസ്ഥാനമായിരുന്ന തൃക്കൊടിത്താനം, അതിന്റെ അധഃപതനത്തിനുശേഷം, തെക്കുംകൂറിന്റെയും തുടർന്നു തിരുവിതാംകൂറിന്റെയും ഭാഗമായിത്തീരുകയും ചെയ്തു. പതിനാലാം ശതകത്തിൽ രചിക്കപ്പെട്ടതെന്നു വിശ്വസിക്കപ്പെടുന്ന മലയാളത്തിലെ ആദ്യത്തെ സന്ദേശകാവ്യമായ 'ഉണ്ണുനീലി' സന്ദേശത്തിൽ ഈ നാടിനെക്കുറിച്ചു പരാമർശമുണ്ട്.

തൃക്കൊടിത്താനംവൈഷ്ണവ മഹാക്ഷേത്രം, അയർക്കാട്ടു വയൽ ശങ്കരനാരായണക്ഷേത്രം,ശ്രീ ഗുരു ഗുഹാനന്ദപുരം ക്ഷേത്രം, ആരമല ശിവക്ഷേത്രം, മാലൂർക്കാവ് ഭഗവതിക്ഷേത്രം, ശ്രീ രക്തേശ്വരീ ക്ഷേത്രം, മുണ്ടയ്ക്കൽ ഭഗവതി ക്ഷേത്രം, പൊട്ടശ്ശേരി വാർപ്പിടകം അമ്പലം, വേഷ്ണാൽ കളരിത്തറ ദേവീക്ഷേത്രം എന്നിവ ഈ പഞ്ചായത്തിലുള്ള ഹൈന്ദവാരാധനാലയങ്ങളാണ്. ആണ്ടുതോറും ഈ ക്ഷേത്രങ്ങളിൽ നാട്ടുകാരുടെ സഹായസഹകരണത്തോടെ ഉത്സവങ്ങൾ ആഘോഷിച്ചു വരുന്നുണ്ട്.

തൃക്കൊടിത്താനം സെൻറ് സേവ്യേഴ്സ് ചർച്ച്, ചാഞ്ഞോടി സെൻറ് സെബാസ്റ്റ്യൻസ് ചർച്ച്, കൊടിനാട്ടുംകുന്ന് സെൻറ് സെബാസ്റ്റ്യൻസ് ചർച്ച് എന്നിവ ഈ പ്രദേശത്തുള്ള ക്രൈസ്തവാരാധനാലയങ്ങളാണ്. ഈ ദേവാലയങ്ങളിൽ എല്ലാവർഷവും പെരുന്നാളുകൾ ആഘോഷിച്ചുപോരുന്നുണ്ട്. കിളിമല സി. എസ്. ഐ. ചർച്ച് മറ്റൊരു ക്രൈസ്തവ ആരാധനാലയമാണ്. അധഃസ്ഥിത ജന വിഭാഗങ്ങളുടെ ആരാധനാകേന്ദ്രമായ ശ്രീ കുമാര ഗുരുദേവൻ സ്ഥാപിക്കപ്പെട്ട പി. ആർ. ഡി.എസ് മന്ദിരം അമരയിൽ സ്ഥിതിചെയ്യുന്നു.

ഈ ഗ്രാമത്തിലുള്ള രണ്ടു മുസ്ലീം പള്ളികളാണ് ആരമലയിലുള്ള ജമാ മസ്ജിദ് . പോട്ടശ്ശേരിയിലുള്ള നിസ്ക്കാര കേന്ദ്രവും, ആണ്ടുതോറും നടത്തിവരാറുള്ള, മത മൈത്രിയുടെ പ്രതീകമായ ചങ്ങനാശ്ശേരി പുതൂർപ്പള്ളി ചന്ദനക്കുട ദേശീയാഘോഷത്തിനു ആരമല മുസ്ലീംപള്ളി വരവേൽപ്പ് നൽകിവരുന്നു. ആ അവസരത്തിൽ ഇന്നാട്ടിലെ സമുദായ സംഘടനകളും കലാകായിക സമിതികളും ഹൃദ്യമായ സ്വീകരണവും നൽകാറുണ്ട്.

ആധുനിക വിദ്യാഭ്യാസത്തിന്റെ പൊൻകിരണങ്ങൾ പത്തു പതിറ്റാണ്ടിനു മുൻപുതന്നെ ഇവിടെ വീശാൻ തുടങ്ങിയിരുന്നു. വൈഷ്ണവ മഹാക്ഷേത്രത്തിന്റെ വടക്കു കിഴക്കു നടയിൽ കുന്നിൻമുകളിൽ ഗവൺമെൻറു വകയായി ഒരു 'ഹയർ ഗ്രേഡ് വെർണാ ക്യൂലർ സ്കൂൾ (എച്ച്.ജി.വി) പ്രവർത്തിച്ചിരുന്നു. ഈ സ്കൂൾ പിന്നീട് 1896 -ൽ 'മലയാളം പള്ളിക്കൂടം' എന്ന പേരിൽ കുന്നുംപുറത്തേക്കു മാറ്റി സ്ഥാപിക്കുകയും ക്രമേണ അത് ഗവണ്മെൻറ് ഹൈസ്കൂളായി പരിണമിക്കുകയും ചെയ്തു.

ഗവ: ഹൈസ്കൂൾ, വി.ബി.യു.പി. സ്കൂൾ. അയർക്കാട്ടു വയൽ പയനീർ യു.പി.സ്കൂൾ, കടമാഞ്ചിറ ഗവ: എൽ.പി.സ്കൂൾ, അമരപുരം പി.ആർ.ഡി. എസ്, എൽ.പി. സ്കൂൾ, ചാഞ്ഞോടി സെൻറ് സെബാസ്റ്റ്യൻസ് എൽ.പി. സ്കൂൾ എന്നിവ ഈ പഞ്ചായത്തിലെ ഔപചാരിക വിദ്യാഭ്യാസ സ്ഥാപനങ്ങളാണ്. ഈ പഞ്ചായത്തിൽ 'അംഗൻവാടി മുതൽ ഹൈസ്കൂൾ തലംവരെ 34 ഓളം വിദ്യാലയങ്ങളുണ്ട്. സാക്ഷരതയിൽ ഈ പഞ്ചായത്ത് കോട്ടയം ജില്ലയിൽ ഒന്നാം സ്ഥാനത്താണ്. നൂറു ശതമാനം സാക്ഷരത ഇവിടെയുണ്ട്.

ഒരു ജനതയുടെ സാംസ്ക്കാരികാഭിവൃദ്ധിയിലേക്കു വെളിച്ചം വീശുന്ന വിജ്ഞാന ദീപങ്ങളാണ് വായനശാലകളും ഗ്രന്ഥശാലകളും. ഈ നാടും ഗ്രന്ഥാലയങ്ങളും തമ്മിൽ അത്ഭുതകരമായ ബന്ധമുണ്ട്. ഏതാണ്ട് തൊണ്ണൂറു വർഷം മുൻപു 'വിജ്ഞാനോദയം' സമാജത്തിന്റെ ആഭിമുഖ്യത്തിൽ 'ലക്ഷ്മീഭായി വായനശാല' എന്നപേരിൽ ഒരു മഹാസ്ഥാപനം ഇവിടെ പ്രവർത്തിച്ചിരുന്നു. വായനശാലയുടെ ആസ്ഥാനം, മഹാക്ഷേത്രത്തിനു നേരെ കിഴക്കുള്ള ഉന്നതിയിലായിരുന്നു. കേരളവർമ്മ വലിയകോയിത്തമ്പുരാൻ, ഏ.ആർ. രാജരാജവർമ്മ, കൊട്ടാരത്തിൽ ശങ്കുണ്ണി, കെ.സി.മാമ്മാൻ മാപ്പിള തുടങ്ങിയ മഹാരഥന്മാരുടെ മുക്തകണ്ഠമായ പ്രശംസ നേടാനും അവരുടെ ഔദാര്യത്തിൽ വായനശാലയ്ക്കു നല്ലൊരു ഗ്രന്ഥശേഖരമുണ്ടാക്കാനും കഴിഞ്ഞിരുന്നു. എന്നാൽ കാലാന്തരത്തിൽ ഗ്രന്ഥശാലയുടെ പ്രവർത്തനം നിലച്ചുപോയി. ഈ ഗ്രന്ഥശാല തൃക്കൊടിത്താനത്തെ പ്രഥമ ഗ്രന്ഥാലയമെന്നു കരുതാം. തൃക്കൊടിത്താനം പബ്ലിക് ലൈബ്രറി, ഫ്രണ്ട്സ് യംഗ് മെൻസ് പബ്ലിക് ലൈബ്രറി പി.വൈ. എം. വായനശാല,പഞ്ചായത്ത് സാംസ്കാരിക കേന്ദ്രം എന്നിവ ഈ പഞ്ചായത്തിൽ സജീവമായി പ്രവർത്തിച്ചുവരുന്നു.

കോട്ടയം ജില്ലയിൽതന്നെ വളരെ വിരളമായ ഫിലിം സൊസൈറ്റികളിൽ ഒന്നായ സർഗ്ഗ ഫിലിം സൊസൈറ്റി തൃക്കൊടിത്താനത്തു നല്ല നിലയിൽ പ്രവർത്തനം നടത്തുന്ന സാംസ്ക്കാരിക കേന്ദ്രങ്ങളിൽ ഒന്നാണ് .

ഇതിന്റെ മറ്റു വിവരങ്ങൾ സൂചിപ്പിക്കുന്ന പട്ടിക അന്യത്ര ചേർത്തിരിക്കുന്നു.

കായികരംഗം

കായികരംഗത്തു അഭിമാനിക്കത്തക്ക സ്ഥാനം വഹിക്കുന്നു ഈ പഞ്ചായത്ത്. അനേക കായിക പ്രതിഭകളെ സൃഷ്ടിക്കുവാൻ കഴിഞ്ഞിട്ടുണ്ടെങ്കിലും യുവാക്കളിൽ കായികാഭിരുചി വളർത്തുന്നതിനും അവർക്കു പരിശീലനം നൽകുന്നതിനുമുള്ള സംവിധാനങ്ങൾ അപര്യാപ്തങ്ങളാണ്. കായികമേഖലയിൽ അനേകം നേട്ടങ്ങൾ കൈവരിക്കാൻ സാധ്യതയുണ്ട്.

1) കായികകലയിൽ കഴിവുള്ള ബാലപ്രതിഭകളെ കണ്ടെത്തുക.

2) കളിസ്ഥലം (തുറസ്സായ ഭൂമി) [മിനിസ്റ്റേഡിയം] സ്ഥാപിക്കുക.

3) കായികസംഘടനകൾക്ക് സാമ്പത്തിക സഹായം നല്കാൻ ശ്രദ്ധിക്കുക.

4) സ്ഥിരം കോച്ചിങ്ങ് സെൻറർ കേന്ദ്ര കായിക സമിതിയുടെ ആഭിമുഖ്യത്തിൽ സ്ഥാപിക്കുക.

5) പ്രഗല്ഭരെ പങ്കെടുപ്പിച്ച് കോച്ചിംഗ് ക്യാമ്പുകൾ സംഘടിപ്പിക്കുക.

പ്രശ്നങ്ങൾ

1) 2, 4, 5, 6, 8, 9, 11, 12 എന്നീ വാർഡുകളിൽ വായനശാലകളോ ഗ്രന്ഥശാലകളോ ഇല്ല.

2) രണ്ടാം ഘട്ട സാക്ഷരതാപ്രവർത്തനങ്ങൾ നിർജ്ജീവാവസ്ഥയിലാണ്. ജനവിദ്യാ കേന്ദ്രങ്ങളും അപ്രകാരംതന്നെ.

3) പ്രാചീന നാടൻ കലാരൂപങ്ങളും നാടൻ കായിക വിനോദങ്ങളും അന്യംനിന്നു പോയിരിക്കുന്നു.

4) സാഹിത്യാദി കലകളിൽ സർഗ്ഗ പ്രതിഭകളുള്ള പല വിദ്യാർത്ഥികൾക്കും സാമ്പത്തികക്ലേശങ്ങളാൽ വളരുവാൻ സാധിക്കുന്നില്ല. അവർക്ക് പ്രോത്സാഹനവും ലഭിക്കുന്നില്ല.

5) ഇൻഫോർമേഷൻ സെറ്റർ (വിവര ഗ്രഹണ കേന്ദ്രം) ഇല്ല.

പരിഹാരങ്ങളും നിർദ്ദേശങ്ങളും

1) വായനശാലകളില്ലാത്ത വാർഡുകളിൽ അവിടുത്തെ സന്നദ്ധ സംഘടനകളുടെ മേൽനോട്ടത്തിൽ അവ സ്ഥാപിപ്പിക്കുക. ഈ ഗ്രാമത്തിലെ എല്ലാ വായനശാലകൾക്കും ഗ്രന്ഥശാലകൾക്കും 3 വർത്ത മാന പത്രമെങ്കിലും അനുവദിക്കുക. വൈദ്യുതിയില്ലാത്ത ഗ്രന്ഥശാലകളിൽ വൈദ്യുതി എത്തിക്കാൻ സഹായിക്കുക. നിർജ്ജീവമായി കിടക്കുന്ന ക്ലബ്ബുകൾ, വായനശാലകൾ, ഗ്രന്ഥശാലകൾ എന്നിവ പുനരുദ്ധരിക്കുവാൻ നടപടികൾ കൈക്കൊള്ളുക.

2) ആധുനിക സൗകര്യങ്ങളോടെ പഞ്ചായത്ത് ആസ്ഥാനത്ത് ഒരു വിവര ഗ്രഹണകേന്ദ്രം. (ഇൻഫോർമേഷൻ സെൻറർ) ആരംഭിക്കുക.

3) കലാസാഹിത്യാഭിരുചിയുള്ള വിദ്യാർത്ഥികളുടെ സംഗമത്തിനു അവസരം സൃഷ്ടിക്കുക. അവർക്ക് പരിശീലനക്കളരികൾ ഏർപ്പെടുത്തുക.

4) രണ്ടാം ഘട്ട സാക്ഷരതാ പ്രവർത്തനങ്ങൾ പുനർജ്ജീവിപ്പിക്കുകയും ജനവിദ്യാ കേന്ദ്രങ്ങൾ സജ്ജീവമാക്കുകയും ചെയ്യുക.

5) നിർദ്ധന കുടുംബങ്ങളിലെ കായിക, കലാ വാസനയുള്ള കുട്ടികൾക്ക് സാമ്പത്തിക സഹായങ്ങൾ നല്കുക.

6) നാടൻ കലാരൂപങ്ങൾക്കും നാടൻ കലാ വിനോദങ്ങൾക്കും പ്രോത്സാഹനം കൊടുക്കുക.

7) മാസത്തിലൊരിക്കലെങ്കിലും പഞ്ചായത്തു തലത്തിൽ സാംസ്ക്കാരിക ബോധവൽക്കരണ പരിപാടികൾ ഗ്രാമസേവകരുടെയും ഇതര സംഘടനകളുടെയും നേതൃത്വത്തിൽ നടത്തുക.

8) കലാകായിക രംഗങ്ങളിൽ സമർത്ഥരായ കുട്ടികളെ കണ്ടെത്തി പ്രോത്സാഹിപ്പിക്കുക.

9) വനിതാ സംഘടനകളെ സുസജ്ജമാക്കുക.

10) കാർഷിക കോർണറുകൾ സംഘടിപ്പിക്കുക.

I പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ലൈബ്രറികളെ സംബന്ധിക്കുന്ന വിവരങ്ങൾ

പേര്	-	തൃക്കൊടിത്താനം പബ്ളിക്ക് ലൈബ്രറി
സ്ഥാപിച്ച വർഷം	-	1-5-1946
ഗ്രേഡ്	-	'എ'
പുസ്തകങ്ങളുടെ എണ്ണം	-	6816
ശരാശരി പ്രതിമാസ വിതരണം	-	1200 പുസ്തകങ്ങൾ
മറ്റു അനുബന്ധ പ്രവർത്തനങ്ങൾ	-	ശാസ്ത്ര പുസ്തക കോർണർ കാർഷിക പുസ്തക കോർണർ വനിതാവിഭാഗം ബാലവിഭാഗം സ്പോർട്സ് ആൻഡ് റിക്രിയേഷൻ കലാപ്രവർത്തനങ്ങൾ മെമ്പർമാരുടെ സംഖ്യ 1200 ആണ്. സ്വന്തം കെട്ടിടം. ടി.വി. സെറ്റ് സ്വന്തമായുണ്ട്.

1995-96 -ലെ ചങ്ങനാശ്ശേരി താലൂക്കിലെ ഏറ്റവും നല്ല ലൈബ്രറിക്കുള്ള സമ്മാനം ലഭിച്ചിരുന്നു. ഇപ്പോൾ കനക ജൂബിലി വർഷം ആഘോഷിക്കുന്നു. പഞ്ചായത്തിൽനിന്നും പ്രതിവർഷം 600 രൂപ ഗ്രാൻറ് ലഭിക്കുന്നുണ്ട്.

II

1.	പേര്	-	ഫ്രണ്ട്സ് യംഗ് മെൻസ് ക്ലബ് ആൻഡ് പബ്ലിക് ലൈബ്രറി
2.	സ്ഥാപിച്ച വർഷം	-	1964
3.	ഗ്രേഡ്	-	ഡി
4.	പുസ്തകങ്ങളുടെ എണ്ണം	-	4016
5.	ശരാശരി പ്രതിമാസ വരുമാനം	-	Rs 120/-
6.	ആനുകാലികങ്ങൾ	-	ദിനപത്രങ്ങൾ - 4 മറ്റു ആനുകാലികപ്രസിദ്ധീകരണങ്ങൾ - 10
7.	മറ്റു പ്രവർത്തനങ്ങൾ	-	പൊതുവഴികളുടെ അറ്റകുറ്റപ്പണികൾ നടത്തുക. സർക്കാരിൻെറയും ഏജൻസികളുടെയും സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾ ജനങ്ങളിലേക്ക് എത്തിച്ചു കൊടുക്കുന്നു. സെമിനാറുകൾ പഠനക്ലാസ്സുകൾ..... തുടങ്ങിയ ബോധവത്കരണക്ലാസ്സുകൾ സംഘടിപ്പിക്കുന്നു.

ടാഗോർ ലൈബ്രറി പഞ്ചായത്ത് സാംസ്ക്കാരിക നിലയമായി മാറി. എങ്കിലും ലൈബ്രറി എന്ന നിലയിൽ പ്രവർത്തനം നടക്കുന്നില്ല. വായന ശാല പ്രവർത്തിക്കുന്നു.

W.12

I പഞ്ചായത്തിലെ ക്ലബ്ബുകൾ സംബന്ധിച്ച വിവരങ്ങൾ

	A	B	C	D	E
പേര്	സ്ഥാപന വർഷം	അംഗങ്ങളുടെ എണ്ണം	സംഗീതനാടക അക്കാഡമി/സ്പോർട്സ് കൗൺസിൽ അഫിലിയേഷൻ ഉണ്ടോ?	സ്വന്തമായി കെട്ടിടമുണ്ടോ?	റേഡിയോ ടി.വി. തുടങ്ങിയവ യുണ്ടോ?
വൈശാഖി ആർട്ട്സ് ആൻഡ് സ്പോർട്ട്സ് ക്ലബ്ബ്	1990	22	ഇല്ല	ഉണ്ട്	ഇല്ല

മുഖ്യ പ്രവർത്തനങ്ങൾ:- സാമൂഹ്യസേവനം

1) നിർധനരായ കുടുംബങ്ങൾക്കും അംഗൻവാടികൾക്കും പുര ഓലമേഞ്ഞു കോടുക്കുന്നു.
2) വഴികൾ വൃത്തിയാക്കുക കേടുപാടുകൾ നീക്കുക.
3) പാവപ്പെട്ടവരുടെ കിണറുകൾ വൃത്തിയാക്കുക.

ആർട്സിലും, സ്പോർട്ട്സിലും താല്പര്യമുള്ള കുട്ടികളെ കണ്ടെത്തി പരിശീലനം നൽകുകയും മത്സരങ്ങളിൽ പ ങ്കെടുപ്പിക്കുകയും ചെയ്യുന്നു.

II

	A	B	C	D	E W.6
സർഗ്ഗ ഫിലിം സൊസൈറ്റി	1995	60	സൊസൈറ്റി ആക്റ്റ് അനുസരിച്ച് രജിസ്റ്റർ ചെയ്തിട്ടുണ്ട്. എഫ്.എഫ് എസ്.ഐ. യിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്.	ഇല്ല	ഇല്ല

മുഖ്യ പ്രവർത്തനങ്ങൾ:- കലാമൂല്യമുള്ള നല്ല സിനിമകൾക്കുവേണ്ടി പ്രചരണം നടത്തുകയും സിനിമാസ്വാദകർക്ക് അത്തരം ചിത്രങ്ങളുടെ ആസ്വാദനക്ഷമത വർദ്ധിപ്പിക്കുകയും ചെയ്യുക. നല്ല സിനിമകളുടെ പ്രദർശനം നടത്തുക.

III W.8

അക്ഷര ആർട്ട്സ് ആൻഡ് സ്പോർട്ട്സ് ക്ലബ്ബ്	1996	27 18	ഇല്ല	ഇല്ല

മുഖ്യ പ്രവർത്തനങ്ങൾ:- സാമൂഹ്യരംഗത്ത് പ്രവർത്തനം

IV W.8

	A	B	C	D	E
നാഷണൽ ആർട്സ്ആൻഡ് സ്പോർട്സ് ക്ലബ്ബ്	1986	78	ഉണ്ട്	ഇല്ല	ഇല്ല

മുഖ്യ പ്രവർത്തനങ്ങൾ:- സാമൂഹ്യ സേവനരംഗത്ത് യുവാക്കളെ അണിനിരത്തിയുള്ള പ്രവർത്തനം. W.2

V	A	B	C	D	E
സഹൃദയക്ലബ്ബ്	1994	25	ഇല്ല	ഇല്ല	ഇല്ല

മുഖ്യ പ്രവർത്തനങ്ങൾ:- സാമൂഹ്യക്ഷേമം മൃഗസംരക്ഷണ വകുപ്പുമായും മറ്റ് ഗവ: ബന്ധപ്പെട്ട കാര്യങ്ങൾ ജനങ്ങളിൽ എത്തിക്കുക. പരിസരത്തുള്ള കുട്ടികളുടെയും യുവജനങ്ങളുടെയും കലാഭിരുചി വളർത്തുക.

VI	A	B	C	D	E W.1
സന്തോഷ്ആർട്ട്സ് ആൻഡ് സ്പോർട്ട്സ് ക്ലബ്ബ്	1962	65	ഇല്ല	ഉണ്ട്	ഇല്ല

മുഖ്യ പ്രവർത്തനങ്ങൾ:- സാമൂഹിക, സാംസ്ക്കാരിക, കാലാ-കായിക പ്രവർത്തനങ്ങൾക്കു മുപ്പത്തിനാലു വർഷമായി നേതൃത്വം നൽകുന്നു.

VII	A	B	C	D	E W.11
അമ്പിളി ആർട്ട്സ് ആൻഡ് സ്പോർട്ട്സ് ക്ലബ്ബ്	1986	36	നെഹൃ യുവജന അഫിലിയേഷൻ ഉണ്ട്.	ഉണ്ട്	ഇല്ല

മുഖ്യ പ്രവർത്തനങ്ങൾ:- കലാ കായിക പ്രവർത്തനങ്ങൾ, സാമൂഹ്യ പ്രവർത്തനങ്ങൾ, സാംസ്ക്കാരിക പ്രവർത്തനങ്ങൾ ഉണ്ട്.

VIII	A	B	C	D	E W.7
പി. വൈ. എം കോട്ടമുറി	1971	30	ഇല്ല	ഉണ്ട്	ഇല്ല

മുഖ്യ പ്രവർത്തനങ്ങൾ:- പൊതുജനങ്ങൾക്ക് പത്ര പാരായണത്തിന് അവസരം നൽകുന്നു. കാലാ കായിക രംഗങ്ങളിൽ പ്രവർത്തിക്കുന്നു.



വനിത

മനുഷ്യ സമൂഹത്തെ വളർത്തുകയും പരിപാലിക്കുകയും ചെയ്യുന്ന ഒരു വൻ ശക്തിയാണ് സ്ത്രീ. സ്ത്രീത്വത്തിന്റെ മഹത്വത്തെ എല്ലാ മതങ്ങളും ,പുരാണങ്ങളും ഉയർത്തിപ്പിടിച്ചിരുന്നതായി കാണാൻ കഴിയും. എങ്കിലും, വിദ്യാഭ്യാസം അവർക്കു നിഷിദ്ധമായിരുന്നു. കുഞ്ഞുങ്ങളെ വളർത്തിയും കുടുംബ ജോലികൾ നിർവ്വഹിച്ചും നാലുകെട്ടിന്റെ അകത്തളങ്ങളിൽ ഒതുങ്ങിക്കൂടാൻ വിധിക്കപ്പെട്ട ഹതഭാഗ്യകളായിരുന്നു ഭാരതസ്ത്രീകൾ. ശൈശവ ബാല്യ വിവാഹങ്ങൾ മാന്യതയുടെ ലക്ഷണമായി കരുതുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്തിരുന്നു. മകൾ, സഹോദരി, ഭാര്യ ,അമ്മ തുടങ്ങിയ നിലയിലുള്ള കടമകൾ അവളിൽ നിക്ഷിപ്തമായിരുന്നു. തലമുറകളായി ചൂഷണങ്ങൾക്കടിമപ്പെട്ട് പ്രതികരണ ശേഷി നശിച്ച് ഭവനത്തിന്റെ നാലതിരുകൾക്കുള്ളിൽ ഞെരിഞ്ഞമർത്തപ്പെട്ട തടവറയിലായിരുന്നു ഒരു കാലത്ത് സ്ത്രീകൾ.

വിദ്യാഭ്യാസം സർവ്വസാധാരണമായതോടെ ഉദ്യോഗവും അതു നേടി കൊടുത്ത മാന്യതയും സാമ്പത്തികമായ സ്വയം പര്യാപ്തതയും സമൂഹമദ്ധ്യത്തിൽ സ്വീകാര്യമായതോടെ സ്ത്രീകൾ പല രംഗത്തേയ്ക്കും കടന്നുവന്നു. ഇന്ന് അദ്ധ്യാപനം, ആതുരശുശ്രൂഷ, സാമൂഹിക സേവനം, തുടങ്ങിയ മേഖലകൾ അവരുടേതു മാത്രമായി മാറിക്കൊണ്ടിരിക്കുന്നു. സ്ത്രീയുടെവിധേയത്വവും വിശ്വസ്തതയും സേവന തല്പരതയും അദ്ധ്വാനശീലവും പലരംഗങ്ങളിലും അവൾക്ക് സ്ഥിര പ്രതിഷ്ഠ നേടികൊടുത്തു. സമൂഹത്തിലെ ദുരാചാരങ്ങൾക്കും അനീതികൾക്കും എതിരേ പോരാടാനും സമൂഹമദ്ധ്യത്തിൽ നന്മയുടേയും ജീവിത മൂല്യങ്ങളുടേയും പ്രകാശം പരത്തുവാനും ഇന്നു സ്ത്രീകൾക്കു കഴിഞ്ഞിട്ടുണ്ട്.

സ്വത്തവകാശ നിഷേധം, വേതനത്തിലുള്ള വിവേചനം സ്ത്രീപീഡനങ്ങൾ, ലൈംഗീക ചൂഷണങ്ങൾ എന്നീ അനീതികൾക്കെതിരെ പടവാളുയർത്തുവാൻ സ്ത്രീകൾ കരുത്താർജ്ജിച്ചിട്ടുണ്ട് എന്ന് അഭിമാനിക്കാം. എന്നാൽ സാമൂഹിക വികസനത്തിന്റെ കാര്യത്തിൽ, പ്രത്യേകിച്ച് ഗ്രാമീണ ജനതയുടെ സങ്കീർണ്ണങ്ങളായ പ്രശ്നങ്ങൾ പരിഹരിക്കുന്ന കാര്യത്തിൽ നിർണ്ണായകമായ പങ്കാളിത്തം ഇന്നും സ്ത്രീകൾക്ക് ലഭിച്ചിട്ടില്ല. അതുകൊണ്ട് ഇപ്പോൾ നടന്നു കൊണ്ടിരിക്കുന്ന പ്രാദേശികാസൂത്രണ പരിപാടികളും

വികസനപ്രവർത്തനങ്ങളിലും സ്ത്രീ പങ്കാളിത്തം ഉറപ്പാക്കേണ്ടതാണ്.

തൃക്കൊടിത്താനം പഞ്ചായത്തിലെ വനിതകൾ വിദ്യാഭ്യാസ, രാഷ്ട്രീയ, സാമൂഹ്യ രംഗങ്ങളിൽ ഉയർന്ന നിലവാരം പുലർത്തിപ്പോരുന്നു. കേരളത്തിലെ ഉന്നത സാംസ്ക്കാരിക വിദ്യാഭ്യാസ കേന്ദ്രമായ ചങ്ങനാശേരിയുമായി തൊട്ടുരുമ്മി കിടക്കുന്ന ഗ്രാമം എന്ന നിലയിൽ ഇവിടുത്തെ വനിതകൾക്ക് വിവിധ മേഖലകളിൽ മുന്നേറാൻ കഴിഞ്ഞിട്ടുണ്ട്. ശാസ്ത്ര സാങ്കേതിക രംഗങ്ങളിൽ ഡോക്ടറേറ്റ് നേടിയവർ, ഉന്നത ബിരുദം നേടിയ ഡോക്ടർമാർ എഞ്ചിനീയർമാർ, അഭിഭാഷകർ, അദ്ധ്യാപികമാർ, ബാങ്ക് ജീവനക്കാർ, നേഴ്സസ് വിവിധ ആഫീസുകളിൽ ജോലി ചെയ്യുന്ന വനിതകൾ എന്നിവരെല്ലാം സാമൂഹ്യ രംഗത്ത് ഈ പഞ്ചായത്തിലെ വനിതകളുടെ ഉന്നത നിലവാരത്തെ സൂചിപ്പിക്കുന്നു. എങ്കിലും അഭ്യസ്ത വിദ്യരുൾപ്പെടെ ഭൂരിഭാഗം വരുന്ന സ്ത്രീകളും തൊഴിൽ രഹിതരാണെന്നുള്ള കാര്യം എടുത്തു പറയേണ്ടതാണ്.

അവലോകനം

1991 ലെ സെൻസസ് പ്രകാരം കേരള വനിതകൾ ശരാശരി ഭാരത സ്ത്രീകളെക്കാൾ പല കാര്യങ്ങളിലും മുൻ പന്തിയിലാണെന്ന് തെളിഞ്ഞിട്ടുണ്ട്. സാക്ഷരത, കുറഞ്ഞ ശിശുമരണനിരക്ക് ഉയർന്ന വിദ്യാഭ്യാസം ആരോഗ്യ സംരക്ഷണം എന്നിവ ഉദാഹരണങ്ങളാണ്. സ്ത്രീ പുരുഷ അനുപാതത്തിലും കേരള സ്ത്രീകൾ മുന്നിട്ടുനില്ക്കുന്നു. എന്നാൽ തൊഴിൽ മേഖലയിൽ കേരള സ്ത്രീകൾ വളരെ പിന്നിലാണ്.

സ്ത്രീതൊഴിലാളികൾ	ഇൻഡ്യ	കേരളം
	22.73	15.88

കാർഷിക മേഖലയിലും പരമ്പരാഗത തൊഴിൽ മേഖലയിലും സ്ത്രീകളുടെ പങ്കാളിത്തം കുറയുന്നതായി കണ്ടുവരുന്നു. വനിതകൾക്ക് ബോധപൂർവ്വമായ പങ്കാളിത്തം തൊഴിൽ മേഖലയിലും സാങ്കേതിക വിജ്ഞാന മേഖലയിലും കണ്ടെത്തേണ്ടിയിരിക്കുന്നു.

ഈ പഞ്ചായത്തിലെ തൊഴിൽ രഹിതരായ വനിതകൾ ഭൂരിഭാഗവും പിന്നോക്ക വിഭാഗത്തിൽ പെടുന്നു. കൃഷിഭൂമിയുടെ ദൗർല്ലഭ്യവും വ്യാവസായ മേഖലയുടെ അപര്യാപ്തതയും ഇത് കൂടുതൽ പ്രശ്ന പൂർണ്ണമാക്കുന്നു. ഭർത്താക്കന്മാരുടെ വരുമാനത്തെ മാത്രം ആശ്രയിച്ചാണ് മിക്ക കുടുംബങ്ങളും കഴിഞ്ഞുകൂടുന്നത്. എന്നാൽ അവരുടെ മദ്യപാനം, പണം വച്ചുള്ള ചീട്ടുകളി തുടങ്ങിയ ദുശ്ശീലങ്ങൾ മൂലം ചുരുക്കം ചില വീടുകളിൽ പട്ടിണിയും കലഹങ്ങളും നിത്യസംഭവങ്ങളാണ്. വാർഡുകൾ തോറും രൂപവൽക്കരിക്കപ്പെട്ട വനിതാസംഘടനകൾ വഴി ബോധവൽക്കരണം നടത്തുകയും സ്ത്രീകളുടെ പ്രശ്നങ്ങൾ മനസ്സിലാക്കി പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുകയും ചെയ്യേണ്ടതുണ്ട്.

വനിതാ ജനസംഖ്യാനുപാതം

വർഷം	ആകെ ജനസംഖ്യ	പുരു	സ്ത്രീ
1991	28468	14420	14248
1996	31224	15608	15616

1991 ലെ സെൻസസ് റിപ്പോർട്ട് ആധാരമാക്കിയും 1996 ലെ ഐ. സി. ഡി. എസ്. റിപ്പോർട്ടും അടിസ്ഥാനമാക്കിയുമാണ് പട്ടിക തയ്യാറാക്കിയിട്ടുള്ളത്.


നിർദ്ദേശങ്ങൾ

1. വനിതകളുടെ തൊഴിൽ സാദ്ധ്യതകൾ കണ്ടെത്തി പ്രാദേശിക തലത്തിൽ പരിശീലനം നല്കുകയും തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്യുക.
2. വായ്പാ സൗകര്യങ്ങളോടുകൂടി തൊഴിൽ ചെയ്യുന്നതിനുള്ള ഉപകരണങ്ങൾ വനിതകൾക്ക് ലഭ്യമാക്കുക.
3. വിത്ത് വളം എന്നിവ സൗജന്യമായി നല്കി ഗ്രാമതലത്തിൽ അടുക്കള പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുക.
4. വീട്ടമ്മമാരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിന് സൗജന്യനിരക്കിൽ ആട്, കോഴി, എന്നിവ വിതരണം ചെയ്യുക.
5. സമ്പൂർണ്ണമദ്യനിരോധനം ഏർപ്പെടുത്തുകയും വ്യാജ മദ്യനിർമ്മാണം കർശനമായി തടയുകയും ചെയ്യുക.
6. വികലാംഗരും വിധവകളുമായ സ്ത്രീകൾക്ക് തൊഴിലവരസങ്ങളിൽ കൂടുതൽ പങ്കാളിത്തം ഉറപ്പാക്കുക.

7. ഗ്രാമസഭാതലത്തിൽ രൂപീകരിച്ച വനിതാസംഘടനകൾക്ക് പഞ്ചായത്തിൽ നിന്ന് ആവശ്യമായ ധനസഹായവും പ്രോത്സാഹനവും നല്കുക.

8. വർദ്ധിച്ചുവരുന്ന സ്ത്രീ പീഢനങ്ങൾക്കും ലൈംഗിക ചൂഷണങ്ങൾക്കും എതിരായി ബോധവൽക്കരണം നടത്തുകയും അധികാരികളിൽ നിന്ന് നീതി ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുക.

9. ഈ പഞ്ചായത്തിൽ നിരക്ഷരരുടെ എണ്ണം 90-91 കാലയളവിൽ 432 ആയിരുന്നു എന്നാൽ നിരക്ഷരർ ഇപ്പോഴും ഈ പഞ്ചായത്തിൽ നിലവിലുണ്ട്. പിന്നോക്ക വിഭാഗത്തിലുള്ള വനിതകളാണ് നിരക്ഷരരിൽ ഭൂരിഭാഗവും നിലനിൽക്കുന്നത്. സാക്ഷരതാ പ്രവർത്തനം ത്വരിതഗതിയിൽ നടപ്പാക്കേണ്ടത് അത്യന്താപേക്ഷിതമാണ്. ■



സഹകരണം

പരസ്പര സഹകരണം എന്ന ആശയത്തിന് ആദി മനുഷ്യൻ കൂട്ടായി ജീവിക്കാൻ തുടങ്ങിയ കാല ത്തോളം പഴക്കമുണ്ട്. പൊതു ലക്ഷ്യപ്രാപ്തിക്കായ് കൂട്ടായ യജ്ഞം ഒറ്റയ്ക്ക് എന്നതിനേക്കാൾ അഭികാമ്യ മാണ്. അത് അവന്റെ അല്ലെങ്കിൽ അവരുടെ നാനാമു ഖമായ ജീവിതാവശ്യങ്ങളെ എളുപ്പത്തിൽ നിറവേറ്റാൻ സഹായകരമായി. ഇതിന്റെറപിൽക്കാല സാക്ഷാത്കാ രമാണല്ലോ സഹകരണ സംഘങ്ങൾ. ഇത് ഇന്ന് അംഗങ്ങളുടെ അല്ല ജനസമൂഹത്തിന്റെറ തന്നെ സാമ്പത്തികവും സാമൂഹ്യവും സാംസ്ക്കാരികവുമായ അഭിവൃദ്ധിക്കായി പ്രവർത്തിക്കുന്നു.

ഒരു ലക്ഷ്യത്തിനായി ഒരു കൂട്ടം ആളുകൾ പ്രവർത്തിക്കുമ്പോൾ ഓരോരുത്തരും വ്യത്യസ്ത ജോ ലികളിൽ ഏർപ്പെടേണ്ടിവരുന്നു. ഈ സംവിധാനത്തെ ഓർഗനൈസേഷൻ എന്ന് വിളിക്കാം. അതുകൊണ്ടുത ന്നെ ഒരു ഓർഗനൈസേഷന് ഒന്നിലധികം അംഗീകൃത ലക്ഷ്യങ്ങൾ ഉണ്ടാകേണ്ടിയിരിക്കുന്നു. ആയതിലേക്കാ യി ചിട്ടപ്പെടുത്തിയ ഒരു പ്രവർത്തനപരിപാടിക്ക് ചലനാത്മകമായ മറ്റ് അനേകം ഘടകങ്ങളും അനിർവാ ര്യമാകുന്നു. ഈ ഘടകങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടത് അംഗങ്ങളും, പൊതുജനങ്ങളുമാണ്.

പത്തൊമ്പതാം നൂറ്റാണ്ടിന്റെറ അവസാന ത്തിൽ മാത്രമാണ് ഇന്ത്യയിൽ ജർമ്മനിയിലെ റൈഫീ സൺ മാതൃകയിൽ കാർഷികരംഗത്ത് സഹകരണ പ്രസ്ഥാനം ആരംഭിച്ചത്. 1904 ൽ ഇന്ത്യയിൽ ആദ്യത്തെ സഹകരണ നിയമം പ്രാബല്യത്തിൽ വന്നു. ഇന്ന്സഹക രണപ്രസ്ഥാനംജനങ്ങളുടെഎല്ലാമേഖലയിലുംവ്യാപിച്ചു കഴിഞ്ഞു. കേരളത്തിലെ സഹകരണ പ്രസ്ഥാനങ്ങൾ. ഇന്ന് അംഗങ്ങളുടെ മാത്രമല്ല ജനസമൂഹത്തിന്റെറ സാമ്പത്തികവും, സാമൂഹികവും, സാംസ്ക്കാരികവും ആരോഗ്യപരവുമായ അഭിവൃദ്ധിക്കായി പ്രവർത്തി ക്കുന്നു.

തൃക്കൊടിത്താനം ഗ്രാമ പഞ്ചായത്തിൽ ഇന്ന് നാല് സഹകഹരണസംഘങ്ങളാണ് പ്രവർത്തിക്കുന്നത്.

1. തൃക്കൊടിത്താനം സർവ്വീസ് സഹകരണ ബാങ്ക് No 178.
2. കോട്ടമുറി ക്ഷീരോൽപാദക സഹ.സംഘം No K. 116 (D) കോട്ടമുറി.
3. മുക്കാട്ടുപടി ക്ഷീരോത്പാദക സഹ.സംഘം No.K.163 (D)
4. ഗവ: ഹൈസ്ക്കൂൾ സഹ:സംഘം No.K.208

എന്നിവയാണ്

ഇന്ന് തൃക്കൊടിത്താനം സർവ്വീസ് സഹകരണബാങ്ക് No.178 ആയി പ്രവർത്തിക്കുന്ന സംഘം മലയാള വർഷം 1095ൽ കൃസ്ത്യൻ സഹകരണസംഘം No 178 ആയി രജിസ്റ്റർ ചെയ്യപ്പെട്ടു. 26-1-1906ൽ സംഘത്തിന്റെ പ്രവർത്തനങ്ങൾ ഔപചാരികമായി ഉദ്ഘാടനം ചെയ്യപ്പെട്ടു.ആദ്യ പ്രസിഡൻറായി ശ്രീ എം.വി.തോമസ് മണിമുറിയും ആദ്യസെക്രട്ടറിയായി ശ്രീ മാത്തൻ തോമസ് കോലേട്ടും ചുമതലയേറ്റു.

പിന്നീട് ഒരു പഞ്ചായത്തിൽ ഒരു സംഘം എന്ന ആശയം ഉടലെടുത്തതോടെ ഈ പഞ്ചായത്തിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന 107ാം നമ്പർ നായർ സഹകരണസംഘം 178ാം നമ്പർ സംഘത്തിൽ ലയിക്കുകയും, 179-ാം നമ്പർ ഈഴവസഹകരണസംഘം പ്രവർത്തനരഹിതമാവുകയും ചെയ്തു. 1961 ജനുവരി 23-ാം തീയതി തൃക്കൊടിത്താനം സർവ്വീസ് സഹ:സംഘം No 178 സർവ്വീസ് സഹ:ബാങ്കായി മാറി. ബാങ്കിന്റെ ആദ്യത്തെ പ്രസിഡൻറ് ശ്രീ. ആൻറണി മത്തായി പഴയചിറ മറ്റത്തിലും സെക്രട്ടറി ശ്രീ. പി.ഒ കുര്യാക്കോസ് പതാരംചിറയുമായിരുന്നു.

തൃക്കൊടിത്താനം സർവ്വീസ് സഹ:ബാങ്കിന്റെ ഒരു ബ്രാഞ്ച് കൊടിനാട്ടുംകുന്നിൽ പ്രവർത്തിക്കുന്നുണ്ട്. ഹെഡാഫീസിലും, അമരയിലും രണ്ട് കൺസ്യൂമർ സ്റ്റോറുകളും വളംഡിപ്പോകളും കാര്യക്ഷമമായിനടന്നുവരുന്നു.

കാർഷികമേഖല

കാർഷികമേഖലയിൽ ഈ ബാങ്കിന്റെ പ്രവർത്തനം കർഷകർക്ക് വളരെയധികം ആശ്വാസം പകരുന്നുണ്ട്. ജില്ലാ ബാങ്കിൽ നിന്നും കർഷകർക്ക് ഈ ബാങ്കുവഴി ഹ്രസ്വകാലവായ്പ കുറഞ്ഞ പലിശയ്ക്ക് നൽകുന്നതുകൂടാതെ ബാങ്ക് നേരിട്ട് ദീർഘകാല വായ്പകളും, ഹ്രസ്വകാലവായ്പകളും നൽകിവരുന്നു. കർഷക ഗ്രാമമായ ഈ പഞ്ചായത്തിലെ മുഴുവൻ കർഷകരുടെയും ആവശ്യങ്ങൾ നടപ്പാക്കുന്നതിന് ഈ ബാങ്കിന്റെ പ്രവർത്തനം മാത്രം മതിയാകുന്നതല്ല. ഗവ:ന്റെ വിവിധ ഏജൻസികൾ വഴി കർഷകർക്ക് സബ്സിഡിയോടുകൂടിയ വായ്പകൾ എത്തിച്ചുകൊടുക്കേണ്ടതാണ്.

ഈ ബാങ്കിന്റെ കീഴിൽ പ്രവർത്തിച്ചുവരുന്ന വളം ഡിപ്പോകൾ വളരെ ലാഭകരമായിട്ട് പ്രവൃത്തിക്കുന്നു. കർഷകർക്ക് ലാഭകരമായി വിവിധ കമ്പനികളുടെ വളങ്ങളും കീടനാശനികളും ഡിപ്പോകൾ വഴി വിതരണം ചെയ്തുവരുന്നു. കൂടാതെ കർഷകർക്ക് വേണ്ടി പമ്പു സെറ്റുകൾ കുറഞ്ഞ വാടകയ്ക്ക് നൽകിവരുന്നു.

മറ്റു മേഖലകൾ.

തൃക്കൊടിത്താനം സർവ്വീസ് സഹകരണ ബാങ്കിന്റെ കീഴിൽ പ്രവർത്തിക്കുന്ന കൺസ്യൂമർ സ്റ്റോറുകൾക്ക് സാധാരണക്കാരെ ചെറുകിട കച്ചവടക്കാരുടെ ചൂഷണത്തിൽ നിന്നും ഒരു പരിധിവരെ രക്ഷിക്കുവാൻ സാധിക്കുന്നുണ്ട്.

ബാങ്കിന്റെ ചുമതലയിൽ നടത്തിവരുന്ന ചിട്ടിയും സ്വർണ്ണപണയത്തിന്മേൽ കടം കൊടുക്കുന്ന പ്രവർത്തനവും ഈ പഞ്ചായത്തിലെ ആളുകളുടെ സാമ്പത്തിക ബുദ്ധിമുട്ടുകൾക്ക് ആശ്വാസം പകരുന്ന ഘടകങ്ങളാണ്. വിദ്യാഭ്യാസരംഗത്തും, സാമൂഹികരംഗത്തും ബാങ്ക് ചെറിയതോതിലാണെങ്കിലും പ്രവർത്തിച്ചുവരുന്നു. തൃക്കൊടിത്താനം പഞ്ചായത്തിൽ S.S.L.C ക്ക് വിവിധ വിഷയങ്ങളിൽ ഏറ്റവും കൂടുതൽ മാർക്കു വാങ്ങുന്ന വിദ്യാർത്ഥികൾക്ക് വർഷംതോറും സ്കോളർഷിപ്പ് നൽകുക തയ്യൽ മെഷീൻ സൗജന്യനിരക്കിൽ നൽകുക. വ്യവസായവായ്പ ലളിതമായ നടപടിക്രമങ്ങളിലൂടെ നൽകുക എന്നിവ ഇവയുടെ ഭാഗമാണ്. ലാഭകരമായി പ്രവർത്തിക്കുന്ന തൃക്കൊടിത്താനം സർവ്വീസ് സഹകരണബാങ്ക് ഈ പഞ്ചായത്തിന്റെ സാമൂഹ്യ, സാമ്പത്തിക, കാർഷിക രംഗത്ത് നെടുംതൂണായി നിലകൊള്ളുന്നു.

ക്ഷീരവ്യവസായ സഹകരണസംഘങ്ങൾ

തൃക്കൊടിത്താനം പഞ്ചായത്തിൽ രണ്ട് സംഘങ്ങൾ പ്രവർത്തിക്കുന്നു. കോട്ടമുറി ക്ഷീരോല്പാദകസഹകരണസംഘവും, മുക്കാട്ടുപടി ക്ഷീരോത്പാദക സഹകരണസംഘവുമാണ് അവ. 6,7,10 വാർഡുകളാണ് കോട്ടമുറിസംഘത്തിന്റെ പരിധി. വളരെ ലാഭത്തിൽ പ്രവർത്തിക്കുന്ന ഈ സംഘം പാൽസംഭരണം വിതരണം എന്നിവയോടൊപ്പം, പാലുല്പന്നങ്ങളായ ചോക്ലേറ്റ്, സിപ്അപ് എന്നിവയുടെ നിർമ്മാണവും വില്പനയും നടത്തുന്നു. കൂടാതെ കാലിത്തീറ്റവിതരണവും നടത്തിവരുന്നു.

മുക്കാട്ടുപടി ക്ഷീരോൽപാദകസഹകരണസംഘത്തിന്റെ പ്രവർത്തന പരിധി 1,5 വാർഡുകളാണ്. ഈ സംഘത്തിൽ പാൽ സംഭരണം വളരെ കുറവാണ്.

പട്ടിക 4

ക്ഷീരസഹകരണസംഘങ്ങൾ

സംഘത്തിന്റെ പേര്	ആരംഭിച്ച വർഷം	പ്രവർത്തന പരിധി	വ്യക്തി അംഗങ്ങൾ	ഓഹരി മൂലധനം	കടം	ധനം നിക്ഷേപം	വ്യാപാര ഇടപാടുകൾ	ലാഭമോ നഷ്ടമോ		ജീവനക്കാർ	
								ലാഭം (തുക)	നഷ്ടം (തുക)	സ്ഥിരം	മറ്റുള്ളവ
കോട്ടമുറി ക്ഷീരോല്പാദക സഹകരണ സംഘം K 116 (D) അപ്കോസ് കോട്ടമുറി P.O.	1987	6,7,10 വാർഡുകൾ	266	2670 രൂ.	- രൂ.	200000 രൂ.	1030835 രൂ.	105120.90 രൂ	ഇല്ല	രണ്ട്	മൂന്ന്
മുക്കാട്ടുപടി ക്ഷീരോല്പാദക സഹ:സംഘം No K.163 (D) അപ്കോസ്	1995	1,5 വാർഡുകൾ	70	800 - രൂ.	800 രൂ.	800 രൂ.	-		-		
നാലുകോടി ക്ഷീരോല്പാദക സഹ:സംഘം No.K.146 നാലുകോടി	1991	11,12 വാർഡുകൾ	245 രൂ.	2500 - രൂ.	75000 രൂ.	1374850 രൂ.	- രൂ.	85875 രൂ	മൂന്ന്	അഞ്ച്	

അടുത്തകാലത്തു തുടങ്ങിയ ഈ സംഘത്തിന്റെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തേണ്ടിയിരിക്കുന്നു. പായിപ്പാടു പഞ്ചായത്തിന്റെ പരിധിയിൽ വരുന്ന നാലുകോടി ക്ഷീരോത്പാദക സഹകരണ സംഘത്തിന്റെ പ്രവർത്തന മേഖല ഈ പഞ്ചായത്തിലെ 11,12 വാർഡുകളിൽ കൂടിയുണ്ട്. കോട്ടമുറി സംഘവും, നാലുകോടി സംഘവും വളരെ ലാഭകരമായി പ്രവർത്തിക്കുന്നു.

ഗവ: ഹൈസ്ക്കൂൾ സഹ:സംഘം

തൃക്കൊടിത്താനത്തുള്ള ഏക ഹൈസ്കൂളാണ് തൃക്കൊടിത്താനം ഗവ:ഹൈസ്ക്കൂൾ. ഈ സ്ക്കൂളിൽ 1922 വിദ്യാർത്ഥികളാണ് ഇപ്പോഴുള്ളത്. വളരെ ഭംഗിയായി പ്രവർത്തിക്കുന്ന ഒരു സഹകരണസംഘമാണ് ഈ സ്ക്കൂളിലുള്ളത്. പുസ്തകവിതരണത്തിനോടൊപ്പം സ്റ്റേഷനറി സാധനങ്ങളുടെ വില്പനയും ഇവിടെ നടക്കുന്നു.

നടപ്പാക്കേണ്ട പദ്ധതികൾ

1. തൃക്കൊടിത്താനം പഞ്ചായത്തിലെ മുഴുവൻ കർഷകരുടെയും പ്രശ്നപരിഹാരത്തിന് ഹെഡ്ഓഫീസുകൊണ്ട് മാത്രം മതിയാകുകയില്ല. ആയതിനാൽ സർവ്വീസ് സഹകരണബാങ്കിന്റെ ഒരു ബ്രാഞ്ച് അമര ഭാഗത്തുസ്ഥാപിക്കേണ്ടതാണ്.
2. കൊടിനാട്ടുംകുന്നുഭാഗത്ത് ഒരു കൺസ്യൂമർ സ്റ്റോറു വളം ഡിപ്പോയും നടത്തുക.
3. മൂന്ന്, നാല്, രണ്ട് വാർഡുകൾ ഉൾപ്പെടുത്തി കൊടിനാട്ടും കുന്നുഭാഗത്ത് ഒരു ക്ഷീര വികസന സഹ: സംഘം സ്ഥാപിക്കുക.
4. പരസ്പരജാമ്യത്തിൽ നൽകുന്ന വായ്പകളുടെ പരിധി വർദ്ധിപ്പിക്കുക.
5. സ്വയം തൊഴിൽ പദ്ധതികളിന്മേലുള്ള വായ്പകൾ സ്വന്തം ജാമ്യത്തിൽ നൽകുക.
6. വാർഡ് അടിസ്ഥാനത്തിൽ ഡയറക്ടർ ബോർഡ് അംഗങ്ങളെ തെരഞ്ഞെടുക്കുക. ■



പട്ടികജാതി പട്ടികവർഗ്ഗക്ഷേമം

തൃക്കൊടിത്താനം പഞ്ചായത്തിൽ ചരിത്രാതീതകാലം മുതൽ പട്ടികജാതി പട്ടികവർഗ്ഗക്കാർ വസിച്ചിരുന്നു. ഈ പ്രദേശം വൻകാടുകൾ ആയിരുന്നത് വെട്ടിത്തെളിച്ച് കൃഷിചെയ്ത് അവർ ജീവിച്ചിരുന്നു. കാലക്രമേണ ഈ വസ്തുക്കളിൽ ഭൂരിഭാഗവും മറ്റുള്ളവർ കൈവശപ്പെടുത്തുകയും ഇവർ ഭൂരഹിതർ ആവുകയും ചെയ്തു. പിന്നീടു കുടികിടപ്പവകാശത്തിന്റെ പേരിൽ പലരും ചെറുകിട ഉടമകളായിത്തീർന്നു. ഒരു കാലയളവു വരേയും ഈ വർഗ്ഗക്കാരുടെ വിദ്യാഭ്യാസം, ആരാധനാ സ്വാതന്ത്ര്യം, യാത്രാസ്വാതന്ത്ര്യം തുടങ്ങിയവ അയിത്താചാരം മൂലം നിയന്ത്രിക്കപ്പെട്ടിരുന്നു. അക്കാലത്തെ ക്രിസ്ത്യൻ മിഷനറിമാർ കിളിമല എന്ന സ്ഥലത്ത് പട്ടികജാതിക്കാരുടെ വിദ്യാഭ്യാസ സൗകര്യത്തിനുവേണ്ടി കിളിമല സി.എം.എസ്. സ്കൂൾ എന്ന നാമകരണത്തിൽ ഒരു വിദ്യാലയം സ്ഥാപിച്ചു. കാലക്രമേണ ഇത് നിലനിൽപ്പില്ലാതായി. തുടർന്നു ചങ്ങനാശേരി, കുന്നംതാനം, കുറുമ്പനാടം മുതലായ സ്ഥലങ്ങളിലുള്ള സ്കൂളുകളിൽനിന്ന് ഒരളവുവരെ ഇവർക്കു വിദ്യാഭ്യാസ സൗകര്യം ലഭിച്ചിരുന്നു. തിരുവിതാംകൂറിൽ ആദ്യമായി സർവകലാശാലാ ബിരുദം നേടിയ പട്ടികവർഗ്ഗത്തിൽപ്പെട്ട വി. കേശവനും ഐ. പി. എസ്. ലഭിച്ച പട്ടികജാതിയിൽപെട്ട ജി. ബാബുരാജും ഈ പഞ്ചായത്തിന്റെ അഭിമാനമാണ്. ഏകദേശം 85 വർഷങ്ങൾക്കു മുൻമ്പ് പട്ടികജാതിക്കാരുടെ എന്ന് അവകാശപ്പെടുന്ന അമര പി.ആർ.ഡി.എസ്. എൽ. പി. സ്കൂൾ സ്ഥാപിതമായിട്ടുണ്ട് എങ്കിലും നാളിതുവരെയും ഈ സ്കൂൾ അപ് ഗ്രേയ്ഡു ചെയ്തിട്ടില്ല.

സാമൂഹ്യ ഉച്ചനീചത്വം മുൻകാലങ്ങളിലേപ്പോലെ പ്രകടമല്ല. എങ്കിലും സമൂഹത്തിന്റെ ഉപബോധമനസ്സിൽ അയിത്താചാരത്തിന്റെ അവശിഷ്ഠങ്ങൾ ഒളിഞ്ഞു കിടക്കുന്നത് പൊതുജീവിതത്തെ പരോക്ഷമായി ബാധിക്കാറുണ്ട്. സാർവത്രികമായി സാമാന്യ വിദ്യാഭ്യാസം നേടാൻ കഴിഞ്ഞിട്ടുണ്ട്. ഉന്നത വിദ്യാഭ്യാസവും മാന്യമായ തൊഴിലും, ഉന്നത ഉദ്യോഗവും ഉള്ളവരുടെ സംഖ്യ ഗണനീയം ആണെങ്കിലും ബഹുഭൂരിപക്ഷത്തിനും ഹൈസ്കൂൾ വിദ്യാഭ്യാസത്തിനുപ്പുറത്തേയ്ക്കു കടന്നുചെല്ലാൻ കഴിയുന്നില്ല. ഉന്നത വിദ്യാഭ്യാസത്തിനുള്ള പ്രചോദനവും തൊഴിൽ നേടാനുള്ള പരിശീലനം നൽകുന്നതിനുള്ള സംവിധാനവും ഉണ്ടാകേണ്ടതാണ്.

ഈ വിഭാഗക്കാരുടേതെന്ന് അഭിമാനിക്കാവുന്ന, ബ്രഹ്മശ്രീ ഭാസ്കര സിദ്ധ സ്വാമിയാൽ പ്രതി

ഷ്ഠ നടത്തപ്പെട്ട ഒരു ശിവക്ഷേത്രം ഇവിടെ ഉണ്ട്. വർഷംതോറും പ്രതിഷ്ഠാദിനം, മണ്ഡലക്കാലം, ശിവരാത്രി എന്നീ വിശേഷദിവസങ്ങളിൽ എല്ലാ മതസ്ഥരും സഹകരിച്ച് ഉത്സവം മംഗളമാക്കിത്തീർക്കുന്നു. ഈ പഞ്ചായത്തിൽത്തന്നെ പട്ടികജാതിക്കാരുടേതായി ഒരു ദേവീക്ഷേത്രവും സ്ഥിതചെയ്യുന്നുണ്ട്. അവിടെ ആചാരാനുഷ്ഠാനപ്രകാരം കർമ്മങ്ങളും ഉത്സവങ്ങളും നടത്തിപ്പോരുന്നു.

ഈ പഞ്ചായത്തിൽ ആകെ പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർ 3011 ഉം 49 പട്ടികവർഗ്ഗത്തിൽ പെട്ടവരും അധിവസിക്കുന്നു. ഇത് ഇവിടുത്തെ ജനസംഖ്യയുടെ 10 ശതമാനത്തിലേറെ ആണ്. ആകെ 12 അംഗീകൃത സെറ്റിൽമെൻറ് കോളനികൾ ഈ പഞ്ചായത്തിൽ നിലവിലുണ്ട്. പേരും ജനസംഖ്യയും ചുവടെ ചേർക്കുന്നു.

എത്താത്ത കുടുംബങ്ങളും ധാരാളം ഉണ്ട്. കോളനികൾക്ക് പുറത്തു താമസിക്കുന്നവരെ സംബന്ധിച്ചിടത്തോളം കക്കൂസിൻെറ അപര്യാപ്തത കൂടുതലാണ്. ഭവനനിർമ്മാണം സംബന്ധിച്ച് യാത്രാസൗകര്യം കുറഞ്ഞ ഇടങ്ങളിൽ താമസിക്കുന്നവരായതുകൊണ്ടും നിർമ്മാണവസ്തുക്കളുടെ അമിത വിലയും കൂലിവർദ്ധനവും നിമിത്തം ഭവനനിർമ്മാണത്തിന് ഗവ: അനുവദിക്കുന്ന തുക തികച്ചും പരിമിതമായതുകൊണ്ടും ചില സാങ്കേതിക കാരണംമൂലവും ആനുകൂല്യങ്ങൾ നിഷേധിക്കപ്പെടുന്നവർ കുറവല്ല. ഈ വിഭാഗത്തിൽപെടുന്ന ഭൂരിപക്ഷം ആളുകളും കാർഷികമേഖലയിലാണ് പരമ്പരാഗതമായി തൊഴിൽ നേടിയിരുന്നത്. എന്നാൽ സ്ത്രീ തൊഴിലാളികൾ കാർഷികമേഖലയിൽനിന്നും പുറം

1991 -ലെ സർവ്വേപ്രകാരം

നമ്പർ	കോളനികളുടെ പേര്	വീടിൻെറ എണ്ണം	ജനസംഖ്യ
1)	ആലംപറമ്പ്	10	46
2)	അമര	95	554
3)	കടമാൻചിറ	33	221
4)	കിളിമല	38	228
5)	മണികണ്ഠവയൽ	22	122
6)	ഒട്ടക്കാട്	57	300
7)	പാടത്തുങ്കുഴി	23	129
8)	പ്ലാംതോട്ടം	27	134
9)	പൊട്ടശ്ശേരി	30	193
10)	ചെമ്പുംപുറം	25	138
11)	പാമ്പൂരംപാറ	20	96
12)	ചേരിക്കൽ	13	72
	ആകെ	393	2623

കോളനിയിൽ ഉൾപ്പെടാതെ ശേഷിക്കുന്നവർ മറ്റുള്ളവരുമായി ഇടകലർന്നു ജീവിക്കുന്നു. ഏകദേശം 50 ഓളം കുടുംബങ്ങൾ സ്വന്തമായി വീടില്ലാത്തവരും പുറംപോക്കിൽ താമസിക്കുന്നവരുമാണ്. മിക്ക കോളനികളിലും കുടിവെള്ളക്ഷാമം രൂക്ഷമാണ്. വൈദ്യുതി

തള്ളപ്പെട്ട അവസ്ഥയിലാണ്. അതിനാൽ പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിലേയ്ക്ക് പരിശീലനവും, സഹായ ധനവും നൽകാൻ സംവിധാനം ഉണ്ടാക്കുന്നത് അനുയോജ്യമായിരിക്കും. അഭ്യസ്ഥവിദ്യരും തൊഴിൽരഹിതരുമായവർക്ക് തൊഴിൽ പരിശീലനവും

നൽകുന്നത് അനിർവാര്യമാണ്. പരമ്പരാഗത തൊഴിലായ പായ, കുട്ട, പനമ്പ്, മുറം മറ്റു ഗൃഹോപകരണങ്ങൾ എന്നിവയ്ക്ക് നിർമ്മാണ പരിശീലനവും അസംസ്കൃതവസ്തുക്കളുടെ ലഭ്യതയും ഉറപ്പുവരുത്തേണ്ടതുണ്ട്.

പ്രശ്നങ്ങളും പരിഹാര നിർദ്ദേശവും

1) കാർഷികമേഖലയിൽ തൊഴിലവസരങ്ങൾ കുറയുന്നു.

2) സ്വന്തമായി ഭൂമിയുടെ ദൗർലഭ്യതയും ഭവനങ്ങളുടെപരിമിതിയും.

3) ശുദ്ധജലം ലഭിക്കുന്നതിനുള്ള അപര്യാപ്തത.

4) വൈദ്യുതി ലഭിക്കുന്നതിനുള്ള ബുദ്ധിമുട്ട്.

5) പ്രത്യേകതൊഴിൽ പരിശീലനം വർദ്ധിപ്പിക്കുക.

6) ആവശ്യാനുസരണമുള്ള കക്കൂസുകളുടെ കുറവ്.

7) കായികവിനോദ സൗകര്യം വർദ്ധിപ്പിക്കുക.

8) പട്ടികവിഭാഗത്തിൽ പെട്ടവർ കുറഞ്ഞത് 7 കുടുംബങ്ങളായി അധിവസിക്കുന്ന സ്ഥലം സെറ്റിൽമെൻറ് കോളനികളായി അംഗീകരിച്ച് സർക്കാർ തലത്തിൽ ധനസഹായം നൽകുക.

9) 60 വയസ്സു പൂർത്തിയായ എല്ലാ കർഷകതൊഴിലാളികൾക്കും പെൻഷൻ അനുവദിക്കുകയും, ഗ്രൂപ്പ് ഇൻഷ്വറൻസ് ഏർപ്പെടുത്തുകയും ചെയ്യുക.

10) നിലവിലുള്ള ഉപയോഗശൂന്യമായ 68200 ലിറ്റർ വാട്ടർ ടാങ്ക് ഉപയോഗപ്രദമാക്കുക.

11) ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ച് വൈദ്യുതിക്ഷാമം പരിഹരിക്കുക.

12) തെങ്ങുകയറ്റ തൊഴിലാളികൾക്ക് ഗ്രൂപ്പ് ഇൻഷ്വറൻസ് ഏർപ്പെടുത്തുക.

13) ഈ പഞ്ചായത്തിൽ താമസിക്കുന്ന ഭൂരിഭാഗ പട്ടികജാതി പട്ടികവർഗ്ഗത്തിൽപെട്ടവരും "5" സെൻറ് ഭൂമിയിൽ കുറവുള്ളവരായതിനാൽ അവരുടെ വീടുകളിൽ മരിക്കുന്നവരുടെ ശവം സംസ്ക്കരിക്കുവാൻ വളരെ ബുദ്ധിമുട്ടാണ്. ആയതിനാൽ അടിയന്തിരമായി ഒരു പൊതു ശ്മശാനം നിർമ്മിക്കുക.

14) സർക്കാരിൽനിന്നും നിർമ്മിച്ചുകൊടുക്കുന്ന വീടുകൾക്ക് "5" വർഷങ്ങൾക്കുശേഷം അറ്റകുറ്റപ്പണികൾക്ക് ധനസഹായം നൽകുക.

15) പട്ടികജാതി പട്ടിക വർഗ്ഗത്തിൽപെട്ട താഴ്ന്ന വരുമാനക്കാരുടെ പെൺകുട്ടികളെ വിവാഹം കഴിപ്പിക്കുവാനും രോഗികളെ ശിശ്രൂഷിക്കുവാനും ധനസഹായം നൽകുക.

16) പട്ടികജാതിയിൽപെട്ട യുവതീയുവാക്കളെ അംഗങ്ങളാക്കി സഹകരണസംഘം സ്ഥാപിച്ച് തൊഴിൽ നൽകാൻ സംവിധാനം ഉണ്ടാക്കുക.

17) പട്ടികജാതി പട്ടികവർഗ്ഗത്തിൽപെട്ട അഭ്യസ്തവിദ്യരായ യുവതീയുവാക്കൾക്ക് മത്സരപ്പരീക്ഷയിൽ പങ്കെടുത്തു വിജയിക്കുവാൻ ആവശ്യമായ പരിശീലനം നൽകുക.

18) പട്ടികജാതി സങ്കേതങ്ങളിലേക്ക് റോഡുകൾ വെട്ടി ഗതാഗതസൗകര്യം ഉണ്ടാക്കുക.

19) ഭൂരഹിതരുടെ പാർപ്പിടപ്രശ്നത്തിന് ശാശ്വതമായ പരിഹാരത്തിനായി പ്ലാറ്റുകൾ നിർമ്മിക്കുക.

20) ജാതിയും വരുമാനവും തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റുകൾ പഞ്ചായത്തു മെംബർന്മാരുടെ ശിപാർശയോടുകൂടി ഗ്രാമ പഞ്ചായത്തിൽനിന്നും നൽകുക.

21) ഈറ്റ, മുള ഉപയോഗിച്ചുള്ള പരമ്പരാഗത തൊഴിൽ മേഖലകളെ പരിപോഷിപ്പിക്കുക.

22) അസംസ്കൃത വസ്തുക്കൾ ലഭ്യാക്കുന്നതിനും ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിനും തൊഴിൽ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിനും സഹകരണ പ്രസ്ഥാനങ്ങൾവഴി സാമ്പത്തിക സഹായം നൽകുക.

23) പട്ടികജാതി പട്ടികവർഗ്ഗത്തിൽ പെട്ടവരുടെ വസ്തുക്കൾ പോക്കുവരവു ചെയ്യാനുള്ള നടപടി സ്വീകരിക്കുക.

24) തൃക്കൊടിത്താനം ഗ്രാമ പഞ്ചായത്തിലെ പട്ടികവർഗ്ഗത്തിൽ പെട്ടവരുടെ അഭിവൃദ്ധിക്കുവേണ്ടി പട്ടികവർഗ്ഗക്ഷേമ കാര്യാലയത്തിൽ നിന്നും സഹായം ലഭിക്കാൻ നടപടി സ്വീകരിക്കുക.

പട്ടികജാതി വനിതാക്ഷേമം

1) വനിതകളെ സംഘടിപ്പിച്ച് സഹകരണ അടിസ്ഥാനത്തിൽ വസ്ത്രനിർമ്മാണ യൂണിറ്റുകൾ സ്ഥാപിക്കുക.

2) വനിതകൾക്ക് മുൻതൂക്കം കൊടുത്തുകൊണ്ട് ഔഷധ സസ്യക്കൃഷിയും പുഷ്പഫല വ്യവസായവും ആരംഭിക്കുക.

3) ഭക്ഷ്യപദാർത്ഥ സംസ്ക്കരണ യൂണിറ്റുകൾ സ്ഥാപിക്കുക.



വിഭവ സമാഹരണം

പഞ്ചായത്തിന്റെ വികസനപ്രവർത്തനങ്ങൾക്ക് വിഭവ സമാഹരണം വളരെ പ്രാധാന്യം അർഹിക്കുന്നു. വികസന സങ്കല്പങ്ങൾക്ക് മാറ്റം ഉണ്ടാക്കിയെടുക്കുവാനും വിഭവസമാഹരണത്തിന്റെ മേഖല വിപുലപ്പെടുത്തുവാനും കഴിയുന്ന സാമൂഹ്യ ബോധവത്ക്കരണത്തിന് ഊന്നൽ നല്കി പ്രവർത്തിക്കുവാൻ കഴിയണം.

വികസന പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുന്ന പഞ്ചായത്ത് ഫണ്ടുകൾ ഗ്രാൻറുകൾ, കൂടാതെ ഒമ്പതാം പദ്ധതിയിലൂടെ ലഭിക്കുന്ന 35-40 ശതമാനം തുക ഇടനിലക്കാരെ ഒഴിവാക്കിയും സന്നദ്ധസേവനം ലഭ്യമാക്കിയും പൂർണ്ണമായ അളവിൽ പ്രയോഗത്തിൽ വരുത്തുവാൻ കഴിയണം.

പഞ്ചായത്തിന്റെ പൊതുവേയുള്ള ധനസ്ഥിതി വിഭവ സമാഹരണവും വികസന പ്രവർത്തനവുമായി ബന്ധപ്പെടുത്തി പരിശോധിക്കേണ്ടത് ആവശ്യമാണ്. പഞ്ചായത്തിന്റെ തനതു വരുമാനം സംസ്ഥാന സർക്കാരിൽ നിന്നുള്ള നികുതി വിഹിതം, ഗ്രാൻറുകൾ എന്നിവയുടെ പ്രയോഗം എങ്ങനെ എന്നതും സൂക്ഷ്മ വിശകലനത്തിന് വിടുമ്പോൾ ഒരു കാര്യം ബോധ്യമാകും. വികസന പ്രവർത്തനത്തിന് വക കൊള്ളിക്കുന്ന തുകയുടെ നല്ലൊരു ശതമാനം ഇടനിലക്കാർ തട്ടിയെടുക്കുന്നതും പാഴ്വേലകളിലൂടെ ചോർന്നു പോകുന്നതും കാണാൻ കഴിയും. ഇത് ഒഴിവാക്കാൻ കഴിയണം.

വിഭവസമാഹരണത്തിന് ഇന്നുള്ള മേഖലകളെ പൂർണ്ണമായും പ്രയോജനപ്പെടുത്താൻ കഴിയുന്നില്ല എന്നത് പ്രധാന പ്രശ്നമാണ് ഇതിന് മാറ്റം ഉണ്ടാകണം.

വിഭവ സമാഹരണത്തിന്റെ സാധ്യതകൾ

1. കൃഷി

ദിനം തോറും കൃഷിയിടങ്ങൾ കുറഞ്ഞുവരുകയാണ്. നെൽക്കൃഷി പൂർണ്ണമായും അവസാനിച്ചിരിക്കുന്നു. പാടങ്ങൾ പാർപ്പിടങ്ങളായി മാറിക്കൊണ്ടിരിക്കുന്നു. ഇന്ന് ഉള്ള ഭൂമിയിൽ റബ്ബർകൃഷി തുടങ്ങുവാനാണ് കർഷകന് താല്പര്യം. ഈ രംഗത്ത് ശാസ്ത്രീയ രീതികൾ അവലംബിച്ച് ഉത്പാദനം വർദ്ധിപ്പിക്കാൻ കഴിയണം.

നികുതി വിവരപ്പട്ടിക

നമ്പർ	ഇനം	വർഷം		
		91.92	95.96	വർദ്ധനവ്
1	കെട്ടിട നികുതി	149119.00	235000.00	15.74%
2	വിനോദ നികുതി	5625.00	5927.00	4%
3	തൊഴിൽ നികുതി	46665.00	76300.00	5.6%
4.	ഉപാധിരഹിതനികുതി	190000.00	299030.00	20.02 %
5.	എസ്. സി. പി.	-	108190.00	
6	ജെ. ആർ. വൈ	387420.00	368000.00	24.65%
7.	ഗ്രാൻറ് സംഭാവന	205643.00	509151.00	34.1%
8.	ആകെ വരവ്	984472	1493408.00	
9.	ആകെ ചിലവ്	266149.00	413531.00	104.11%

ഏറെയും തുണ്ടുഭൂമികൾ ആയതിനാൽ അവയ്ക്ക് അനുയോജ്യമായ നിലയിൽ പച്ചക്കറി, വാഴ എന്നിവ കൃഷി ചെയ്യുവാൻ പഞ്ചായത്തിലെ ഭൂമിയുള്ള എല്ലാ കൃഷിക്കാരെയും പ്രേരിപ്പിക്കുകയും ആവശ്യമായ സഹായം നല്കുകയും ചെയ്താൽ ഈ രംഗത്ത് വലിയ മുന്നേറ്റം ഉണ്ടാക്കാൻ കഴിയും. പഞ്ചായത്തിലുള്ള കുളങ്ങൾ മത്സ്യക്കൃഷി നടത്തുവാൻ പാട്ടമായി നല്കിയാൽ ഈ രംഗത്ത് തൊഴിൽ സൃഷ്ടിക്കുവാനും അതുവഴി പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കുവാനും കഴിയും. തരിശുഭൂമികൾ കണ്ടെത്തി അനുയോജ്യമായ കൃഷി നടത്തുവാനുള്ള സംവിധാനം ഉണ്ടാകണം. ആയതിന് കർഷക സമിതികളുടെ സഹായം ലഭ്യമാക്കണം.

2. വ്യവസായം

വ്യവസായരംഗത്ത് ഈ പഞ്ചായത്ത് വളരെ പിന്നിലാണ്. ഈ ന്യൂനത പരിഹരിക്കുന്നതിനായി ഒരു മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് സ്ഥാപിക്കണം. വ്യവസായ സംരംഭകരെ വലയ്ക്കുന്ന സാങ്കേതിക ബുദ്ധിമുട്ടുകൾ ഒഴിവാക്കാൻ കഴിയുന്ന തരത്തിൽ നിയമനിർമ്മാണം നടത്തുന്നത് ഉപകാരപ്രദമായിരിക്കും.

3. കെട്ടിട നികുതി.

പഞ്ചായത്തിന്റെ പ്രധാന വരുമാനങ്ങളിൽ ഒന്നാണ് കെട്ടിട നികുതി ശരിയായി അസസ്മെൻറ് നടത്താതെ നിക്ഷിപ്ത താല്പര്യങ്ങൾ ഈ രംഗത്ത് നിലനില്ക്കുന്നത് വിഭവ സമാഹരണത്തിന് തടസ്സമാകുന്നു. ഇത് ഒഴിവാക്കാൻ കഴിയുന്ന വിധത്തിൽ പഞ്ചായത്ത് തലത്തിൽ അസസ്മെൻറ് സമിതികൾ രൂപീകരിക്കുക. ലക്ഷങ്ങൾ മുടക്കി പണി കഴിപ്പിക്കുന്ന കെട്ടിടങ്ങൾക്ക് ആർഭാടനികുതി കൂടി ചുമത്തുക. പഞ്ചായത്തിൽ വാടകയ്ക്ക് കൊടുത്തിട്ടുള്ള വീടുകൾ, കടകൾ എന്നിവ കണ്ടെത്തി അവയ്ക്ക് പ്രത്യേക നികുതി ചുമത്തണം.

4.ലൈസൻസ് പഞ്ചായത്ത് പരിധിക്കുള്ളിൽ

പ്രവർത്തിക്കുന്ന കടകൾ, വ്യവസായ സ്ഥാപനങ്ങൾ, മില്ലുകൾ കള്ളുഷാപ്പുകൾ ഇറച്ചിക്കടകൾ, ഹോട്ടലുകൾ എന്നിവയ്ക്ക് ലൈസൻസ് നിർബന്ധമാക്കണം. ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ മേൽ നടപടി സ്വീകരിക്കണം.

5. തൊഴിൽ നികുതി.

സർക്കാർ സ്ഥാപനങ്ങൾ, എയ്ഡഡ്സ്കൂളുകൾ എന്നിവിടങ്ങളിൽ ജോലി ചെയ്യുന്നവരിൽ നിന്നു മാത്രമാണ് ഇന്ന് തൊഴിൽ നികുതി ലഭിക്കുന്നത്. പഞ്ചായത്തിൽ പ്രവർത്തനത്തിലിരിക്കുന്ന ചെറുകിട ഫാക്ടറികൾ, റെഡിമെയ്ഡ് വസ്ത്ര നിർമ്മാണശാലകൾ വ്യാവസായികാടിസ്ഥാനത്തിൽ തടി ഉല്പന്നങ്ങൾ നിർമ്മിക്കുന്നവർ എന്നിവരിൽ നിന്നും വരുമാനത്തിന്റെ അടിസ്ഥാനത്തിൽ നികുതി ഏർപ്പെടുത്തേണ്ടതാണ്.

ഇനം	ധനാഭ്യർത്ഥന	പിരിച്ചത്	ബാക്കി
1	2	3	4
കെട്ടിടനികുതി	235776	193644-65	42131-35
സർവ്വീസ് ചാർജ്ജ്	65217	54809-35	10407-65
തൊഴിൽ നികുതി	76360	74353-00	2007-00
വാഹന നികുതി	-	-	-
വിനോദ നികുതി	5929	5929.00	ഇല്ല
അഡി. വിനോദ നികുതി	3574	3574	ഇല്ല
പ്രദർശന നികുതി	2346	2346	ഇല്ല
പ്രദർശന നികുതിയിന്മേലുള്ള സർ ചാർജ്	532.50	532.50	ഇല്ല
ചന്ത വരവ്	-	-	-
ലാൻറ് സെസ്സ്	-	-	-
ലൈസൻസ് ഫീസ്	7884	6400.00	1484.00
കെട്ടിട നികുതി ചാർജ്	-	-	-
വസ്തു കൈമാറ്റ നികുതി 75%	-	-	-
വസ്തു കൈമാറ്റ നികുതി 95%	228834	228834	-
സർക്കാർ ഗ്രാൻറും മറ്റും ഒഴികെയുള്ള മറ്റു വരവുകൾ	-	-	-
സംഭാവന	-	-	-
ഡെപ്പോസിറ്റ്	15625.00	15625	ഇല്ല
മറ്റുള്ളവ	149801.00	149801	ഇല്ല

തൃക്കൊടിത്താനം പഞ്ചായത്ത് എസ്റ്റാബ്ലിഷ്മെൻറ് ചെലവ് സംബന്ധിച്ച വിവരം.

1991 - 92	266149
1995-96	423531
വർദ്ധനവിൻെറ വ്യത്യാസം ശതമാനത്തിൽ	55.36

6. നിർദ്ദേശങ്ങൾ

1. പഞ്ചായത്തിൻെറ മരാമത്ത് പണികൾക്കായ് അനുവദിക്കുന്ന പരമാവധി തുക അയ്യായിരം രൂപയാണ്. ഇത്തരം മരാമത്ത് പണികൾ പാഴ്വേലകൾ മാത്രമാണ്. ഇതിൻെറ തുക വർദ്ധിപ്പിക്കുകയും ടെൻറർ സമ്പ്രദായം ഉപേക്ഷിക്കുകയും പണി ചെയ്യുവാൻ ഉദ്ദേശിക്കുന്ന റോഡുകളുടെ സ്വഭാവം അനുസരിച്ച്

വാർഡുതല സമിതികളിൽ നിന്നും നിർദ്ദേശങ്ങൾ സ്വീകരിച്ച് ആയതിന് ചിലവാക്കുന്ന തുക വാർഡ്സമിതി മുഖേന ചിലവഴിക്കുവാനും കഴിയണം.

2. പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ മണ്ണെടുപ്പ് ധാരാളമായി നടക്കുന്നു. തൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെടുന്ന വിധത്തിൽ ആധുനിക രീതിയിലുള്ള യന്ത്രങ്ങൾ ഉപയോഗിച്ച് മണ്ണെടുക്കുന്ന കോൺട്രാക്ടർമാരിൽ നിന്നും ഫീസ് ഈടാക്കണം.

   മണ്ണെടുക്കുന്നതിന് ഉടമകൾ പഞ്ചായത്തിൽ നിന്നും അനുവാദം വാങ്ങുകയും ആയതിന് ഫീസ് ഈടാക്കുകയും ചെയ്യണം.

   പാറമടകൾക്ക് ലൈൻസ് സമ്പ്രദായം ഏർപ്പെടുത്തണം. മണ്ണുമടകൾ പാറമടകൾ എന്നിവിടങ്ങളിൽ നിന്നും ലോഡുകയറ്റി നിരന്തരമായി ലോറികൾ ഓടുന്നതുമൂലം പഞ്ചായത്ത് റോടുകൾ താറുമാറാകുന്നു. ആയതിനാൽ ലോറി ഉടമകളിൽ നിന്നും നഷ്ടപരിഹാരം എന്ന നിലയിൽ ഫീസ് ഈടാക്കാവുന്നതാണ്.

3. പഞ്ചായത്ത് തലത്തിൽ ഒരു മാർക്കറ്റ് സ്ഥാപിക്കുക. ഒരു കമ്മ്യൂണിറ്റി ഹാൾ സ്ഥാപിക്കുക.

   പഞ്ചായത്ത് തലത്തിലുള്ള ജലസ്രോതസ്സുകളെ പരമാവധി പ്രയോജനപ്പെടുത്തി കാർഷികാവശ്യത്തിന് ജലസേചനം നടത്തുവാൻ പഞ്ചായത്ത് മുൻകൈയെടുത്ത് പ്രവർത്തിക്കുകയും ചെയ്യണം.

4. ഭൂമി നിരന്തരമായി കൈമാറ്റം നടത്തുക എന്നത് ഇന്ന് ഒരു ബിസിനസ്സായി മാറിയിട്ടുണ്ട്. ആയതിനാൽ ഭൂമി മാറ്റത്തിന് പോക്കുവരവ് നടത്തുന്ന സന്ദർഭത്തിൽ തുകയ്ക്ക് ആനുപാതികമായി ഒരു കുറഞ്ഞ ഫീസ് ഏർപ്പെടുത്തുവാൻ കഴിയണം.

5. ഫല വൃക്ഷങ്ങൾ ലേലം ചെയ്യുന്നതിന് ഗ്രാമവാസികളിലൂടെ ഒരു സ്കാഡ് രൂപീകരിക്കണം.

6. വിദേശ മലയാളികളുടെ വിവരം ശേഖരിച്ച് പഞ്ചായത്ത് വികസനത്തിൽ സഹകരണം ഉറപ്പു വരുത്തുക.

7. ഷെഡ്യൂൾഡ് ബാങ്കുകൾ , സഹകരണബാങ്കുകൾ എന്നിവയിൽ നിന്നും സഹകരണം ഉറപ്പുവരുത്തുക.

8. പഞ്ചായത്ത് പരിധിക്കുള്ളിൽ നടത്തുന്ന സ്വകാര്യ പരസ്യങ്ങൾക്കും പരസ്യകമ്പനികൾക്കും നികുതി ചുമത്തുക.

9. പഞ്ചായത്തിന്റെ വിദ്യാഭ്യാസ വികസനത്തിന് ഒരു വിദ്യാഭ്യാസ നിധി രൂപീകരിക്കുക.

10. കോഴി വളർത്തൽ ഫാമുകൾക്കും സംസ്ക്കരണ ശാലകൾക്കും ലൈസൻസ് ഏർപ്പെടുത്തണം.

11. സാമൂഹിക സാംസ്ക്കാരിക പ്രസ്ഥാനങ്ങൾ, ബഹുജന പ്രസ്ഥാനങ്ങൾ സന്നദ്ധ സംഘടനകൾ സാമുദായിക സംഘടനകൾ എന്നിവയെ സംഘടിപ്പിച്ച് സന്നദ്ധ പ്രവർത്തനം നടത്തണം.

12. ഗ്രാമപഞ്ചായത്തിനേറതായ കൊക്കോട്ടുചിറകുളവും ചുറ്റുമുള്ള സ്ഥലവും ഉൾപ്പെടെ ഉദ്ദേശം എട്ടര ഏക്കർ സ്ഥലം ഉള്ളതിൽ നിയമാനുസരണം പതിച്ചുനൽകിയതിന്റെ ബാക്കി വരുന്ന മുഴുവൻ ഭൂമിയും അടിയന്തരമായി അകയർ ചെയ്ത് എടുത്താൽ റോഡിനു സമാന്തിരമായി ഷോപ്പിംഗ് കോംപ്ലക്സ് പണിയുകയും (ബാക്കിസ്ഥലം)കർഷകർക്ക് വർഷാവർഷം ലീസിനു നൽകുകയും ചെയ്താൽ പഞ്ചായത്തിനു വമ്പിച്ച വരുമാന വർദ്ധനവ് ഉണ്ടാകും.

▼▼▼▼
▼▼▼
▼▼▼▼▼▼▼

ഉപസംഹാരം

73,74 ഭരഘടനാഭേദഗതികളിലൂടെ രാജ്യത്തിനുലഭിച്ച പഞ്ചായത്തിരാജ് സംവിധാനം അതിന്റെ പൂർണ്ണഘടനയിൽ കേരളത്തിൽ നടപ്പിലായത് കഴിഞ്ഞ പഞ്ചായത്ത് തെരെഞ്ഞെടുപ്പോടുകൂടിയാണ്. 1995-ലെ ഗാന്ധി ജയന്തിദിനത്തിൽ ഔപചാരികമായി അധികാരമേറ്റ് ഔദ്യോഗിക കൃത്യത്തിലേർപ്പെട്ട ത്രിതല സംവിധാനത്തിലെ ഏറ്റവും ശക്തമായതും ജനങ്ങളുമായി നിരന്തരം ബന്ധപ്പെടുന്നതുമായ തലം ഗ്രാമ പഞ്ചായത്തുകളാണ്. ഈ തലത്തിലൂടെ 9-ാം പദ്ധതിയുടെ ആസൂത്രണം നിർവഹിക്കാനുള്ള സർക്കാരിന്റെ പ്രതിബദ്ധതയുംപ്രവർത്തനങ്ങളും ശുഭോദർക്കമാണ്. ഏതൊരു പ്രദേശത്തെയും സമൂഹത്തിന്റെ പുരോഗതി ഭൗതികസൗകര്യങ്ങളുടെ വളർച്ചയാണെന്നു ചിന്തിക്കാറുണ്ടെങ്കിലും, സമാധാനപൂർണ്ണമായ സാമൂഹിക അന്തരീക്ഷവും, സങ്കുചിത താല്പര്യങ്ങൾക്ക് അതീതമായ സൗഹാർദ്ദവും, സേവനവുമാണ് യഥാർത്ഥ വളർച്ചയുടെ മുഖമുദ്ര.

വികസനകാര്യത്തിൽ വൻപ്രതിസന്ധി നേരിടുന്ന ഒരു പ്രദേശമല്ല നമ്മുടെ ഗ്രാമം. കേരളത്തിലെ മറ്റു വികസനോന്മുഖമായ പഞ്ചായത്തുകളെപ്പോലെ നാമും ഒട്ടൊക്കെ പുരോഗതി കൈവരിച്ചിട്ടുണ്ട്. എങ്കിലും ചില പ്രദേശങ്ങളിലുള്ള ശുദ്ധജലക്ഷാമം, വൈദ്യുതി പ്രശ്നം തുടങ്ങിയവ പരിഹരിക്കപ്പെടാതെ അവശേഷിക്കുന്നുണ്ട്. നമ്മുടെ ഗ്രാമപഞ്ചായത്തിൽ അനുവദിച്ച പോലീസ് സ്റ്റേഷന്റെ പ്രവർത്തനം എത്രയും വേഗം ആരംഭിക്കുവാൻ വേണ്ട നടപടികൾ ഗവ:ത്വരിതപ്പെടുത്തണം.

ഈ ഭരണസമിതി അധികാരമേറ്റെടുത്തതിനുശേഷം നിരവധി വികസന പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയിട്ടുണ്ട്. എസ്.ആർ.വി.സ്കീമിൽ പട്ടിക വിഭാഗക്കാരുൾപ്പെടെ 188 കുടുംബങ്ങൾക്ക് സൗജന്യ നിരക്കിൽ തയ്യൽ മെഷീൻ വിതരണം ചെയ്യാൻ കഴിഞ്ഞു. ഭൂമിയുള്ള മുഴുവൻ പട്ടികജാതി കുടുംബങ്ങൾക്കും വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി, കക്കൂസ് നിർമ്മിക്കുന്നതിന് ധനസഹായം അടുത്ത ഒരു വർഷത്തിനുള്ളിൽ

നൽകാൻ നിശ്ചയിച്ചിട്ടുണ്ട്. ശ്രീ സി.എഫ്.തോമസ് M.L.A.യുടെ ശ്രമഫലമായി വെള്ളപ്പൊക്ക ദുരിതാശ്വാസ പദ്ധതിയുലുൾപ്പെടുത്തി 15 റോഡുകളുടെ വികസനപ്രവർത്തനം നടത്താൻ കഴിഞ്ഞു. ശ്രീ രമേശ് ചെന്നിത്തില M.P. യുടെ M.P.ഫണ്ട് വിനിയോഗിച്ച് ഹോമിയോ ആശുപത്രിക്ക് കെട്ടിടം നിർമ്മിക്കാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ശ്രീ ജോയി നടുക്കര M.P.യുടെ ഫണ്ടിൽ ഉൾപ്പെട്ട് ഗവ:ഹൈസ്ക്കൂൾ പവലിയൻ നിർമ്മാണം പൂർത്തിയായി വരുന്നു. 7,8 വാർഡുകളിൽ പണിപൂർത്തിയായ പാലങ്ങൾ, കൈലാത്തുപടി, കൊടിനാട്ടുംകുന്ന് JRY റോഡിന്റെ പൂർത്തീകരണം,300-ൽ ഏറെ കുടുംബങ്ങൾക്ക് കക്കൂസ് ഗ്രാൻറ് നൽകിയത് എന്നിവ ഈ സമിതിയുടെ വികസന പ്രവർത്തനങ്ങളിൽ ചിലതു മാത്രമാണ്.

ഈ പഞ്ചായത്തിൽ ഒരു മൃഗാശുപത്രി എന്ന സ്വപ്നം സാക്ഷാത്കരിക്കുവാൻ നമുക്കു കഴിഞ്ഞു. വില്ലേജ് ആഫീസിനു പുതിയകെട്ടിടം നിർമ്മിച്ച് പ്രവർത്തനം ആരംഭിക്കാൻ കഴിഞ്ഞു. വിവിധ വാർഡുകളിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് ത്രീഫേസ് ലൈനുകൾ വലിക്കുന്നതിനും ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുന്നതിനും- K.S.E.B. യെപ്രേരിപ്പിക്കുന്നതിനു കഴിഞ്ഞിട്ടുണ്ട്. ജില്ലാ പഞ്ചായത്തിന്റെ സ്ക്കീമിൽ ഉൾപ്പെട്ട് കോട്ടമുറി -പീടികപ്പടി റോഡിന്റെ വികസന പ്രവർത്തനങ്ങൾ ആരംഭിച്ചുകഴിഞ്ഞു. ഈ പഞ്ചായത്തിൽ ഒരു ഗവ:ആയുർവേദ ആശുപത്രി സ്ഥാപിച്ചുകിട്ടുന്നതിനുവേണ്ടി ശക്തമായ ശ്രമം നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്.

പ്രവർത്തനങ്ങളിൽ സുതാര്യത പുലർത്തിക്കൊണ്ട് കക്ഷി രാഷ്ട്രീയത്തിന് അതീതമായും, ഊർജ്ജസ്വലമായും വികസനമെത്തിക്കുക എന്ന കാര്യത്തിൽ ഏറെ മുന്നോട്ടു പോകുവാൻ നമുക്കു കഴിഞ്ഞതിന് വിവിധ ജനപ്രതിനിധികളോടും, എല്ലാ രാഷ്ട്രീയ നേതൃത്വങ്ങളോടും, പൊതുജനങ്ങളോടും ഞങ്ങൾക്ക് കടപ്പാടുണ്ട്.


ജനകീയാസൂത്രണം ലക്ഷ്യമാക്കുന്നത് പൊതുജനപങ്കാളിത്തത്തോടുകൂടിയുള്ള വികസന പ്രവർത്തനങ്ങളാണ്. ഗ്രാമസഭകളിലെ നിർദ്ദേശങ്ങൾക്ക് മുഖ്യ പരിഗണന നാം നൽകുന്നുണ്ട്. ഈ അടിസ്ഥാനത്തിൽ വിദഗ്ദ്ധരുടെ സഹായത്തോടെ ആവിഷ്ക്കരിക്കപ്പെടുന്ന പദ്ധതികൾ വിജയിപ്പിക്കുന്നതിന് മുഴുവൻ ജനങ്ങളുടെയും ആത്മാർത്ഥമായ സഹകരണം അഭ്യർത്ഥിച്ചു കൊള്ളുന്നു.

ഈ വികസന രേഖ തയ്യാറാക്കാൻ സഹകരിച്ച മുഴുവൻ ആളുകൾക്കും നന്ദിപറഞ്ഞുകൊണ്ട് പൊതുജനങ്ങളുടെ അംഗീകാരത്തിനും, നിർദ്ദേശങ്ങൾക്കും, അഭിപ്രായ രൂപീകരണത്തിനുമായി ഈ രേഖ സമർപ്പിച്ചു കൊള്ളുന്നു.

വി. ഡി. സെബാസ്റ്റ്യൻ
പ്രസിഡൻറ്
തൃക്കൊടിത്താനം ഗ്രാമപഞ്ചായത്ത്

വികസന റിപ്പോർട്ടു തയ്യാറാക്കിയ കോർ ഗ്രൂപ്പ്

	ചെയർമാൻ	വി.ഡി.സെബാസ്റ്റ്യൻ
	കൺവീനർ	എം.ആർ.കൊച്ച്
I.	മുഖവുര	
II	പഞ്ചായത്തു പൊതുവിവരണം	ടി. വി. ലാൽകുമാർ
III	സാമൂഹ്യ സാംസ്ക്കാരിക ചരിത്രം	പ്രൊഫ.തൃക്കൊടിത്താനംഗോപിനാഥൻ നായർ.
IV	പഞ്ചായത്ത് ചരിത്രം	
V - 1	കൃഷിയും ജലസേചനവും	ജെയിംസ് പതാരംചിറ,എം.സി.തോമസ് മങ്ങാട്ട്. സിബിജോസഫ്,കെ.ഡി.മാത്യു.
2.	മൃഗസംരക്ഷണവും	ഡോ.ആർ.കൃഷ്ണകുമാർ
	മത്സ്യബന്ധനവും	ബി.ബാലകൃഷ്ണൻ.
3.	വ്യവസായം	വി.ഡി.സെബാസ്റ്റ്യൻ
		കെ.ഡി.മാത്യു, ഷ്ലാമ തോമസ് (സഹായികൾ)
4.	വിദ്യാഭ്യാസം	സി.ജെ.ഫിലിപ്പോസ്,കെ.ശങ്കരൻ തമ്പി
		കെ.ജി.സോമൻ,എം.ആർ.കൊച്ച്.
5.	കുടിവെള്ളവും പൊതുജനാരോഗ്യവും	ഡോ:ലതാരാജു,റെജിനാമ്മതോമസ്,
		റോസമ്മ ജോർജ്ജ്
6.	ഗതാഗതം ഊർജ്ജം	വി.ഡി.സെബാസ്റ്റ്യൻ,
	സഹായികൾ	എം അലിയാരുകുട്ടി,എൻ. ആർ. തങ്കപ്പൻ
7.	പാർപ്പിടവും സാമൂഹ്യക്ഷേമവും	ജയൻ കുടപ്പന,കെ.ശിവാനന്ദൻ,
		കെ.എസ്.വേണുഗോപാലൻ,സുബൈദാ ബീവി.
8.	സംസ്ക്കാരം	എം.സി.ജോബ് മങ്ങാട്ട്, ലാൽകുമാർ ടി. വി.
9.	വനിതാ ക്ഷേമം	കാതറൈൻ ആൻറണി,
		എം.ആർ.കൊച്ച്.
10.	സഹകരണം	ജോബിഅലക്സാണ്ടർ,
	സഹായികൾ	ജോസഫ് മാത്യു, സി.പി.ദേവസ്യാ
11.	പട്ടിക ജാതി-പട്ടിക വർഗ്ഗ ക്ഷേമം	കെ.രാഘവൻ,അഡ്വ.പി.കെ.ശാന്തപ്പൻ,
		കെ.കെ.മോഹനൻ,സി. കെ. രവീന്ദ്രൻ
12.	വിദേ സമാഹരണം	സുനിൽ കുമാർ വി.കെ
		കാതറൈൻ ആൻറണി
13.	വിവിധ മേഖലകളിൽ സഹായിച്ചവർ	പ്രൊഫ.രാജഗോപാലപിള്ള.
		പി.കെ.ദിവാകരൻ,എം.ജെ കുര്യാക്കോസ്.
		പി.ജി.പരമേശ്വരൻ പിള്ള,
		വി.ആർ.ഗോപാലൻ, റ്റി.ജെ.തോമസ്, ബി.പൊന്നമ്മ,
14.	പഞ്ചായത്ത് ഓഫീസ് സ്റ്റാഫ്	ശ്രീമതി - ശാന്തമ്മ (സെക്രട്ടറി)
		ശ്രീ - ചെല്ലപ്പൻ നായർ
		ശ്രീമതി - ജോസമ്മ ജോർജ്
		ശ്രീ - സുരേഷ് കെ.



അധികാരം ജനങ്ങൾക്ക്

അധികാരവികേന്ദ്രീകരണം
9-ാം പദ്ധതി ജനകീയ പദ്ധതി
വികസന പ്രക്രിയ അഴിമതിരഹിതമാകുന്നു
ബഹുജനസഹകരണം അനിർവാര്യം

Edited Printed and Published by : V. D. Sebastian, President, Thrikkodithanam Panchayat.
Printed at : Cejo Offset Printers, Perunna, Changanacherry - 2
Page setup by : Marian DTP Centre, Perunna, Changanacherry - 2